# കുറ്റൂർ ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

## സമഗ്ര വികസന രേഖ



### വികസന സെമിനാർ

**1997 ജനുവരി 13**

കുറ്റൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ

KERALA INSTITUTE ... LIBRARY ... THRISSUR-680581

4216



ശ്രീ. ഇ.കെ. നായനാർ
(ബഹു. മുഖ്യമന്ത്രി).

ജനകീയ ആസൂത്രണം
ജനകീയ ആസൂത്രണം
ജനകീയ ആസൂത്രണം
ജനകീയ ആസൂത്രണം
ജനകീയ ആസൂത്രണം

# കുറ്റൂർ ഗ്രാമപഞ്ചായത്ത്

# വികസന സെമിനാർ

## 1997 ജനുവരി

കുറ്റൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ



*"ഇൻഡ്യയുടെ ആത്മാവ്*
*ഗ്രാമങ്ങളിൽ കുടികൊള്ളുന്നു."*

**മഹാത്മാ ഗാന്ധിജി.**



*"എന്റെ ഭൗതിക ശരീരം*
*ഭാരതത്തിന്റെ വയലേലകളിൽ*
*അലിഞ്ഞു ചേരണം"*

**ജവഹർലാൽ നെഹ്റു.**



*ഗ്രാമസ്വാരജ് അന്വർത്ഥമാക്കുവാൻ*
*ശ്രമിച്ച യുഗപ്രഭാവൻ*

**രാജീവ് ഗാന്ധി.**

# കുറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി



V. K. RAJEEV
Secretary



റ്റി.സി. ഗോപാലൻ
(പ്രസിഡൻറ്)



റ്റി. എം.തോമസ്
(വൈസ് പ്രസിഡൻറ്)



ജോ. ഇലഞ്ഞിമൂട്ടിൽ
(സ്റ്റാൻറിംഗ് കമ്മറ്റിചെയർമാൻ)



കെ.സി.തോമസ്
(മെമ്പർ)



മോളി പുന്നൂസ്
(മെമ്പർ)



അഡ്വ; വി. ആർ. സുധീഷ്
(മെമ്പർ)



ഓമനക്കുട്ടിഅമ്മ രവീന്ദ്രക്കുറപ്പ്
(മെമ്പർ)



ഗോപാലകൃഷ്ണൻ നായർ
(മെമ്പർ)



ഓമന ജോൺവർഗ്ഗീസ്
(മെമ്പർ)

# മുൻ പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ

1. കെ. ഈ. മാമ്മൻ
2. കെ. എൻ. വേലുപ്പിള്ള
3. വാട്ടപ്പറമ്പിൽ കൃഷ്ണൻ നായർ
4. കെ. ഈ. നാരായണൻ
5. പായപ്പാട്ടുപറമ്പിൽ പി. എ. ഏബ്രഹാം
6. കുട്ടപ്പപ്പണിക്കർ - തൈമറവുങ്കര
7. മുല്ലശ്ശേരി-രാമൻപിള്ള

1. മുല്ലശ്ശേരിൽ ചന്ദ്രശേരപിള്ള
2. കണിയാമ്മാലിൽ കുറിയക്കോസ്
3. എ. എൻ. പി. പണിക്കൽ ത്യോർ
4. വാഴയിൽ-കൃഷ്ണൻ നായർ
5. കെ. ഈ നാരായണൻ
6. പായിപ്പഴപറിമ്പിൽ ഏബ്രഹാം
7. തൈക്കൂടത്തിൽ തോമസ്
8. കല്ലേമണ്ണിൽ (മോളിക്കുട്ടി തോമസ്)

## 1979 - 84

1. പായിപ്പാട്ടുപറമ്പിൽ - പി. എ. ഏബ്രഹാം
2. കല്ലേമണ്ണിൽ- കെ. സി. തോമസ്
3. പള്ളിയമ്പിൽ - ചിന്നമ്മ മാത്യു
4. കെ. കെ. കുട്ടപ്പൻ
5. വെൺപാല - രാമചന്ദ്രൻ
6. മഠത്തിൽ - എം.ഈ. രവിന്ദ്രൻ നായർ
7. പി. കെ. ഗോപാലൻ നായർ-പാട്ടപ്പറമ്പിൽ
8. കെ. ഈ. മാമ്മൻ
9. വാലയിൽ- വി. വി. വർഗീസ്

## 1991 - 95

1. റ്റി. എം. തോമസ് - തൈപ്പറമ്പിൽ
2. കെ. സി. തോമസ് - കല്ലേമണ്ണിൽ
3. ചിന്നമ്മ മാത്യു - പണ്ണിയമ്പൻ
4. കെ. കെ. കുട്ടപ്പൻ
5. മറിയാമ്മ ജേക്കബ്-
6. സി. എൻ. പ്രസന്നകുമാർ- വാരണേത്ത്
7. പി. ജി. കൃഷ്ണൻകുട്ടിനായർ- പള്ളൻെറപറമ്പിൽ
8. വെൺപാല രാമചന്ദ്രൻ
9. വാലയിൽ വി. വി. വർഗീസ്.

# എഡിറ്റോറിയൽ ബോർഡ്


ചീഫ് എഡിറ്റർ - *റ്റി. സി. ഗോപാലൻ*
(പ്രസിഡൻറും, കുറ്റൂർ ഗ്രാമപഞ്ചായത്ത്)

സബ് എഡിറ്റർ - *എം. ഇ. രവീന്ദ്രൻ നായർ* (Retd. Teacher)

മെമ്പറൻമാർ -

1. *എൻ. വിജയകുമാർ* (Retd. Planning Officer)
2. *വെൺപാല രാമചന്ദ്രൻ* (Ex. Pachayath President)
3. *കെ. രവീന്ദ്രക്കുറുപ്പ്* (Retd Teacher)
4. *വി. എം. സദാശിവൻ പിള്ള*
5. *അഡ്വ: ശ്രീ. ദേവി ബാലചന്ദ്രൻ* (Block Panchayath Member)
6. *തലയാർ ഗോപി*
7. *കെ. കെ. കൃഷ്ണൻ*
8. *മിനി മോൾ തോമ്പിത്തറ*
9. *ജയശ്രീ* (Convenor Jenavidya Kendram, Kuttoor)
10. *എൻ. റ്റി. തോമസ്* (Retd. Teacher)
11. *ബാബു കയ്യാലയം*
12. *എം. എൻ. ഗോപാലൻ നായർ*
13. *പി. പി. ബേബി, വെൺപാല*
14. *രാജഗോപാലൻ നായർ* *(ലൈബ്രേറിയൻ, കുറ്റൂർ ഗ്രാമപഞ്ചായത്ത് - ഫുൾ ടൈം)*
15. *അജിത് പ്രസാദ് - തലയാർ*
16. *സിദ്ദിക്കുൾ അക്ബർ* *(വി. ഇ. ഒ. കുറ്റൂർ)*
17. K. T. *തോമസ്*

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | കുറ്റൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കുറ്റൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | പുളിക്കീഴ് |
| താലൂക്ക് | : | തിരുവല്ല |
| ലോകസഭാ മണ്ഡലം | : | മാവേലിക്കര |
| അസംബ്ലിമണ്ഡലം | : | തിരുവല്ല |
| വിസ്തീർണ്ണം | : | 4.25 സ്ക്വയർ മൈൽ |
| അതിരുകൾ | : | കിഴക്ക് - ഇരവിപേരൂർ പഞ്ചായത്ത് |
| | | പടിഞ്ഞാറ് - മണിമല ആറ് |
| | | വടക്ക് - കദളി മംഗലം ആറ് |
| | | തെക്ക് -വരട്ടാർ |
| ജനസംഖ്യ | : | 18433 |
| പുരുഷൻ | : | 8774 |
| സ്ത്രീകൾ | : | 9659 |
| ജനസാന്ദ്രത | : | 4337 |
| സാക്ഷരർ | : | |
| വാർഡുകൾ | : | 9 (ഒൻപത്) |
| പ്രസിഡൻറിൻെറ് | : | റ്റി. സി. ഗോപാലൻ |
| വൈസ് പ്രസിഡൻറ് | : | റ്റി. എം. തോമസ്. |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | : | ജോ. ഇലഞ്ഞിമൂട്ടിൽ |

# ഉള്ളടക്കം


1. ആമുഖം
2. സാമൂഹ്യ സാംസ്കാരിക ചരിത്രം
3. പഞ്ചായത്തു പൊതുവിവരണം
4. ഭൂ പ്രകൃതി- ജല പ്രകൃതി-ജന പ്രകൃതി
5. കൃഷിയും - ജലസേചനവും
6. മൃഗസംരക്ഷണം - മത്സ്യബന്ധനവും
7. വിദ്യാഭ്യാസം
8. ഗതാഗതം - ഊർജ്ജം - മാർക്കറ്റ്
9. പൊതുജനാരോഗ്യം - സാമൂഹ്യക്ഷമം - പാർപ്പിടം.
10. വ്യവസായം
11. പട്ടിക ജാതി- പട്ടിക വർഗ്ഗ ക്ഷേമം
12. വനിത
13. കുടിവെള്ളം
14. സംസ്കാരം
15. വിഭവ സമാഹരണം
16. ഉപസംഹരം

# ആമുഖം

ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലത്ത് രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിജിയുടെ സ്വപ്നം ആയിരുന്നു. ഗ്രാമസ്വരാജ്. ഇഡ്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്ന് ആ മഹാത്മാവ് കണ്ടിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ജനങ്ങൾക്കു വേണ്ട പദ്ധതികൾ ജനങ്ങൾ തന്നെ തെരഞ്ഞെടുക്കുകയും ജനങ്ങൾ തന്നെ നടപ്പിലാക്കുകയും ചെയ്യണം. എന്നുള്ളതായിരിന്നു രാഷ്ട്രപിതാവിൻേറ ആഗ്രഹം. 1947 ഓഗസ്റ്റ് 15-ാം തീയതി പാരതന്ത്ര്യത്തിൽ നിന്നു ഇൻഡ്യസ്വതന്ത്രയായ്. ഭാരതത്തിൻെറ പ്രഥമ പ്രധാനമന്ത്രിയായി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സ്ഥാനമേറ്റ് കഴിഞ്ഞ്, ഭാരതത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രിതമായ ഒരുപ്രക്രിയയിലൂടെ നടത്തണമെന്നുള്ള ഉദ്ദേശ്യ ലക്ഷ്യത്തോടകൂടി ലോകരാജ്യങ്ങൾ മുഴുവൻ ചുറ്റിസഞ്ചരിച്ച് കാര്യങ്ങൾ മനസ്സിലാക്കി. സോവിയറ്റ് യൂണിയനിൽ നടപ്പിലാക്കിക്കൊണ്ടിരിന്ന പഞ്ചവത്സര പദ്ധതികളുടെ മാതൃക ഭാരതത്തിലും നടപ്പിലാക്കുവാൻ തീരുമാനിച്ചു.

താഴെതട്ടിൽ നിന്നുതന്നെ ആസൂത്രണം ആരംഭിക്കണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചു. എന്നാൽ ഭരണ ഘടനാ ശില്പിയായിരുന്ന ഡോ. ബി. ആർ. അബ്ദേക്കർ പൂർണ്ണമായി അതിനോട് യോജിച്ചില്ല. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലും നിരക്ഷരതയിലും പിന്നോക്കം നിന്നിരുന്ന ഈ രാജ്യത്ത് ആദിമുതലേ താഴേതട്ടിൽ നിന്നു ആസൂത്രണം തുടങ്ങിയാൽ പാളിച്ചകൾ ഉണ്ടാവുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നെഹ്റുവിൻെറയും, ഡോ. രാജേന്ദ്ര പ്രസാദിൻെറയും മധ്യസ്ഥതയിൽ ഘട്ടംഘട്ടമായി ആസൂത്രണ പ്രക്രിയ നടത്തുവാൻ തീരുമാനിച്ചു. അങ്ങനെ ഭാരതത്തിൽ പ്ലാനിംഗ് കമ്മീഷൻ നിലവിൽ വന്നു. യശ്ശ:ശരീരനായ ബൽ വന്തറായ് മേത്ത അദ്ധ്യക്ഷാനായുള്ള കമ്മീഷൻ നിലവിലുണ്ടായിരുന്ന സാഹചര്യങ്ങൾ പഠിച്ച് ഗവൺമെൻറിന് റിപ്പോർട്ടുകൊടുത്തു. പിന്നീട് പല കമ്മീഷനകളും നിലവിൽ വന്നു. രാഷ്ട്രപിതാവിൻെറ സ്വപ്നം സാക്ഷാൽക്കരിക്കുവാൻ 48 വർഷം പിന്നിടേണ്ടിവന്നു. ആസൂത്രണം മുകളിൽ നിന്ന് താഴേക്ക് നടന്നതിൻെറ ഫലമായി ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്തുവാൻ കഴിഞ്ഞില്ല. ഭാരതത്തിലെ ബഹുഭൂരിപക്ഷം ആളുകളും ദാരിദ്ര രേഖക്ക് താഴെ ജീവിക്കുന്നവരായി അവശേഷിക്കുന്നു.

ഇതിനൊരു മാറ്റം വരുത്തുന്നതിന് വേണ്ടി ആസൂത്രണം താഴെ തട്ടിലേക്ക്കൈമാറുവാൻ യശ്ശ: ശരീരനായ ...ീവ് ഗാന്ധി ഭാരതത്തിൽ പഞ്ചായത്തീരാജ് , നഗരപാലിക ബില്ല് പാർലമെൻറിൽ അവതരിപ്പിച്ച് ...ാക്കാൻ ശ്രമിച്ച്. ഗാന്ധിജി സ്വപ്നം കണ്ട ഗ്രാമസ്വരാജ് അന്വർത്ഥമാക്കുവാൻ തുടക്കം കുറിച്ചു. അത് ...തയിലെത്തിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പിന്നീട് വന്ന നരസിംഹറാവുവിൻെറ ഗവൺമെൻറ് ...യത്തീ രാജ്- നഗരപാലിക ബില്ല് പാസ്സാക്കി ഭാരതത്തിലാകമാനം നടപ്പാക്കി. അങ്ങനെ ഇഡ്യൻ ഭരണ ...ുടെ 73 ഉം 74 ഉം ഭരണഘടന ാഭേദഗതിയിലൂടെ ഗ്രാമസഭ അടിസ്ഥാന ആസൂത്രണ വേദിയായിമാറി.

പഞ്ചായത്ത് രാജ് ആക്ട് അടിസ്ഥാനത്തിൽ കൂടി നടന്ന തെരഞ്ഞെടുപ്പിൽ ഇപ്പോൾ നിലവിലുള്ള ഭരണസമതി 1995 ഒക്ടോബർ 2-ാം തീയതി നിലവിൽവന്നു. ഒൻപത് വാർഡുകളിലും ഗ്രാമസഭകൾ വിളിച്ചുകൂട്ടി വിവരങ്ങൾ ശേഖരിച്ചിരുന്നു. ഒൻപതാം പദ്ധതി താഴെതലത്തിൽ നിന്ന് ആസൂത്രണം ചെയ്യണമെന്നുള്ള സംസ്ഥാന ഗവൺമെൻറിൻറ് തീരുമാനത്തിൻെറ പശ്ചാത്തലത്തിൽ ഒൻപത് വാർഡുകളിലും സ്പെഷ്യൽ ഗ്രാമസഭ വിളിച്ചുകൂട്ടി, അടുത്ത അഞ്ചു വർഷത്തേക്കു ഈ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളുടെ രൂപരേഖ ശേഖരിച്ചു. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം അഭ്യസ്ഥ വിദ്യാരായ തൊഴിൽ രഹിതരെക്കൊണ്ടു പഞ്ചായത്തിൻെറ വിഭവ ഭൂപടം തയ്യാറാക്കി. എലിപ്പനിക്കെതിരെ കൊതുക് നിവാരണ പ്രവർത്തനം. ഒൻപതു വാർഡുകളിലും നടപ്പാക്കി. കേന്ദ്ര ഗവൺമെൻറ് ആവിഷ്ക്കരിച്ച പോളിയോ നിർമ്മാർജ്ജ പ്രവർത്തനം പഞ്ചായത്തുകമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കി സ്ഥലം എം.പിയുടെ ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് 6-ാംവാർഡിൽ മാതൃ ശിശുസംരക്ഷണ കേന്ദ്രം പി. എച്ച്.സി. ആക്കുന്നതിന് വേണ്ടി കെട്ടിടം പണി ആരംഭിച്ചു പൂർത്തിയാകാറായി. ഗ്രാമപഞ്ചായത്തിന് അനുവദിച്ച മൃഗാശുപത്രി 4-ാം വാർഡിൽ കുറ്റൂർ സെൻറ് മേരീസ് പള്ളിക്ക് സമീപം 1996 ഡിസംബർ 2-ാം തീയതി പ്രവർത്തനം ആരംഭിച്ചു

കാർഷിക മേഖലയിൽ കർഷകരെ ബോധവൽക്കരിക്കുന്നതിന് വേണ്ടി ഒരു വർഷത്തിനുള്ളിൽ രണ്ടു കാർഷിക സെമിനാറുകൾ നടത്തി. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടുനിൽക്കുന്ന കർഷകരെ തെരഞ്ഞെടുത്ത് പശുവളർത്തൽ കേന്ദ്രമായ മാട്ടുപെട്ടിയിൽ കൊണ്ടുപോയി വേണ്ട പരിശീലനം കൊടുത്തു കേരസമിതിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു. ഗ്രാമപഞ്ചായത്തിലുള്ള മഹിളാ സമാജങ്ങളെ സംഘടിപ്പിച്ച് ഒരുവർഷത്തിനുള്ളിൽ രണ്ട് ക്ഷീരോൽപന്ന യൂണിറ്റുകളും രണ്ട് ഡി.ഡബ്ല്യ.സി ആൻറ് ആർ. എ. യൂണിറ്റുകളും രൂപീകരിച്ചു. യുവജനങ്ങളുടെ കലാകായികരംഗത്തുള്ള കഴിവു മെച്ചപ്പെടുത്തി വളർത്തി എടുക്കുന്നതനായി ഓണം സ്പോർട്ട്സും, കേരളോത്സവവും, യുവജനോത്സവവും നടത്തി വേണ്ട പ്രോത്സഹാനം കൊടുത്തു.

ജനകീയാസൂത്രണം ഫലപ്രദമായി നടത്തുന്നതിന് അംഗീകാരമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും, സാമൂഹ്യ സംഘടനാകളുടേയും പ്രതിനിധികളെ വിളിച്ച് പഞ്ചായത്ത് തല കർമ്മ സമിതിക്കു രൂപം കൊടുത്ത് അവരുടെ സഹായത്തോടുകൂടി പഞ്ചായത്തിൻെറ വികസന രേഖക്ക് രൂപം നൽകി. അപ്രകാരം സമൂഹത്തിലെ താഴെക്കിടയിലുള്ള ജനങ്ങളുടെ ഉദ്ധാരണത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സർവ്വതോമുഖമായ പുരോഗതിക്കു വേണ്ടി ഗ്രാമപഞ്ചായത്ത് കമ്മിറ്റി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

നാം തയ്യാറാക്കി പഞ്ചായത്തിൻെറ വികസന രേഖ ഒരു നല്ല നാളെയുടെ ചരിത്ര രേഖയാകുവാൻ ഉള്ള മഹായജ്ഞത്തിൽ നമുക്ക് ഒരുമിച്ച് മുന്നോട്ട് നീങ്ങാം ●

# സാമൂഹ്യ-സാംസ്കാരിക ചരിത്രം

പേരും പെരുമയുംമാർജിച്ചിരുന്ന തെക്കുംകൂർ രാജ വംശത്തിൻെറ ആസ്ഥനമായിരുന്നതുമാണ്. ഉറങ്ങുന്ന പല ഹൈതീഹ്യങ്ങളും ഉൾക്കൊള്ളുന്നതുമായ ഗ്രാമമാണ് കുറ്റൂർ ചക്രക്ഷാളന കടവ്, ധൃതരാഷ്ട്രമല (പൊട്ടൻമല) ഭൂതക്കുഴി, കോട്ടപ്പുറം എന്നിങ്ങനെ വിശ്വസനീയതയ്ക്ക് സാക്ഷ്യം വഹിക്കുന്ന ചരിത്ര സത്യങ്ങളും ഈ ഗ്രാമത്തിനുണ്ട്.

തെക്കുംകൂർ രാജാവിൻെറ തലസ്ഥാനം ഇന്നത്തെ വെൺപാലയായിരുന്നു. വെൺപാലയിൽ കളരിക്കൽ കളരി, കളീക്കൽ കളരി, ദേവതാ ക്ഷേത്രമായ കളരി മംഗലവും (കദളിമംഗലം) തെക്കുംകൂർ രാജ കുടുംബത്തിൻെറ ധർമ്മദേവതാ ക്ഷേത്രമായ വെൺപാല തൃക്കകോടതി ആസ്ഥാനമായിരുന്ന പരിഹാരത്തും (പരിയാരത്ത്) തുടങ്ങി അനവധി ചരിത്ര സത്യങ്ങൾ ഇന്നും ശേഷിക്കുന്നു. കിഴക്കുഭാഗം ഉയർന്ന പ്രദേശമാണ് അവിടെ കോട്ടയൂർ-കോട്ടൂർ എന്ന കോട്ട ഉണ്ടായിരുന്നു അതാണ് പിൽകാലത്ത് കുറ്റൂർ എന്ന് അറിയപ്പെടുന്നത്. കോട്ടപുറത്ത് ഉണ്ടായിരുന്ന ക്ഷേത്രമാണ് ഇന്ന് കോട്ടപ്പുറം ക്ഷേത്രമായി അറിയപ്പെടുന്നത്.

ഈ പ്രദേശത്തെ ഭൂമി അധികവും തെക്കുംകൂർ രാജ വംശത്തിൽ നിന്നും ഇടപ്പള്ളി സ്വരൂപത്തിന് തുടർന്ന് വഞ്ചിപ്പുഴ ചീഫിനും കിട്ടിയിട്ടുള്ളതാണ്. ഭൂമിയുടെ കൈമാറ്റ പ്രമാണങ്ങളിൽ എല്ലാംതന്നെ വഞ്ചിപ്പുഴ വക എന്നപരാമർശം കാണാം. ഒടുവിലത്തെ വഞ്ചിപ്പുഴ ചീഫ് ഉഴത്തിരരെ ഉഴത്തിരരെ കുറ്റൂർ മഹാദേവ ക്ഷേത്രം, ധർമ്മ ശാസ്ത്രാ ക്ഷേത്രം അതിൻെറ സ്വത്തുക്കൾ എന്നിവയുടെ ഭരണാവകാശം കുറ്റൂർ മഠത്തിൽ ശ്രീ. കെ. എൻ. വേലുപ്പിള്ളയ്ക്ക് നൽകി. പിന്നീട് ഇത് നാട്ടുകാർക്ക് ലഭിക്കുകയുണ്ടായി.

ഭൂപരിഷ്ക്കരണനിയമ പ്രകാരം ഉണ്ടായമാറ്റത്തിൻെറ ഫലമായി വഞ്ചിപ്പുഴ ചീഫിൻെറ ജന്മിത്ത പ്രതിഫലം കൊടുത്ത് കുടിയാൻമാർക്ക് വസ്തുക്കളുടെ ഉടമസ്ഥാവകാശം കിട്ടി.

പൂർവ്വകാലത്ത് വള്ളംകളിയുടേയും വഞ്ചിപ്പാട്ടിൻേറയും ഈറ്റില്ലമായിരുന്നു കുറ്റൂർഗ്രാമം വെൺപാലെ തൊഴുവത്തുംതറ വച്ചിരുന്ന വെൺപാല ചുണ്ടൻ ഈ ഗ്രാമത്തിൻെറ വകയായിരുന്നു. ഇന്നു കാവാലം ചുണ്ടൻ എന്നു പേരുള്ള ചുണ്ടൻ വള്ളം വെൺപാല വള്ളമാണ്. തൈമറവും കരചുണ്ടൻ വള്ളം ഇന്നും തൈമറവുങ്കരയിൽ ഉണ്ട്. സമുദായമൈത്രിവിളിച്ചോതുന്ന ഹൈന്ദവരുടെയും, ക്രൈസ്തവരുടെയും പല ദേവാലയങ്ങളും പല സർപ്പക്കാവുകളും ഈ ഗ്രാമതത്തിലുണ്ട്. എം.സി. റോഡ് കുറുകെ കടന്നു പോകുന്ന പത്തനംതിട്ട ജില്ലയിലെ ഒരു പഞ്ചായത്താണ് കുറ്റൂർ. ഈ ഗ്രാമത്തിൽ 2 ഹൈസ്കൂളുകളും, 2 മിഡിൽ സ്കൂളുകളും, 6 എൽ.പി.സ്കൂളുകളും ഉണ്ട് സാംസ്കാരിക വളർച്ചയ്ക്ക് ഈ സരസ്വതി ക്ഷേത്രങ്ങൾ ഒത്തിരി സംഭാവനകൾ നൽകിയിട്ടുണ്ട്. പിന്നോക്ക സമുദായങ്ങളുടേയും, പട്ടികജാതിവിഭാഗങ്ങളുടേയും സാമൂഹ്യമുന്നേറ്റത്തിന് പ്രാരംഭം കുറിച്ചത് ശ്രീ. നാരായണ ഗുരു സ്വാമികളുടേയും,ശ്രീ. അയ്യൻ കാളിയുടെയും നേതൃത്വത്തിൻ കീഴിലാണ്.

സ്വാതന്ത്ര്യസമര സേനാനിയും, പിൽകാലത്ത് സർവ്വോദയ പ്രവർത്തകനുമായിട്ട് മാറിയ ശ്രീ. കെ.ഈ. മാമ്മൻ ഈ നാട്ടിലെ ഒരുപൗരനാണന്നുള്ളത് നമുക്ക് അഭിമാനകരമാണ്. മലയാളമനോരമ പത്രത്തിൻെറ സ്ഥാപക പത്രാധിപർ കണ്ടത്തിൽ വർഗീസ് മാപ്പിള ഈ നാട്ടിലെ പൗരനായിരുന്നു. രാഷ്ട്രശിൽപ്പിയായ പണ്ഡിറ്റ് ജവഹർ ലാൽ നെഹ്യവിൻെറ ഉപദേഷ്ടാവായിരുന്ന ശ്രീ മാത്തുള്ളയും ഈ നാട്ടുകാരാനാണ്. ആദ്യകാല നാടകങ്ങളിൽ ഒന്നായ ''മറിയാമ്മാ നാടകം രചിച്ച ശ്രീ. കൊച്ചീപ്പൻ തരകനും ഈ നാട്ടുകാരനാണ്. ശ്രീമൂലം അസംബ്ലിയിൽ എം. എൽ.സി. യായിരുന്ന ശ്രീ. മല്ലശ്ശേരി രാമൻപിള്ള ഈ ഗ്രാമപഞ്ചായത്തിലെ മെമ്പറായിരുന്നു എന്നുള്ളതും, ശ്രീ. കെ. സി. തോമസ് മൂന്നു പ്രാവശ്യം തുടർച്ചയായി മെമ്പറായി എന്നുള്ളതും പ്രത്യേകം സ്മരണിയമാണ് വെൺപാല നാണുപിള്ള, തലയാർ സഹോദരൻമാരായ എ.എൻ. പരമേശ്വ പണിക്കർ, എ. എൻ. ഗോവിന്ദ പണിക്കർ, ചാലുവേലിൽ പുന്നൂസ് എന്നിവരുടെ പത്രാധിപത്യത്തിൽ നടത്തിയിരുന്നു ''പുഞ്ചിരി'' വിനോദ മാസിക. ഒരു കാലത്ത് വളരെ ഉയർന്ന നിലവാരം പുലർത്തിയിരുന്നു. പുഞ്ചിരി നാണുപിള്ള രചിച്ച ''സുകുമാരൻ ''ധ്രുവ നക്ഷത്രം ഖണ്ഡകാവ്യങ്ങളും ''മേമാട് പതനം നാടകവും തലയാർ എ. എൻ.പി. പണിക്കർ എഴുതിയ ''പണയത്തിൽപ്പെട്ട പാഞ്ചാലി എന്ന ഖണ്ഡകാവ്യവും അംഗീകാരം

നേടിയകൃതികളായിരുന്നു. 1992-ൽ യൂണിവേഴ്സിറ്റി തലത്തിൽ നടന്ന കലോത്സവത്തിൽ ''കലാപ്രതിഭ പട്ടം നേടിയ അഭിജിത്ത് രാധാകൃഷ്ണൻ തലയാർ ഈ ഗ്രാമത്തിൻെറ സന്തതിയാണ്. 1991 ൽ ഈ പഞ്ചായത്തിൽ നേടിയ ഓപ്പറേഷൻ ഒളിമ്പിയാ സ്കീം ഈ ഗ്രാമത്തിലെ കായികതാരങ്ങൾക്ക് ഒരു മുതൽ ക്കൂട്ടാണ്. ദേശീയതലത്തിൽ വരെ കായികപ്രതിഭകളെ വളർത്തിവിടുവാൻ കഴിയുന്നു എന്നുള്ളത് സ്മരണീയമാണ്.

കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച സമ്പൂർണ്ണ സാക്ഷരത പ്രവർത്തനത്തിൽ പത്തനംതിട്ട ജില്ലയിൽ അംഗീകാരം നേടിയ പഞ്ചായത്താണ് കുറ്റൂർ ഈ പഞ്ചായത്തിലെ ജനവിദ്യാ കേന്ദ്രം കൺവീനർ ശ്രീമതി. ജയശ്രീ ജില്ലാ സംസ്ഥാനതലങ്ങളിൽ മികച്ച സാക്ഷരതാ പ്രവർത്തകയ്ക്കുള്ള അംഗീകാരവും അവാർഡുകളും നേടി യിട്ടുണ്ട്.

ഒരു കാർഷിക ഗ്രാമമായ ഈ പഞ്ചായത്തിലെ പ്രധാന വിള കരിമ്പ് ആയിരുന്നു വളഞ്ഞവട്ടത്ത് സ്ഥാപിച്ച പി. ആർ. എഫ്. ഈ നാട്ടിലെ കരിമ്പ് കർഷകരുടെ അത്താണിയായിരുന്നു. സാമ്പത്തികമായി ആ കാലഘട്ടത്ത് കർഷകർക്കും കർഷകതൊഴിലാളികൾക്കും വളരെയേറെ മെച്ചപ്പെട്ട സാഹചര്യമുണ്ടാക്കി ശങ്കര വേലിൽ ശങ്കരൻ നായർ പ്രസിഡൻറും വെൺപാല രാമചന്ദ്രൻ സെക്രട്ടറിയായുള്ള കർഷകസംഘവും കെ. ഈ. മാമ്മൻ പ്രസിഡൻറും, ഇലഞ്ഞി മൂട്ടിൽ ശ്രീ. എൻ. കെ. ജോർജ്ജ് സെക്രട്ടറിയായുള്ള കർഷകസംഘവും കർഷകരുടെ അവകാശങ്ങൾ നേടിയെടുക്കവാൻ ജനകീയ മുന്നേറ്റമുണ്ടാക്കുകയും മെച്ചപ്പെട്ട നിലവാരം കൈവരിക്കുന്നതിന് സഹായിക്കുകയും ചെയ്തിട്ടുണ്ട് കർഷക തൊഴിലാളികളുടെ ജോലി ഭാരം കുറയ്ക്കുന്നതിനും, കർഷക തൊഴിലാളികളെ ബോധവാൻമാരക്കുന്നതിനും മറ്റും സി.പി. കുട്ടപ്പൻ നേതൃത്വം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസത്തിന് അവസരം നിഷേധിക്കപ്പെട്ടിരുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് വിദ്യാ അഭ്യസിക്കുന്നതിനായി രക്ഷാ സൈന്യം വെൺപാലയിൽ സ്ഥാപിച്ച സ്കൂളും പടിഞ്ഞാറ്റോതറ, കൈച്ചിറയിൽ സ്ഥാപിച്ചിട്ടുള്ള സി.എം. എസ്. സ്കൂളും സഹായകമായിരുന്നു.

ആദ്യകാലത്ത് ഈ പഞ്ചായത്ത് കൊല്ലം ജില്ലയുടേയും, പിന്നീട് ആലപ്പുഴ ജില്ലയുടേയും ഇപ്പോൾ പത്തനംതിട്ട ജില്ലയുടേയും ഭാഗമായി പ്രവർത്തിക്കുന്നു. ആദ്യം രൂപം കൊണ്ടത് കുറ്റൂർ വില്ലേജ് യൂണിയൻ ആയിട്ടാണ്. അതിൻെറ ആദ്യത്തെ പ്രസിഡൻറ് കണ്ടത്തിൽ മേടിയൽ ശ്രീ. കെ.ഈ. ഈപ്പൻ ആയിരുന്നു. അന്ന് നോമിനേറ്റഡ് ഭരണസമിതിയായിരുന്നു നിലവിൽ ഉണ്ടായിരുന്നത്. 1952-ൽ ആണ് ആദ്യമായി തെര ഞ്ഞെടുപ്പിൽക്കൂടി പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നത്. അന്ന് നിലവിൽ ഉണ്ടായിരുന്നത് ഒരു ദ്വയാംഗമണ്ഡലം ഉൾപ്പെടെ 6 വാർഡുകൾ ആയിരുന്നു. ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പ്രസിഡൻറ് ശ്രീ: കെ.ഈ. മാമ്മൻ ആയിരുന്നു വൈസ് പ്രസിഡൻറ് മഠത്തിൽ കെ. എൻ. വേലുപിള്ളയായിരുന്നു 1962-ൽ രണ്ടാമത്തെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു അന്നത്തെ പ്രസിഡൻറ് പുളിക്കമാലിൽ പി.കെ. ചന്ദ്രശേഖരൻ പിള്ളയായിരുന്നു. ആ കാലത്താണ് ഒരു മഹിളാ മെമ്പറെ നോമിനേറ്റ് ചെയ്യുവാനുള്ള വ്യവസ്ഥയുണ്ടായത്. കല്ലേമണ്ണിൽ ശ്രീമതി. മോളിക്കുട്ടിയായിരുന്നു ആദ്യത്തെ വനിതാ മെമ്പർ. ആദ്യകാല റിസർ വേഷൻ പഞ്ചായത്ത് മെമ്പർ കുറ്റൂർ ചാത്തൻ ആയിരുന്നു. പിന്നീട് ശ്രീ. ഏ.എൻ.പി. പണിക്കർ തലയാർ, തൈക്കൂട്ടത്തിൽ ശ്രീ. പി.കെ. തോമസ്, വാഴയിൽ എൻ. കൃഷ്ണൻ നായർ, എന്നിവർ പ്രസിഡൻറുമാരായി ഭരണസമിതികൾ ഉണ്ടായിരുന്നു.

ആ കാലഘട്ടത്തിൽ വൈസ് പ്രസിഡൻറായിരുന്നത് ശ്രീ. കെ. ഈ. നാരായണൻ ആണ്. 30 വർഷത്തിൽ അധികം പഞ്ചായത്ത് മെമ്പറായി സേവനമനുഷ്ടിച്ചിട്ടുള്ള പായിപ്പാട്ട് പറമ്പിൽ പി.എ. ഏബ്രഹാം സ്മരണീയനാണ്. തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ വനിതാമെമ്പർ ശ്രീമതി. ചിന്നമ്മ മാത്യുവാണ്. 1979 ലെ തെരഞ്ഞെടുപ്പിൽ പഞ്ചായത്തിന് 9 വാർഡുകൾ ഉണ്ടായി ആ തെരഞ്ഞെടുപ്പിൽ ശ്രീ. വെൺപാല രാമചന്ദ്രൻ പ്രസിഡൻറായും വാലയിൽ ശ്രീ. വി.വി. വർഗീസ് വൈസ്പ്രസിഡൻറായും ഭരണസമിതി ഉണ്ടായി. അത് കഴിഞ്ഞ് കുറെക്കാലം ഗവൺമെൻറ് നേരിട്ടുള്ള ഭരണമായിരുന്നു. 1988-ൽ നടന്ന തെരഞ്ഞെടുപ്പിൽ വെൺപാല രാമചന്ദ്രൻ പ്രസിഡൻറും, ശ്രീ. കെ.സി. തോമസ് വൈസ് പ്രസിഡൻറുമായി ഭരണസമിതി നിലവിൽ വന്നു, പിന്നീട് പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. റ്റി. സി. ഗോപാലൻ പ്രസിഡൻറും, ശ്രീ. റ്റി.എം. തോമസ് വൈസ് പ്രസിഡൻറും, ജോ. ഇലഞ്ഞി മൂട്ടിൽ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനുമായുള്ള ഭരണസമിതി നിലവിൽ വന്നു. ശ്രീ. കെ.സി. തോമസ്, അഡ്വ. വി. ആർ. സുധീഷ്, പി.കെ. ഗോപാലകൃഷ്ണൻ നായർ, വനിതാ മെമ്പർമാരായ, ശ്രീമതി മോളിപുന്നൂസ്, ഓമനക്കുട്ടിയമ്മ, ഓമനാ ജോൺ വർഗീസ് എന്നിവർ മെമ്പർമാരുമായുള്ള ഭരണസമിതി നിലവിൽ വന്നു.

പടിഞ്ഞാറ് കീത്തല മുതൽ കിഴക്കോട്ട് ഓതറ ആൽത്തറവരേയും, തെക്ക് പമ്പാനദിയുടെ കൈവഴിയായ വരട്ടാറിൻേറയും, വടക്ക് മണിമലയാറിൻെറയും ഇടയ്ക്കു സ്ഥിതിചെയ്യുന്ന മലമ്പ്രദേശങ്ങളും, കുന്നിൻപുറങ്ങളും, ചരുവ് തലങ്ങളും, വയലേലകളും ഉൾക്കൊള്ളുന്ന ഗ്രാമമാണ് കുറ്റൂർ ഗ്രാമപഞ്ചായത്ത് ●

## കുറ്റൂർ ഗ്രാമപഞ്ചായത്ത്

### 1.1. ഭരണം സംബന്ധിച്ച വിവരങ്ങൾ Ref. A

| | | |
|---|---|---|
| 1 | പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ | 1, കുറ്റൂർ |
| 2 | വിസ്തീർണ്ണം Sq. Km | 4.2599 Miles |
| | ജനസംഖ്യ | 18433 -(1991) |
| 3 | വാർഡുകൾ<br>സംവരണ വാർഡുകൾ<br>ഏതെല്ലാം<br>1 വനിത<br>2 പട്ടികജാതി/പട്ടികവർഗ്ഗം | 9<br><br>വനിതി : 4, 6, 9.<br><br>SC: 3 |
| 4 | പഞ്ചായത്ത് രാജ് നിയമ പ്രകാരം<br>രൂപീകരിക്കപ്പെട്ട സമിതികൾ ഏവ ?<br>(ജോയിൻറ് കമ്മിറ്റി മുതലായവ) | സ്റ്റാൻറിംഗ് കമ്മിറ്റി |
| 5 | പഞ്ചായത്ത് വികസന പരിപാടിയുടെ<br>ഭാഗമായി രൂപീകരിക്കപ്പെട്ട മറ്റു സഹമിതി<br>കൾ ഏവ ? | വാർഡു വികസന സമിതി<br>കൾ പഞ്ചായത്ത് വികസന<br>സമിതി, വാർഡ് വികസന<br>സമിതികൾ, വിദ്യാഭ്യാസ<br>സമിതി,ആരോഗ്യ സമി<br>തി etc..) |
| 6 | സ്വന്തമായി ആഫീസ് കെട്ടിടമുണ്ടോ<br>ഇല്ലെങ്കിൽ പ്രതിമാസ വാടക<br>എത്ര? | ഉണ്ട് |
| 7 | പഞ്ചായത്ത് ആഫീസ് ഉദ്യോസ്ഥരെ<br>സംബന്ധിച്ച വിവരങ്ങൾ<br>Ref: A anmexure XXXIV | സെക്രട്ടറി - 1<br>ഹെഡ് ക്ലാർക്ക് - 1<br>യു.ഡി. ക്ലാർക്ക് - 3<br>എൽ.ഡി ക്ലാർക്ക് - 2<br>പ്യൂൺ - 1<br>ലൈബ്രേറിയൻ - 1<br>FTS - 1 |
| 8 | ഭരണ ചെലവ് എത്ര ?<br>വരുമാനത്തിൻെറ എത്ര<br>ശതമാനം | Rs. 504807<br><br>25. 72 |

# ഭൂപ്രകൃതിയും ജനപ്രകൃതി ജലപ്രകൃതി

## ഭൂപ്രകൃതി

മൊത്തം ഭൂവിസ്തൃതി 1203 ഹെക്ടറാണ്. 1069 ഹെക്ടർ കാർഷിക വിളകൾക്കും 134 ഹെക്ടർ കാർഷി കേതര ആവശ്യങ്ങൾക്കുമായി വിനിയോഗിക്കപ്പെടുന്നു. കുറ്റൂർ പഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ എം.സി. റോഡിൻെറ കിഴക്കുവശം പൊതുവേ കുന്നിൻ പ്രദേശവും പടിഞ്ഞാറ് വശം സമതലപ്രദേശവുമാണ്. സമതല പ്രദേശത്ത് ഫലഭൂയിഷ്ഠമായ എക്കൽമണ്ണാണുള്ളത്. ഈ ഭൂവിഭാഗം പമ്പാനദിയുടെയും മണിമലയുടെയും ഇവയുടെ കൈവഴികളായ വരട്ടാറിൻേറയും, കദളിമംഗലത്താറി ൻെറയും സാന്നിദ്ധ്യം കൊണ്ട് ഫലസമൃദ്ധമായ പ്രദേശമാണ്. എം.സി. റോഡിൻറ് കിഴക്ക് വശത്തുള്ള ചൂളക്കുന്ന്, ഭൂതക്കുഴി, ചേലാമോടി, മുള്ളിപ്പാറമല, പള്ളിമല, പൊട്ടൻമല, തുടങ്ങിയ കുന്നിൻ പ്രദേശങ്ങളുടെ പീഠഭൂമികളും, ചരിവു പ്രദേശവും ചേർന്നുഭൂവിഭാഗത്ത് ചെങ്കൽ മണ്ണും, അതിൻെറ താഴ്‌വാരത്ത് പുഞ്ചനിലങ്ങൾ ഉൾക്കൊള്ളുന്ന ഭൂപ്രദേശത്ത് എക്കൽചേർന്ന പശിമരാശി മണ്ണും കാണപ്പെടുന്നു.

ഭൂരിഭാഗംഭൂടമകളും ഒരുഹെക്ടറിൽ താഴെ ഭൂമിയുള്ളവരാണ്. ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളവരുടെ എണ്ണം അംഗുലീപരിമിതമാണ്. ഇത് സംബന്ധിച്ച വിവരം താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

**പട്ടിക -1**

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|---|
| 1. | ഒരു ഹെക്ടറിൽ താഴെ | | 9168 |
| 2. | ഒരു ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ | | 1152 |
| 3. | രണ്ടുഹെക്ടറിൽ മുകളിൽ | | 8 |

## ഭൂവിസ്തൃതി

പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 1203 ഹെക്ടർ ആണ് മൊത്ത ഭൂവിസ്തീർണ്ണത്തിൻെറ ഏതാണ്ട് 30% കുന്നിൻ പീഠഭൂമികളും 30% ചരിവ് തലങ്ങളും 40 % സമതല പ്രദേശവുമാണ്.

പട്ടിക -2 *ഭൂപ്രകൃതി* (Cees Report)

| നമ്പർ | ഭൂ പ്രകൃതി | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1. | ഉയർന്ന പ്രദേശം (പീഠഭൂമി) | 360 ഹെ. | 30% |
| 2. | ചരിവ് പ്രദേശം | 363 ഹെ. | 30% |
| 3. | സമതലപ്രദേശം | 480 ഹെ. | 40% |
| | ആകെ | 1203 ഹെ. | 100% |

## ജനപ്രകൃതി

കുറ്റൂർ ഗ്രാമപഞ്ചായത്തിലെ കൂടുതൽ ജനങ്ങളുടെ ജീവിതമാർഗ്ഗം കൃഷിയാണ്. ചുരുക്കം ചില ആൾക്കാർ വ്യവസായ രംഗത്തും പ്രവർത്തിക്കയും. ചുരുക്കം ചിലർ ഗവൺമെൻറ് ഉദ്യോഗസ്ഥരുമാണ് എങ്കിലും വിദ്യാഭ്യാസം രംഗത്ത് വളരെയേറെ പുരോഗതി നേടുവാൻ ഈ ഗ്രാമപ ഞ്ചായത്തിലെ ജനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ മേഘലയിൽ ഈ പഞ്ചായത്തിൽ ധാരാളം ചെറുപ്പക്കാർ മുൻപിൽ എത്തിയിട്ടുണ്ട്. സർവ്വകലാശാലാ ബിരുദങ്ങളും സാങ്കേതിക വിദ്യ ക ളും (ITI, ITC) നേടി തൊഴിൽ രഹിതരായി നിൽക്കുന്നവർ ധാരാളമുണ്ട്.

ഈ ഗ്രാമപഞ്ചായത്തിൽ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻസ് തുടങ്ങിയ നാനമതസ്ഥരുടെ ഒരു സങ്കേതമാണ്.

എല്ലാവരും ഏകോദര സഹോദരങ്ങളെപ്പോല സഹകരിക്കുന്നു. ആകെ ജനസംഖ്യയുടെ------% പട്ടികജാതിക്കാരാണ്. പട്ടിക വർഗ്ഗക്കാർ വളരെ കുറവാണ്. സ്ത്രീജനങ്ങളുടെ പങ്കാളിത്തം കൂടുതലും കുടിൽ വ്യവസായങ്ങളായ ഈറ, ചൂരൽ എന്നിവകൊണ്ടുള്ള ഗൃഹോപകരണങ്ങളുടെയും അലങ്കാരവസ്തുക്കളുടെയും, പാറപൊട്ടിക്കലും, പർപ്പടക നിർമ്മാണത്തിലും ആണ്. പരമ്പരാഗത കൈതൊഴിൽ ചെയ്യുന്ന ഈ ഗ്രാമത്തിലെആളുകളുടെ സ്ഥിതി വളരെ ദയനീയമാണ്.

## ജലപ്രകൃതി

കുറ്റൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ കൂടുതലും കുടിവെള്ളത്തിന് കിണറുകളെയും, മറ്റു ജലാശയങ്ങളെയും ആണ് ആശ്രയിക്കുന്നത്. ഒരു വിഭാഗം ജനങ്ങൾ പൈപ്പു ജലത്തെയും ആശ്രയിക്കുന്നു. ചില അവസരങ്ങളിൽ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വളരെയേറെ ജല ക്ഷാമം അനുഭവിക്കേണ്ടിവരുന്നു. കൂടുതലും കുറ്റൂർ പ ഞ്ചായത്തിൻെറ ഉയർന്ന പ്രദേശങ്ങളിലെ ജനങ്ങൾ ക്കാണ് കൂടുതൽ ബുദ്ധിമുട്ട്. വേനൽ കാലങ്ങളിൽ സർ ക്കാർ ലോറികളിലാണ് ഈ പ്രദേശങ്ങളിലെ ജലക്ഷാ മം ഒരുവിധം പരിഹരിക്കുന്നത്. എന്നാൽ കർഷകർ കൂടു തലും ജൂൺ ,ജൂലൈ മാസങ്ങളിലെ മഴയെയാണ് ആശ്ര യിക്കുന്നത്.

കുറ്റൂർ ഗ്രാമപഞ്ചായത്തിലെ ഒരുവിഭാഗം ജനങ്ങക്ക് വേനൽക്കാലമാണ് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതെങ്കിൽ, മറ്റൊരുവിഭാഗം ജനങ്ങൾക്കും, കർഷകർക്കും കാലവർഷങ്ങളിലുണ്ടാകുന്ന വെള്ളപൊക്കം വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നു. കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി ഈ പഞ്ചായത്തിലെ ജലസേചന സംവിധാനം പമ്പാ ഇറിഗേഷൻ പ്രോജക്ട് പദ്ധതിയാണ്.

*11.7. നിർമ്മാണം പൂർത്തിയാക്കിയ സാമൂഹിക ആസ്തികളുടെ വിവരം.*

| | വാർഡ് നമ്പർ | | | |
|---|---|---|---|---|
| എണ്ണം | 1 | | | |
| | 2 | സ്കൂൾ കെട്ടിടങ്ങൾ | സ്കൂൾ കെട്ടിടം ഒന്ന് | ചുറ്റുമതിൽ വേണം, അറ്റകുറ്റപ്പണി. |
| | 3 | ആശുപത്രി കെട്ടിടങ്ങൾ | ഹോമിയോ ആശുപത്രി ഒന്ന് | ഗേറ്റും ചുറ്റുമതിലും വേണം, കോമ്പൗണ്ട് നികത്തി നിരപ്പാക്കണം |
| റോഡ് കി. മീ. | 4 | | പാലം | പാലം ഇല്ല |
| | 5 | | കൾവർട്ട് | കൾവർട്ട് - 9 |
| | 6 | | കുളം | പൊതുക്കിണർ- 2, കുളം ഇല്ലാ, ചാൽ- 2 |
| | 7 | ജലസേചന | ഇല്ല | |
| | | കിണറുകൾ | | |
| | 8 | കുടിവെള്ള കിണറുകൾ | കുടിവെള്ളക്കിണർ - 2 | |
| | 9 | ടാർ ചെയ്തത് | പഞ്ചായത്തുവക റോഡ് - 2, | P.W.D. Road - 1 |
| | 10 | പുതിയത് ടാർ ചെയ്യാത്തത് | 13 റോഡുകൾ ടാർ ചെയ്യണം | |
| | 11 | ഇനി ടാർ ചെയ്യാനുള്ള നീളം | എട്ട് കി. മീ. ടാർ ചെയ്യണം | |
| | 12 | അറ്റകുറ്റപ്പണികൾ ചെയ്യാനുള്ളത്. | മൂന്നു റോഡ് അറ്റകുറ്റപ്പണി ചെയ്യണം. | |
| | 13 | മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ | തോടുകൾ വെട്ടണം, കലുങ്കുകൾ തീർക്കണം, വാട്ടർ ടാങ്കുകൾ സ്ഥാപിക്കണം കനാലുകളും, കിണറുകളും, തോടുകളും നിർമ്മിക്കണം. പെട്ടിയും പറയും സ്ഥാപിക്കണം. | |

# കൃഷിയും ജലസേചനവും

## (കൃഷി)

മൊത്തം ഭൂവിസ്തൃതിയായ 1203 ഹെക്ടറിൽ 1069 ഹെക്ടർ കാർഷിക വിളകൾക്കും 134 ഹെക്ടർ കാർഷികേതര ആവശ്യങ്ങൾക്കുമായി വിനിയോഗിക്കപ്പെടുന്നു. കുറ്റൂർ പഞ്ചായത്ത് തികച്ചും ഒരു കാർഷികഗ്രാമമാണ്. ആളോഹരി കൃഷി ഭൂമി സംസ്ഥാനത്തിൻേറത് 0.07 ആയിരിക്കെ പഞ്ചായത്തിലേത് കേവലം 0.05 ആണ്. ഈ പഞ്ചായത്തിലെ പ്രധാനവിളകൾ നെല്ല്, തെങ്ങ്, കരിമ്പ്, മരച്ചീനി, വാഴ പച്ചക്കറികൾ, റബർ തുടങ്ങിയവയാണ്. പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് കൃഷികൾ നടന്നിരുന്നത്.

താഴ്‌വാരത്ത് പുഞ്ചനിലങ്ങൾ ഉൾക്കൊള്ളുന്ന ഭൂപ്രദേശത്ത് എക്കൽചേർന്ന പശിമരാശി മണ്ണും കാണപ്പെടുന്നു.ഈ ഗ്രാമപഞ്ചായത്തിലെ കൃഷി പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് ചെയ്തുവന്നിരുന്നത്. കേരളത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നകാലവർഷത്തിൻെറയും, തുലാവർഷത്തിൻേറയും പ്രയോജനം മുൻകാലങ്ങളിൽ ലഭിച്ചിരുന്നു എങ്കിലും താളം തെറ്റിയ വർഷപാദം കൃഷയെ പ്രതികൂലമായിബാധിക്കുന്ന സാഹചര്യത്തിൽ ജലസേചനത്തെ കൂടുതലായി ആശ്രയിക്കേണ്ടിവരുന്നു. എന്നാൽ കനാലുകളുടെ നിർമ്മാണത്തിൽ സംഭവിച്ച പിഴവുകളും, കാലാകാലങ്ങളിൽ ആവശ്യമായഅറ്റ കുറ്റപ്പണികൾ ചെയ്യാതിരിക്കുന്നതും, ആവശ്യധിഷ്ഠിതമായി വെള്ളം ലഭ്യമാക്കാതിരിക്കുന്നതും ഈ പദ്ധതിയെ പരാജയപ്പെടുത്തുന്നു. എന്നു മാത്രമല്ല പലപ്പോഴും കൃഷിക്കു ഒരു ശാപമായിമാറിക്കൊണ്ടിരിക്കുന്നു. കനാലുകളുടെ ചോർച്ച കാരണം. താണ 20ൾ ഹെക്ടർ. ചതുപ്പ് നിലമായിമാറി കൃഷിക്ക് ഉപയുക്തമല്ലാതായിരിക്കുന്നു.

പരമ്പരാഗത കൃഷിരീതികൾ അനുവർത്തിച്ചു വന്നിരുന്നുയെങ്കിലും വിളവുകളുടെ കാര്യത്തിലും, കൃഷിരീതികളുടെ കാര്യത്തിലും കേരളത്തിലെ മറ്റ് പ്രദേശങ്ങളോടൊപ്പം ഈ പഞ്ചായത്തിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. മുൻകാലങ്ങളിൽ വ്യാപകമായി കൃഷിചെയ്തിരുന്ന എള്ള്, മുതിര, പഞ്ഞപുല്ല്, ചാമ, കുറ്റിപയർ, ഉഴുന്ന്, മധുരക്കിഴങ്ങ്, എന്നിവയുടെ കൃഷി പാടെ ഇല്ലാതായിത്തീർന്നിരിക്കുന്നു. ആദായകരമായ മറ്റ് വിളവുകളുടെ കടന്നുകയറ്റവും കൃഷിഭൂമിയുടെ ലഭ്യതക്കുറവുമാണ് ഇതിന് കാരണം. ജൈവവളങ്ങളുടെ ഉപഭോഗം വളരെ കുറഞ്ഞു, അതിൻെറ ഭാഗത്ത് രാസളങ്ങളിമേൽ ആശ്രയത്വം വർദ്ധിക്കുകയും ചെയ്തു.

രാസവളങ്ങളുടെ വർദ്ധിച്ച ഉപയോഗം അത്യുൽപ്പാദന ശേഷിയുള്ള വിത്തുകളുടെ ഉപയോഗം രാസവസ്തുക്കൾ പ്രയോഗിച്ചുള്ള കീട രോഗനിയന്ത്രണം ഇവയൊക്കെ വിളവ് വർദ്ധിപ്പിച്ചന്നുള്ളത് സത്യമാണ്. എന്നാൽ ഇവയുടെ അശാസ്ത്രീയമായ പ്രയോഗം ഗുരുതരമായ ഭവിഷ്യത്തുക്കൾ ഉണ്ടാക്കീട്ടുണ്ട്. ആധുനിക കൃഷിരീതികളെക്കുറിച്ച് ബോധവൽക്കരണം തികച്ചും അപര്യാപ്തമാണ്.

### പഞ്ചായത്തിലെ പ്രധാന വിളവുകളും വിസ്തൃതിയു ം

പട്ടിക -4

| നമ്പർ | വിള | വിസ്തൃതി |
|---|---|---|
| 11. | നെല്ല് | 53 ഹെക്ടർ |
| | എ. ഒന്നാം വിള | |
| | ബി. രണ്ടാം വിള | |
| | (മുണ്ടകനും, പുഞ്ചയും ഉൾപ്പെടെ) | 285 ഹെക്ടർ |

| നമ്പർ | വിള | വിസ്തൃതി |
|---|---|---|
| 2 | തെങ്ങ് | 400 ” |
| 3 | കരിമ്പ് | 50 ” |
| 4. | വാഴ | 100 ” |
| 5. | പച്ചക്കറി | 50 ” |
| 6. | മരച്ചീനി | 30 ” |
| 7. | കുരുമുളക് | 8 ” |
| 8. | കശുമാവ് | 3 ” |
| 9. | റബർ | 40 ” |
| 10 | കൊക്കോ | 2 ” |
| | | 1021 ഹെക്ടർ |

ഉറവിടം - കൃഷിഭവൻ

വളം - സഹകരണ മേഖലയില ഉള്ള 2-0 സ്വകാര്യമേഖലയിലെ 8-0 ഉൾപ്പെടെ 10 വളം ഡിപ്പോകളാണ് ഈ പഞ്ചായത്തിന് ഉള്ളത്.

ജൈവവളങ്ങളുടെ ഉപയോഗം കുറഞ്ഞു. രാസവളങ്ങളുടെ ഉപഭോഗം വർദ്ധിച്ചുവരുന്നതുമായിട്ടാണ് കാണുന്നത്. കമ്പോസ്റ്റിന്റെ ഉപയോഗം പ്രചരിപ്പിക്കുന്നതിന് കൃഷിഭവൻ മുഖേന ധനസഹായം നൽകി വരുന്നുണ്ട്. തെങ്ങിൻ തോപ്പുകളിൽ വളർത്തി ഉഴുതുചേർക്കുന്നതിലേക്കായി പച്ചിലവളച്ചെടികളുടെ വിത്തുകൾ കൃഷിഭവൻ മുഖാന്തിരം സൗജന്യമായി നൽകിവരുന്നു.

മണ്ണു പരിശോധനയ്ക്കു നിലവിലുള്ള സംവിധാനം അപര്യാപ്തമാണ്. ശാസ്ത്രീയമായ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ വേണം രാസവളപ്രയോഗം നടത്തുവാൻ അപ്രകാരമല്ലാതുള്ള രാസവളപ്രയോഗം മണ്ണിന്റെ വീര്യം കെടുത്തുവാനും കാലക്രമേണ ഉത്പ്പാദനക്ഷമത കുറയുവാനും കാരണമാകുന്നു.

കഴിഞ്ഞ 5 വർഷകാലത്തെ വളത്തിന്റെ ഉപഭോഗം പട്ടിക 5 -ൽ കൊടുത്തിരിക്കുന്നു.

## *വളത്തിന്റെ ഉപഭോഗം*

പട്ടിക -5

| വർഷം | നൈട്രജൻ | ഫോസഫറസ് | പൊട്ടാഷ് |
|---|---|---|---|
| 1990 | 35.8 | 52.4 | 50.8 |
| 1991 | 36.3 | 55.2 | 52.3 |
| 1992 | 29.4 | 54.5 | 50.5 |
| 1993 | 26.3 | 57.2 | 50.1 |
| 1994 | 25.2 | 54 | 47.8 |
| 1995 | 25.68 | 54.53 | 48.99 |
| ഉറവിടം - കൃഷിഭവൻ | | | |

## *കീടനാശിനികൾ*

നെല്ല്, പച്ചക്കറികൾ, തെങ്ങ് എന്നീവിളകൾക്കാണ് കീടനാശികൾ ഉപയോഗിക്കാറുള്ളത്. മുൻകാലങ്ങളിൽ നെൽകൃഷിയിൽ കീടനാശിനികളുടെ ഉപയോഗം വളരെ വ്യാപകമായിരുന്നെങ്കിലും ഇപ്പോൾ ആവശ്യാധിഷ്ഠിതമായിമാത്രമേ ഉപയോഗിക്കുന്നുള്ളു. എന്നാൽ പച്ചക്കറികൃഷിയിൽ കീടനാശിനികളുടെ ഉപയോഗം യാതൊരു തത്ത്വദീക്ഷയുമില്ലാതെ അശാസ്ത്രീയമായിട്ടാണ് നടത്തിവരുന്നത് ഈ പ്രവണത ഇല്ലാതാക്കുവാൻ ശരിയായ ബോധവത്ക്കരണം കൃഷിഭവൻമുഖാന്തിരം നടപ്പിലാക്കണം.

ഈ പഞ്ചായത്തിൽ കീടനാശിനി വിതരണ കേന്ദ്രം പ്രവർത്തിച്ചുവരുന്നു.

## *കാർഷികോപകരണങ്ങൾ*

മുൻകാലങ്ങളിൽ നിലം ഒരുക്കുന്നതിന് ഉഴവുമാടുകളെമാത്രമാണ് ഉപയോഗിച്ചിരുന്നത് എന്നാൽ ഇപ്പോൾ ഉഴവുമാടുകളുടെ എണ്ണം വളരെ കുറവാണ്. നിലം ഒരുക്കുന്നതിന് ഇപ്പോൾ ട്രാക്ടറുകളും പൗവർ ട്രില്ലറുകളുമാണ് ഉപയോഗിക്കുന്നത്. കുറ്റൂർ പഞ്ചായത്തിൽ മൂന്നു പൗവർ ട്രില്ലറുകൾ മാത്രമേയുള്ളൂ. ട്രാക്ടർ ഇല്ലാ, വിത്ത് ഇടീൽ സമയത്ത് പുറത്തു നിന്നും ട്രാക്ടറുകളും ട്രില്ലറുകളും അമിതമായ വാടകയ്ക്ക് കൊണ്ടുവരേണ്ടിവരുന്നു. ഈ കാരണത്താൽ കൃഷി ചിലവ് കൂടുന്നു.

## കുറ്റൂർ ഗ്രാമ പഞ്ചായത്ത് - 3.8 കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | ഷോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ്സ്റ്റാക്ക് സ്പ്രയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | | | | 1 | 3 | | | 1 | |
| 2 | - | 1 | | 2 | 2 | | | | |
| 3 | - | 1 | | 1 | 3 | | | | |
| 4 | - | | | 2 | 3 | | | | |
| 5 | - | 1 | | 2 | 4 | | | | |
| 6 | - | | | 2 | 3 | | | | |
| 7 | | | | 4 | 4 | | | 1 | |
| 8 | | | | 4 | 3 | | | | |
| 9 | | | | 4 | 2 | | | | |
| | | 3 | 20 | 22 | 27 | | | 2 | |

## കുറ്റൂർ ഗ്രാമ പഞ്ചായത്ത്
## 3.3 രാസവള - കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | 1993-94 | | | 1993-94 | | | 1993-94 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1 | സഹകരണ ബാങ്ക് | N-376 | | | N-40 | | | N-25 | | |
| 2. | മേരിവില്ല വെസ്റ്റ് ഓതറ | | 317 | 517 | | 31 | 530 | | 70 | 315 |
| 3. | എം.ജി. മാമ്മൻ വെ.ഓതറ | P-17.29 | | | P-20.2 | | | P-12.6 | | |
| 4. | ഡോ. ഷാജി ഏജൻസി | K-27.13 | | | K-30.5 | | | K307 | | |
| 5. | പി.കെ. തങ്കപ്പൻ, വെ.ഓതറ | | | | | | | | | |
| 6. | കെ.ആർ. കുറുപ്പ് ഫാക്ട്, | | | | | | | | | |
| 7. | വത്സല ജോസഫ്, കുറ്റൂർ | | | | | | | | | |
| 8. | മാധവ ബിൽഡിംഗ്സ്, കുറ്റൂർ | | | | | | | | | |
| 9. | കെ.വി.സി. ജോർജ് | | | | | | | | | |

പഞ്ചായത്തിലെ 4000 കുടുംബങ്ങളിൽ ഏതാണ്ട് മൂന്നിൽ രണ്ടുഭാഗവും കൃഷിയെ ഉപജീവനമാർഗ്ഗമായി കരുതുന്നുകുറ്റൂർ പഞ്ചായത്തിൽ ഉദ്ദേശം 1500 കർഷക തൊഴിലാളികളാണ് ഉള്ളത്. പുരുഷതൊഴിലാളികൾക്ക് ശരാശരി 80 രൂപയും സ്ത്രീകൾക്ക് 45 രൂപയുമാണ് കൂലി നിരക്ക്.

## കാർഷികവായ്പ

പഞ്ചായത്തിൽ ഇന്ന് കാർഷിക വായ്പക്കുള്ള സംവിധാനം തൃപ്തികരമാണ്. കുറ്റൂർ സർവ്വീസ് സഹകരണ ബാങ്ക്, തിരുവല്ലാ ഈസ്റ്റ് കോ- ഓപ്പറേറ്റീവ് ബാങ്ക്, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് (ശാഖ) തിരുവല്ലാ കാർഷിക വികസന ബാങ്ക്, ഇന്ഡ്യൻ ഓവർസീസ് ബാങ്ക്- കുറ്റൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവിൻകൂർ (ഓതറ) എന്നീ ധനകാര്യ സ്ഥാപനങ്ങളാണ് കാർഷിക വായ്പയുടെ ആവശ്യം നിറവേറ്റുന്നത്.

പട്ടിക -7

*കാർഷിക വായ്കളെ സംബന്ധിച്ച വിവരങ്ങൾ*

| സീരിയൽ നമ്പർ | ധനകാര്യസ്ഥാപനത്തിൻെറ പേര് | 1993 - 94 | 94 - 95 | 95 - 96 |
|---|---|---|---|---|
| 1. | കുറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് | | | |
| 2. | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് | | | |
| 3. | തിരുവല്ലാ ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | | | |
| 4. | തിരുവല്ലാ കാർഷിക വികസന ബാങ്ക് | | | |
| 5. | ഐ.ഒ.ബി. കുറ്റൂർ | | | |
| 6. | എസ്. ബി.റ്റി. ഓതറ | | | |
| 7. | സിൻറ്റിക്കേറ്റ് ബാങ്ക്, തിരുവല്ല | | | |
| 8. | എസ്.ബി.റ്റി. തിരുമൂലപുരം | | | |

ഉറവിടം - ബന്ധപ്പെട്ട സ്ഥാപനങ്ങൾ

# മറ്റു കൃഷിയിനങ്ങൾ

## നെല്ല്

കുറ്റൂർ പഞ്ചായത്തിൽ 338 ഹെക്ടർ സ്ഥലത്തു നെല്ല് കൃഷി ചെയ്യുന്നു. അത്യുൽപ്പാദനശേഷിയുള്ള ഉയരം കുറഞ്ഞ നെൽ ജെനുസകളുടെ ആഗമനത്തിന് മുമ്പ് നാടൻ വിത്ത് ഇനങ്ങളാണ് കൃഷി ചെയ്തിരുന്നത്, തവളക്കണ്ണൻ, ചെമ്പാവ്, മൈലാ, മുന്നായകൻ, കൊച്ചുവിത്ത് , ഞവര, ചെന്നല്ല്, മലയാരിയൻ, പുഞ്ചകൊപ്പാല, വൈകത്താര്യൻ, വീരവിത്തൻഎന്നീ നാടൻ ഇനങ്ങൾക്ക് വംശനാശം വന്നു എന്നു പറയാം. ഉത്പാദന ക്ഷമത കുറവും സസ്യമൂല്യകങ്ങൾ ആഗീരണം ചെയ്യുവാനുള്ള കഴിവുകുറവും നാടൻ ഇനങ്ങളുടെ പോരായ്മകളാണ്. എന്നാൽ കീടങ്ങളേയും രോഗങ്ങളേയും ചെറുക്കുവാനുള്ളകഴിവും, വെള്ളപ്പൊക്കത്തേയും, വരൾച്ചയേയും തരണം ചെയ്യുവാനുള്ള കഴിവും നാടൻ ഇനങ്ങളുടെ സവിശേഷതകളാണ് .മുൻ കാലങ്ങളിൽ കൃഷി ചെയ്തിരുന്ന നാടൻ ഇനങ്ങൾ തേടിപ്പിടിച്ച് അവയുടെ ജീൻ ബാങ്കുകൾ സൃഷ്ടിക്കേണ്ടത് ഭാവിയിൽ അത്യുൽപ്പാദനശേഷിയുള്ളതും അതേസമയം വിപരീതകാലാവസ്ഥ, കീടരോഗബാധ എന്നിവയെ ചെറുക്കുവാനും കഴിവുള്ള സങ്കരയിനം വിത്തുകൾ ഉത്പാദിപ്പിക്കുവാൻ ആവശ്യമാണ്.

നെൽകൃഷിയിൽ കീടനാശിനികളുടെ ഉപയോഗം കുറഞ്ഞുവരുന്നുണ്ടെങ്കിലും ഇപ്പോഴും അതിൻെറ ഉപയോഗം ആവശ്യാധിഷ്ഠിതമല്ല രാസവളങ്ങളുടേയും കീടനാശിനികളുടേയും ശാസ്ത്രീയമായ ഉപയോഗ ക്രമങ്ങളെക്കുറിച്ച് കർഷകരെ ഇനിയും ബോധ്വൽക്കരിക്കേ

## ധ്യാന സംഭരണി

| | |
|---|---|
| 1994- 95 | 15 എണ്ണം |
| | 10 എണ്ണം |

ണ്ടിയിരിക്കുന്നു. കുറ്റൂർ പഞ്ചായത്തിൻെറ നെല്ലിൻെറ ഉദ്പാദന ക്ഷമത ഹെക്ടറിന് 3000 കിലോഗ്രാമാണ്. അത് കേരളത്തിൻെറ ശരാശരി ഉത്പാദന ക്ഷമതയേക്കാൾ കൂടുതലാണ്. നെൽവയലുകൾ നികത്തി റബർ തെങ്ങ് ആദിയായ വിളകൾ കൃഷിചെയ്യുവാനുള്ള പ്രവണത ഈ പഞ്ചായത്തിലും കണ്ടുവരുന്നു.

കേരളാ ഭൂവിനിയോഗ നിയമമനുസരിച്ച് ഈ പ്രക്രിയയ്ക്ക് തടയിടാമെങ്കിലും അധികാരികളുടെ ഭാഗത്തു നിന്നും കുറ്റകരമായ അനാസ്ഥയാണ്. അനുഭവപ്പെടുന്നത്. കർഷകതൊഴിലാളികളുടെ ലഭ്യതകുറവ് നെല്ലിൻെറ വിലകുറവ് കൂടെക്കൂടെ അനുഭവപ്പെടുന്ന കൃഷി പിഴവുകൾ എന്നിവയാണ് നിലംപരിവർത്തനം ചെയ്യുന്നതിനുള്ള കാരണമായി പറയുന്നത്. എന്നാൽ ഭക്ഷ്യ ധാന്യങ്ങൾക്കായി അന്യസംസ്ഥാനത്തെ ആശ്രയിക്കുന്നൽ കൂടി അല്പമെങ്കിലും ലഭിക്കുന്നത് വേണ്ട സമയത്ത് ആയിരിക്കില്ലാ.

ഈ പഞ്ചായത്തിലെ ആവശ്യത്തിനുള്ള വിത്ത് ഇവിടെ തന്നെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുവാനും സമഗ്രപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുകമാത്രമാണ് ഈ പ്രശ്നത്തിന് പ്രതിവിധി

ഭക്ഷോൽപ്പാദനവർദ്ധനവ് മുൻ നിർത്തി ആവിഷ്ക്കരിച്ച നടപ്പിലാക്കിയ പമ്പാജല സേചന പദ്ധതിയുടെ കമാൻറ് ഏരിയായിൽപ്പെടുന്ന പ്രദേശമാണ് ഈ പഞ്ചായത്ത്. എന്നാൽ നെൽകൃഷിക്ക് ആവശ്യമായ ജലം എത്തിക്കുന്നതിൽ പ്രസ്തുത പദ്ധതി ഭാഗികമായി മാത്രമെ വിജയിച്ചിട്ടുള്ളു. തന്നെയുമല്ലാ കനാലുകളുടെ ചോർച്ചകാരണം പല പാടങ്ങളിലും കൃഷി ഇറക്കുവാൻ പറ്റാത്ത സാഹചര്യവും സംജാതമായിട്ടുണ്ട്. ഈ പദ്ധതി അതിൻെറ പൂർണ്ണ രൂപത്തിൽ പ്രയോജനപ്പെട്ടിരുന്നെങ്കിൽ കുറ്റൂർ പഞ്ചായത്തിലെ നെല്ലിൻെറ മൊത്ത ഉത്പ്പാദനം ഇരട്ടിയാകുമായിരുന്നുവെന്നുള്ളതിൽ സംശയമില്ലാ (പമ്പാ ജലസേചന പദ്ധതിയെകുറിച്ചുള്ള വിശദമായ വിശകലനം അന്യത്രകാണുക)

## കുറ്റൂർ പഞ്ചായത്തിലെ നെല്ലുൽപാദകസമിതികൾ

| | പേര് | രജി: നമ്പർ | അംഗങ്ങൾ |
|---|---|---|---|
| 1. | പന്നിക്കുഴി-തിരുവാനപുരം | P4 / 93 | 49 |
| 2. | കോതവിരുത്തി പടിഞ്ഞാറ് | P58 / 93 | 67 |
| 3. | കരുവേലി പാടശേഖരം | P98 / 96 | 95 |
| 4. | കോതവിരുത്തി - കരിക്കാട് കണ്ടൻകുഴി | P55 / 95 | 103 |
| 5. | നെടമ്പടവ് സമിതി | P58 / 93 | 79 |
| 6. | തെക്കണ്ണ്-മൂങ്ങിക്കുഴി പെരുമ്പറ | P167 / 91 | 80 |
| 7. | തലയാർ-തെങ്ങേലി-വെൺപാല | P225 / 93 | 65 |

കേരളത്തിൽ നെൽകൃഷിയുടെ വിസ്തൃതി കുറക്കുന്ന ഏത് സംരംഭവും ആത്മഹത്യാപരമാണ്. നെൽകൃഷിയുടെ വിസ്തൃതി കുറയുകമൂലം ജലവിതാനത്തിൽ അപടകരമായ മാറ്റങ്ങൾ ഉണ്ടാകുകയും ഒരു അളവുവരെ കുടിനീർ ക്ഷാമത്തിന് കാരണമാകുകയും ചെയ്യുന്നു.

അത്യുൽപ്പാദന ശേഷിയുള്ള നെൽ ഇനങ്ങളുടെ വിത്ത് ഇപ്പോൾ കർഷകർക്ക് ലഭിക്കുന്നില്ലാ. കൃഷിഭവനി അത് ഉൽപ്പാദന ശേഷിയുള്ള ജ്യോതി, ഭാരതി, പവിഴം, കരുണ തുടങ്ങിയ നെൽവിത്തുകളാണ് ഇപ്പോൾ കൃഷി ചെയ്തുവരുന്നത്. കേരള കാർഷിക സർവ്വകലാശാല സമീപകാലത്തു പുറത്ത് ഇറക്കിയിട്ടുള്ള നെൽ ഇനങ്ങൾ കുറ്റൂർ പഞ്ചാതത്തിൽ ഇനിയും കൃഷിചെയ്തു തുടങ്ങിയിട്ടില്ല.

നെൽകൃഷിക്ക് കീടങ്ങളുടേയും രോഗങ്ങളുടേയും വർ

ദ്ധിച്ച തോതിലുള്ള ഉപദ്രവം കുറ്റൂർ പഞ്ചായത്തിലും അനുഭവപ്പെടുന്നുണ്ട്. വിവേചനരഹിതമായി കീടനാശിനികൾ പ്രയോഗിക്കുന്നത് ഈ ദുസ്ഥിതിക്ക് ഒരുകാരണമാണ്. സംയോജിത കീടനീയന്ത്രണ മാർഗ്ഗങ്ങൾ നെൽകൃഷിക്കാരെ കൊണ്ട് അനുവർത്തിപ്പിക്കേണ്ടിയിരിക്കുന്നു.

കുറ്റൂർ പഞ്ചായത്തിൽ 6 നെല്ല് ഉൽപ്പാദക സമിതി പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

# തെങ്ങ്

കുറ്റൂർ പഞ്ചായത്തിൽ 400 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷി ചെയ്തുവരുന്നു. തെങ്ങിൻ തോപ്പുകളിൽ മറ്റു ഫ ലവൃക്ഷങ്ങൾ ജാതി, ഗ്രാമ്പൂ, കുരുമുളക്, വാഴ, പച്ചക്കറി കൾ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയും ഇടവിളയായി ചെ യ്തുവരുന്നു. തെങ്ങു കൃഷിയെകുറിച്ചുള്ള വിവരങ്ങൾ പ ട്ടികയായി ചേർത്തിരിക്കുന്നു.

ഈ പഞ്ചായത്തിലെ 85 80 തെങ്ങുകൾ രോഗബാധി തമാണ് കാറ്റുവീഴ്ച (വേരുചീയൽ) തെങ്ങു കൃഷിയെനേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ്. കൂടാതെ ഇലകരിച്ചിൽ, കൂമ്പ് ചീയൽ ഇലയുടെ മഞ്ഞളിപ്പ് രോഗം എന്നിവയും വ്യാപകമായി കാണപ്പെടുന്നു. ചെമ്പൻ ചെല്ലി, ചെല്ലി എന്നീകീടങ്ങളുടെ ആക്രമണവും വർദ്ധിച്ച തോതിലാണ് ഈപഞ്ചായത്തിൽ തെങ്ങിൻെറ ശരാശരിവിളവ്...

ഇത് സംസ്ഥാന ശരാശരി ഉല്പാദനത്തേക്കാൾ കൂടുതലാണ്. വിവിധ കാരണങ്ങളാൽതെങ്ങിൻെറ ഉല്പാദന ക്ഷമതകുറയുന്നതുമൂലം തെങ്ങ് വെട്ടിമാറ്റി റബർ കൃഷി ചെയ്തുവരുന്ന പ്രവണതക്ക് ഈ പ്രദേശത്ത് ആക്കം വർദ്ധിച്ചു വരുന്നതായി കാണുന്നു.

ഗുണമേന്മയുള്ള നടീൽ വസ്തക്കുളടെ ലഭ്യതക്കുറവ് കേരകൃഷിയിൽ അനുഭവപ്പെടുന്ന മുഖ്യപ്രശ്നമാണ്. കൃഷിഭവൻ മുഖാന്തിരം ആവശ്യമായ തോതിൽ തെങ്ങിൻ തൈകൾ ലഭിക്കുന്നില്ല. തന്നെയുമല്ല വിതരണം ചെയ്യുന്നത തെങ്ങിൻ തൈകളുടെ ഗുണമേൻമയെക്കുറിച്ച് പല കൃഷിക്കാരും സംശയാലുക്കളുമാണ്. ഈ പഞ്ചായത്തു പ്രദേശത്തു നിന്നുതന്നെ രോഗം ബാധിക്കാത്ത മാതൃവൃ ക്ഷങ്ങൾ കണ്ടെത്തി വിത്തു തേങ്ങ ശേഖരിച്ചു തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നത്നന്നായരിക്കുമെന്ന് പലകർ ഷകരും അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായത്തിന് ശാസ്ത്രീയ അടിസ്ഥാനമില്ലങ്കിലും അനുഭവങ്ങളുടെ വെളിച്ച ത്തിൽ പരീക്ഷിക്കപ്പെടേണ്ട ഒരു നിർദ്ദേശമായിത്തോന്നു ന്നു. രോഗബാധിതവും ഉൽപാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വച്ചുപിടിപ്പി ക്കുന്ന പദ്ധതി നാമമാത്രമായി മാത്രമേ ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളൂ. നടപ്പിലാക്കിയതുതന്നെ അശാസ്ത്രീയമായിട്ടാണ്. കേരകൃഷി വികസനങ്ങളെ ഏകോപിക്കുന്നു. അവ ഊർജ്ജിതമായി നടപ്പിലാക്കുക എന്നീലക്ഷ്യങ്ങളോട് രൂപീകൃതമായ കേരവികസന സമിതി ഇപ്പോൾ ഇവിടെപ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ധാരാളം കൃഷിക്കാർ ഇതിൽ പങ്കാളികളായിട്ടില്ല. ആയതിനാൽ കൃഷിഭവൻമുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം അവർക്കു ലഭിക്കാതെയിരിക്കുന്നു. എല്ലാ കേര കർഷകരുടേയും സജീവപങ്കളിത്തത്തോടുകൂടി കേര വികസന സമതി പ്രവർത്തിക്കുന്നു. തെങ്ങുകൃഷിക്കാവശ്യമാ യ മാഗ്നീഷ്യം സൾഫേറ്റും, രാസവളങ്ങളും കൃഷിഭവൻ മുഖാന്തിരം ഇപ്പോൾ വിതരണം ചെയ്തുവരുന്നുണ്ട്. ഇതിൻെറ പ്രയോജനം എല്ലാ കൃഷിക്കാർക്കും ലഭിക്കുന്നില്ല.

തെങ്ങിൻെറ പലരോഗങ്ങളും പൂർണ്ണമായും നിവാരണം ചെയ്യുക അസാദ്ധ്യമാണ്. എന്നാൽ രോഗബാധിതമായ തെങ്ങുകൾക്കു മരുന്നുതളിയ്ക്കാൻ മതിയായ അളവിൽ വളപ്രയോഗം നടത്തുക, വേനൽക്കാലങ്ങളിൽ ജലസേചനം നടത്തുക എന്നീ പരിചരണ മുറകൾ സ്വീകരിച്ചാൽ രോഗബാധിതമായ തെങ്ങുകളിൽ നിന്നും ആദായകരമായ വിളവ് ലഭിക്കുന്നതാണ് .അതു ശാസ്ത്രീയമായി തെളിഞ്ഞിട്ടുണ്ട്.

ഈ പഞ്ചായത്തിൽ തെങ്ങിനു മരുന്നുതളി ഒട്ടുമേ നടക്കുന്നില്ല 1982 മുതൽ കൃഷിഡിപ്പാർട്ടുമെൻറു വഴി തെങ്ങിനു നേരിട്ടു മരുന്നു തളിച്ചിരുന്നു. 1982 ൽ പ്രസ്തുത ചുമതല പഞ്ചായത്തുകളെ ഏല്പിച്ചു. നിർഭാഗ്യവശാൽ പ്രസ്തുത പദ്ധതി ഒരു വർഷം മാത്രമേ പ്രാവർത്തികമായുള്ളൂ. വിദ്ഗ്ധ തൊഴിലാളികളുടെ അഭാവം, മരുന്നുകളുടെ വിലക്കൂടുതൽ ഇതിനുപരി മരുന്നുതളി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനുള്ള സംവിധാനത്തിൻെറ അഭാവം എന്നിവയാണ് തെങ്ങിൻെറ മരുന്നുതളി പൂർണ്ണമായി ഇല്ലാതാകാൻ കാരണം.

പഞ്ചായത്തും കൃഷിഭവനും സംയുക്തമായി കേര രോഗങ്ങൾക്കെതിരായി ഊർജ്ജിതമായി മരുന്നുതളി നടത്തുന്നതാണ്. കേരവൃക്ഷങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഏകമാർഗ്ഗം.

## കൃഷിഭവൻ ൦ാങ്ങ്വളം

| | |
|---|---|
| 1994 | 19500 ടൺ |
| 1995 | 10310 ടൺ |
| 1996 | 10310 ടൺ |

## കുറ്റൂർ ഗ്രാമ പഞ്ചായത്ത്
## 3.7 തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ് വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 45 | 8795 | 3898 | 12693 | 4212 | 3218 | 3610 | – | 1563 | |
| 2 | 44 | 8428 | 3970 | 12398 | 4118 | 3348 | 3520 | | 1412 | |
| 3 | 48 | 9000 | 4480 | 13480 | 3618 | 4218 | 4225 | | 1316 | |
| 4 | 42 | 8912 | 4610 | 13522 | 4430 | 4110 | 3312 | | 1670 | |
| 5 | 45 | 8910 | 4428 | 13338 | 4296 | 3890 | 3718 | | 1434 | |
| 6 | 44 | 8212 | 3992 | 12204 | 3910 | 2910 | 3416 | | 1974 | |
| 7 | 44 | 8895 | 3895 | 12790 | 3890 | 2995 | 3250 | | 2665 | |
| 8 | 43 | 8670 | 3690 | 12450 | 3795 | 2815 | 3918 | | 1922 | |
| 9 | 45 | 8632 | 3559 | 12191 | 3809 | 2750 | 3795 | | 2565 | |
| ഹെക്ടർ | **400** | **78454** | **36522** | **113866** | | | | | | |

# കരിമ്പ്

1948 ൽ പുളിക്കീഴ് പി. ആർ. എഫ്. സ്ഥാപിതമാകുന്നതിന് മുമ്പ് ഈ പഞ്ചായത്തിലുള്ള പ്രദേശത്ത് നാടൻ കരിമ്പും, ആലുവാ കരിമ്പും കൃഷി നടത്തിയിരുന്നു.

ഫാക്ടറിയുടെ ആവശ്യത്തിലേക്കായി വേണ്ടത്ര കരിമ്പ് ഉല്പാദിപ്പിക്കുവാൻ നടത്തിയ തീവ്രമായ വികസന പരിശ്രമം സമീപസ്ഥമായ പഞ്ചായത്തുകളോടൊപ്പം കുറ്റൂർപഞ്ചായത്തിലും കരിമ്പുകൃഷിയും വിപുലപ്പെട്ടു. പ്രാരംഭകാലത്തു ആദായകരമായ വിളവ്, മറ്റ് ആകർഷകമായ സാമ്പത്തിക സൗകര്യങ്ങൾ എന്നിവ ലഭിച്ചിരുന്നതുകൊണ്ട് കർഷകർ കരിമ്പുകൃഷിയിൽ കൂടുതൽ താല്പര്യം കാണിച്ചു. ഒരു ഘട്ടത്തിൽ ഫാക്ടറിയുടെ ആവശ്യത്തിൽ അധികം കരിമ്പു ലഭിച്ചു തുടങ്ങി അപ്പോൾ മുതൽ കർഷകരോടുള്ള കമ്പനിമാനേജുമെൻറിൻേറയും ഉദ്യോഗസ്ഥൻമാരുടെയും സമീപനം അവരെ നിന്ദിക്കുന്ന രീതിയിലായി. കരിമ്പുവില വർഷാവർഷം കുറയ്ക്കുന്ന രീതിആയി. സമയത്തു കരിമ്പുവെട്ടുന്നതിനുള്ള ഫാക്ടറി നിർദ്ദേശം ലഭിക്കാത്ത കാരണം കരിമ്പു ഉണങ്ങിനശിച്ചു കൊണ്ടിരിക്കുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. കർഷകരോട് ഫാക്ടറിക്കുണ്ടായ അവഗണന അതിൻെറ പാരമ്യത്തിൽ എത്തിയപ്പോൾ 1956 -ൽ കരിമ്പു കർഷകർ ആദ്യമായി സംഘടിച്ചു പ്രക്ഷോഭണ മാർഗ്ഗങ്ങളിലേക്കു തിരിയുകയും ചെയ്തു. അങ്ങനെ കരിമ്പു കൃഷി ഭൂപ്രദേശത്തു ശോഷിച്ചുവന്നു. രണ്ടു ദശാബ്ദങ്ങൾക്കു മുമ്പ് ഏതാണ്ട് 200 ഹെക്ടർ സ്ഥലത്ത് കരിമ്പു കൃഷി ചെയ്തിരുന്നുവെങ്കിൽ അതിപ്പോൾ 50 ഹെക്ടറായി കുറഞ്ഞിരിക്കുന്നു.

ഷുഗർ ഫാക്ടറി അധികൃതരുടെ നിഷേധാത്മകമായ സമീപനവും വർദ്ധിച്ചുവരുന്ന കെട്ടിട നിർമ്മാണ ത്തി

ന് ആവശ്യമായ ഇഷ്ടിക നിർമ്മാണത്തിനു കരിമ്പിൻ പാടങ്ങളിലെ മണ്ണു യാതൊരു വിവേചനവും കൂടാതെ ഖനനം ചെയ്തു വന്നിരുന്നതുകൊണ്ട് കരിമ്പുകൃഷിക്ക് കനത്ത തിരിച്ചടിയായി. ഈ ദുരവസ്ഥക്ക് നേരേ ഗവൺമെൻറുകൾ കണ്ണടയ്ക്കുകമാത്രമേ ഉണ്ടായിട്ടുള്ളൂ.

കരിമ്പു ഭൂമികുഴിച്ചു മണ്ണെടുക്കുന്നതു കൊണ്ട് ആ പ്രദേശം വെള്ളക്കെട്ടു പ്രദേശമായിത്തീരുന്നു. അവ ഒരു കൃഷിക്കും പ്രയോജനമില്ലാതാകുന്നു. കൂടാതെ ഗുരുതരമായ പരിസ്ഥിതി പ്രശ്നം ഇതുമൂലം സംജാതമായിരിക്കുന്നു.

വളരെയധികം തൊഴിൽ ദിനങ്ങൾ നൽകുന്നതാണ് കരിമ്പുകൃഷി. ഈ കൃഷിയിൽ ഏർപ്പെട്ടരിക്കുന്ന തൊഴിലാളികൾ മറ്റു മേഖലകളിലേക്കുമാറി. കരിമ്പുകൃഷിയുടെ പുനരുദ്ധാരണം മദ്ധ്യതിരുവിതാം കൂറിൻെറ സമഗ്രവികസനത്തിനെ അത്യാന്താപേക്ഷിതമാണ്. മദ്ധ്യതിരുവിതാം കൂറിലെ ആദ്യകാല വൻകിട വ്യവസായ സംരഭമായ പമ്പാറിവർ ഫാക്ടറി നിലനിർത്തേണ്ടത് ഈ നാടിൻെറ ആവശ്യമാണ്. അതിലേക്കായി കരിമ്പു കൃഷി വികസിപ്പിച്ചേ മതിയാകു. സമർത്ഥമായി കല്ലുങ്കൽ പ്രവർത്തിക്കുന്ന കരിമ്പു ഗവേഷണ കേന്ദ്രത്തിൽ കുറ്റൂർ പഞ്ചായത്തു പ്രദേശത്തേക്ക് അനുയോജ്യവും രോഗപ്രതിരോധശക്തിയുള്ളതുമായ പുതിയ കരിമ്പിനങ്ങൾ ഉൽപാദിപ്പിച്ചെടുത്തിട്ടുള്ളത് വളരെ അധികം ആശയ്ക്ക് വഴിയുണ്ടാക്കുന്നു. കരിമ്പിൻെറ ഉല്പാദന ക്ഷമത ഹെക്ടറി ന് 75 ടൺ ആയത് ശാസ്ത്രീയ കൃഷി രീതികൾ ഉപയോഗിച്ച് ഉല്പാദനം ഇരട്ടിയാക്കാവുന്നതാണ്.

പലതരം ഇനങ്ങൾകരിമ്പുകൾ കൃഷിചെയ്തിട്ടും ഇന്നു മതിയായ വില ലഭിക്കുന്നില്ല.

# പച്ചക്കറികൾ

പച്ചക്കറികൃഷിയിൽ മുമ്പിട്ടു നിൽക്കുന്നത് ഈ പഞ്ചായത്തിലെ വെൺപാല പ്രദേശമാണ്. പഞ്ചായത്തിലെ വിവിധ വാർഡുകളിൽപച്ചക്കറി കൃഷി ചെയ്തു വരുന്നു. ഏകദേശം 28 ഹെക്ടർ സ്ഥലങ്ങൾ പച്ചക്കറി കൃഷി ചെയ്തുവരുന്നു. പ്രധാനമായി പയർ, വെള്ളരി, വഴുതന എന്നിവയാണ് വെൺപാല പ്രദേശത്തു കൃഷി ചെയ്യപ്പെടുന്ന പാവൽ, ഉല്പാദന ശേഷിയിലും രോഗ പ്രതിരോധശക്തിയിലും മികച്ചതാണന്നാണ് അനുഭവം. പച്ചക്കറികൃഷികൾവിവേചനരഹിതമായ കീടനാശിനി പ്രയോഗം ഈ പഞ്ചായത്തി ലും കൃഷിക്കാർ അവലംബിച്ചുവരുന്നു. പച്ചക്കറികൾക്കു ള്ള കീടനാശിനി പ്രയോഗത്തെ സംബന്ധിച്ചു ശരിയായ ബോധവൽക്കരണം ആവ ശ്യമാണ്- പച്ചക്കറികൃഷിക്കാർ ക്ക് ആദായകരമായ വില ലഭിക്കുന്നില്ല പലപ്പോഴും ഇട ത്തട്ടുകാരുടെ ചൂഷണത്തിനു വിധേയരാകുന്നു. നല്ലയിനം വിത്തുകൾ ലഭിക്കുന്നതിന് ശ്വാശതപരിഹാരമായി കൃഷി ഭവൻെറ സാങ്കേതിക സ ഹായത്തോടുകൂടി ഈ പഞ്ചായത്തിൽ ഒരു പച്ചക്കറി വി ത്തു ഉല്പാദന കേന്ദ്രം ഉണ്ടാകണം. പച്ചക്കറികൃഷിക്ക് ജലസേചനം ഒരു ശ്രമകരമായ ജോലിയാണ്. - ജലസേച ന ആവശ്യത്തിനായി ചെറിയ പമ്പുസെറ്റുകൾ (ഓയിൽ എഞ്ചിൻ) കൃഷിക്കാർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടാകണം.

# മരച്ചീനി

കുറ്റൂർ പഞ്ചായത്തിൽ 1-02-03-04-05 വാർഡുകളിൽ മരച്ചീനി കൂടുതലായി കൃഷിചെയ്തുവരുന്നു 6-7-8-9 എന്നീ വാർഡുകളിൽ ഇടവിളയായി മരച്ചീനി കൃഷി ചെയ്തുവരുന്നു. ഉയർന്ന പ്രദേശങ്ങളിൽ റബർ കൃഷി ആരംഭിച്ചതിനാൽ കപ്പകൃഷി കുറഞ്ഞുവരുന്നുതാണപ്രദേശങ്ങളിൽ ഇടവിളയായി ഉത്പാദിപ്പിക്കുന്ന മരച്ചീനിക്ക് വേണ്ടത്ര വിപണന സൗകര്യമില്ലാത്തതിനാൽ ന്യായമാ യ വില ലഭിക്കുന്നില്ല.

മുൻകാലങ്ങളിൽ ഉഴുന്ന്, മധുരകിഴങ്ങ്, മുതിര, പഞ്ഞി പ്പുല്ല്, എള്ള്, ചേനാ, കാച്ചിൽ, ചേമ്പ് എന്നിവ സമൃദ്ധിയാ യി കൃഷിചെയ്തിരുന്നു. ആ രീതിയിലുള്ള കാർഷികാഭി വൃദ്ധി പുനരാരംഭിക്കുന്നതിന് വേണ്ടത്ര ബോധവത്ക്കരണവും അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ വിതര ണം ചെയ്തു ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽ കിയും കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

# മറ്റു കിഴങ്ങു വർഗ്ഗങ്ങൾ

ചേന, ചേമ്പ് എന്നിവയാണ് കൃഷി ചെയ്തു വരുന്ന പ്രധാന ഇനങ്ങൾ, മുൻ കാലങ്ങളിൽ ചെറുകിഴങ്ങ്, തിന കിഴങ്ങ് മുതലായവ കൃഷി ചെയ്തിരുന്നു.

ശ്രീകാര്യത്തു പ്രവർത്തിച്ചുവരുന്ന കിഴങ്ങു ഗവേഷണ കേന്ദ്രത്തിൽ അത്യുൽപാദന ശേഷിയുള്ള ചേന, ചേമ്പ്, കാച്ചിൽ എന്നിവ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇതും ഈ പഞ്ചായത്തിൽ വ്യാപകമാക്കണം.

## *വാഴ*

കുറ്റൂർ പഞ്ചായത്തിൽ 50 ഹെക്ടർ സ്ഥലത്ത് വാഴ കൃഷിചെയ്തുവരുന്നു. ഏത്തവാഴയും മറ്റിനം വാഴകളും കൃഷിചെയ്തുവരുന്നു. വാഴക്കു ബാധിക്കുന്ന കുറുനമ്പുരോഗം, വാഴമാണം തുരക്കുന്ന വണ്ട്. എന്നിവ വാഴകൃഷിയുടെ മുഖ്യരോഗങ്ങളാണ്.

### റബർ

പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശങ്ങളായ കുറ്റൂർ, ഓതറ എന്നിവിടങ്ങളിലാണ് റബർ കൃഷിചെയ്തുവരുന്നത്. ഉയർന്ന നെൽപ്പാടങ്ങളിലും, തെങ്ങുകൃഷി ചെയ്തിരുന്ന ഭൂമികളിലും റബർ വച്ചുപിടിപ്പിക്കുവാൻ കർഷകൻ താല്പര്യം കാണിച്ചുവരുന്നു. ഇപ്പോൾ കിട്ടിവരുന്ന വർദ്ധിച്ച വിലയാണിതിനു കാരണം. ഭക്ഷ്യ വിളകൾ കൃഷി ചെയ്തിരുന്ന സ്ഥലത്തു റബർ കൃഷി ചെയ്യുന്നത് ആശാസ്യമായ പ്രവണതയല്ല.

മേൽ വിവരിച്ച വിളവുകൾക്കു പുറമേ ഇടക്കാലത്ത് കൊക്കോ കൃഷി ഈ പഞ്ചായത്തിൽ ആരംഭിച്ചു എങ്കിലും വിലക്കുറവു കാരണം അല്പം മന്ദഗതിയിലായി.

ജാതി, ഗ്രാമ്പൂ, കുരുമുളക്, എന്നീ സുഗന്ധ വിളവുകളും പരിമിതമായ തോതിൽ കാപ്പിയുംഇടവിളകളായി കൃഷിചെയ്യുന്നുണ്ട്. കുറ്റൂർ പഞ്ചായത്തിനെ ഒരു കുരുമുളക് ഗ്രാമമായി പ്രഖ്യാപിക്കാൻ നടപടികൾ ഉണ്ടായിരുന്നെങ്കിലും ഫലപ്രദമായില്ല.

## കൃഷിഭവൻ

കുറ്റൂർ കൃഷിഭവൻ 1987 കാലത്താണു പ്രവർത്തനം ആരംഭിക്കുന്നത്. ഈ പഞ്ചായത്തിലെ കാർഷിക വികസന പ്രവർത്തനങ്ങളുടെ കേന്ദ്ര ബിന്ദുവായി പ്രവർത്തിച്ചുവരുന്നു. ആഫീസ് ജോലികളുടെ ആധിക്യം കൃഷി ഉദ്യോഗസ്ഥൻമാർക്ക് ഫീൽഡു വർക്ക് ചെയ്യുന്നതിന് സമയം ലഭിക്കുന്നില്ല. കൃഷിഭവനുകളിലെ ഭൗതിക സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

### കുറ്റൂർ ഗ്രാമ പഞ്ചായത്ത്
### 3.5 നടീൽ വസ്തുക്കളുടെ വിവരണം

| | 1993-94 | 1994-95 | 195-1996 |
|---|---|---|---|
| തെങ്ങിൻ തൈകൾ | 475 | 500 | 650 |
| കശുമാവ് | - | - | - |
| കുരുമുളക് | 100 | 3425 | - |
| കവുങ്ങ് | 100 | 100 | - |
| മാവ്, പ്ലാവ്, വേപ്പ്, ഗ്രാമ്പൂ | - | 278 | 525 |
| തേക്കിൻ തൈകൾ | - | - | 15000 |

### കൃഷി ഭവൻ
### വാട്ടർഷെഡ് പദ്ധതിപ്രകാരം നൽകിയിട്ടുള്ളവയുടെ വിവരം

| വർഷം | ആൾ എണ്ണം | കോഴി |
|---|---|---|
| 1. 1993 - 94 | - | 410 യൂണിറ്റ് |
| 2. 1994 - 95 | 75 | 300 യൂണിറ്റ് |
| 3. 1996 - 97 | 75 | 400 യൂണിറ്റ് |


SH-NO-1
KUTTOOR PANCHAYAT
LANDUSE & ASSETS
m 50 0 50 150 250 350 m
76°34'
76°35'
Thiruvalla municipality
Panchayat kadavu
IX
VIII
VI
Manimala R.
Varattar R.

Kuttoor panchayat

SH-NO-2



# (കൃഷിയും ജലസേചനവും)

## (ജലസേചനം)

കുറ്റൂർ പഞ്ചായത്തിൻെറ ഒന്നും, രണ്ടും, മൂന്നും വാർഡുകളിൽക്കൂടി കടന്നുപോകുന്ന പമ്പാ ഇറിഗേഷൻ മെയിൻ കനാലും നാല്, അഞ്ച്, ആറ്, ഏഴ്, എട്ട് എന്നി വാർഡുകളിൽ കൂടി കടന്നുപോകുന്ന കുറ്റൂർ ബ്രാഞ്ചു കനാലും 1965 ൽ കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. ഈ പ്രദേശത്തെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതനുവേണ്ടി ഗവൺമേൻറ് കോടിക്കണക്കിനു രൂപ ചെലവഴിച്ചിരിക്കുന്ന പദ്ധതിയാണ്. അതിൻെറ പ്രവർത്തനം കൊണ്ട് ഗുണത്തേക്കാൾ അധികം ദോഷമാണ് ഉണ്ടായത്. തെങ്ങേലി ഭാഗത്തുള്ള കനാലിൽക്കൂടി വെള്ളം ഒഴുകിയിട്ടുണ്ടോ എന്നുതന്നെ സംശയമാണ് കോതവിരുത്തി പുഞ്ച, കൊല്ലാനിലങ്ങൾ കൂടുതൽ ഭാഗവും കൃഷി ചെയ്യാൻ പാടില്ലാത്തതരത്തിൽ ചതുപ്പുനിലങ്ങളായിത്തീർന്നതിൻെറ കാരണം കനാലിൻെറ ചോർച്ചയാണ് കൃഷിയിറക്കുന്നതിനും കൃഷിഎടുക്കുന്നതിനും കനാൽ സഹായകമല്ല. കനാലിൻെറ ചോർച്ച പരിപൂർണ്ണമായി തടയുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യണം കനാലിൻെറ പണികൾ പഞ്ചായത്തുകമ്മറ്റിയോ മറ്റുനെല്ലുൽപാദക സമിതികൾ എന്നിവയുമായി ബന്ധപ്പെടുത്തി ചെയ്യുന്നത് നന്നായിരിക്കും. അതുപോലെ തന്നെ ജലവിനിയോഗത്തിലും ക്രമക്കേടുകൾ ഉണ്ടാകുന്നുണ്ട്. അതും പരിഹരിക്കുന്നതിന് മാർഗ്ഗരേഖകൾ ഉണ്ടാകണം. ഭൂമിയുടെ ഉയർച്ചയും താഴ്ചയും കണ്ടുപിടിച്ച് വേണം കനാലുകൾ നിർമ്മിക്കേണ്ടത്.

കഴിഞ്ഞവർഷം കോതവിരുത്തി പുഞ്ചയ്ക്കുവേണ്ടി 13 ലക്ഷത്തിലധികം രൂപ ചെലവുചെയ്തു ഒരു ഡിവാട്ടറിംഗ് സ്കീം നടപ്പിലാക്കി എന്നാൽ കടവും പാറചപ്പാത്തിൻെറ അടിയിൽ ക്കൂടി വടക്കോട്ടു വെള്ളമൊഴുക്കിക്കളയാൻ നിർവാഹമില്ല. കടവും പാറചപ്പാത്തിനും പകരം ഒരു കല്ലുങ്കും ഉണ്ടാവുന്ന പക്ഷം കോതവിരുത്തി കൊല്ലാനിലങ്ങൾ കൂടുതലും കൃഷിക്ക് യോജ്യമായിത്തീരുന്നതാണ്.

കാഡാ പദ്ധതിയിൽ ഈ പ്രദേശവും ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിവു എന്നാൽ നാളിതുവരെ അത് എന്താണന്നോ എങ്ങനെയാണന്നോ ഒരു അറിയിപ്പും കർഷകർക്കു ലഭിച്ചിട്ടില്ല. ആയതിൻെറ റജിസ്ട്രേഷൻ നടത്തിയിട്ടുള്ളതുമാണ്.

കുറ്റൂർ പഞ്ചായത്തിൽ 6 നെല്ലുൽപാദക സമിതികൾ പ്രവർത്തിച്ചുവരുന്നു. കൃഷി ചെയ്യുന്നതിലുണ്ടാകുന്നു ബുദ്ധിമുട്ടുകൾ അനവധിയാണ്. നാട്ടുതോടുകൾ ഉണ്ടായിരുന്നവ എല്ലാം തന്നെ സമീപത്തുള്ള വസ്തു ഉടമസ്ഥർ കയ്യേറി നിലമാക്കി ഗവണമെൻറിൻെറ സർവ്വേറെക്കാർഡുകൾ അനുസരിച്ചു കാണേണ്ടതായ തോടുകൾ ഒന്നും തന്നെയില്ലെന്നുപറയാം. മുൻകാലങ്ങളിൽ നാടൻ ചക്രം ഉപയോഗിച്ച തോടുകളിൽക്കൂടി ജലം ഒഴുക്കിവിടുകയും കൃഷി ക്കാവശ്യമുള്ള ജലം ചവുട്ടിക്കയറ്റുകയും ചെയ്തിരുന്നു എന്നാൽ ഇപ്പോൾ തോടുകളുമില്ല. നാടൻ ചക്രങ്ങളും കാണുന്നില്ല. ആയതുകൊണ്ട് റവന്യൂ അധികാരികളെ കൊണ്ട് ചാലുകളും പഴയതോടുകളും സർവ്വേ ചെയ്തു ശരിയാക്കിയാൽ നന്നായിരിക്കും. വെള്ളം ഒഴിഞ്ഞുപോകാത്ത പാടശേഖരങ്ങളിൽ പെട്ടിയും പറയും വച്ചു വെള്ളം വറ്റിക്കാൻ സൗകര്യം ഉണ്ടാക്കണം. ഉദാഹരണമായി പെരുമ്പ്രാചാലിൽ നിന്നും ഞക്കണ്ണു പുഞ്ചനിലങ്ങളിൽ നിന്നും, പൌമ്പറ പാടശേഖരത്തിൽ നിന്നും, കൃഷിയിറക്കുന്നതിനും മുമ്പ് വെള്ളം വറ്റിക്കുന്നതിന് ഇലക്ട്രിക് മോട്ടോർ, പെട്ടി പറ എന്നിയുടെ സഹായത്തോടുകൂടി ജലനിർഗ്ഗമനം സാദ്ധ്യമാക്കണം- പാടശേഖരങ്ങളിൽ ചെന്നെത്തുന്നതിന് ഫാം റോഡുകളും റാമ്പുകളും നിർമ്മിക്കണം.

ഒന്നാം വാർഡിൽ കരുവേലി പുഞ്ചയിലെ തോടുകൾ വെട്ടി വീതിയും ആഴവും ഉണ്ടാക്കണം- ചെമ്പൻ മൂല പാടശേഖരങ്ങളിൽ വെള്ളം എത്തിക്കുന്നതിന് മാർഗ്ഗം ഉണ്ടാക്കണം. കൊറ്റംവേലി, കരിക്കാറ, കാട്ടുചിറ, കോയിയ്ക്കൽ തോടു 5 അടിവീതിയിൽ 4 അടിതാഴ്ചയിൽ വെട്ടി ശരിയാക്കണം. കുണ്ടൻ കുഴി നിലത്തിൽ നിന്നും വെള്ളം ഒഴിഞ്ഞുപോകുന്നതിന് തോട് വെട്ടിതാഴ്ത്തണം. തുണ്ടിയിൽത്തോട് ശരിയാക്കി ഒരുചീപ്പുസ്ഥാപിക്കണം. തോടുകളിൽ നിന്നും ചെറിയ കൈത്തോടുകൾ ഉണ്ടാക്കിനിലത്തിൻെറ എല്ലാ ഭാഗങ്ങളിലും ജലം എത്തിക്കുവാൻ ശ്രമിക്കണം.

കരിക്കാട്ടിൽ ചാലിലും കൊറ്റൻ വേലിനിലത്തിലും പെട്ടിയും പറയും സ്ഥാപിച്ചു വെള്ളം വറ്റിക്കുവാൻ സംവിധാനം ഉണ്ടാകണം. എല്ലാ നിലങ്ങൾക്കും ആവശ്യ

മായ ബണ്ടുകൾ നിർമ്മിക്കണം. പാറപ്പറതച്ചു കടവിൽ തോടിനോടു ചേർന്ന് ഒരു പുതിയ ബണ്ടു ഉണ്ടാക്കണം പാറമ്പറുമ്പു കടവിൽ നിന്ന് ആരംഭിച്ചു വടക്കോട്ട് പെരുമ്പ്രാചാൽ വരെ ഒരു തോടുവെട്ടണം. കൊതവിരുത്തി, പുഞ്ചയുടെയും റയിൽവേലൈനിൻേറയും ഭാഗത്തുള്ള നിലങ്ങളിൽ നിനു ഒരു വലിയതോടു നിർമ്മിക്കുന്നതായാൽ അതും പ്രയോജനപ്പെടുന്നതാണ്. വരട്ടാർ വെട്ടി താഴ്ത്തുന്നതിന് ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചാൽ ഓതറ പ്രദേശത്തുള്ള നിലങ്ങൾ രക്ഷപെടുമെന്നുള്ളതിന് സംശയമില്ല. 3-ാം വാർഡിൽ കോയിക്കൽ തോടിൻെറ പതനസ്ഥലമായ മൂന്നാറ്റം മുയപ്പിൽ (ചെരിക്കലേത്തു പടി) ബണ്ടുകെട്ടി മോട്ടോർ സ്ഥാപിക്കച്ചും ജലനിർഗമന മാർഗ്ഗം ഉണ്ടാകണം. പൂവത്തും തറയിൽ ഒരു മോട്ടോർ സ്ഥാപിക്കണം.

മടുക്കോലിൽ ചിറയിൻ ഒരു കല്ലുങ്കും അവിടെ നിന്നും റയിൽവേ ലൈൻവരെ ഒരു തോടും അതോടു ബന്ധപ്പെടുത്തി കുറ്റിയടിച്ചിറവരെയും തോട് നിർമ്മി ക്കണം. പാറക്കടവു-പെരുമ്പ്രാചാൽ തോടും ശരിയാക്കണം പാറപ്പറമ്പുകടവു, മൂലക്കണ്ടം, കൈച്ചിറ, ചൂണ്ടിയത്തറ എന്നിവിടങ്ങളിലും പുതിയ റാമ്പുകളും നടപ്പാതകളും ഉണ്ടാക്കണം.

അഞ്ചാം വാർഡിൽ വഞ്ചീക്കണ്ടം മുതൽ പൌമ്പറ വരെയുള്ളതോടിൻെറ ഉദ്ദേശം 150 മീറ്റർ നീളത്തിലുള്ളതിൻെറ വീതിയും ആഴവും വർദ്ധിപ്പിക്കണം. തോടിൻെറ വശങ്ങൾ പുരയിടങ്ങൾ ആണ്. കരിങ്കൽഭിത്തികൾ കെട്ടി തോടിൻെറ സംരക്ഷണം ഉണ്ടാകണം. പൌരുമ്പറ പാടശേഖരത്തു നിന്നും മതിരംപുഴ ആറ്റിൽ ചെന്നുചേരുന്ന തോടിൻെറ ഒരുവശം പുരയിടങ്ങൾ ആണ്. ഉദ്ദേശം 450 മീറ്റ് നീളത്തിൽ സ്ഥിതിചെയ്യുന്ന തോടിൻെറ വശങ്ങളിൽ കരിങ്കൽ ഭിത്തി കെട്ടി, ശരിയാക്കണം.

ഐെരാർ-മതിരമ്പുഴ തോടും (മണ്ണടി-മതിരമ്പുഴാ തോട്) നേരത്തെ നല്ല വീതിയിലും ആഴത്തിലും ഉണ്ടായിരുന്നു. ഇപ്പോൾ തോട് പേരിനുമാത്രമുള്ളതായിട്ടാണ് സ്ഥിതി ചെയ്യുന്നത്. തോട് സർവ്വേ ചെയ്തു അളന്നു തിരിച്ച് വെട്ടിതാഴ്ത്തി · ഉപയോഗയോഗ്യമാക്കിത്തീർക്കണം. ഉദ്ദേശം 600 മീറ്റർ നീളമുള്ള തോടാണ് ഇതു. നേരത്തെ പഞ്ചായത്തിൽ നിന്നും അറ്റകുറ്റ പണികൾ നടത്തിയിട്ടുള്ള തോടാണ്. മതിരംപുഴ ആറിന് ബൃഹത്തായ ഒരു പദ്ധതിയെക്കുറിച്ച് വിശദമായ വിവരണം താഴെ കൊടുത്തിരിക്കുന്നു. എന്നാൽ മതിരംപുഴ ആറിൽ നിന്നു തെക്കോട്ടുതിരിഞ്ഞ് എം. സി. റോഡിലുള്ള കലുങ്കിൽനടിയിൽക്കൂടി കടന്നു തലയാർ ഭാഗത്തുകൂടി ഏറ്റുകടവുവരെയുള്ള ചേരിയ്ക്കൽ തോടിൻെറ പുനരുദ്ധാരണപ്പണികൾ നടത്തണം. വർഷങ്ങൾക്കു മുമ്പ് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറു, പുളിക്കീഴ് ബ്ലോക്ക്, കുറ്റൂർ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ഈ തോടിൻെറ പണിചെയ്തിട്ടുള്ളതാണ്. ഈ തോട് നേരത്തെ സൂചിപ്പിച്ചതുപോലെ തോട് ഇന്ന് ഇല്ലാതായിത്തീരുന്ന രീതിയാണ് പൊതുവേ കാണപ്പെടുന്നത് ഉദ്ദേശം 2 കി. മി. നീളത്തിലുള്ള ഈ തോടിൻെറ

കുറ്റൂർ ഗ്രാമപഞ്ചായത്ത്

***1.4. കുളങ്ങളെയും കിണറുകളെയും സംബന്ധിച്ചുള്ള വിവരങ്ങൾ***

***(പഞ്ചായത്ത് വക) Ref. A.11.***

| വാർഡ് | കുളങ്ങളുടെ എണ്ണം (വിസ്തീർണ്ണത്തിനനുസരിച്ച്- സെൻറിൽ) | | | | | | കിണറുകൾ |
|---|---|---|---|---|---|---|---|
| | 10 സെൻറിനു താഴെ | 10-20 | 20-30 | 30-40 | 40-50 | 50 ന് മുകളിൽ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| I | Nil | Nil | Nil | Nil | Nil | Nil | 7 |
| II | " | 1 | - | - | 1 | 2 | 4 |
| III | 2 | - | - | - | - | - | 2 |
| IV | കുളങ്ങൾ ഇല്ല | - | - | - | - | - | പൊതുക്കിണ്ണർ 6 എണ്ണം |
| V | - | - | - | - | - | - | |
| VI | - | - | - | - | - | - | 219 |
| VII | - | - | - | - | - | - | - |
| VIII | - | - | - | - | - | - | - |
| IX | 1 | - | - | - | - | - | 1 |

വശങ്ങൾ കല്ലുകെട്ടി ശരിയാക്കുന്നതിൽ നിന്ന് പ്രയോജനം ഉണ്ടാകും. 1957 -ൽ ബഹു. ഗവൺമെന്റിൽ നിന്നും കുറ്റൂർഏലാ മൈനർ ഇറിഗേഷൻ പ്രോജക്ട്എന്ന പേരിൽ ഒരു പദ്ധതി ആവിഷക്കരിച്ചു. അന്ന് ഇറിഗേഷൻ വകുപ്പു മന്ത്രിയായിരുന്നു ശ്രീ. അച്ചുതമേനോൻ ആണ് ആയതിന്റെ ഉൽഘാടനം നിർവഹിച്ചത്. പി. ഐ. പി. കനാലിന്റെ ആവിർഭാവത്തോടുകൂടി ആ പദ്ധതിയുടെ പ്രയോജനം കുറവും ആവശ്യവും കുറഞ്ഞുവന്നിരിക്കുന്നു. പി. ഐ. പി. കനാലിൽ ചോഴിയും പാറ നിന്നും ഒരു തോടുണ്ടാക്കി കുറ്റൂർ ഏലാ പദ്ധതി കൂടുതൽ പ്രയോജന പ്രദമാക്കുന്നതിന് ആവശ്യമായ നടപടികൾ എടുത്തിരുന്നു. പ്രായോഗികമായി തീർന്നിട്ടില്ല അതുപോലെ തന്നെ ഈ നാട്ടിൽകൂടി വെള്ളം ഒഴുക്കി കൃഷി ചെയ്തിരുന്ന കല്ലൂർക്കര നിലങ്ങൾ ഇന്നു കൃഷിയോഗ്യമല്ലാതായി തീർന്നിരിക്കുന്നു. ആയതിന് ആവശ്യമായ തോടുകൾ ഉണ്ടാകണം.

കുറ്റൂർ തെങ്ങോലി റോഡിൽ കളരിക്കണ്ടത്തിൽ പടി മുതൽ മണിമല ആറുവരെ ഒരു തോടു സ്ഥിതിചെയ്യുന്നുണ്ട്. അതിന്റെ പടിഞ്ഞാറേ അരികിൽ മണിമല യാറിന്റെ തീരത്ത് ഒരു പമ്പ് ഹൗസ് ഉണ്ട് എന്നാൽ ഇപ്പോൾ മോട്ടോർ, പമ്പ് എന്നിവയില്ല. പുറമ്പോക്കു സ്ഥലങ്ങളിൽക്കൂടി തോട് വെട്ടിയുണ്ടാക്കിയാൽ അതിന്റെ ബണ്ടുകളിൽക്കൂടി കടന്നുചെന്ന് മണി മലആറ്റിലെ വെള്ളം ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതിന് സഹായമാകും.

ഏഴാം വാർഡിൽ ഇടിഞ്ഞ കുഴി പുഞ്ചയിൽ നിന്നും ആറാട്ടുകാടവ് റോഡിലുള്ള പുളിമൂട്ടിൽ തോട്ടിൽ ഒരു പാലം നിർമ്മിക്കുകയും റോഡിന്റെ വശങ്ങൾ ഇടിഞ്ഞുപോകാതിരിക്കുന്നതിനെ സംരക്ഷണഭിത്തികൾ നിർമ്മിക്കുകയും വേണം. അധിക ജലം ഒഴിഞ്ഞുപോകുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

എട്ടാം വാർഡിൽ പി.ഐ.പി. കനാലിന്റെ യാതൊരുവിധമായ പ്രയോജനവും ഇന്നുവരെ ഉണ്ടായിട്ടില്ല. എന്നുതന്നെ പറയാം. കാരണം കനാലിന്റെ നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ള വൈകല്യമാണന്നു പറയാം. തോടിന്റെ വശങ്ങൾ കല്ലുകെട്ടിസിമിന്റ്പണി ചെയ്തുരുന്നുവെങ്കിൽ കുറച്ചുഭാഗങ്ങൾക്കെല്ലാം പ്രയോജനമുണ്ടകുമായിരുന്നു. ആയതിനാൽ അടിയന്തിര നടപടി ഉണ്ടാകുന്നതിന് ശ്രദ്ധിക്കണം.

ഈരടിച്ചിറയിൻ ഒരുപമ്പ്സെറ്റ്സ്ഥാപിച്ച് ജലസേചന സൗകര്യം ഉണ്ടാക്കണം. ഈ ഭാഗങ്ങളിൽ ജലസേചന സൗകര്യങ്ങൾ ഒന്നുതന്നെയില്ല. പി. ഐ. പി. കനാൽ പടിഞ്ഞാറോട്ട് കീത്തലവരെ നീട്ടിയാൽ അവിടുത്തേയും പ്രശ്ന ങ്ങൾ പരിഹൃതമാകുന്നതാണ്.

എരിച്ചിപ്പുറത്തുനിന്നും കാഞ്ഞിമൂട്ടിൻ പടിവരെ കനാൽ നിർമ്മിക്കണം. ഓരിൽഭാഗത്തുനിന്നും വെള്ളി മൂലവരെ തോടുനിർമ്മിക്കണം.

ഒൻപതാം വാർഡിൽ ജലസേചനത്തിനു (Lift Irrigation) പദ്ധതികളെ മാത്രം ആശ്രയിച്ചിരിക്കുന്നു അരപ്പറമ്പിൽ സ്ഥാപിച്ചിരിക്കുന്ന മോട്ടോർ പമ്പ് സെറ്റ് (Lift Irrigation) കൂടുതൽ പ്രയോജനപ്രദമുള്ളതാക്കിമാറ്റണം.

തൈമ്പറമ്പു ഭാഗത്തു നിന്നും വടക്കോട്ട് തോടു വെട്ടി പടിഞ്ഞാറുപൊക്കം കൂടിയഭാഗത്തു വെട്ടി താഴ്ത്തി ചക്രക്ഷാളന കടവ് മദനശ്ശേരിക്കടവ് റോഡുവരെ ശരിയാക്കണം.

കാളക്കണ്ടം മുതൽ പൂവത്തും കുഴിവരെ തോടുവെട്ടി കദളിമംഗലം ആറ്റിൽ ജലം എത്തിക്കണം.

അരപറമ്പുമുതൽ പാണ്ടിയാലിപ്പടിവരെ കനാൽ ഉണ്ടാകണം. അരപ്പറമ്പിൽ സ്ഥാപിച്ചിരിക്കുന്ന (Lift Irrigation) പദ്ധതിയുടെ പ്രയോജനം കിഴക്കുഭാഗത്ത് കദളിമംഗലം ക്ഷേത്രത്തിനു തെക്കുവശമുള്ള നിലങ്ങൾക്ക് കൂടി ലഭ്യമാക്കണം. അരപ്പറമ്പുമുതൽ കല്ലിട്ടകടവു വരെ ആറ്റുതിട്ട ഇടിഞ്ഞുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കപ്പെടുന്നതിന് മണിമലയാറിന്റെ തീരത്ത് Retaing Wall മേജർ ഇറിഗേഷൻ വകുപ്പിനെക്കൊണ്ട് ശരിയാക്കിക്കണം.

1. കുറ്റൂർ പഞ്ചായത്ത് അതിർത്തിയിൽ ക്കൂടി കടന്നു പോകുന്ന പി.ഐ.പി. കനാലുകൾക്കെല്ലാം ആവശ്യമായ അറ്റകുറ്റപ്പണികൾ കാലംകാലങ്ങളിൽ ചെയ്യുന്നതിൽ ശുപാർശ ചെയ്യാം
2. പി.ഐ.പി. കനാലിന്റെ പ്രയോജനം ഇന്നുവരെ ലഭിച്ചിട്ടില്ലാത്ത തെങ്ങേലി, വെൺപാല പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിന് സംവിധാനം ഉണ്ടാക്കണം.
3. പി.ഐ.പി. കനാലിന്റെ ചോർച്ച അവസാനിപ്പിക്കാൻ ശുപാർശ ചെയ്യുക.
4. ജലവിതരണ രീതിയിൽ ശരിയായ ക്രമീകരണം ഉണ്ടാക്കുന്നതിൽ പഞ്ചായത്ത് അംഗങ്ങളെക്കൂടി ബന്ധപ്പെടുത്തുക.
5. പി.ഐ.പി. കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ പഞ്ചായത്തു കമ്മിറ്റിഅംഗങ്ങളേയോ, നെല്ലുൽപാദക സമിതിയെയോ അറിയിച്ചു ചെയ്യണം.
6. സി.എ.ഡി.എ. പദ്ധതിയിൽ ഈ പ്രദേശം കൂടി എടുത്തു കനാൽ ഉപദേശകസമിതി പുനസംഘടിപ്പിക്കണം.

# തോടുകൾ

1. റവന്യൂ റെക്കാർഡു അനുസരിച്ചു ഉള്ളവയും ഇന്ന് പ്രയോജനം ചെയ്യുന്നതുമായ നാട്ടുതോടുകൾ സർവ്വേ ചെയ്തു അതിർത്തി നിശ്ചയിക്കണം. മേലിൽ തോടു നികത്തി എടുക്കുന്ന രീതി കർശനമായി തടയണം. അതിനു പഞ്ചായത്തു കമ്മറ്റി ശ്രമിക്കണം.

2. ഓതറ തൈമറവുംകര ഭാഗത്തുള്ള പുഞ്ചനിലങ്ങളിൽ നിന്നും വർഷങ്ങൾക്കു മുമ്പ് പുലിയപ്പാറ തോട്ടിലേക്ക് വെള്ളം ഒഴുകമായിരുന്നു. ചക്രം ചവുട്ടിയും എൻഞ്ചിനുകൾ വച്ചും മറ്റും എന്നാൽ ഇപ്പോഴത്തെ അവസ്ഥ പരിതാപകരമാണ്. കാരണം കടവും പാറ പണിത്തീർന്നിരിക്കുന്ന ചപ്പാത്ത് വെള്ളനിരപ്പിനേക്കാൾ കിളർന്നുള്ള കുഴലുകൾ സ്ഥാപി ച്ചിട്ടുള്ളവയാണ്. കഴിഞ്ഞവർഷം നടപ്പിലാക്കിയ കോതവിരുത്തി പദ്ധതിയും ഒരു പരിധിവരെ പരാജയപ്പെടാൻ കാരണം കടവും പാറചപ്പാത്തിൻെറ നിലയാണ്. അതു പൊളിച്ചു മാറ്റി കലുങ്ക് പണിയുകയോ, അടിയിലെ കുഴലുകൾ കൂടുതൽ താഴ്ത്തി സ്ഥാപിക്കുകയോ ചെയ്യുക ആയതിനു വേണ്ട നിർദ്ദേശം ഉണ്ടാകണം.

## തോടുകൾ വെട്ടിതാഴ്ത്തി ശരിയാക്കേണ്ടവ.

1. ഒന്നാം വാർഡിലെ കരുവേലി പുഞ്ചനിലത്തെ തോട്.
2. കൊറ്റംവേലി-കരിക്കാറ-കാട്ടചിറ- കോയിക്കൽ ത്തോട്
3. കുണ്ടൻ കുഴിനിലങ്ങളിൽ നിന്നും വെള്ളം ഒഴുക്കി വിടുന്നതിന് ആവശ്യമായതോട്.
4. തുണ്ടിയിൽത്തോട് ശരിയാക്കി ഒരു ചിപ്പ് ഉണ്ടാക്കണം.
5. കൈത്തോടുകൾ എല്ലാഭാഗത്തും ഉണ്ടാകണം.
6. കരിക്കാട്ടിൽ ചാലിലും കൊറ്റൻ വേലിനിലത്തിലും വെള്ളം ഒഴിച്ചുകളയുന്നതിന് മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കണം.
7. നിലങ്ങൾക്കെല്ലാം ഉറച്ചബണ്ടുകൾ സ്ഥാപിക്കണം.
8. പാറപ്പറമ്പു കടവിൽ തോടിനോട് ചേർന്ന നടന്നുപോകത്തക്ക വീതിയിൽ ബണ്ട് ഉണ്ടാക്കണം.
9. പാറമ്പറമ്പു കടവിൽ നിന്നും വടക്കോട്ട് തെുമ്പ്രാചാൽ വരെയുള്ള തോട്.
10. കോതവിരുത്തി പുഞ്ചയുടെയും-റയിൻവേ ലൈനിൻെറയും ഭാഗത്തുള്ള നിലങ്ങളിൽ നിന്ന് തോടുകൾ വെട്ടി വരട്ടാറിൽ യോജിപ്പിക്കണം.
11. കടവും പാറയിലും കൊയിക്കൽ തോട്ടിലും പമ്പു സെറ്റ് സ്ഥാപിച്ച് ജലനിർഗ്ഗമനസൗകര്യം ഉണ്ടാക്കണം.
12. കോയിക്കൽത്തോടിൻെറ പതനസ്ഥലമായ മൂന്നാറ്റിൻ മുയപ്പ്-ചെറിയ്ക്കലേത്ത് പടിക്കൽ) ബണ്ടു കെട്ടി ജലനിർഗ്ഗമന സംവിധാനം ഉണ്ടാക്കണം.
13. പൂവത്തും തറയിൽ ഒരു Cross Bar - Cum - Foot Path നിർമ്മിക്കണം.

*1. 28. ഏറ്റെടുത്ത ജെ. ആർ. വൈ. പണികൾ സംബന്ധിച്ച വിവരങ്ങൾ.* Ref. JRY Work Register.

| പണിയുടെ വിവരം | ജനറൽ | | എസി. / എസ്. ടി. | |
|---|---|---|---|---|
| | എസ്റ്റിമേറ്റ് തുക | നൽകിയത് | എസ്റ്റിമേറ്റ് തുക | നൽകിയത് |
| 1 | 2 | 3 | 4 | 5 |
| 1. ചക്രക്ഷാളന കടവ് കദളിമംഗലം റോഡ് ടാറിംഗ് | 17,33,781 | 25,000 | | |
| 2. വീടുകൾ ( 6എണ്ണം) | | | 76,800 | 59,800 |
| 3. കക്കൂസ് (10) | | | 20,000 | 15,000 |
| 4. കിണർ | | | 12,000 | 2,400 |

14. മടുക്കോലിൽ ചിറയിൽ ഒരു കലുങ്കും, റെയിൽവെ ലൈൻ വരെ തോടും നിർമ്മിക്കണം. അതോടു ബന്ധപ്പെടുത്തി കുറ്റിയടിച്ചിറവരെയുള്ളതോടും ഉണ്ടാകണം.

15. പാറക്കടവ്, പെരുമ്പ്രാച്ചാൽ തോട്, പാറപ്പറമ്പ് മൂലക്കണ്ടം, കൈച്ചിറ-മുണ്ടിയത്തവരെ റാമ്പുകൾ ഉണ്ടാകണം.

16. അഞ്ചാം വാർഡിൽ

വഞ്ചിക്കണം-പെനമ്പറത്തോട്- 150 മീറ്റർ നീളം താഴ്ത്തി ശരിയാക്കണം തോടിൻെറ വശങ്ങൾ പുരയിടങ്ങൾ ആയതുകൊണ്ട് തോടിൻെറ വശങ്ങൾ Ramp കൾ കെട്ടിശരിയാക്കണം.

ഞെക്കണ്ണ് നിലങ്ങളിൽ ആവശ്യമായ ഒരു മോട്ടോർ സ്ഥാപിച്ചു വെള്ളം ഒഴുക്കിവിടണം അതുപോലെ തന്നെ പുഞ്ചനിലങ്ങളിൽ എത്താനുള്ള Farm Road എന്നിവ ഉണ്ടാക്കണം.

17. പെനമ്പറ പാടശേഖരത്തു നിന്നും മതിരംപുഴ ആറു വരെയുള്ളതോട് ഉദ്ദേശം 400 മീറ്റർ വെട്ടിതാഴ്ത്തണം. ആവശ്യമുള്ള ഭാഗങ്ങളിൽ Retaing Wall കെട്ടി ശരിയാക്കണം. പി.ഐ.പി. കനാലിൻെറ ചോർച്ച കൊണ്ട് കൃഷിയിറക്കാനും വളിവെടുക്കാനും നിർവാഹമില്ലാത്ത അവസ്ഥയാണ്.

18. ഐരാർ-മതിരമ്പുഴ (മണ്ണടി-മതിരമ്പുഴ) തോട് നേരത്തെ നല്ലവീതിയിലും ആഴത്തിലും ഉണ്ടായിരുന്ന രീതിയിൽ ശരിയാക്കണം ഉദ്ദേശം 600 മീറ്റർ നീളമുണ്ട്.

19. മുതിരമ്പുഴ ആറിനെ കുറിച്ചു ബൃഹത്തായ ഒരു പദ്ധതികളുടെ രൂപരേഖ ഇതോടാപ്പം ചേർത്തിട്ടുണ്ട്.

20. മുതിരമ്പുഴ ആറിൽ നിന്നു തെക്കോട്ട് എം.സി. റോഡിലെ കലുങ്കിനടിയിൽ കൂടികടന്നുപോകുന്ന ചേരിയ്ക്കൽ തോട് ഏറ്റുകടവുവരെയുള്ളതാണ് ഉദ്ദേശം 2 കി. മീറ്റർ നീളമുണ്ട്- ആയതിൻെറ പണികൾ.

21. 1958-ൽ അന്നു ജലസേചന വകുപ്പു മന്ത്രിയായിരുന്ന ബഹു. സി. അച്യുതമേനോൻ ഉൽഘാടനം ചെയ്ത കുറ്റൂർ ഏല ലിഫ്റ്റു ഇറിഗേഷൻ പദ്ധതി അതിൻെറ പൂർണ്ണ രൂപത്തിൽ പ്രാവർത്തികമാക്കണം. - കലൂർക്കരത് മുരിക്കുമൂട് ഭാഗത്തുള്ള നിലങ്ങൾ ആയതു അനുഗ്രഹമായിരിക്കും

22. കുറ്റൂർ തെങ്ങേലി റോഡിൽ ചാത്തനാം കളരിക്കണ്ടത്തിൽപ്പടിവഴി മണിമലയാറ്റിൽ എത്തുന്ന ഒരു തോടാണ് ആതിൻെറ പടിഞ്ഞാറെ അരികിൽ കൂടി മണിമലയാറിൻെറ തീരത്ത് ചെല്ലുന്ന സ്ഥാനത്തുണ്ടായിരുന്ന മോട്ടോർ പമ്പ് സെറ്റ് എന്നിവ സ്ഥാപിച്ചു തോടുണ്ടാക്കണം.

23. ഏഴാം വാർഡിൽ ആറാട്ടുകടവ് തലയാർ റോഡിലുള്ള കോയിക്കൽ തോട്- പുളിമൂട്ടിൽ തോട് എന്നിവിടങ്ങളിൽ ഒരു കലുങ്കുകൾ ശരിയാക്കി തോടിൻെറ വശങ്ങൾ കരിങ്കൽ കെട്ടിവെള്ളപൊക്ക ഭീഷണിയിൽ നിന്നും തോടിൻെറ വശങ്ങളെ സംരക്ഷിക്കണം.

24. ഇടിഞ്ഞകുഴി-പുഞ്ചയിൽ നിന്നും അധികം ജലം ഒഴിഞ്ഞു പോകുന്നതിൽ മോട്ടോർ സ്ഥാപിക്കുക.

25. ഈരടിച്ചിറയിൽ ഒരു പമ്പു സെറ്റ് സ്ഥാപിക്കണം.

26. കീത്തലഭാഗത്തു കൂടി ജല സേചന സൗകര്യം ഉണ്ടാക്കണം.

27. എരിച്ചിപ്പുറത്തു നിന്നും, കാഞ്ഞിമൂട്ടിൽ പടിവരെയും ദാരിൽ ഭാഗത്തു നിന്നും വെള്ളിമൂലവരെ കൂടെ തോടുകൾ ഉണ്ടാക്കണം.

28. ഒൻപതാം വാർഡിൽ അരപ്പറമ്പിൽ സ്ഥാപിച്ചിരിക്കുന്ന (Lift Irrigation) ൻെറ പ്രയോജനം കൂടുതൽ പ്രദേശത്തേക്കു വ്യാപിപ്പിക്കണം.

29. തൈമ്മറമ്പുഭാഗത്തുനിന്നും വടക്കോട്ട് തോടുവെട്ടി ചക്രക്ഷാളന കടവ്-പാണ്ടിക്കടിപ്പടിവരെ തോട്

30. അരപ്പറമ്പിൽ സ്ഥാപിതമായിരുന്ന മോട്ടോർ പമ്പ് സെറ്റ് എന്നിവയുടെ പ്രയോജനം, കിഴക്കുഭാഗത്തുള്ള സ്ഥിതിചെയ്യുന്ന കദളിമംഗലംക്ഷേത്രത്തിനു തെക്കുവശം മുള്ള നിലങ്ങൾക്കു കൂടി ഉണ്ടാകണം.

31. അരപ്പറമ്പു മുതൽ കല്ലിട്ട കടവു വരെ ആറ്റുതിട്ട ഇടിഞ്ഞുണ്ടാകുന്ന നാശനഷ്ടങ്ങൾ കണക്കാക്കി വകുപ്പിനെകൊണ്ട് ശരിയാക്കണം.

32. അഞ്ചാം വാർഡിൻെറ വടക്കേ അതിർത്തി മണിമലയാറാണ്. റയിൽവേ ലൈൻ മുതൽ ആറ്റു തീരം താഴോട്ട് ഒരോ വെള്ളപൊക്കം കഴിയുമ്പോഴും ഇടിയുന്നു- അവിടെ ആവശ്യമായ കല്ല് കെട്ടികൊടുക്കുന്നതിൽ ശുപാർശ ചെയ്യണം.

33. അഞ്ച്, ആറെ, എട്ട്, ഒൻപത് വാർഡുകളുടെ ഒരു വശത്തുകൂടി കടന്നുപോകുന്ന മണിമലയാറിൻെറ വശങ്ങൾ ഇടിഞ്ഞു നാശനഷ്ടങ്ങൾ ഉണ്ടാകുന്നു. ആയതിൽ വിശദമായ ഒരു അന്വേഷണ റിപ്പോർട്ട് മേജർ ഇറിഗേഷൻ വകുപ്പിനെ കൊണ്ട് ചെയ്യിക്കണം.

## കടവുംപാറം-തിരുവാനപുരം തോട്

സ്ഥിതി:- 2-ാം വാർഡിൽ നിന്ന് തുടങ്ങി 5-ാം വർഡിൽ കൂടി ഏകദേശം 1500 മീറ്റർ നീളം 10

*1.5. ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരങ്ങൾ*
***Ref. 1, വില്ലേജ് ലിത്തോ മാപ്പ്***

| ക്രമ നമ്പർ | തോടിൻെറ പേര് | ആകെ നീളം മീറ്റർ | ശരാശരി വീതി മീറ്റർ | സംരക്ഷിക്കപ്പെട്ട തോടിൻെറ നീളം | തൻവർഷം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | പന്നിക്കുഴി- തിരുവാനപുരം | 900 | 3 | - | 5000/- |
| 2 | ഉദകുളം-കടവും പുറം | 500 | 11/2 | - | 2500/- |
| 3 | ഊവംപാറ-കടവുംപാറ | 900 | 2 | - | 5000/- |
| 4 | മതിയംചിറ-പെരുമ്പ്രചാൽ | | | | |
| 5 | പുളിമൂട്ടിൽ തോട് | 1000 | 2 | 800 | 25,00000/- |
| 6 | കോയിക്കൽ തോട് | 1Km. | 10m | 200m | |
| 7 | പുന്നാറ്റേലിൽ തോട് | 1 Km. | 10m | 300m | |
| 8 | ചേരിപ്പടിതോട് | 3/4Km | 7m | Nil | |
| 9 | പെരുമ്പ്രചാലു മുതൽ പുഞ്ചിക്കൽ തോട് | 1/2 Km. | 7m | Nil | |
| 10 | ഞക്കണ്ണി-തിരുവാനപുരം | 200m | 21/2m | 200 | |
| 11 | റയിൽവേ പാലം-വഞ്ചി മൂട്ടിൽ കടവ് | 400m | 21/2 m | | |
| 12. | റിയിൽവേപാലം-കുറ്റിയടി ചിറ-പെരുമ്പ്രചാൽ | 1.5Km. | 3m | | |
| 13 | മഴുക്കോലിചിറ-റയിൽവേ കലുങ്ക് | 500m | 3m | | |
| 14 | പാറക്കടവ്-കുറ്റിയടിച്ചി- പെരുമ്പ്രചാൽ | 400m | 0.5m | | |
| 15 | റയിൽവേചിറ-കോയിക്കൽ തോട് | 500m | 0.5m | | |
| 16 | കോയിക്കതോട്-കുറ്റടിതോട് | 150m | 1m | | |
| 17 | കോയിക്കതോട്-കുറ്റടിയാറിൽ വേലിതോട് | | | | |
| 18 | പൂവത്തംതറ-കട്ടിയാറ | | | | |
| 19 | മ തിരമ്പുഴ-മണ്ണടി | | | | |
| 20 | ചേരിക്കൽ തോട് | | 1400 | 2 | 4000 |
| 21 | മതിരമ്പുഴ-മണിമല തോട് | 600 | 8 | 600 | |
| ആകെ | | 12200m | | - | |

അടി വീതി, 1 അടി ആഴത്തിൽ സ്ഥിതി ചെയ്യുന്നതാണ് വശങ്ങൾക്ക് സംരക്ഷണ മില്ലാത്തതിനാൽ ഇടിഞ്ഞു വീണുകൊണ്ടിരിക്കുന്നു

പ്രശ്നം: - പി.ഐ.പി. കനാലിൽ കൂടി വെള്ളം കടത്തിവിടുമ്പോൾ ഈ തോട്ടിൽക്കൂടി കനാൽ ജലവും നീറ്റുറവയും ചേർന്ന്, കരകവിഞ്ഞൊഴുകിഞെക്കണ്ണ് മുണ്ടിക്കുഴി പാടപ്രദേശങ്ങൾ കൃഷി യോഗ്യമല്ലാതായി ത്തീരുന്നു.

നിർദ്ദേശം:- ഈ തോടിനെ 3 അടിയെങ്കിലും ആഴം കൂട്ടി ഇരുവശവും സംരക്ഷണ ഭിത്തികെട്ടി സിമൻറ് പ്ലാസ്റ്റർ ചെയ്ത തിരുവാന പുരത്ത് നിലവിലുള്ള കൾവർട്ടിനോട് ചേർന്ന് ചീപ്പ് നിർമ്മിച്ചാൽ ഈ തോട്ടിലൂടെ വരുന്ന ജലലഭ്യതയെ റെഗുലേറ്റ് ചെയ്യാം.

എസ്റ്റിമേറ്റ് : - ഇരുവശങ്ങളും കെട്ടുന്നതിന്

2500 ക്യു. മീറ്റർ- 200 ലോഡ് റബിൾ

സിമിൻറ് :

ലേബർ ചാർജ്ജ് :

ആകെ ഉദ്ദേശം 12 ലക്ഷം രൂപാ കണക്കാക്കുന്നു.

### ഇടയാടി തോട്

സ്ഥിതി:- ഇടയാടി പുഞ്ച മുതൽ പാവുമ്പ്ര പുഞ്ച വരെ 150 മീറ്റർ നീളത്തിൽ 10 അടി വീതി യിൽ $3^1/_2$ അടി ആഴത്തിൽ സ്ഥിതി ചെയ്യുന്നു. ഇരുവശവും പുരയിടങ്ങളാണ്. ഇപ്പോൾ നീരൊഴുക്കില്ല വശങ്ങൾ ഇടിഞ്ഞ് നശിച്ചുക്കൊണ്ടിരിക്കുന്നു.

നിർദ്ദേശം:- ഇരുവശങ്ങളും കെട്ടി ആഴം കൂട്ടി തോട് സംരക്ഷിച്ചാൽ സമീപ പുരയിടങ്ങളിലെ മണ്ണൊലിപ്പ് തടയാനും പുരയിടങ്ങളിലെ കൃഷി ആവശ്യങ്ങൾക്കായി ജലം ലഭ്യമാക്കുവാനും കഴിയും.

എസ്റ്റിമേറ്റ്:- വശങ്ങൾ കെട്ടുന്നതിന്

റബിൾ 15 ലോഡ്

സിമിൻറ് : 5 ചാക്ക്

ലേബർ ചാർജ്ജ് :

ഏകദേശം 20,000 രൂപാ

കണക്കാക്കുന്നു.

### പി.ഐ.പി. കനാൽ

സ്ഥിതി:- ഏകദേശം 1 കി. മീറ്റർ ദൂരത്തിൽ അഞ്ചാം വാർഡിലൂടെ കടന്നുപോകുന്നു. ഇരുവശങ്ങളിലും അടിലുമുള്ള കോൺക്രീറ്റ് തകർന്നിരിക്കുന്നു. വൃത്തിയില്ലാതെ കാടുപിടിച്ചു കിടക്കുന്നു.

പ്രശ്നം:- വെള്ളം ചോർന്ന് സമീപ പ്രദേശങ്ങളിലെ കൃഷി നശിക്കുന്നു. കാടുപിടിച്ചു കിടക്കുന്നതുകൊണ്ട് കനാൽ ജലത്തിൻെറ ഒഴുക്കും, പരിശുദ്ധിയും ഇല്ലാതാകുന്നു.

നിർദ്ദേശം :- ഇരുവശങ്ങളും കെട്ട ചോർച്ച ഒഴിവാക്കി കനാൽ വൃത്തിയാക്കുന്ന ഒരു വമ്പിച്ച പദ്ധതി തയ്യാറാക്കണം.

### മധുരമ്പുഴ- ഐതർ

സ്ഥിതി:- മധുരമ്പുഴ ചാലിൽ നിന്നാരംഭിച്ച് കിഴക്കോട്ട് ഏകദേശം 400 മീറ്റർ നീളം 10 അടി വീതി 5 അടി ആഴത്തിൽ ഐതർവരെ പാടശേഖരത്തിനു മദ്ധ്യഭാഗത്തു കൂടി. കടന്നുപോകുന്നു.

പ്രശ്നം:- കൃഷിക്കാർ തോട് ഭാഗം കയറിയെടുത്ത് തോടിൻെറ വീതികുറഞ്ഞിരിക്കുന്നു. ഇതുമൂലം തോട്ടിൽ കൂടി വെള്ളം പമ്പ് ചെയ്തു കണ്ടങ്ങളിലേക്ക് കയറ്റി വിടാനും ഇറക്കി വിടാനും കഴിയുന്നില്ല.

നിർദ്ദേശം: - തോടിൻെറ ഇരുവശങ്ങളുടെയും സൈഡുകൾ കരിങ്കൽ ഭിത്തികെട്ടി, തോടിൻെറ

**1.3. കടത്ത് സംബന്ധിച്ച വിവരങ്ങൾ (1995-96)** *Ref. All Unnure 1 X VIII*

| കടത്തിൻെറ പേര് | കടത്തിൽ നിന്നുള്ള വരുമാനം | മറ്റുവിവരങ്ങൾ |
|---|---|---|
| 1 | 2 | 3 |
| വെളിയത്ത് കടവ് | ഇല്ല | ഇല്ല |
| കല്ലേമണ്ണിൽ കടവ് | ,, | ,, |
| പനച്ചമൂട്ടിൽ കടവ് | ,, | ,, |

ആഴം കൂട്ടി വെള്ളം പമ്പു ചെയ്യാനുള്ള സൗകര്യമുണ്ടാക്കണം. തോട് മധുരമ്പുഴ മുതൽ ഐതർവര ഭിത്തികെട്ടി സംരക്ഷിക്കണം.

എസ്റ്റിമേറ്റ്:- സൈഡ്കെട്ടുന്നതിന് ഏകദേശം 50,000 രൂപ പ്രതീക്ഷിക്കുന്നു.

ഇതേപോലെ തന്നെ പുലിയതോട് ഞെക്കണ്ണ് തോട് തുടങ്ങിയവയും കെട്ടി സംരക്ഷിച്ച് ജലസേചന സൗകര്യമുണ്ടാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.

# ചാലുകൾ

*മധുരമ്പുഴ ചാൽ*

സ്ഥിതി: - കുറ്റൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏറ്റവും വലിയ ചാലാണ് ഇതെന്നു കരുതപ്പെടുന്നു. എം.സി. റോഡിന് കിഴക്കുഭാഗം പഞ്ചായത്ത് ജംഗ്ഷനിൽ നിന്നും വാരകൾക്കപ്പുറം മണിലക്കടവു മുതൽ മാലിപ്പറമ്പ്, കല്ലൂത്തറ, പ്രാലിൽ നെച്ചാട്ട് വാരണേത്ത് സുത്തൂരേത്ത്, മരപ്പാം കുഴി ഭാഗങ്ങളാലയി ഏകദേശം 10 ഏക്കറിൽ പരം വിസ്തൃതിയിൽ ശരാശരി 25 മീറ്റർ വീതിയിൽ 6 അടി ആഴത്തിൽ സ്ഥിതിചെയ്യുന്നു.

പ്രശ്നം:- ഇപ്പോൾ ഇതുനിറയെ, ആഫ്രിക്കൻ പായലാണ്. വശങ്ങൾ കെട്ടിയിട്ടില്ല. പലഭാഗങ്ങളും സമീപവസ്തു ഉടമകൾ കൈയേറി സ്വന്തമാക്കിക്കൊണ്ടിരിക്കുകയാണ്.

നിർദ്ദേശം:- ഈ ചാലിനെ ഒരു വിവിധോദ്ദേശ പദ്ധതിയിൽ- ഉന്നതവും ഉജ്വലവുമായ വികസനാസൂത്രണ പദ്ധതിയിലൂടെ ഈ പഞ്ചായത്തിലെ ഏറ്റവും നല്ല പ്രൊജക്ടായി കൊണ്ടു വരാമെന്ന് കരുതുന്നു. പഞ്ചായത്തിന് ഏറ്റവും നന്നായി വരുമാനമുണ്ടാക്കാനും, കുറെയൊക്കെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, കുറ്റൂരിൽ വിനോദ യാത്ര സൗകര്യമുണ്ടാക്കാനും, മത്സ്യ സമ്പത്തുണ്ടാക്കാനും, ജലസേചനം മെച്ചപ്പെടുത്താനും ഈ വിവി ധോദ്ദേശ പദ്ധതിക്കു കഴിയും.

# വിവിധോദ്ദേശ പദ്ധതി

1. ടൂറിസം
2. ഫിഷ് ഫാം
3. ലിഫ്റ്റ് ഇറിഗേഷൻ

## *ടൂറിസം:*

മധുരമ്പുഴയാൽ പ്രദേശം നല്ലൊരു പക്ഷി സങ്കേതമാക്കി മാറ്റാം. കൊക്ക്, മുണ്ടി, കുരുവികൾ, തടങ്ങി വിവിധയിനം പക്ഷികളുടെ കേന്ദ്രമാണ്. ഈ ഭാഗം. ഈ ചാലിൻെറ വശങ്ങൾ കരിങ്കൽ കെട്ടി വൃത്തിയാക്കുക. അതിനുശേഷം വശങ്ങൾ തണൽ മരങ്ങൾ വെച്ച് പിടിപ്പിക്കുക. തെക്കെ വശമായ മണലിക്കടവു ഭാഗത്ത് കേന്ദ്രീകരിച്ച് ബോട്ടുകളും ഉല്ലാസ നൗകകളും തരമാക്കി 'ബോട്ടിംഗ്' നടത്തുക വടക്കേ അറ്റമായ വീതികുറഞ്ഞ പുത്തൂരേത്ത് ഭാഗത്ത് ചിൽഡ്രൻസ് പാർക്കും മറ്റും ഉണ്ടാക്കുക. പുത്തൂരേത്ത് കാവും. ക്ഷേത്രവും മറ്റു അവിടെയുണ്ട്. പഞ്ചായത്ത് കേന്ദ്രവും എം.സി. റോഡിൻെറ സൈഡുമായതിനാൽ ജനാകർഷണവും നടത്തിപ്പിൽ ഉത്തരവാദിത്വവും കാര്യക്ഷമതയും ഉണ്ടാകും. വേളിയും, ആക്കുളവും ഒക്കെ പോലെ ഇതും ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാം'.

## *ഫിഷ് ഫാം :*

ടൂറിസ്റ്റ് കേന്ദ്രമായിരിക്കെത്തന്നെ ഇതൊരു മീൻ വളർത്തൽ കേന്ദ്രമാക്കണം. അങ്ങനെയായാൽ. വമ്പിച്ച തൊഴിൽ സാധ്യതയും പഞ്ചായത്തിന് വരുമാനവും ഉണ്ടാകും. ഇക്കാര്യത്തിൽ മുതൽ മുടക്കാൻ കഴിയുന്ന സ്വകാര്യവ്യക്തികളെയും ആശ്രയിക്കാവുന്നതാണ്.

## *ഷിഫ്റ്റ് ഇറിഗേഷൻ :*

ഇതോടനുബന്ധിച്ച് തന്നെ മധുരമ്പുഴ പാടശേഖരത്തിലേക്ക് കൃഷിക്കാവശ്യമായ ജലസേചനസൗകര്യം വർദ്ധിപ്പിക്കാനുതകുന്ന ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കും രൂപം കൊടുക്കാം.

വിശാലവും വിവേകപൂർണ്ണവുമായ ഒരു പദ്ധതി ഇവിടെ ആവശ്യമാണ്. Initial Cost കൂടുമെങ്കിലും Long Run ൽ അത് പ്രയോജനകരമാണ്.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും ക്ഷീരവികസനവും

## മൃഗസംരക്ഷണം

കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട് എന്നിയാണ്. അവിടവിടെയായി ഉഴവുകാളകളും പോത്തുകളും എരുമകളും ഉണ്ട്. ഭാരം വലിക്കുന്നതിനുപയോഗിച്ചിരുന്ന കാളകളേയും ചക്കുകാളകളെയും ഇന്നു കാണാനില്ല. മിക്കവാറും എല്ലാ വീടുകളിലും കോഴിയെ വളർത്തുന്നുണ്ട് താറാവിനെയും കൂട്ടമായി വളർത്തുന്നുണ്ട്. ഐ. ആർ. ഡി. പി. അനുസരിച്ച് പശുക്കളെ വാങ്ങിച്ചു വളർത്തുന്നുണ്ട്. ഈ പഞ്ചായത്തിൽ ആകെ 1645 പശുക്കളും 919 ആടുകളും 128 ഉഴവുകാളകളും 3 എരുമകളും ഉണ്ട്. വാട്ടർ ഷെഡ് പദ്ധതി അനുസരിച്ച് ഈ പ്രദേശത്ത് 150 ആടുകളേയും 2500 കോഴികളെയും സൗജന്യമായി നൽകിയിട്ടുണ്ട്. മുയൽ വളർത്തലും പന്നിവളർത്തലും നാമമാത്രമായിട്ടുണ്ട്.

നെൽകൃഷികുറഞ്ഞുവന്നതും കാർഷികരംഗത്തും വ്യവസായ രംഗത്തും യന്ത്രവൽക്കരണം വന്നതുകാരണം, മൃഗങ്ങളുടെ എണ്ണം കുറഞ്ഞിരിക്കുന്നു. ശരിയായ പ്രതിരോധ നടപടികൾ തക്കസമയത്ത് ലഭിക്കാതെ കോഴിവസന്ത പടർന്നു പിടിച്ച് കോഴിയുടെ വർഗ്ഗം കുറയുന്നു. വ്യാവസായികാടിസ്ഥാനത്തിൽ കോഴികളെ വളർത്തുന്ന കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. D. W. C. R. A. പദ്ധതിയനുസരിച്ച് പ്രവർത്തിക്കുന്ന കോഴിവളർത്തൽ കേന്ദ്രങ്ങളുംഉണ്ട്. ആധുനിക യാത്രാസൗകര്യങ്ങളും വാഹന സൗകര്യങ്ങളും വർദ്ധിച്ചതോടുകൂടി വണ്ടിക്കാളകൾ ഒട്ടും തന്നെ ഇവിടെ ഇല്ലാതായി. ട്രാക്ടർ, ട്രില്ലർ എന്നിവ പ്രവർത്തനക്ഷമമാണെങ്കിലും നിലങ്ങളിൽ കൃഷിയിറക്കുന്നതിന് ഉഴവുകാളകളുടേയും പോത്തിൻെറയും ആവശ്യമുണ്ട്.

ഇവിടെ വളരെ കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പക്ഷെ അത് വിറ്റഴിയുന്നതിനുള്ള മാർഗ്ഗമില്ല. മിൽമ്മയുടെ സഹകരണത്തോടുകൂടി ഇന്ന് ഉല്പാദിപ്പിക്കപ്പെടുന്ന പാൽ ഭാഗികമായി വിറ്റഴിയുന്നു. കാലിത്തീറ്റയുടെ വിലകൂടുതൽ, കച്ചിയും പുല്ലും ലഭിക്കുന്നതിനുള്ള വിഷമത, ചികിത്സ ലഭിക്കുന്നതിലുള്ള താമസം തുടങ്ങി അനവധി പ്രശ്നങ്ങൾ ആണ് കാലിവളർത്തലിന് ദോഷകരമായിട്ടുള്ളത്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന തെങ്ങേലിയിലെയും പടിഞ്ഞാറ്റോതറയിലെയും രണ്ടുപാൽ സൊസൈറ്റികൾ കർഷകർക്കു പ്രയോജനം ചെയ്യുന്നുണ്ട്.

*വളർത്തു മൃഗങ്ങളും പക്ഷികളും*

| ഇനം | 1996 |
|---|---|
| പശു | 1645 |
| കന്നുകുട്ടികൾ | 8 |
| എരുമ | 3 |
| കാള (ഉഴവ്) | 128 |
| ആട് | 919 |
| കോഴി | 8418 |
| താറാവ് | 186 |
| കലപ്പ | 55 |
| വട്ടിക്കാള | 40 |

പഞ്ചായത്തിൽ 1996 -ൽ ഒരു മൃഗാശുപത്രി സ്ഥാപിതമായിട്ടുണ്ട്. വർഷങ്ങൾക്കു മുൻപ് ഈ പഞ്ചായത്തിൽ രണ്ട് I.C.D.P. സെൻററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവല്ല മൃഗാശുപത്രി ഡോക്ടർമാരുടെ സേവനവും ഇവിടെ ലഭ്യമാണ്. എല്ലാവാർഡുകളിലും മൃഗസംരക്ഷണ വകുപ്പിൻെറ കാര്യമായ ശ്രദ്ധയുണ്ട്. കുളമ്പുരോഗത്തിനെതിരായി കുത്തിവെയ്പ്പ് നടന്നുകഴിഞ്ഞു. ഈ വർഷം 1000-ത്തൊളം കർഷകർക്ക് മീൻ നെയ്യ്, മിനറൽ-മിക്സ്ചർ എന്നിവ ഡിപ്പാർട്ടുമെൻറിൽ നിന്നും സൗജന്യമായി കൊടുത്തിട്ടുണ്ട്.

കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നതിന് ജേഴ്സി, സ്വിസ്സ് ബ്രൗൺ തുടങ്ങിയ പുതിയ ഇനം പശുക്കൾ ധാരാളമുണ്ട്. അകിടുവീക്കം, കുളമ്പുരോഗം, ദഹനക്കേട്, പനി തുടങ്ങിയ അസുഖങ്ങൾ സർവ്വസാധാരണമാണ്. പ്രതീരോ

അനുബന്ധം - 4

കുറ്റൂർ

4.1. വളർത്തുമൃഗങ്ങൾ

| വാർഡ് | കാളനാടൻ | | കാള സങ്കരം | | പശുനാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ യുള്ള | കറവ ഇല്ലാത്ത | കറവ യുള്ളത് | കറവ ഇല്ലാത്ത | കറവ യുള്ളത് | കറവ ഇല്ലാത്ത | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I | - | - | - | - | - | - | 28 | 71 | - | - | 4 | 91 | 19 | - |
| II | - | - | - | 4 | - | - | 83 | 173 | - | 1 | 2 | 107 | 94 | 7 |
| III | - | - | - | 18 | 3 | 3 | 78 | 169 | 1 | - | 2 | 155 | 72 | - |
| IV | - | 1 | 1 | 34 | 13 | 3 | 58 | 45 | - | 1 | - | 55 | 12 | - |
| V | - | 1 | - | - | 57 | 63 | 5 | 4 | - | - | - | 45 | 60 | - |
| VI | - | 8 | 1 | 5 | 63 | 91 | - | - | - | - | 4 | 139 | 43 | - |
| VII | - | 4 | - | 7 | 9 | 4 | 82 | 115 | - | - | - | 139 | 20 | - |
| VIII | - | 5 | - | 20 | 7 | 6 | 61 | 113 | - | - | - | 139 | 51 | - |
| IX | - | 4 | - | 8 | - | - | 63 | 45 | - | - | - | 49 | 25 | - |

ധ നടപടികളെക്കുറിച്ചും, കന്നുകാലികളെ ആരോഗ്യകരമായ സാഹചര്യങ്ങളിൽ വളർത്തുന്നതിനെക്കുറിച്ചും കർഷകർക്കുണ്ടായിരുന്ന അജ്ഞത ഇന്ന് കുറെയൊക്കെ മാറി വന്നിട്ടുണ്ട്.

ബ്ലോക്കുകളുടെ സഹായസഹകരണത്തോടുകൂടി ഗോബർ ഗ്യാസ് പ്ലാൻറുകൾ വിവിധ വാർഡുകളിൽ സ്ഥാപിതമായിട്ടുണ്ട്. എന്നാൽ ഇന്ന് കർഷകർക്ക് ഇക്കാര്യത്തിൽ താല്പര്യം കാണുന്നില്ല. കൂടുതൽ കാലം നിന്ന്പ്രയോജനപ്പെടാത്തതിലുള്ള വിഷമതയാണ് പ്രധാനം. ഇപ്പോൾ പുതിയ സംവിധാനമനുസരിച്ച് ഗോബർ ഗ്യാസ്പ്ലാൻറുകൾ സ്ഥാപിക്കുവാൻ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. പാചകത്തിനും വെളിച്ചത്തിനും ആവശ്യമുള്ള ഇന്ധനം ഗോബർ ഗ്യാസ് പ്ലാൻറിൽ നിന്നും ലഭ്യമാണ്.

കൃത്രിമ വളങ്ങളെയും രാസവളങ്ങളെയും അപേക്ഷിച്ചു ഭൂമിക്കു വളക്കൂറുണ്ടാകുന്നത് ജൈവവളമാണെന്ന് അനുഭവസ്ഥർ പറയുന്നുണ്ട്. കൃഷികൾക്കാവശ്യമായ ജൈവവളത്തിൻെറ വലിയ പങ്ക് നിറവേറ്റാൻ കാലിവളർത്തൽ കൊണ്ട് കഴിയുമായിരുന്നു. കൃത്രിമ വളങ്ങളുടെ ആവിർഭാവം മൂലം കൃഷി ലാഭകരമല്ലാതായി തീർന്നു എന്നുള്ളതും കൊണ്ട് കാലികളെ വളർത്തുന്നതിൽ കർഷകർക്ക് വിമുഖതയാണ്.

ഒരു കാലഘട്ടത്തിൽ കോഴിവളർത്തൽ എല്ലാ വീടുകളിലും ഉണ്ടായിരുന്നു. മുട്ട ഒരു സമീകൃതാഹാരമാണ്. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ഇറച്ചിക്കോഴികളെ വളർത്തി വിപണനം ചെയ്യുന്ന പല കേന്ദ്രങ്ങളും ഇവിടെയുണ്ട്. ഇവിടുത്തെ ഭൂപ്രകൃതിയുംകാലാവസ്ഥയും കോഴിവളർത്തലിന് അനുകൂലമാണ്. നദികളും ചാലുകളും താഴ്ന്ന പുഞ്ചനിലങ്ങളും ഉൾക്കൊള്ളുന്ന ഈ പ്രദേശത്ത് താറാവു വളർത്തൽ നടത്തുന്നതിന് കൂടുതൽ സൗകര്യങ്ങളുണ്ട്. ചുരുക്കം ചില വീടുകളിൽ പലയിനം പക്ഷികളെ വളർത്തിവരുന്നുണ്ട്. മുയലിനെ വളർത്തുന്നതും, ആദായകരമാണ്.

## പ്രശ്നങ്ങൾ

1. കാലിത്തീറ്റകളുടെ വിലക്കൂടുതൽ, സബ്സിഡി നിരക്കിൽ ലഭിക്കുന്നില്ല.
2. മൃഗചികിത്സക്കുള്ള അസൗകര്യങ്ങൾ
4. കോഴി, താറാവ്, എന്നിവക്കുണ്ടാകുന്ന രോഗങ്ങൾക്കുള്ള പ്രതിരോധ മരുന്നുകളുടെ ദൗർലഭ്യം
5. ക്ഷീരവിപണന സൗകര്യങ്ങളുടെ കുറവ്.
6. തെരുവു നായ്ക്കളുടെ ശല്യം
7. കാലികളെ സംരക്ഷിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ 3, 4, 5, 9 വാർഡുകളിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
2. പാൽ സംഭരിച്ച് വിപണനം ഏർപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.
3. കൂടുതൽ വരുന്ന പാൽ മറ്റുല്പന്നങ്ങളാക്കി മാറ്റിയെടുക്കുന്നതിനുള്ള കേന്ദ്രം ഉണ്ടാക്കണം.
4. കാലിതീറ്റ സബ് സിഡിനിരക്കിൽ കർഷകർക്കു ലഭിക്കണം.
5. ക്ഷീരവികസന വകുപ്പിന്റേയും മറ്റു സഹായത്തോടുകൂടി തീറ്റപ്പുൽ കൃഷി വ്യാപകമാക്കണം.
6. കന്നുകാലികളുടെ ചികിത്സ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിൽ കർഷകർ ശ്രദ്ധിക്കണം.
7. കന്നുകാലികളെ ആരോഗ്യപരമായ സാഹചര്യങ്ങളിൽ വളർത്തുന്നതിന് ഡയറി ഡവലപ്മെന്റ് ഡിപ്പാർട്ടുമെററിന്റെ സഹകരണത്തോടുകൂടി തൊഴുത്തുകൾ നിർമ്മിക്കുക.
8. സങ്കരയിനം പശുക്കളെ സൗജന്യ നിരക്കിൽ എല്ലാ വാർഡുകളിലും കൊടുക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുക.
9. കറവപ്പശുക്കൾക്ക് ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തുക.

# മത്സ്യ ബന്ധനം

കുറ്റൂർ പഞ്ചായത്തിന്റെ മിക്കവാറും ഭാഗങ്ങളിലെല്ലാം തന്നെ കുളങ്ങളും, ചാലുകളും, പാറമടകളും ഉണ്ട്. ഇവിടെ മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ ആരുതന്നെ ഇല്ലാ എന്നു പറയാം. എന്നാൽ മത്സ്യവിപണ നത്തിന് വളരെയേറെ സാദ്ധ്യതകൾ ഇവിടെയുണ്ട്. മണിമലയാറും വരട്ടാറും, പുലിയത്തോടും, കടവും പാറത്തോടും, കോതവിരുത്തി, ഞെക്കണ്ണ് പുഞ്ചപ്പാടങ്ങളും എല്ലാം തന്നെ മത്സ്യം വളർത്തലിന് സഹായകമായിട്ടുള്ളവയാ ണ്. ഇപ്പോൾ 5-ാം വാർഡിൽ സ്വകാര്യ മേഖലയിലുള്ള ഒരു ഫിഷ് ഫാം ഉണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള ചാലുകൾ വർഷംതോറും മത്സ്യബന്ധനത്തിന് ലേലം ചെയ്തു കൊടുത്തുവരുന്നു. മത്സ്യകൃഷി പ്രോത്സാഹി പ്പിക്കേണ്ട ഒന്നാണ്. അതിനുള്ള സൗകര്യങ്ങളും വളരെയേറെ ഇവിടെയുണ്ട്.

# വിദ്യാഭ്യാസം

വിദ്യാഭ്യാസം രംഗത്ത് വളരെയേറെ പുരോഗതി നേടുവാൻ ഈ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഉള്ള കുറ്റൂർ ഗവൺമെൻറു സ്കൂൾ 1895 ൽ സ്ഥാപിതമായതാണ്. കിഴുവന കുടുംബക്കാർ നൽകിയ സ്ഥലത്താണ് ഈ സ്കൂൾ സ്ഥാപിച്ചത്. അന്ന് മലയാളം മിഡിൽ സ്കൂളായിട്ടാണ് ആരംഭിച്ചത്. പിന്നീട് മലയാളം സ്കൂളുകൾ നിർത്തിയപ്പോൾ ഇംഗ്ലീഷ് മിഡിൽ സ്കൂളായും പിന്നീട് 1984-ൽ ഹൈസ്കൂളായും ഉയർത്തി. ഈ സ്കൂളിനോടനുബന്ധിച്ച് ഓപ്പറേഷൻ ഒളിമ്പിയയുടെ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു. ദേശിയ സംസ്ഥാന തലങ്ങളിൽ കായികതാരങ്ങളെ വളർത്തിയെടുക്കുവാൻ ഇതുമുഖാന്തിരം കഴിയുന്നുണ്ട്. ഇതു കൂടാതെ പഞ്ചായത്തിലുള്ള മറ്റൊരു ഹൈസ്കൂൾ ഓതറ എ.എം.എം. ഹൈസ്കൂളാണ്. മർത്തോമ്മാ സഭയുടെ മാനേജുമെൻറിലുള്ള ഈ സ്കൂൾ സ്ഥാപിച്ചത് മാർ യുഹാനോൻ വലിയ മെത്രാ പോലിത്തായുടെ ശ്രമഫലമായാണ് ജില്ലയിലെ ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യസ സ്ഥാപനങ്ങളിൽ ഒന്നാണ് ഈ സ്കൂൾ. ഈ സ്ഥാപനത്തിലെ 5 കുട്ടികൾക്ക് ഗൈഡിനുള്ള ഇഡ്യൻ പ്രസിഡൻറിൻെറ അവാർഡ് 1996 -ൽ കിട്ടിയിട്ടുള്ളത് സ്മരിണീയമാണ്. എസ്. എസ്. എൽ.സി. പരീക്ഷക്ക് തിരുവല്ലാ വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും കൂടുതൽ വിജയ ശതമാനം ഉള്ള സ്കൂളുകളിൽ ഒന്നാണിത്.

ഈ പഞ്ചായത്തിൽ രണ്ടു മിഡിൽ സ്കൂളുകളാണുള്ളത്. ഓതറയുള്ള യു. പി. എസ്, പടിഞ്ഞാറേപ്പുരക്കൽ പരേതനായ ശ്രീ. കൊച്ചുപാപ്പി അവർകൾ സ്ഥാപിച്ചതാണ്. ഈ സ്കൂളും എല്ലാരംഗത്തും ഉന്നതനിലവാരം പുലർത്തുന്നുണ്ട്. തൈമറവുങ്കര വടക്കേതാഴ്ചയിൽ ശ്രീ. രവിപ്പണിക്കരുടെ ശ്രമഫലമായി ശ്രീ. പട്ടംതാണുപിള്ളയുടെ നമാധേയത്തിലുള്ള പി. റ്റി.പി.എം. യു. പി. എസ്. ആണ് മറ്റൊരു സ്കൂൾ.

ഈ ഗ്രാമപഞ്ചായത്തിൽ എട്ട് പ്രൈമറി സ്കൂളുകളുണ്ട്. ഇവയിൽ മൂന്നെണ്ണം ഗവൺമെൻറുടമയിലും ബാക്കിയുള്ളവ മാനേജ്മെൻറ് സ്കൂളുകളുമാണ്. ഇതിൽ വെൺപാല (10-ാം വാർഡ്) ഉള്ള കദളിമംഗലം എൽ.പി. എസ്സ്. കദളിമംഗലം ദേവസ്വം മാനേജുമെൻറ് വകയാണ്.

പട്ടികജാതി വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം നിക്ഷേധിച്ചിരുന്ന കാലത്ത് രക്ഷാസൈന്യക്കാർ വെൺപാലയിൽ സ്ഥാപിച്ച എസ്. എ. എൽ.പി.എസ്. ഉം പടിഞ്ഞാ

## വിദ്യാലയങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

| നമ്പർ | | മാനേജ് മെൻറ് | ഗവൺമെൻറ | കുട്ടികൾ ആൺ | കുട്ടികൾ പെൺ | ആകെ | അദ്ധ്യാപകർ ആൺ | അദ്ധ്യാപകർ പെൺ | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | സി. എം. എസ്. എൽ. പി.എസ്.ഓതറ | Aided | | | | | | | |
| 2 | ഇ. എ. എൽ.പി. എസ്. ഓതറ | Aided | | | | | | | |
| 3 | എ. എം. എം. ഹൈസ്കൂൾ ഓതറ | Aided | | 304 | 261 | 565 | 14 | 10 | 24 |
| 4 | ഗവ: എൽ. പി. എസ്സ്. ഓതറ | | Gevt. | 36 | 23 | 58 | 4 | 4 | 8 |
| 5 | U. P. S. Othara | Aided- | | 168 | 93 | 261 | 2 | 7 | 9 |
| 6 | P.T.P.M.U.P.S Thaymaravukara | " | - | 35 | 25 | 60 | - | 5 | 5 |
| 7 | St. Mar's L.P.S., Kuttoor | " | - | 100 | 59 | 159 | 1 | 5 | 6 |
| 8 | Govt. L.P.S Pattisserybhagom Kuttoor | | Govt | 81 | 67 | 148 | | | |
| 9 | Govt. H. S. Kuttoor | " | " | 157 | 78 | 235 | 4 | 20 | 24 |
| 10 | Govt. L.P.S. Thengely | " | " | 27 | 17 | 44 | - | 4 | 4 |
| 11 | പഞ്ചായത്ത് ശിശുവിഹാർ | " | " | 2 | 2 | | | | |
| 12 | S.A.L.P.S. Thengely | Aided | | 29 | 28 | 57 | 1 | 3 | 4 |
| 13 | Kadali Mangalom L.P.S., Vennppala | Aidede | | 46 | 44 | 90 | 4 | 4 | 8 |

റ്റോതറ കൈച്ചിറയിൽ സി.എം.സ് കാർസ്ഥാപിച്ച സി. എം. എസ്. എൽ. പി. എസ്. ഉം വിദ്യാഭ്യാസ മേഖലയിൽ ഈ വിഭാഗങ്ങൾക്ക് അവസരം ഉണ്ടാക്കിക്കൊടുത്തു എന്നുള്ളത് എടുത്തുപറയേണ്ടകാര്യമാണ്.

ഗ്രാമപഞ്ചായത്തിൻെറ നേതൃത്വത്തിൽ ৪-ാം വർഡായ തലയാറ്റിൽ ഒരു ശിശുവിഹാർ പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിൽ ഒരു ജനവിദ്യാ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. നിലത്തെഴുത്താശാൻമാർ നടത്തുന്ന കുടിപ്പള്ളിക്കൂടങ്ങൾ പത്തെണ്ണമുണ്ട്.

ഉപരിപഠനത്തിന് നാനാദേശങ്ങളിലും പോയി വിദ്യ അഭ്യസിച്ച് വന്നിട്ടുള്ള ധാരാളം ആളുകൾ ഉള്ള ഒരു ഗ്രാമപഞ്ചായത്താണിത്.

മിക്കവാറും എല്ലാ സ്കൂളിലും ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം ഏറെക്കുറെ തുല്യമാണ്. സാമൂഹ്യ സാമ്പത്തിക കാരണങ്ങളാൽ വിദ്യാഭ്യാസം തുടർന്നു നടത്താൻ നിർവ്വാഹമില്ലാത്ത കുട്ടികൾ എന്നുമുണ്ട്. നിർബന്ധിത സൗജന്യ വിദ്യാഭ്യാസം കർശനമാക്കി കൂടുതൽ കുട്ടികളെ വിദ്യാസമ്പന്നാരാക്കുന്നതിൽ ഗവൺമെൻറും പൊതുജനങ്ങളും താല്പര്യം കാണിക്കണം. 1-ാംസ്റ്റാൻേറർഡ് മുതൽ 10-ാം സ്റ്റാൻേറർഡുവരെയുള്ള ക്ലാസ്സുകളിൽ നിന്ന് പഠനം നിർത്തി കൊഴിഞ്ഞു പോകുന്ന കുട്ടികളുടെ എണ്ണം താരതമ്യേന കുറവാണ്.

- *പട്ടിക 1-ഡി യിൽ കൊടുത്തിരിക്കുന്നു.*

പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ

| SC ST | | | മറ്റുള്ളവർ | | | |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആകെ |
| 18 | 7 | 18 | 13 | 11 | 24 | 42 |
| 14 | 16 | 30 | 20 | 15 | 35 | 45 |

ആകെയുള്ള സ്കൂളുകളിൽ 4 എണ്ണം ഗവൺമേൻറ് സ്കൂളാണ് അവിടെയാണ് കൂടുതൽ കുട്ടികളും തുടർന്നു പഠിക്കാതെ കൊഴിഞ്ഞുപോകുന്നതു കാണുന്നത്. കൂടുതൽ കുട്ടികളും സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ അദ്ധ്യയനം നടത്തുന്നതിന് താല്പര്യം കാണിക്കുന്നു.

ഗവൺമെൻറ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ | ഗവ: അദ്ധ്യാപകർ | ശതമാനം | ആകെ കുട്ടികൾ | ഗവ: കുട്ടികൾ | ശതമാനം |
|---|---|---|---|---|---|
| 106 | 36 | 34 | 1825 | 485 | 29 |

ഗവൺമെൻറു മേഖലയിലുള്ള സ്കൂളുകളെ അപേക്ഷിച്ച് കൂടുതൽ കുട്ടികളും സ്വകാര്യമേഖലാ സ്കൂളുകളിൽ പോകുന്നതിന് പലകാരണങ്ങളുണ്ട്. പഠന നിലവാരത്തിലുള്ള വിത്യാസം പാഠ്യേതര വിഷയങ്ങൾക്കു ലഭിക്കുന്ന സൗകര്യങ്ങളുടെ കൂടുതൽ സ്കൂളിൽ എത്തിച്ചേരുന്നതിനുള്ള യാത്രാ സൗകര്യം, കുട്ടികളുടെ സുരക്ഷിതത്വം തുടങ്ങിയവയാണ്. കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയുടെ വിജയശതമാനം പരിശോധിച്ചാൽ കുട്ടികളിൽ കാണുന്ന അഭിവൃദ്ധിമനസ്സിലാക്കാം

*എസ്.എസ്. എൽ. സി. വിജയ ശതമാനം*

| 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 79 | 84 | 75 | 80 | 81 |

ഉപരിവിദ്യാഭ്യാസത്തിനുവേണ്ടി കൂടുതൽ കുട്ടികളും സമീപപ്രദേശങ്ങളിലുള്ള കോളജുകളെ ആശ്രയിക്കുന്നു. അവിടെയെല്ലാം തന്നെ ബിരുദമോ, ബിരുദാനന്തര ബിരുദമോ നേടുന്നതിനുള്ള സൗകര്യമുണ്ട്. കൂടാതെ എൻ ഞ്ചിനീയറിംഗ്, കമ്പൂട്ടർ, നേഴ്സിംഗ്, ടൈപ്പ് റൈറ്റിംഗ്, തുടങ്ങിയ വിവിധ കോഴ്സുകൾക്കും സൗകര്യമുണ്ട്.

ഇവിടെയുള്ള സ്കൂളുകളിൽ ഭൂരിഭാഗവും അദ്ധ്യാപകർ ഇവിടെയുള്ളവർ തന്നെയാണ്. വിവിധ കോളജുകളിൽ ലക്ചറർമാരായി ജോലിചെയ്യുന്നവർ ഇവിടെ ധാരാളമുണ്ട്. കൂടുതൽ പെൺകുട്ടികൾക്കും നേഴ്സിംഗിന് പോകുന്നതാണ് കൂടുതൽ താല്പര്യം. തൊഴിലില്ലായ്മ നിലനിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് അധികം കുട്ടികളും ഗൾഫു നാടുകളിലോ മറ്റെവിടെയങ്കിലുമെത്തി സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ കിണഞ്ഞുശ്രമിക്കുന്നു.

വിവിധ സ്കൂളുകളിൽ നിന്ന് സ്കോളർഷിപ്പു പരീക്ഷ എഴുതി ജയിക്കുന്ന സമർത്ഥരായ കുട്ടികൾ ധാരാളമുണ്ട്. നവോദയ വിദ്യാലയത്തിൽ പ്രവേശനം ലഭിച്ചിട്ടുള്ളവരും ഉണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിവിധയിനം സാമ്പത്തിക സഹായം ലഭ്യമാണ്. കൂടാതെ സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ള എൻഡോവുമെൻറുകൾ എല്ലാവർഷവും പഞ്ചായത്തിൽ നിന്നും എസ്.എസ്. എൽ.സി. ക്ക് കൂടതൽ മാർക്കു വാങ്ങിക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡും നൽകുന്നുണ്ട്

പൊതുവെ വിദ്യാഭ്യാസ നിലവാരം താണുപോകുന്നു എന്നു പറയുന്നു. അതിന് അദ്ധ്യാപകരും രക്ഷകർത്താക്കളും ഗവൺമെൻറും എന്തു ചെയ്യണമെന്ന് ആലോചിക്കണം. രാഷ്ട്രീയ പ്രേരിതമായുണ്ടാകുന്ന സമരങ്ങൾ ഭാഗികമായി അദ്ധ്യയനത്തെ ബാധിക്കുന്നു. ഈ പഞ്ചായത്തിൽ അങ്ങനെയുള്ള സമരരീതികൾ കാണുന്നില്ല. ടി. വി., റേഡിയോ ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയിലാണ് വിദ്യാർത്ഥികൾക്കു കൂടുതൽ താല്പര്യം

പട്ടിക -3

*അംഗൻവാടികൾ 1 മുതൽ 9 വരെ വാർഡുകളിലെ*

| വാർഡ് | | |
|---|---|---|
| 1 | (1) C-51 പടിഞ്ഞാറ്റോതറ | (2) C-54 - പടിഞ്ഞാറ്റോതറ |
| 2 | (1) C-46 പടിഞ്ഞാറ്റോതറ | (2) C-50- പടിഞ്ഞാറ്റോതറ |
| 3 | (1) C-52 പടിഞ്ഞാറ്റോതറ | (2) C-57 - തൈമറവുങ്കര |
| 4 | C-47 - തോമ്പിത്തറ | (2) C-61 കുറ്റൂർ |
| 5 | (1) C-45 പൊട്ടൻമല | (2) V- 49 കുറ്റൂർ |
| 6 | (1) C-53 കുറ്റൂർ | (2) കുറ്റൂർ |
| 7 | (1)C-55 തലയാർ | |
| 8 | (1) C-48 കുറ്റൂർ | (2) C-59 തെങ്ങേലി |
| 9 | (1) c-56 വെൺപാല | (2) C- 60 വെൺപാല |

ട്യൂഷനും പോകുക എന്നുള്ളത് ഇന്നൊരു രീതിയാണ്. വിജ്ഞാനപ്രദങ്ങളായുള്ള ശാസ്ത്രമാസികകൾ വാങ്ങി വായിക്കുന്നവരും കുറെ ഉണ്ട്. പഞ്ചായത്തിലെ ഒൻപതു വാർഡുകളിലെയും ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ ഫലമായി ലഭിച്ചിരിക്കുന്ന നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ചില വസ്തുതകൾ വിശദീകരിക്കുന്നു.

1. വിദ്യാഭ്യാസ നിലവാര തകർച്ചയുടെ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.
2. ഗവ: സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.
3. അംഗൻ വാടികൾക്കും, ജനവിദ്യാ കേന്ദ്രത്തിനും സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകണം.
4. ആശാൻമാർക്ക് നൽകുന്ന ഗ്രാൻറ് കാലോചിതമായി പരിഷ്കരിക്കണം.
5. ചുറ്റുമതിലുകൾ ശരിയാക്കുക
6. ഗവ. സ്കൂളുകൾ ശരിയാക്കുക.
7. സ്കൂളുകളിലെ കക്കൂസുകൾ, മൂത്രപ്പുരകൾ എന്നിവയുടെ എണ്ണം വർദ്ധിപ്പിക്കുക.
8. പരീക്ഷണശാലയുടെ പോരായ്മകൾ പരിഹരിക്കുക.
9. ശുദ്ധജല വിതരണത്തിന് കിണറുകൾ, പൈപ്പ് ലൈനുകൾ എന്നിവ നിർമ്മിക്കുക.
10. സ്കൂൾ ലൈബ്രറിയുടെ പ്രവർത്തനം നിർബന്ധമായും കാര്യക്ഷമമാക്കണം
11. വർഷാരംഭത്തിൽത്തന്നെ ഗവ: സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കണം.
12. പാഠപുസ്തകങ്ങൾ കൃത്യമായി ലഭിക്കണം.
13. സ്പോർട്ട്സ് ക്ലബുകൾ ഉണ്ടാകണം.
14. കൃഷി സമ്പ്രദായങ്ങൾ കുട്ടികളെ പഠിപ്പിക്കണം.

എല്ലാ സ്കൂളുകളിലും അദ്ധ്യാപകരക്ഷകർതൃ സമിതികൾ പ്രവർത്തനക്ഷമമാണ്. ഇതോടൊപ്പം മാതൃസംഗമം നടന്നുവരുന്നുണ്ട്. ഇവരുടെയും സേവനം വിദ്യാഭ്യാസ രംഗത്ത് കൂടുതലായി ഉണ്ടാകണം.

# വിവിധ സ്കൂളിലെ പ്രശ്നങ്ങൾ

### 1. E. A.L.P.S., Othara :

ശുദ്ധജലവിതരണം മെച്ചപ്പെടുത്തണം ദൃശ്യമാദ്ധ്യമങ്ങളുടെ യോഗം ഉണ്ടാകണം. ഉച്ചക്കഞ്ഞി വിതരണത്തിൽ പി. റ്റി. എ.യും പഞ്ചായത്ത് കമ്മറ്റിയും കൂടുതൽ സഹകരിക്കണം.

### 2. C.M.S.L.P.S. Othara:

പഴക്കം ചെന്ന സ്കൂൾ കെട്ടിടം പുതുക്കിപ്പണിയുന്നതിന് മാനേജ്മെൻറിന് താല്പര്യമുണ്ടാകണം. അദ്ധ്യാപക നിയമനത്തിലും, ഉച്ചക്കഞ്ഞിവിതരണത്തിലും അദ്ധ്യയനത്തിലും കൂടതൽ ശ്രദ്ധിക്കുക.

### 3. U.P.S. Othara:

ഇതൊരു സ്വകാര്യ സ്കൂളാണ് ചുറ്റുമതിലുകൾ കെട്ടുക. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള സൗകര്യം മെച്ചപ്പെടുത്തുക, സ്കൂൾ ഗ്രൗണ്ട് ഉപയോഗയോഗ്യമാക്കുക.

### 4. P.T.P.M.U.P.S., Thymaravukara:

ഭൗതിക സാഹചര്യങ്ങൾ പര്യാപ്തമാണ്. അദ്ധ്യാപകർ ആവശ്യത്തിനുണ്ട്. പഠനനിലവാരം മെച്ചപ്പെടണം

ക്ലാസിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.

**5. St. mary's L.P.S. Kuttoor :**

കുറ്റൂർ ഓതറ റോഡിന്റെ സമീപത്താണ് ഈ സ്കൂൾ. നിർബന്ധമായും ചുറ്റുമതിൽ ഉണ്ടാകണം. വാഹന ഗതാഗതം കൂടുതലുള്ള റോഡിന്റെ അരികിലായതുകൊണ്ട് അപകട സൂചന നൽകുന്ന ബോർഡുകൾ സ്ഥാപിക്കണം. ശുദ്ധജല ലഭ്യതക്കു പരിഹാരം ഉണ്ടാകണം.

**6. Govt. L.P.S Othra:**(കോടത്തു സ്കൂൾ)

ഗവൺമെന്റ് സ്കൂൾ ആണ്. കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. ശുദ്ധജല ലഭ്യത കാര്യക്ഷമമാക്കണം. പൊതുവായ നിലവാരം മെച്ചപ്പെടുത്തണം.

**7. Govt. L.P.S. Kuttoor:**

V-ാം വാർഡിൽ കുന്നിൻപുറത്ത് മണിമലയാറിന്റെ തീരത്ത് സ്കൂൾ സ്ഥിതിചെയ്യുന്നു. സ്കൂളിന്റെ പടിഞ്ഞാറും വടക്കും തെക്കും വശങ്ങളിൽ ചുറ്റുമതിൽ കെട്ടണം.

**8. Govt. H.S. Kuttoor:**

സ്കൂൾ ഗ്രൗണ്ട് ശരിയാക്കണം. 120 അടി നീളത്തിൽ ഒരു സ്കൂൾ കെട്ടിടം കൂടി ഉണ്ടാകണം. ഒരു സെക്കൻററി സ്കൂൾ ആക്കുന്നതിനുള്ള ശ്രമം ഉണ്ടാകണം. വെള്ളപ്പൊക്ക കാലത്ത് ഈ സ്കൂൾ കെട്ടിടങ്ങളിൽ ആൾക്കാരെ മാറ്റി പാർപ്പിക്കുന്ന രീതിയുണ്ട്. അതിന് ഒരു ഗ്രുവൽ സെൻറർ സ്ഥാപിക്കണം. ഈ സ്കൂളിനോടു ബന്ധപ്പെട്ടു തന്നെ ടെക്നിക്കൽ സ്കൂൾ ആരംഭിക്കണം. ബി. എഡ്. കേന്ദ്രം ഉണ്ടാകണം.

**9. Govt. L.P.S. Thengaly:**

ചുറ്റുമതിൽ കെട്ടി സ്കൂൾ പരിസരം ശരിയാകണം. ശുദ്ധജലവിതരണത്തിലും, ഉച്ചക്കഞ്ഞി വിതരണത്തിലും പി. റ്റി.എ.യുടെയും പഞ്ചായത്തിന്റെയും കൂടുതൽ സഹകരണം ഉണ്ടാകണം.

**10. കദളിമംഗലം L.P.S. വെൺപാല:**

ഇത് 1995 -ൽ സ്ഥാപിച്ച ഒരു യു.പി.എസ്. ആണ്. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളുണ്ട്.

**11S.A.L.P.S. Thengaly:**

8 -ാം വാർഡിൽ സ്ഥിതിചെയ്യുന്ന മാനേജ്മെന്റ് സ്കൂളാണ്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.

**12. A.M.M.H.S. Othara:**

ഇത് സ്വകാര്യ സ്കൂളാണ്. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ എല്ലാം തന്നെയുണ്ട്. സ്കൂളിന്റെ ചുറ്റു മതിലും ഗ്രൗണ്ടും ശരിയാക്കണം.

***11.2. ട്രെയ്സം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം.***

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| | 1 | 2 | 3 | 4 5 | 6 |
| V to IX | Electronics<br>Garments Making<br>Auto Mobile Engineering<br>Tractor Mechanism<br>Book Binding<br>Composing<br>Baking | 35 | 25 | 10 | |

1.8. അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ
Ref. AVF. G.

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണീച്ചർ | |
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ. |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| H.S. (1) | 3 | 9 | 12 | 157 | 78 | 235 | | | | ബഞ്ച് -20, ഡസ്ക്-20, കസേര-5, ടേബിൾ-5, ബ്ലാക് ബോർഡ് -8, സ്ക്രീൻ - 6 |
| U.P.S. (2) | 3 | 18 | 21 | 249 | 160 | 409 | | | | |
| L. P. S. (6) | 1 | 21 | 22 | 279 | 227 | 506 | അറ്റകുറ്റപ്പണി ചെയ്യണം | | | അലമാര-5, ബഞ്ച് - 7, മേശ-2 ബ്ലാക് ബോർഡ്-2 സ്ക്രീൻ-4 |
| Pre-Primary (2) ശിശിവിഹാർ | - | 3 | 3 | 9 | 11 | 20 | | | | |
| ആകെ | 7 | 51 | 58 | 694 | 476 | 1170 | | | | |

## 1.4. വിദ്യാഭ്യാസം സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ Ref. AVG.

| വാർഡ് | സ്കൂളുകളുടെ എണ്ണം H.S.S./ H.S. | | | | | U.P.S. | | | | | L.P.S. | | | | | നേഴ്സറി | | | | സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രാക്കറ്റിൽ) | | | കോളജുകൾ | | | പാരലൽ കോളേജ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചായത്ത് വക | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്കൂൾ ക്ലാസ്സുകൾ നടത്തുന്നവ | കോളേജ് ക്ലാസ്സുകൾ നടത്തുന്നവ | സ്കൂൾ, കോളേജ് ക്ലാസ്സുകൾ നടത്തുന്നവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| I | | 1 | | | 1 | 1 | | | | 1 | | 1 | | | 1 | | | | | | | | | | | | | |
| II | | | | | | | | | | | 1 | 1 | | | 2 | | | 1 | 1 | | | | | | | | | |
| III | | | | | | | 1 | | | 1 | | | | | | | | | | | | | | | | | | |
| IV | | | | | | | | | | | | 1 | | | 1 | | | | | | | | | | | | | |
| V | | | | | | | | | | | 1 | | | | 1 | | | | | | | | | | | | | |
| VI | 1 | | | | 1 | | | | | | 1 | | | | 1 | | | 1 | 1 | | | | | | | | | |
| VII | | | | | | | | | | | | | | | | | 1 | | 1 | | | | | | | | | |
| VIII | | | | | | | | | | | | 1 | | | 1 | | | | | | | | | | | | | |
| IX | | | | | | | | | | | | 1 | | | 1 | | | | | | | | | | | | | |
| ആകെ | 1 | 1 | | | 2 | 11 | 1 | | | 2 | 3 | 5 | | | 8 | | 1 | 2 | 3 | | | | | | | | | |

## കുറ്റൂർ ഗ്രാമ പഞ്ചായത്ത് - 9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര്: ഗവ: ഹൈസ്കൂൾ, കുറ്റൂർ

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | SC/STകുട്ടികൾ | | | തോറ്റു പഠിക്കുന്ന കുട്ടികൾ | | | | | | പഠനം നിർത്തിയവർ● | | | | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/STകുട്ടികൾ | | | മറ്റുള്ളവർ | | | SC/STകുട്ടികൾ | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 12 | 11 | 23 | 0 | 2 | 2 | - | - | - | - | - | - | - | - | - | - | - | - | - |
| II | 9 | 10 | 19 | 2 | 1 | 3 | - | - | - | - | - | - | - | - | - | - | - | - | - |
| III | 12 | 12 | 24 | 2 | 1 | 3 | 0 | 0 | 0 | 1 | 0 | 1 | 0 | 0 | 0 | 1 | 0 | 1 | |
| IV | 9 | 23 | 32 | 1 | 5 | 6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | |
| V | 11 | 18 | 29 | 3 | 2 | 5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 | |
| VI | 30 | 24 | 54 | 8 | 5 | 13 | 2 | 1 | 2 | 4 | 1 | 5 | 0 | 0 | 0 | 0 | 0 | 0 | |
| VII | 40 | 25 | 65 | 16 | 6 | 22 | 4 | 1 | 5 | 7 | 5 | 12 | 1 | 0 | 1 | 1 | 0 | 1 | |
| VIII | 37 | 22 | 59 | 11 | 3 | 14 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | |
| IX | 72 | 34 | 106 | 22 | 14 | 36 | 7 | 3 | 10 | 15 | 3 | 18 | 4 | 0 | 4 | 4 | 2 | 6 | |
| X | 48 | 22 | 70 | 12 | 9 | 21 | 0 | 1 | 1 | 9 | 1 | 1 | 0 | 1 | 1 | 0 | 1 | 1 | |
| ആകെ | | **280** | **201** | **481** | **77** | **48** | **125** | | | | | | | | | | | | |

● പഠനം നിർത്തിയവരെ സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തെ വിവരം ശേഖരിക്കുന്നത് നല്ലതാണ്

● ഓരോ സ്കൂളിനും ഇത്തരത്തിലുള്ള ഒരു ഫോറം ഉപയോഗിക്കണം. പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ഇതേ ഫോറം തന്നെ ഉപയോഗിക്കാം.

## കുറ്റൂർ ഗ്രാമ പഞ്ചായത്ത് - 9.2 സ്കൂളിൻെറ പൊതുവിവരം

| സ്കൂളിൻെറ പേര്: | ഹൈസ്കൂൾ യു.പി. എൽ.പി. പ്രീ. പ്രൈമറി | സ്കൂളിൻെറ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ ക്യാമ്പസിൻെറ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം | മറ്റ്കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപണികൾ ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| ഗവ: ഹൈസ്കൂൾ, കുറ്റൂർ | H.S. | ✔ | – | – | – | 280 | 201 | 481 | 25 | 25 | Nil | Nil | 3 acres | 1 acre | – | ചുറ്റുമതിൽ, മുഴുവൻ കെട്ടിയിട്ടില്ല |

## കുറ്റൂർ ഗ്രാമ പഞ്ചായത്ത് - 9.5 അക്കാദമിക് നിലവാരം

സ്കൂളിൻെറ പേര്: ഗവ: ഹൈസ്കൂൾ, കുറ്റൂർ

| ക്ലാസ് | ആകെ | കുട്ടികളുടെ എണ്ണം | | | | | അദ്ധ്യാപകരുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30%താഴെ കുട്ടികൾ | 30-40 ശതമാനം മാർക്ക് നേടുന്നവർ | 40-50 ശതമാനം നേടുന്നവർ | 50-60 ശതമാനം നേടുന്നവർ | 60%ത്തിൽ കൂടുതൽ നേടുന്നവർ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 3 | 20 | - | 3 | 2 | - | 15 | 46 | 37 | 25 | 24 | 24 |
| 4 | 26 | ó | 4 | 3 | 5 | 14 | | | | | |
| 5 | 43 | ó | 2 | 4 | 13 | 24 | | | | | |
| 6 | 58 | 5 | 40 | 8 | 2 | 3 | | | | | |
| 7 | 62 | 20 | 20 | 12 | 1 | 9 | | | | | |
| 8 | 70 | 1 | 58 | 6 | 3 | 2 | | | | | |
| 9 | 86 | 15 | 55 | 9 | 6 | 1 | | | | | |
| 10 | 70 | | | | | | | | | | |
| S.S.L.C. പരീക്ഷ എഴുതിയവർ | **70** | **48** | **8** | **6** | **2** | **6** | | | | | |

- ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിൻെറ അടിസ്ഥാനത്തിൽ വേണം എഴുതുവാൻ.
- ഓരോ സ്കൂളിനും പ്രത്യേക ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിനു ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.

## കുറ്റൂർ ഗ്രാമ പഞ്ചായത്ത് - 9.6കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

| സ്കൂളിന്റെ പേര് | ഇന വിവരം | ജില്ലാതലത്തിൽ | | | സംസ്ഥാന തലത്തിൽ | | | ജില്ലാതലത്തിൽ | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| ഗവ. ഹൈസ്കൂൾ, കുറ്റൂർ | | | | | | | | | | |

# കുറ്റൂർ ഗ്രാമ പഞ്ചായത്ത് - 9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ഇന വിവരം | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർ ഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലീം പെൺ കുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്ക്കോളർ ഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസനുകൂല്യം | ബീഡിതൊഴിലാളി | [illegible] | ആകെ കുട്ടികൾ |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | ഗവ. ഹൈസ്കൂൾ, കുറ്റൂർ | 8 | 143 | Nil | 3 | Nil | Nil | Nil | |

കുറ്റൂര ഗ്രാമപഞ്ചായത്ത് - 9.8 ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

| | | |
|---|---|---|
| സ്കൂളിൻെറ പേര് | 1. | Govt. H.S. Kuttoor |
| കെട്ടിടത്തിൻെറ അറ്റകുറ്റപണികൾക്ക് | 2. | - |
| ഉപകരണങ്ങൾ /ഫർണിച്ചറുകൾ അറ്റകുറ്റപണിക്ക് | 3. | – |
| ഉപകരണങ്ങൾ രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | 4. | – |
| സ്പോർട്ട്സ് | 5. | – |
| കലാ-വിനോദങ്ങൾക്ക് | 6. | – |
| ലൈബ്രറികൾക്ക് | 7. | Rs. 547/- |
| ഉച്ചക്കഞ്ഞിക്ക് | 8. | – |
| മറ്റിനങ്ങൾക്ക് ശമ്പളം | 9. | Rs. 796422/- |
| സർക്കാർ | 10. | Rs. 813311/- |
| തദ്ദേശ സ്ഥാപനങ്ങൾ | 11. | – |
| ആകെ | 12. | Rs. 813311/- |
| ഫീസിനത്തിൽ | 13. | Rs. 3101.80 |
| എന്ഡോവ്മെൻറ് | 14. | - |
| പി.ടി.എ. ഫണ്ട് | 15. | Rs. 500/- |
| മറ്റു മാർഗ്ഗത്തിലുള്ള വരവ് | 16. | Rs. 1751/- |
| ആകെ വരവ് | 17. | **Rs. 818663.80** |
| | | |

## കുറ്റൂര ഗ്രാമപഞ്ചായത്ത് - 9.4 അക്കാദമിക് സൗകര്യങ്ങൾ

| | | | |
|---|---|---|---|
| സ്കൂളിൻെറ പേര് | | 1. | Govt. H.S. Kuttoor |
| ലൈബ്രറി ഉണ്ട് /ഇല്ല; പ്രവർത്തിക്കുന്നു /ഇല്ല | | 2. | ഉണ്ട്, (പ്രവർത്തിക്കുന്നുണ്ട്) |
| ലാബോറട്ടറി സയൻസ് കോർണർ ഉണ്ട് /ഇല്ല, പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. | | 3. | ഉണ്ട്, പ്രവർത്തിക്കുന്നുണ്ട് |
| പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ, വേണ്ടത്ര ഉണ്ട്/ ഇല്ല. | | 4. | ഇല്ല |
| ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം | റേഡിയോ | 5. | പ്രവർത്തിക്കുന്നില്ല |
| | ടേപ്പ് റിക്കാർഡർ | 6. | ഉണ്ട് |
| | ടി.വി. സെറ്റ് | 7. | ഇല്ല |
| | വി.സി.ആർ വി.സി.പി | 8. | ഇല്ല |
| | സിനിമാ പ്രൊജക്ടർ | 9. | ഉണ്ട് |
| | സ്ലൈഡ് പ്രൊജക്ടർ | 10. | ഉണ്ട് |
| | ഓവർ ഹെഡ് പ്രൊജക്ടർ | 11. | ഉണ്ട് |
| | കമ്പ്യൂട്ടർ | 12. | ഇല്ല |
| ബ്ലാക്ക് ബോർഡ് | ആവശ്യമുള്ളത് | 13. | 16 എണ്ണം |
| | നിലവിലുള്ളത് | 14. | 8 എണ്ണം |
| 95-96ൽ ലഭിച്ച അദ്ധ്യയന ദിവസം | | 15. | 194 |
| സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | | 16. | ഇല്ല |
| പ്രത്യേകപൊതുഅവധിളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങൾ | | 17. | 6 എണ്ണം |
| മാതൃ സംഗമം സജീവം /സജിവമല്ല | | 18. | സജീവം |
| ക്ലാസ്റൂം പി.ടി.എ. കൾ പ്രവർത്തിക്കുന്നു /ഇല്ല | | 19. | പ്രവർത്തിക്കുന്നു |

## കുറ്റൂര ഗ്രാമപഞ്ചായത്ത് - 9.3 സ്കൂളിൻെറ ഭൗതിക സൗകര്യങ്ങളുടെ വിവരം

| | | | |
|---|---|---|---|
| സ്കൂളിൻെറ പേര് | | 1. | Govt. H.S. Kuttoor |
| ആകെ ഡിവിഷനുകളുടെ എണ്ണം | | 2. | 16 |
| കെട്ടിടങ്ങൾ എണ്ണം | സ്ഥിരം | 3. | 2 |
| | അർദ്ധ സ്ഥിരം | 4. | 2 |
| | താൽക്കാലികം | 5. | - |
| മുറികളുടെ എണ്ണം | സ്ഥിരം | 6. | 13 |
| | അർദ്ധ സ്ഥിരം | 7. | 8 |
| | താൽക്കാലികം | 8. | - |
| ഇനിമുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | | 9. | 3 |
| ഇനി ആവശ്യമുള്ള കെട്ടിടം /മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട് /ഇല്ല | | 10. | ഉണ്ട് |
| നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | | 11. | 3 |
| മൂത്രപ്പുര ഒരുസമയംഎത്രകുട്ടികൾക്ക് ഉപയോഗിക്കാം | | 12. | 3 |
| ഇനി ആവശ്യമുള്ളതിൻെറ എണ്ണം | | 13. | 2 |
| നിലവിലുള്ള കക്കൂസിൻെറ എണ്ണം | | 14. | 2 |
| ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | | 15. | 1 |
| കുടിവെള്ളസംവിധാനം ഉണ്ട് /ഇല്ല-ങ്കിൽ പൈപ്പ് | | 16. | ഉണ്ട് (കിണർ) |
| വൈദ്യുതികരണം ഉണ്ട്/ ഇല്ല | | 17. | ഉണ്ട് |
| പാചകമുറി | | 18. | ഉണ്ട് |
| സ്റ്റാഫ് റൂം | | 19. | 1 എണ്ണം |
| നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? മതിയാകും/ ഇല്ല | | 20. | ഇല്ല |
| ഇനി ആവശ്യമായവയുടെ എണ്ണം | ഡസ്ക് | 21. | 25 |
| | ബഞ്ച് | 22. | 25 |
| | മേശ | 23. | 5 |
| | കസേര | 24. | 10 |
| | ഓഫീസ് ഫർണിച്ചർ | 25. | 5 |

# ഗതാഗതം-ഊർജ്ജം മാർക്കേറ്റ്

പൂർവ്വകാലത്ത് ഗതാഗതയോഗ്യമായി ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നത് എം. സി. റോഡ് മാത്രമായിരുന്നു. ഒരു നാടിൻെറ പുരോഗതിക്ക് ഗതാഗതയോഗ്യമായ റോഡുകൾ ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് പൂർവ്വികൻമാർ കരുതിയിരുന്നു. അവരുടെ കൂട്ടായ ശ്രമത്തിൻെറ ഫലമായാണ് ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള റോഡുകൾ. അക്കാലത്ത് വളരെയധികം എതിർപ്പുകളെ അതിജീവിച്ചാണ് ഈ റോഡുകൾ ഒക്കയും ഉണ്ടാക്കിയിട്ടുള്ളത് ഇന്ന് പി. ഡബ്ല്യൂ. ഡി. അംഗീകരിച്ച 5 ടാറിട്ട റോഡുകൾ ഉണ്ട്. ഗ്രാമപഞ്ചായത്തിൻേറയും ഗ്രാമവികസന വകുപ്പിൻേറയും പ്രവർത്തിയിൽകൂടെ കുറച്ചു ടാറിട്ടറോഡുകൾ ടാർ ഇടേണ്ടതായും ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ടതായ റോഡുകളുമുണ്ട്. പൂർവ്വകാലത്ത് ജനങ്ങളുടെ സഹകരണവും പുരോഗതിയിലേക്കുള്ള അഭിവാഞ്ഞ്ജയുടെ പ്രതീകമായി നിലകൊള്ളുന്നവയാണ്. വയലേലകളുടെ നടുവിൽ കൂടി ഉണ്ടാക്കിയിട്ടുള്ള ചക്രക്ഷാളനച്ചിറ റോഡും എടുത്തുപറയത്തക്കവയാണ്. പഞ്ചായത്തിൽ ബസ്സ് സർവ്വീസുകൾ നടത്തുന്ന റോഡുകൾ ഉണ്ട്.

പട്ടികജാതി സങ്കേതങ്ങളായ കോങ്കരമാലി പട്ടികജാതി സങ്കേതം, പൊട്ടൻമലപട്ടികജാതി സങ്കേതം, നന്നാട് (കുന്നത്തുമണ്ണ്) പട്ടികജാതി സങ്കേതം, കണിയാൻപാറ പട്ടികജാതി സങ്കേതം എന്നിവിടങ്ങളിൽ ടാറിട്ട റോഡുകൾ ഉണ്ടായിട്ടുണ്ട്.

പത്തനം തിട്ട ജില്ലയിൽ റയിൽവേ ലൈൻ കടന്നുപോകുന്ന ഏകപഞ്ചായത്താണ് കുറ്റൂർ. റയിൽവേ ലൈൻ പണിത കാലത്തു കുറ്റൂരിൽ ഒരുറയിൽവേ സ്റ്റേഷൻ സ്ഥാപിച്ചെങ്കിലും സ്ഥിരം റെയിൽവേ സ്റ്റേഷനായി ഉയർത്തുവാൻ നാളിതുവരെ സാധിച്ചിട്ടില്ല. വളരെയേറെ ജനസാന്ദ്രതയുള്ള ഈ പഞ്ചായത്തിൽ സ്ഥാപിച്ച ഈ റയിൽവേ സ്റ്റേഷൻ വെറുതെകിടക്കുന്നത് ഈ നാടിനോടുള്ള ഒരു അവഗണനായി അവശേഷിക്കുന്നു.

പഞ്ചായത്തിൽ ഉള്ളറോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

*വാർഡ് നമ്പർ -I*

### ഗ്രാമസഭയുടെ നിർദ്ദേശം

1. മതിയൻചിറ-കൈച്ചിററോഡ്

ആറുമീറ്റർ വീതിയിൽ നിർമ്മിച്ച റോഡ് വീതികുറവുള്ളിടത്ത് ആറുമീറ്റർ പുന:സ്ഥാപിക്കുകയും, തടസ്സങ്ങൾ നീക്കി ഓടനിർമ്മിക്കുകയും ടാറിട്ടത് മിക്കവാറും തകർന്ന നിലയിലായതിനാൽ വീണ്ടും സെമിഗ്രൌട്ടിംഗായി ടാർചെയ്യുക (6കി.മീ)

ചിലവ് ഏകദേശം 3,00,000/- രൂപ.

2. ആഞ്ഞിലിമൂട്ടിൽ പടി- ചെമ്പിൽ പടിറോഡ് ടാർ ചെയ്യുക .

ചിലവ് 20,000/- രൂപ. (2 കി.മി.)

3. മലയിൽപടി-മതിയൻചിറ-കുളങ്ങരയ്ക്കൽപടി റോഡ് സഞ്ചാരയോഗ്യമാക്കുക. (2 കി. മീ.)

ചിലവ്: 25,000/- രൂപ.

4. തലപ്പലാലപ്പടി-മട്ടയ്ക്കൽ-കല്ലൂർകുളം റോഡ് ടാർ ചെയ്യുക. (2.50 കി. മീ).

ചിലവ്: 3,50,000/- രൂപ.

5. കുന്നന്ത്രപടി-കല്ലൂർകുളം റോഡ് കുറ്റിമല മുതൽ കുന്നന്ത്രപടിവരെ ടാർ ചെയ്യുക. കലുങ്ക് പണിയുക.

ചിലവ്: 1,50,000/- രൂപ. (2.50 കി.മീ.)

6. പാറയിൽ പടി-പറയകുളം, കലുങ്ക്, ചിറ ഉയർത്തി സൈഡുകെട്ടുക. ആവശ്യമുള്ളിടത്ത് സൈഡുകെട്ടുക. കനാലിൽ വാഹന ഗതാഗതയോഗ്യമായ ഒരു കലുങ്കും നിർമ്മിക്കുക. (2 കി. മീ.)

ചിലവ്: 3,00,000/- രൂപ.

7. കൂടത്തുംപാറ-കല്ലൂർകുളം റോഡ്. ഈ റോഡിൽ വീതിയില്ലാത്തഭാഗത്തു വീതിയുണ്ടാക്കുകയും, ഓട നിർമ്മിക്കുകയും, അതുപോലെ സംരക്ഷണ ഭിത്തിയും നിർമ്മിക്കുക. (0.5 കി. മീ.)

ചിലവ്: 1, 00, 000/- രൂപ.

8. എ. എം. എം. എച്ച്. എസ്. ചൂരയ്ക്കൽപടി റോഡ്. കരിങ്കല്ല് ഉപയോഗിച്ച് ഓട നിർമ്മിക്കുകയും റോഡ് ടാർ ചെയ്യുകയും ചെയ്യുക. (0.5 കി. മീ.)

ചിലവ്: 2, 00, 000/-

9. ചിറപ്പുറത്തുപടി -മട്ടയ്ക്കൽ പടിറോഡ്. ആവശ്യമായ ഭാഗങ്ങളിൽ ഓട നിർമ്മിച്ചും, സൈഡുകെട്ടുകയും, ടാറിടുകയും ചെയ്യുക. (1 കി. മീ.)

ചിലവ്: 1.50,000/- രൂപ.

10. ബ്രദറൻ പള്ളി-തോട്ടത്തുവീട്ടിൽ പടി റോഡ് ആവശ്യമായ ഭാഗങ്ങളിൽ സൈഡുകെട്ടി ടാർ ചെയ്യുക. (പട്ടികജാതി റോഡ് - 0.5 കി. മീ.)

ചിലവ്: 1, 50, 000/- രൂപ.

11. കാവുപറമ്പിൽപടി -വെട്ടുചാൽ റോഡ് സഞ്ചാരയോഗ്യമാക്കുക. (0.50 കി. മീ.)

ചിലവ്: 10, 000/-

12. എ. എം. എം. എച്ച്. എസ്. തച്ചമല-ചെമ്പും മൂല റോഡ് എസ്. എൻ. ഡി. പി. റോഡുമായി യോജിപ്പിച്ച് നന്നാക്കുക. ( 2. കി. മീ.)

ചിലവ്: 50, 000/- രൂപ.

13. എ. എം. എം. എച്ച്. എസ്. കിഴക്ക് പി. ഡബ്ല്യു. ഡി. റോഡുവരെ ഓടനിർമ്മിച്ച് ടാർ ചെയ്യുക. (0.50 കി. മീ.)

ചിലവ്: 1, 50, 000/- രൂപ.

14. കല്ലൂർകുളം-അനിൽ നിവാസ് റോഡ് ടാർ ചെയ്യുക. (0.50 കി. മീ.)

ചിലവ്: 50,000/- രൂപ.

## പുതിയ പണികൾ ചെയ്യേണ്ടത്.

1. തൈപ്പറമ്പിൽ റ്റി. എം. തോമസിൻെറ വീടിനുപടിഞ്ഞാറ് പി. ഐ. പി. കനാലിനു കുറുകെ നടപ്പാലം നിർമ്മിക്കുക.

   ചിലവ്: 25,000/- രൂപ.

2. മുള്ളിപ്പാറ കോളനിമുതൽ പി. ഐ. പി. കനാൽ വരെയുള്ള പുറമ്പോക്ക് തോട് സഞ്ചാരയോഗ്യമാക്കുക.

   ചിലവ്: 1000/- രൂപ.

3. കുളങ്ങരയ്ക്കൽ പടി മുതൽ ബ്രദറൺ പള്ളിവരെയുള്ള തോട് വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.

   ചിലവ്: 5,000/- രൂപ.

4. ചൂരയ്ക്കൽ പടിമുതൽ കിഴക്ക് പുന്നാംപള്ളത്തുപടി വരെയുള്ള നടപ്പാത സഞ്ചാരയോഗ്യമാക്കി നിർമ്മിക്കുക.

   ചിലവ്: 15, 000/- രൂപ..

5. മുള്ളിപ്പാറ ഒന്നാം കോളനിയിൽ നിന്നും രണ്ടാം കോളനിയിലേയ്ക്കുള്ള വഴി സൈഡുകെട്ടി സഞ്ചാരയോഗ്യമാക്കുക.

   ചിലവ്: 15, 000/- രൂപ.

6. എസ്. ബി. റ്റി. ഓതറ ബ്രാഞ്ചിനു സമീപം ഓതറ-കുറ്റൂർ പി. ഡബ്ല്യു. ഡി റോഡിൽ കെട്ടിക്കിടക്കുന്ന മഴവെള്ളം ഒഴിച്ചുവിടുന്നതിന് പര്യാപ്തമായി ഓട പി. ഡബ്ല്യു. ഡിയെക്കൊണ്ട് ചെയ്യിക്കുക.

7. പി. ഐ. പി. കനാലിൽ തുണ്ടിയിൽ പടിക്കൽ ഒരു കലുങ്ക് നിർമ്മിച്ച് ശാരോൻ പള്ളിവഴി എ. എം. എം. എച്ച്. എസ്. വരെ സഞ്ചാരയോഗ്യമായ റോഡ് നിർമ്മിക്കുക. (0.70 കി. മീ.)

   ചിലവ്: 50, 000/-

8. മതിയൻചിറ പി. ഐ. പി. അക്കുഡേറ്റിനുപടിഞ്ഞാറു ഭാഗത്ത് പഞ്ചായത്തിൻെറ ഒന്നും, രണ്ടും വാർഡുകളെ ബന്ധിപ്പിക്കുന്നതിന് റോഡു കലുങ്കും നിർമ്മിക്കുക. (1.00 കി. മീ.)

   ചിലവ്: 2, 00, 000/-



# ഗതാഗതം

## വാർഡ് നമ്പർ -II

ഈ വാർഡിൽ മൊത്തം 13 കി. മീ. റോഡുണ്ട്. 4 കി. മീ. ദൂരം പി. ഡബ്ല്യൂ. ഡി. റോഡാണ്. 9 കി. മീ. പഞ്ചായത്തുറോഡിൽ 6 കി. മീ. ടാറിട്ടതും 3 കീ. മി. ടാറിടാത്തതുമാണ്. ഇതിനുപറമേ പി. ഐ. പി. കനാലിന്റെ പാർശ്വഭാഗം ഗതാഗതയോഗ്യമായി ഉദ്ദേശം 1 കി. മീ. വരും.

വെള്ളിയാംപള്ളി മോടി, വല്യകുന്നത്തുമോടി, പൊയ്പ്പള്ളിൽ കോളനി, പനച്ചയിൽ പടി, പുല്ലാന്തറ എന്നീ പ്രദേശങ്ങൾ വാഹന ഗതാഗത സൗകര്യമില്ലാത്തവയാണ്. പഞ്ചായത്തു റോഡുകളിൽ അറ്റുകുറ്റപ്പണി നടത്തിയിട്ടുണ്ട്. എങ്കിലും റോഡുകളുടെ പൊതു അവസ്ഥ തൃപ്തികരമാല്ല- ഒന്നിനും ഓടകളില്ല. കുറ്റൂർ-ഓതറ പി. ഡബ്ല്യൂ. ഡി. റോഡാണ് ഏറ്റവും കൂടുതൽ ഗതാഗതമുള്ളത്. ടാറിടാത്തതിൽ ഏറ്റവും കൂടുതൽ ഗതാഗതമുള്ളത് സെൻറ് മേരീസ്പടി- പറയകുളം-പാണ്ടിശ്ശേരി-കടവുംപുറം റോഡാണ്. കല്ലേമണ്ണിൽ കടവ്-കൊച്ചുപാലം റോഡിന് അടിയന്തിരമായ അറ്റകുറ്റപണികൾ വേണം. എല്ലാറോഡുകൾക്കും അറ്റകുറ്റപണി ആവശ്യമാണ്. ശ്രമദാനമായി റോഡുവെട്ടോ മെയിൻറനൻസോ സാദ്ധ്യമല്ല. റോഡ് നിർമ്മിച്ചതിന്റെ പേരിൽ നീർക്കെട്ട് ഉണ്ടായിട്ടില്ല.

## നിർദ്ദേശങ്ങളും മുൻഗണനാക്രമവും.

1. സെൻറ്മേരീസ്പടി-പറയകുളം-പാണ്ടിശ്ശേരിപടി-കടവുംപാറ റോഡ് വീതികൂട്ടി ടാർ ചെയ്യണം.
2. തിരുവാനപുരം-പുല്ലാന്തറ റോഡ് അറ്റുകുറ്റപണി നടത്തി ടാർ ചെയ്യണം.
3. കല്ലേമണ്ണിൽ കടവ്-കൊച്ചുപാലം റോഡിന്റെ അറ്റക്കുറ്റപണികൾ നടത്തണം.
4. കൊച്ചുപാലം-കല്ലേമണ്ണിൽ കടവ് റോഡിൽ തോണ്ടുപറമ്പുഭാഗത്ത് നിന്നുവല്യകുന്നത്തു ഭാഗത്തേയ്ക്കു വൈദ്യു തി എത്തിക്കണം.

*കുറ്റൂർ ഗ്രാമപഞ്ചായത്ത്*

***1.10. സേവന മേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ***

| എണ്ണം | വിദ്യാഭ്യാസം | | | | ആരോഗ്യം | | | | മറ്റ് സേവന മേഖലകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ |
| സ്ഥാപനങ്ങൾ | 4 | ഇല്ല | 8 | 12 | 3 | ഇല്ല | 2 | 5 | 11 | 2 | 2 | 15 |
| ജീവനക്കാർ | 46 | ഇല്ല | 64 | 110 | 13 | ഇല്ല | 4 | 17 | 68 | 13 | 71 | 152 |

# ഗതാഗതം

## വാർഡ് നമ്പർ -III

1. റോഡുകൾക്ക് ഒന്നും തന്നെ ഓടകളില്ല.
2. കല്ലൂർകുളം-പെന്തക്കോസ്തു ഹാൾ മുതൽ പി. ഐ.പി. കനാലിൻെറ തെക്കുവശത്തുകൂടി പി. ഐ. പി. യുടെ യഅനുവാദം വാങ്ങിച്ചും പടിഞ്ഞാറോട്ട് തീപ്പാച്ചിക്കുഴിവരെ 3 മീറ്റർ വീതിയിൽ റോഡുണ്ടാക്കണം.
3. തീപ്പാച്ചിക്കുഴി ചന്ദ്രൻെറ പടിക്കൽ നിന്നും മൈലനിൽക്കുന്നതിൽപടി പാറേൽ യോഹന്നാൻ മുതൽപെരുടെ സമീപത്തുകൂടി കരിക്കാട്ടു നിലത്തിൽകൂടിപാലത്തുങ്കൽ ചിറയിലേക്കുള്ള വഴി വികസിപ്പിക്കണം. എൻ. എച്ച്. ഇല്ല.
4. മുണ്ടിച്ചിറപ്പാട്ട് മുതൽ തോപ്പുകരപടിയിലേക്ക് പുഞ്ചവഴികുറ്റയുഴം വഴിറോഡ് വികസിപ്പിക്കണം.
5. ചേലാര് മോടി തൈതോട് റോഡ്
6. ചേലനില്ക്കുന്നതിൽപടി അരണകുളം റോഡ്.
7. ഹോമിയോ പടിമുതൽ വടക്കോട്ട് കൊച്ചുനാടത്ത് പടി റോഡിലേയ്ക്കുള്ള റോഡ്.
8. മാന്ദ്രത്രപടി മുതൽ കിഴക്കോട്ട് സുകുമാരൻെറ പടി വരെയുള്ള റോഡ്.
9. പത്തിപറമ്പിൽ കുഞ്ഞുകുട്ടിയുടെ അവിടുന്ന് കോലാംപള്ളം ആറ്റുകടവിലേയ്ക്കു ഉള്ള റോഡ്.
10. പ്രയാറ്റുകടവ് തൈറോഡ് പഞ്ചായത്ത് മെയിൻറനൻസ് ചെയ്തിട്ടുണ്ട്.

റോഡുകൾ പൊതുവേ സഞ്ചായോഗ്യമല്ല. തൃക്കൈയിൽ കടവ് കരിപത്ത് റോഡ്, പ്രയാറ്റുകടവ് തൈതോട് റോഡ്, പ്രയാറ്റുകടവ്, മണ്ണാമല തുണ്ടിയിൽ പടി റോഡ്, കല്ലൂർ കുളം, ചേലാമോടി റോഡ്, മുണ്ടിചിറ റോഡ്, കൊച്ചുനാടത്തുപടി റോഡ്, പ്രയാറ്റുകടവ് വേട്ടവക്കോട്ട് റോഡ്, തൈകൂട്ടത്തിൽ ചെറകരപടി റോഡ്, പട്ടംതാണുപിള്ള കല്ലൂർകുളം സ്കൂൾ എന്നീ റോഡുകൾ. ആകെ റോഡ് 14 കി.മീ.

1. കൊച്ചുപാലം - പ്രയാറ്റുകടവ് 1 കി. മീ.
2. കല്ലൂർകുളം-ആനയാർ 1 കി. മീ.
3. കൊച്ചുപാലം-മുണ്ടിയചിറ- 1 കി. മീ.

(പട്ടിക ജാ തി കോളനി റോഡ്)

### ടാറിടാത്തത്

1. തൃക്കൈയ്യിൽ കടവ് കരിംപള്ളം റോഡ്.
2. വെട്ടവ കോട്ട് പ്രയാറ്റുകടവ് റൊഡ്
3. പുത്തൻപുരയ്ക്കൽ പടിറയിൽവേ ക്രോസ് മുതൽ പാലനിൽക്കുന്നതിൽ പടി വഴി ചെറുകരപടി റോഡ്.
4. പ്രയാറ്റുകടവ് തൈതോട് റോഡ്.
5. പുന്നയ്ക്കാട്ട് മണ്ണാമല തുണ്ടിയിൽ പടിറോഡ്.
6. ചാക്കണ്ടത്തിൽ പടിറോഡ്
7. കല്ലൂർകുളം ചോലാമോടി റോഡ്.
8. പട്ടംതാണുപിള്ള സ്കൂൾ തുടങ്ങി കല്ലൂർകുളം റോഡ്.
9. ഹോമിയോ പടിനെച്ചാട്ട് മല റോഡ്-മുണ്ടതറപ്പാട്ട് റോഡ് (റെയിൽവേ വരെ)
10. പട്ടരുമഠത്തിൽ തെക്കോട്ട് കൂനാപ്ലാംചോട്ടിൽ പടി റോഡ്.
11. പ്ലാമൂട്ടിൽ പടി ചക്കാലമല വഴികൊച്ചനാടത്തുപടി റോഡ്.
12. കുന്നത്തുമണ്ണ് റോഡ് (പഞ്ചായത്ത് റോഡ് രജിസ്റ്ററിൽ ഇല്ല)
13. തോപ്പും കരപടി കുഴികണ്ടത്തിൽപടിറോഡ്. (പഞ്ചായത്ത് റോഡ് രജിസ്റ്റർ ഇല്ല)

### അടിയന്തിരമായി അറ്റകുറ്റ പണി ചെയ്യാനുള്ളത്

1. തൃക്കൈയ്യിൽ കാവു കരിപ്പള്ളത്തുപടി റോഡ്
2. പ്രയാറ്റുകാവ് തൈതോട് റോഡ്.
3. തുണ്ടിയിൽ പടിചാക്കണ്ടത്തു റോഡ്
4. പട്ടംതാണുപിള്ള സ്കൂൾ കല്ലൂർകുളം റോഡ്
5. ഹോമിയോപ്പതി നെച്ചാട്ടുമല റോഡ്
6. പ്ലാമൂട്ടിൽപടി കൊച്ചിനാടുത്തപടിറോഡ്
7. മുണ്ടിച്ചിറപ്പാട്ട് കലുങ്ക് പുനരുദ്ധരിക്കണം
8. കല്ലൂർകുളം-ആനയാർ റോഡ്, കൊളമ്പാല മുതൽ മുണ്ടതറപ്പാട്ടുവരെ (പട്ടികജാതി സ്കീമിൽ ചെയ്ത റോഡ്)
9. തിക്കപ്പുഴ കടവ്-കരിംപള്ളം റോഡ്. (ശ്രമദാനം ഭാഗീകമായി നടന്നു.

# ഗതാഗതം

## വാർഡ് നമ്പർ -IV

1 പൂവത്തിനതറ-നെടുന്തറഭാഗം

a) റോഡ് ഇരുവശവും കെട്ടിനന്നാക്കുക നിലവിൽ 12 അടിയിൽ കൂടുതൽ വീതിയുള്ള റോഡിൽ ഒരുമീറ്റർ മണ്ണിട്ട് സോൾ ചെയ്തു ടാർ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

b) 4-ാം വാർഡും, 3-ാം വാർഡും തമ്മിൽ ബന്ധിപ്പിക്കുന്ന എഞ്ചിൻതറ (പൂവത്തിൻതറ)യിൽ ചെറിയ കലുങ്കോ, പൈപ്പോ ഉപയോഗിച്ച് സഞ്ചാര യോഗ്യമാക്കുക.

2. a) കടവിൻപാറപ്പള്ളം മുതൽ പടിഞ്ഞാറോട്ട് റയിൽവേ ലൈൻ വരെ പി. ഐ. പി. കനാലിനോടു ചേർന്നു പോകുന്ന റോഡ് മെറ്റൽ ചെയ്തു ടാർ ഇടുക. ഈ ഭാഗത്ത് 23 വീട്ടുകാർ താമസമുണ്ട്.

b) നീർപ്പാലത്തിൻെറ അടിയിൽ കൂടി ലോറികടന്നുപോകത്തക്കവണ്ണം ലോറിയുടെ മുകൾ ഭാഗം നീർപ്പാല ത്തിൽ മുട്ടാതെ ചപ്പാത്ത് നിർമ്മിക്കുക.

c) അതിന് അടുത്തുള്ള വളവും, കയറ്റഭാഗവും കല്ല് പാകിവൃത്തിയാക്കുക.

3 തെമലേത്തുപടിയിൽ നിന്നും ആറ്റിലേയ്ക്കു നടന്നു പോകുന്നതിന് ഒരു നടപ്പാത നിർമ്മിക്കുക.

4 റെയിൽവേ ഗേറ്റിൽ നിന്നും കോട്ടപ്പുറം (അമ്പല ഭാഗേ ത്തയ്ക്കുള്ള) നടപ്പാടത വൃത്തിയാക്കുക.

5 ചിറ്റക്കാട്ട്കോളനിക്ക് തെക്കുവശമുള്ള കലുങ്കിൽ നിന്നും 100 മീറ്റർ നീളത്തിൽ കിഴക്കോട്ട് ആറ് വീട്ടുകാരു ടെ ആവശ്യത്തിന് വേണ്ടി ഒരു നടപ്പാത നിർമ്മിക്കുക. 75 വർഷംപഴക്കമുള്ള വഴിയാണിത് (നിവേദനം തന്നിട്ടുണ്ട്)

6 കടവുംപാറ പള്ളത്തുനിന്ന് വടക്കോട്ടുള്ള (മാമ്പാറമ്പിഭാഗം) വഴി ഞെക്കണ്ണ് കനാലുള്ള കല്ലുകെട്ടിയ വരമ്പിൻെറ ഭാഗം 12 അടി വീതിയിൽ 10 അടി ഉയരത്തിൽ മണ്ണടിച്ചുപുതിയ റോഡ് നിർമ്മിക്കുക.

7 മാമ്മൂട്ടിപ്പടി- തടവുഴത്തിപ്പടി റോഡ് ടാർ ചെയ്യുക.

8 തുള്ളകളം മുതൽ അപ്പഭാഗത്തേക്കുള്ള. റോഡ് വൃത്തിയാക്കുക.

9 മാരുത്രപ്പടി-മണക്കാലപ്പടിവരെയുള്ള വഴി ടാർ ചെയ്യുക.

10 ക്നാനായ പള്ളിമുതൽ പടിഞ്ഞാറ്റ് പാറേൽപ്പടിവരെ പനച്ചിപ്പടി മുതൽ അമ്പൽ വരെയുള്ള റോഡ് ടാർചെയ്യുക.

11 അമിക്കുളം മുതൽ അമ്പലപ്പടി പള്ളിപ്പടി വരെയുള്ള പി.ഡബ്ല്യു. ഡി. റോഡ് റീ-ടാർ ചെയ്യാൻ ശ്രമിക്കുക.

12 പള്ളിമല മുതൽ കട്ടംപ്പാറവരെയുള്ള റോഡ്(P.W.D.) റീ- ടാർ ചെയ്യാൻ നടപടി സ്വീകരിക്കുക.

13 ഓടയില്ലാത്ത പ്രധാന റോഡുകൾക്ക് ഓട സ്ഥാപിക്കുക.

14 പി. ഐ. പി. കനാലിൽ നിന്നും കിഴക്കോട്ട് നടപ്പാത ശരിയാക്കി തരുക. മലയക്കളീയ്ക്കൽ, ജോണി ജോർജ്ജ് വി. കെ. ഗോപാലൻ ഇവർക്കുവേണ്ടി.

15 ആലുനിൽക്കുന്ന ഉഴത്തിൽ എ. പി. കറത്തകുട്ടിയുടെ ഭവനത്തിലേയ്ക്കുള്ള വഴിയിൽ തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റി വാഹനം വരത്തക്കരീതിയിൽ വീടുകൾക്ക് വേണ്ടി വഴികൾ ഗതാഗത യോഗ്യമാക്കണം.

16 കുറ്റൂർ പഞ്ചായത്ത് ജംഗ്ഷൻ വരെയുള്ള ബസ് സർവ്വീസ്, പള്ളമല പള്ളിപ്പടി വഴി അമ്പലത്തിൻെറ കിഴക്ക് ഭാഗം വരെനീട്ടുക. (ശാസ്താം നടവരെ)

17 യാത്ര സൗകര്യം തീരെ കുറവുള്ള ഈ പ്രദേശത്ത് ഇടുങ്ങിയ റോഡുകളാണ് 60% ത്തിൽ മേൽ. ആയതിനാൽ മിനിബസ്സുകൾ തിരുവല്ലയ്ക്കും ചെങ്ങന്നൂർക്കും അനുവദിക്കുക.

18 ശാസ്താംനട കുറ്റൂർ സ്കൂൾ, കടവും പാറ, ക്രോസിംങിന് ഒരു ഓവർ ബ്രിഡ്ജ് സ്ഥാപിക്കുക.

19 സെൻറ് മേരീസ് സ്കൂളിന് (ജംഗ്ഷനിൽ) ഒരു വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക.

❀❀❀❀
❀❀

# ഗതാഗതം

## വാർഡ് നമ്പർ -V

### 1 ഗവ: ഹൈസ്കൂൾ-അലച്ചക്കോട് റോഡ്

സ്ഥിതി :- ഇതിൻെറ അമ്മികുളം വരെയുള്ള ഏകദേശം 800 മീ. ഭാഗം 8 വർഷം മുമ്പ് ടാർ ചെയ്തതാണ്. ഇപ്പോൾ ഗതാഗതം നടത്താൻ കഴിയാത്ത രീതിയിൽ താറുമാറായി കിടക്കുന്നു. മധുരപുഴ പാടത്ത് മധ്യത്തു കൂടിയുള്ള ചിറഭാഗം വെള്ളം കയറുമ്പോൾ നശിച്ചു പോകുന്നു. കലുങ്ക് തകർന്നിരിക്കുന്നു, ഓടയില്ല.

പ്രശ്നം :- ഈ വാർഡിലെ ഏറ്റവും പ്രധാനപ്പെട്ട പഞ്ചായത്ത് റോഡാണ് കുറ്റൂർ എച്ച്. എസ്. കുറ്റൂർ ക്ഷേത്രം, തുടങ്ങിയവയെ ബന്ധിപ്പിക്കുന്ന റോഡാണ്. ഇപ്പോൾ ഗതാഗതം ദുഷ്കരമായിരിക്കുന്നു.

നിർദ്ദേശം :- കുറ്റൂർ എച്ച്. എസ്. അമിക്കുളം ഭാഗം റീ-ടാർ ചെയ്യാണം. ചിറഭാഗം 4 അടിമണ്ണിറ്റ് പൊക്കി Retaining Wall കെട്ടി കലുങ്ക് പൊളിച്ചുമാറ്റി പുതിയതു പണിയണം.

എസ്റ്റിമേറ്റ് :- 800 മീറ്റർ റീ-ടാറിംഗ്

(ഓട സഹിതം) - $4^1/_2$ ലക്ഷം

ചിറപൊക്കി Retaining Wall കെട്ടാൻ - $2^1/_2$ ലക്ഷം

കലുങ്ക് നിർമ്മിക്കാൻ - 1 ലക്ഷം ആകെ എട്ടു ലക്ഷം രൂപാ കണക്കാക്കുന്നു.

### 2 പൊട്ടൻ മല വടക്കേ ചരിവ് - മാമ്പറമ്പ് റോഡ്

സ്ഥിതി :- 1 കി. മീറ്റർ നീളം 4 മീ. വീതി ഇപ്പോൾ ഗ്രാവൽ റോഡാണ്. ലവലല്ല. വാഹനങ്ങൾ പോകാൻ പ്രയാസമാണ്. കുറ്റൂരിനേയും വള്ളംകുളത്തേയും ബന്ധിപ്പിക്കുന്ന ഈ റോഡ് ടാർ ചെയ്താൽ കുറ്റൂർ വള്ളംകുളം ദൂരം ഒരു കിലോമീറ്ററെങ്കിലും ലാഭിക്കാം, 5-ാം വാർഡിൻെറ വികസന പ്രക്രിയയിൽ നിർണ്ണായകമായ പങ്കാണ് ഈ റോഡിനുള്ളത്.

നിർദ്ദേശം: 800 മീറ്റർ ദൂരം മെറ്റലിംഗും ടാറിംഗും നടത്തണം. സൈഡിൽ ഓട നിർമ്മിക്കണം.

എസ്റ്റിമേറ്റ് :- മെറ്റലിംഗ്, ടാറിംഗ് (800 മീറ്റർ) 5 ലക്ഷം രൂപ.

### 3 ഞാടിയ്ക്കപ്പടി ചൂഴിയൻപാറ മണലിൽപ്പടി റോഡ്

സ്ഥിതി: 50 മീറ്ററോളം നീളത്തിൽ 4 മീറ്റർ വീതിയിൽ സ്ഥിതിചെയ്യുന്നു. ഗ്രാവൽ റോഡ്. ഞാടിയ്ക്കപ്പാറ മുതലുള്ള 25 മീറ്റർ ഭാഗത്ത് ചിറതാണു കിടക്കുന്നു. വെള്ളം കയറിയാത്ര ദുരിതമാകും.

പ്രശ്നം: ഇപ്പോൾ വളരെയേറെ തിരക്കുള്ള ഈ റോഡിൽ ടാറില്ല. ടാറിംഗില്ലാത്തതിനാൽ വാഹനങ്ങൾ വരാൻ മടിക്കുന്നു. വെള്ളപ്പൊക്ക സമയത്ത് ചിറഭാഗം മുങ്ങിപ്പോകുന്നു. ഓടയില്ല.

നിർദ്ദേശം : മണലിപ്പടിവരെ 500 മീറ്റർ ടാർ ചെയ്യണം. ചിറഭാഗം 4 അടി പൊടി Retaining Wall കെട്ടണം. കലുങ്ക് പുതിക്കുപ്പണിയണം.

എസ്റ്റിമേറ്റ് : 500 മീറ്റർ ടാറിംഗ് -മെറ്റലിംഗ് - 4 ലക്ഷം രൂപാ ചിറകെട്ടി Retaining Wall - $2^1/_2$ ലക്ഷം

കലുങ്ക് നിർമ്മാണം - $^3/_4$ ലക്ഷം

ആകെ - $7^1/_4$ ലക്ഷം രൂപാ കണക്കാക്കുന്നു.

### 4 പുലിപ്പാറ - വള്ളംകുളം റോഡിൻെറ പാണ്ടിശ്ശേരി വടക്കേപ്പടിവരെ 200 മീറ്റർ റോഡ്.

സ്ഥിതി: പുലിയപ്പാറ വള്ളംകുളം റോഡിൻെറ തുടക്കത്തിലേ 200 മീറ്ററാണ്. താണുകിടക്കുന്ന റോഡാണ്. 4 മീറ്റർ വീതി; ചെളിയും വെള്ളവും കെട്ടിക്കിടക്കുന്നു. അവസാന 15 മീറ്റർ ഭാഗം കുറേയേറെ താണു കിടക്കുന്നു.

നിർദ്ദേശം: ആദ്യത്തെ 185 മീറ്റർ 3 അടി മണ്ണിട്ട് പൊക്കണം അവസാന 15 മീറ്റർ 6 അടി മണ്ണിട്ട് പൊക്കണം. Retaining Wall കെട്ടണം. 200 മീറ്റിർ ഭാഗം മെറ്റലിംഗും ടാറിഗും നടത്തണം.

എസ്റ്റിമേറ്റ് : 200 മീറ്റർ ടാറിംഗ്, മെറ്റലിംഗ് - 3 ലക്ഷം

മണ്ണിട്ട് 185 മീറ്റർ ഭാഗം 3 അടി ഉയരാൻ - 20,000/

15 മീറ്റ 6 അടിപൊക്കി Retaining Wall കെട്ടാൻ - $1^1/_2$ ലക്ഷം

ആകെ Rs. $4\ ^3/_4$ ലക്ഷം കണക്കാക്കുന്നു.

5 *കടവുംപാറ- മാമ്പറമ്പ് തോട്*

കടവ് പാറ മുതൽ മാമ്പറമ്പ് വരെ തോടിൻെറ പടിഞ്ഞാറ് വശം ചേർത്ത് അടിയിൽ 20 ഉം മുകളിൽ 10 ഉം ഉടിവീതിയിൽ 10 അടി ഉയരത്തിൽ ബണ്ട് ഉണ്ടാക്കി വടക്കേ അറ്റം കലുങ്ക് നിർമ്മിക്കുക.

ഗുണം: മാമ്പറമ്പ്-കടവും പാറ ഗതാഗതം തുറക്കപ്പെടും. അഞ്ചാം വാർഡിനെ ഓതറ പ്രദേശവുമായി ബന്ധപ്പെടുത്തും. ഞക്കണ്ണ് പുഞ്ച ഇരുപ്പുകൃഷിയാക്കാൻ സാധിക്കും.

എസ്റ്റിമേറ്റ് : ബണ്ട് നിർമ്മാണം 120 മീറ്റർ ഭാഗം 16. 5 ലക്ഷം

ഏകദേശം 54,000 ക്യുബിക് അടി.

കലുങ്ക്, ചീപ്പ് - $1^1/_2$ ലക്ഷം

ആകെ - 18 ലക്ഷം രൂപാ കണാക്കാക്കുന്നു.

6 *ലക്ഷം വീട് - മാമ്പറമ്പ് റോഡ്.*

250 മീറ്റർ ഭാഗം - റീ-ടാർ ചെയ്യണം.

എസ്റ്റിമേറ്റ് :- 2 ലക്ഷം രൂപ.

7 *പുലിയപ്പാറ - ശസ്താംക്ഷേത്രം റോഡ്*

സ്ഥിതി : ഈ റോഡിൻെറ പൊട്ടൻ മല തെക്കേചരിവു മുതൽ ശാസ്താക്ഷേത്രം വരെയുള്ള ഭാഗം താറുമാറായിക്കിടക്കുന്നു. ലവൽ ക്രോസിംഗിലേക്ക്ഇറങ്ങുന്ന ഭാഗം ടാർ ചെയ്തിട്ടില്ല.

നിർദ്ദേശം:- തെക്കേ ചരിവുമുതൽ അടിച്ചിറ കനാൽ ഭാഗം വരെ ഏകദേശം 100 മീറ്റർ ടാർ ചെയ്യണം. തുടർന്നുള്ള ഭാഗം റീ-ടാർ ചെയ്യണം.

എസ്റ്റിമേറ്റ്: ടാറിംഗിന് - $1^1/_2$ ലക്ഷം

റീ-ടാറിംഗിന് - 2 ലക്ഷം

ആകെ $3^1/_2$ ലക്ഷം രൂപാകണക്കാക്കുന്നു.

8 *പാല്ലാടത്തിൽ പടി - വരിക്കോലിൽ പടി*

സ്ഥിതി: ടാറിട്ടിട്ടില്ല. 300 മീറ്റർ ദൂരം 4 മീറ്റർ വീതി ചെളിയും വെള്ളവും കെട്ടിക്കിടന്ന് ഗതാഗതം ദുഷ്കരമാണ്. 3 അടി മണ്ണിറ്റ് കിളത്തണം ടാറിംഗ് നടത്തണം.

എസ്റ്റിമേറ്റ് :300 മീറ്റർ മണ്ണിട്ട് കിളത്തണം - 1 ലക്ഷം രൂപാ

മെറ്റലിംഗ്, ടാറിംഗ് - 2 ലക്ഷം രൂപാ

ആകെ 3 ലക്ഷം രൂപാ കണക്കാകുന്നു.

9 *വരിക്കോലി റയിൽവേ ബണ്ട് നിർമ്മിക്കുക.*

ഏകദേശം 100 മീറ്റർ ഭാഗം ഗതാഗത സൗകര്യം ഇല്ല. മണിമല ഭാഗമായതിനാൽ വെള്ളപ്പൊക്കം ഉണ്ടായി കൃഷിനാശവും ഉണ്ടാകുന്നു. വഴിഇല്ലാത്തതിനാൽ കറൻറ് ഇല്ല. 150 മീറ്റർ നീളം അഞ്ച് അടി പൊക്കി മണ്ണിട്ട് 10 അടി വീതിയിൽ ബണ്ട് നിർമ്മിക്കുക.

# ഗതാഗതം

## വാർഡ് നമ്പർ -VI

1. കണ്ടത്തിൽപടി മുക്കാത്തിരത്തു കടവ് റോഡ് വീതികൂട്ടി മണ്ണിട്ട് കിളത്തുക.
2. വള്ളവം കാലചിറ മേൽക്കടവു റോഡ് ശരിയാക്കുക.
3. കരിങ്ങാട്ടിൽ പടി പ്ലാമ്പറമ്പു ഭാഗം റോഡു ശരിയാക്കുക.
4. കറത്താലിപടി പുത്തൂരേത്തു ഭാഗം റോഡ് ശരിയാക്കുക.
5. അമ്മായിമുക്ക് കൊച്ചുപുരയ്ക്കൽ കടവ് റോഡ് ഇടത്തറപ്പടി വങ്ങാട്ടുശ്ശേരിഭാഗം റോഡ് എന്നിവ ശരിയാക്കുക.
6. കുറ്റൂർ വള്ളംകുളം റോഡിൽ കറത്താലിൽ കനാലു വരെയും, മാമ്മൂട്ടിൽ പടിയിൽ നിന്നും കിഴക്കോട്ടുള്ള റോഡിലും അത്യാവശ്യമായി ഓടപണിയുക. തോണ്ടറ പാലത്തിൻെറ തെക്കോട്ട് ഓടവെട്ടി, വള്ളംകുളം റോഡുമായി ബന്ധപ്പെടുത്തി ഓടശരിയാക്കുക. പുലിക്കുഴി കേളരിക്കണ്ടത്തിൽ പള്ളം ഭാഗത്തു താമസിക്കുന്ന 3 വീട്ടുകാർക്ക് റോഡ് ശരിയാക്കിക്കൊടുക്കുക.

## വാർഡ് നമ്പർ -VII

1. ആകെ റോഡിൻറ് നീളം 12 $^{1}/_{2}$ കി. മീ.
   ടാറിട്ടത് - 6 കി. മീ.
   ടാറിടാത്തത് - $6^{1}/_{2}$ കി. മീ. (എൻ. എച്ച്. ഇല്ല )
2. റോഡിൻറ് സൈഡ് കല്ലുകെട്ടണം.
3. പുളിമൂട്ടിൽ പാലം, കോയിക്കൽ പാലം പള്ളിമല ഭാഗം തട്ടാരേത്ത് പള്ളത്തുംഭാഗം-പനമൂട്ടിൽ പടി, തൊണ്ടിപറമ്പ് ഭാഗം വഞ്ചിമൂട്ടിൽ ദേവീക്ഷേത്രത്തിനു മുൻപിൽ മഴുക്കീർ റോഡുമായിട്ട് ചപ്പാത്ത് നിർമ്മിക്കുക.
4. റോഡുകൾ ഒന്നിനും ഓടയില്ല. കുളത്തുങ്കൽ മുതൽ നെല്ലേത്ത് 200 വരെയുള്ള റോഡ്
5. എല്ലാ റോഡിനും ഉടൻ തന്നെ അറ്റകുറ്റപ്പണി നടത്തണം.
6. ഈ വാർഡിലെ ഏറ്റവും കൂടുതൽ ഗതാഗതം ഉള്ള റോഡാണ് ആറാട്ടുകടവ് മുതൽ മണ്ടടിച്ചിറ റോഡ് വഞ്ചിമൂട്ടിൽ ക്ഷേത്രം മുതൽ മുണ്ടോടിച്ചിറവരെ, പനമൂട്ടിൽ പടി, തൊണ്ടിപറമ്പ് പടി, പഴൂർപടി നന്നാട്ട് റോഡ്.
7. ടാറിടാത്ത ഏറ്റവും കൂടുതൽ ഗതാഗതമുള്ള റോഡാണ് ചിറയ്ക്കൽ പടി മുതൽ തെക്കോട്ട് പനമൂട്ടിൽ പടി മുതൽ, തൊണ്ടിപറമ്പ് റോഡ്.
8. പുളിമൂട്ടി പാലം-വയത്രപടി റോഡ് ശ്രമദാനം ചെയ്യാൻ പറ്റും.

## വാർഡ് നമ്പർ -VIII

1. ആകെ റോഡുകളുടെ നീളം 8 കി. മീ.
   ടാറിട്ടത് - $3^{1}/_{2}$ കി. മീ.
   ടാറിടാ ത്തത് - $4^{1}/_{2}$ കി. മീ.
   P.W.D. 3 കി. മീ.
2. വാഹന ഗതാഗതത്തിന് തീരെ സൗകര്യമില്ലാത്ത റോഡാണ് കോളഭാഗത്ത് പടി-കുന്നാടിപടി റോഡ് കാട്ടുചുവട്- ഏറ്റുകടവ് ഈ റോഡുകൾ നന്നാക്കണം.
3. അച്ചയൻ കാളി ജംഗ്ഷൻ മുതൽ പനച്ചമൂട്ടിൽ ക്ഷേത്രം വരെയുള്ള 200 മീറ്റർ റോഡ്.
4. റോഡുകളുടെ മിക്കതിൻേറയും അവസ്ഥ വളരെ മോശമാണ്. എല്ലാ റോഡുകളും പുന:രുദ്ധാരണ വേല ചെയ്യണം.
5. പുതുതായി കൂടത്തിൽപടി മാലിപുറം, പനച്ചമൂട്ടിൽ കടവ് ബാലവാടിയിലേക്ക്, തെങ്ങേലി മുണ്ടടിച്ചിറ റോഡിൽ പപ്പനവേലിൽ ഭാഗത്ത് കൂടി കടച്ചുവട് ഭാഗത്തേയ്ക്ക് റോഡുകൾ വെട്ടണം.
6. തെങ്ങേലി പനച്ചമൂട്ടിൽ കടവ് റോഡിൽ കളപുരയ്ക്കൽ ഭാഗത്തു കലങ്ക്-അവിടെ ഓടയില്ല.
7. എല്ലാ റോഡുകൾക്കും ഉടൻ അറ്റുകുറ്റപ്പണി നടത്തണം. 8. ഈ വാർഡിൽ ഏറ്റവും കൂടുതൽ ഗതാഗതൽ ഉള്ള റോഡ് തെങ്ങേലി ഇളടിച്ചിറ റോഡാണ്. ടാറിട്ടത്.
9. ടാറിടാത്തിൽ ഏറ്റവും കൂടുതൽഗതാഗതം ഉള്ള റോഡ് പുക്കോയിക്കൽപടി-പനച്ചമൂട്ടിൽപടി റോഡ് ആണ്.
10. പനച്ചമൂട്ടിൽ കടവിൽ 8ഉം വാർഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പടപ്പാലം നിർമ്മിക്കണം. (ഓട്ടോപോകത്തക്കവിധത്തിൽ)

# ഗതാഗതം

## വാർഡ് നമ്പർ -IX

1. തൃക്കയിൽ ക്ഷേത്രം മുതൽ കദളിമംഗലം ക്ഷേത്രം വരെയുള്ള റോഡ് (500 മി) മണ്ണിട്ട് ഉയർത്തി ടാർ ചെയ്യാൻ വേണ്ട ഏർപ്പാട് ഉണ്ടാക്കുക.

2. ചക്രക്ഷാളന ക്കടവ് മൈലമൂട്- നല്ലൂത്താനം=വരിക്കോലിൽ പടിവഴി തൃക്കയിൽ പടിവരെയുള്ള റോഡ് ടാർ ചെയ്തത് മുഴുവനായി ഒഴുകിപോയതിനാൽ സംഞ്ചാരയോഗ്യമല്ലാതായ റോഡ് റീ-ടാർ ചെയ്തു സഞ്ചായ സൗകര്യം ഏർപ്പെടുത്തുക (2 കി. മീ.)

3. കോളഭാഗം-ചക്കച്ചേരി- നല്ലൂത്താനംവരെയുള്ള റോഡ് (200 മീ.) ആവശ്യാനുസരണം മണ്ണിട്ടുയുർത്തി ആവശ്യമായ കലുങ്ക് നിർമ്മിച്ച് സഞ്ചായയോഗ്യമാക്കണം.

4. താഴാം പള്ളത്ത് കുഴിപ്പാടിവരെയുള്ള വഴി (200 മീ.) പഞ്ചായത്തു ഏറ്റെടുത്ത് ചെയ്യണം.

5. സെൻറ് ജോർജ് പള്ളിപ്പടിമുതൽ പാലത്തിട്ട പാലംവരെയുള്ള റോഡ് (150 മീ.) മണ്ണിട്ട് ഉയർത്തി സഞ്ചാര യോഗ്യമാക്കണം.

6. പേരങ്ങാട്ട് പടിമുതൽ തെക്കോട്ട് കിഴക്കേതിൽ പടിവഴി റോഡ് മണ്ണിട്ട് ഉയർത്തി സഞ്ചാരയോഗ്യമാക്കണം (250 മീ.)

7. മുളവനപ്പടി കുന്നുകണ്ടത്തിൽ പടി റോഡ് (125 മീ.) മണ്ണിട്ട് ഉയർത്തുക

8. പള്ളിപ്പുറം കോളനി റോഡ് പഞ്ചായത്ത് ഏറ്റെടുത്ത്(200 മീ.) മണ്ണിട്ട് ഉയർത്തി [illegible] മാക്കുക.

9. കണിയാന്തറ പടിമുതൽ ശ്രാമ്പിൽ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കുക (200 മീ.)

10 മാലിക്കൽ പടിമുതൽ തെക്കോട്ട് ഉള്ള റോഡ് പാണ്ടിയാലിപ്പടിറോഡിൽ മുട്ടിക്കുക.

11. കണിയാന്തറപ്പടി മുതൽ കിഴക്കോട്ടുള്ള വഴി ചക്കച്ചേരി-നല്ലൂത്താനം റോഡിൽ മുട്ടിക്കുക.

12. കണിയാന്ത പടി ആഞ്ഞിലുക്കാട് കോളനിറോഡ്.

13. പനച്ചമൂട്ടിൽ കടവിൽ നിന്നും കളിട്ട കടവ് റോഡുമായി ബന്ധിപ്പിക്കുക.

14. കരുവേലിപ്പടി മുതൽ കാക്കനിട്ടു തെക്കേതിൽ പടിവരെ.

15. പാലത്തിട്ടകടവു മുതൽ ചാലുവേലിൽ കടവു വരെ റോഡുണ്ടാക്കണം.

16. വാഴക്കുന്നിൽപ്പടിമുതൽ കാക്കനാട്ടു വരെ

17. വരിക്കോലിൽപ്പടി മുതൽ മടത്തിക്കാട്ടു പടിവരെ റോഡ് ഗതാഗതയോഗ്യമാക്കു.

## പാലങ്ങൾ

1. കുറ്റൂർ പഞ്ചായത്തിലെ 8-ഉം 9ഉം വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കത്തക്കവണം. വാഹനങ്ങൾ കടന്നു പോകുവാൻ മതിയായ ഒരു പാലം പനച്ചമൂട്ടിൽ കടവിൽ നിർമ്മിക്കുവാനുള്ള നടപടിസ്വീകരിക്കുക.

2. വെൺപാലയും ഇരുവെള്ളിപ്രയുമായി ബന്ധിപ്പിക്കുന്നതിനും കദളിമംഗലം സ്കൂളിൻെറ മുൻപിൽ കൂടി വാഹനങ്ങൾ പോകത്തക്കവണ്ണം ഒരു പാലം പണിയാനുള്ള നടപടികൾ സ്വീകരിക്കുക.

3. ഇപ്പോൾ നിലവിലുള്ള പാലത്തിട്ട നടപ്പാലം വീതി കൂട്ടി ബലപ്പെടുത്തുകയും ഇരുവശത്തുമുള്ള അപ്രോച്ചു റോഡ് സഞ്ചാരയോഗ്യമാക്കുകയും ചെയ്യുക.

4. കല്ലിട്ടകടവിൽ ഒരു കുളിക്കടവ് നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

5. വർഷം തോറും ഉണ്ടാകുന്ന വെള്ളപ്പൊക്കവും ശക്തമായ ഒഴുക്കും കാരണം നിലവിലുള്ള ചക്രക്ഷാളന കടവ് പാലത്തിൻെറ തെക്കേ അറ്റത്തുള്ള തൂണിന് ബലക്ഷയം വരുമാറ് സൈഡ് ഇടിഞ്ഞുകൊണ്ടിരിക്കുന്നു. ആയത് പരിഹരിക്കത്തക്കവണ്ണം സംരക്ഷണ ഭിത്തി കെട്ടുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

6. വർഷം തോറും ഉണ്ടാകുന്ന വെള്ളപ്പൊക്കവും ശക്തമായ ഒഴുക്കും മൂലം മണിമലയാറിൻെറ വടക്കേക്കര (അമ്മംതറപടിമുതൽ) പനച്ചമൂട്ടിൽ കടവുവരെയുള്ള തെങ്ങും പുരയിടങ്ങളും വീടുകളും ഇടിഞ്ഞുകൊണ്ടിരിക്കുന്നതിനാൽ സംരക്ഷണ ഭിത്തികെട്ടുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

# ഊർജ്ജം

### കുറ്റൂർ ഗ്രാമപഞ്ചായത്ത് വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ:-
   - a) ഗാർഹീകം
   - b) വ്യാപാരം
   - c) വ്യാവസായികം
   - d) കാർഷികം
2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം:-
   - a) ഓർഡനറി
   - b) O. T. P.
   - c) O. Y. E. C.

   അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാം തീയതി:
3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം :- 25 W., 40 W., 60 W., 100 W.
   - a) ബൾബ്
   - b) ഫ്ളൂറ: ട്യൂബ്.
   - c) എം. വി. ലാമ്പ്
   - d) സോഡിയം വേപ്പർ
4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ
5. തൻവർഷത്തെ കണക്ഷൻ :

   ഓർഡനറി
   O. T. P.
   O. Y. E. C.
6. പഞ്ചായത്തു പരിധിയിൽ വൈദ്യുതിവിതരണം ചെയ്യുന്ന L.T. ട്രാസ്ഫോമറുകളുടെ പേരുകൾ:
   1. വെൺപാല ട്രാൻസ്ഫോമർ
   2. തെങ്ങേലി ,,
   3. നന്നാട് ,,
   4. കുറ്റൂർ പഞ്ചായത്ത് ,,
   5. കുറ്റൂർ ഹൈസ്കൂൾ ,,
   6. കുറ്റൂർ പള്ളിമല ,,
   7. കുറ്റൂർ ശാസ്താംനട ,,
   8. കടവും പാറ ,,
   9. വള്ളം കുളം ,,
   10. തിരുവാനപുരം ,,
   11. വെസ്റ്റോതറ ,,
   12. കല്ലേമണ്ണിൽ ,,
   13. ആൽത്തറ ,,
   14. കൊച്ചുപാലം ,,
   15. തൈമറവുങ്കര ,,
7. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിവർഷം അടയ്ക്കുന്ന തുക : 62736 . 00

## വൈദ്യുതി

കുറ്റൂർ ഗ്രാമപഞ്ചായത്ത് തികച്ചും നാട്ടിൻപുറമാണ്. തിരുവല്ലാ പട്ടണത്തോട് സമീപിച്ചു കിടക്കുന്നു. ഇത് ഒരു വ്യാവസായിക മേഖല അല്ല. അറുപതുവർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ച 66000 KV ലൈൻ തുടർന്ന് 11KV ലൈൻ എന്നിവ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നതായി കാണാൻ കഴിയും. എന്നാൽ 1950 നു ശേഷം മാത്രമാണ് ഈ പ്രദേശത്തെ വിവിധ ഭാഗങ്ങളിൽ വൈദ്യുതി എത്തിച്ചേർന്നത്. ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തികളിൽ ഒന്നായ വൈദ്യുതി എത്തിച്ചേരാത്തഭാഗങ്ങൾ ഇന്നും ഉണ്ട്. നാലായിരത്തിൽപരം ഉപഭോക്തക്കൾ ഇന്നുണ്ട്. ദീർഘകാലമായി K.S.E.B. യുടെ ഒരു ആഫീസ് ഈ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിനും ശ്രമിച്ചു ഒരു സെക്ഷൻ-സബ് എൻജിനീയർ ആഫീസ് എന്നിവ ലഭിക്കുമെന്നു വിശ്വസിച്ചു. എന്നാൽ 1954 -ൽ പടിഞ്ഞാറ്റോതറയിൽ കെ. എസ്. ഈ. ബി.യുടെ സെക്ഷൻ ആരംഭിച്ചു. അതുപ്രയോജനപ്രദമാണ്. കല്ലിശ്ശേി കെ. എസ്. ഈ. ബി. ആഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്നതാണ്. ഉപഭോക്താക്കൾക്ക് കറന്റ് ചാർജ് അടയ്ക്കുന്നതിന് സൗകര്യമാണ്. എന്നാൽ ഒമ്പാതാം വാർഡായ വെൺപാല തിരുവല്ലാ സെക്ഷന്റെ പരിധിയിലാണ്.

ഉപഭോക്താക്കളിൽ 80% വും ഗാർഹീക ഉപഭോക്താക്കളാണ്. ബാക്കിയുള്ളവർ കാർഷിക, വ്യാവസായിക, വ്യാപാര ഉപഭോക്താക്കളാണ്. കണക്കനുസരിച്ച് ഇവിടെ ട്രാൻസ്ഫോർമറുകൾ നിലവിലുണ്ട്. അവയെല്ലാം തന്നെ അധികഭാരം വഹിക്കുന്നവയാണ്. കൂടുതൽ ട്രാൻസ്ഫോർമുകൾ സ്ഥാപിച്ച് വോൾട്ടേജു ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടിയിരിക്കുന്നു. ഉപഭോക്താക്കൾ എല്ലാം തന്നെ

ലൊ വോൾട്ടേജിനെക്കുറിച്ചു പരാതി ഉള്ളവരാണ്. അതിനുപരിഹാരം കാണണം. കൂടാതെ ഇപ്പോഴത്തെ കറൻറ് കട്ടും സാധാരണക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. അതിന് ശാശ്വതപരിഹാരം കണ്ടെത്തുന്നതിന് ഗവൺമെൻറ് തലത്തിൽ പരിശ്രമം ഉണ്ടാകണം. ട്രാൻസ്ഫോമറുകളെ എണ്ണം താഴെകൊടുത്തിരിക്കുന്നു. പഞ്ചായത്തു പ്രദേശത്ത് 11 K.V. ലൈനുകളും സിംഗിൾ ഫേസ് ലൈനുകളും ത്രിഫേസ് ലൈനുകളും നിലവിലുണ്ട്. കൂടുതൽ ലൈനുകൾ നീട്ടി തെരുവുവിളക്കുകൾ സ്ഥാപിക്കുക എന്നത് എല്ലാഗ്രാമസഭകളിലും പൊതുവേ ആവശ്യപ്പെട്ടിട്ടുള്ള ഒരു വസ്തുതയാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും വൈദ്യുതി എത്തിയിട്ടില്ല.
2. കുറ്റൂർ പഞ്ചായത്തിൽ കെ. എസ്. ഈ. ബി. ഒരു സബ് എൻജിയർ സ്ഥാപിച്ചെങ്കിൽ മാത്രമെ ഉപഭോക്താക്കളുടെ പ്രയാസങ്ങൾ പരിഹരിമാവു.
3. ഇലക്ട്രി ലൈനുകളും അവയിൽ സ്ഥാപിച്ചിരിക്കുന്ന വഴിവിളക്കുകളും കൂടുതൽ ശ്രദ്ധിക്കുന്നതിൽ അധികൃതർ ശ്രമിക്കണം.
4. ദുർബല വിഭാഗത്തിൽപ്പെട്ടവർക്കെല്ലാം വൈദ്യുതി എത്തിക്കണം - പട്ടികജാതി കോളനികൾ ഉൾപ്പടെ.
5. തെരുവുവിളക്കുകളുടെ എണ്ണം വർദ്ധിപ്പിക്കണം.
6. വ്യവസായ ശാലകൾക്കെല്ലാം തന്നെ സ്വന്തമായി ട്രാൻസ്ഫോർമർ ഉണ്ടായിരിക്കണം.

## നിർദ്ദേശങ്ങൾ

ചിലയിടങ്ങളിലുള്ള അമിതമായ വൈദ്യുതി ഉപയോഗം കാരണമാണ് വോൾട്ടേജ് ക്ഷാംമം ഉണ്ടാവുക. പ്രേഷണ-വിതരണ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയുണ്ടാകണം. കെ. എസ്. ഈ. ബി. ഉദ്യോഗസ്ഥൻമാരുടെ ആത്മാർത്ഥമായ സഹകരണവും സഹായവും ഉണ്ടാകുന്ന പക്ഷം പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകും.

### *വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു*

നിലവിലുള്ള ലൈനുകൾ എന്നിയുടേയും കൂടുതലായി ആവശ്യമുള്ള ലൈനുകളുടെയും മറ്റും വിവരങ്ങൾ രണ്ടാം പട്ടികയായിചേർത്തിരിക്കുന്നു.

## വാർഡ് -i

*നിലവിലു ള്ള ലൈനുകൾ*

1. മുള്ളിപ്പാറ മലനടയിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോമർ ചാർജ്ജു ചെയ്തു അനേകവർഷങ്ങളായി ഈ ദേശവാസികൾക്കുള്ള വൈദ്യുതിക്ഷാമം പരിഹരിക്കുക.
2. കല്ലൂർകുളം കവലയിൽ അനുവദിച്ചിട്ടുള്ള ട്രാൻസ് ഫോമർ എത്രയും വേഗം സ്ഥാപിക്കുക.
3. പുന്നവേലി പട്ടികജാതി കോളനിക്ക് അനുവദിച്ചിട്ടുള്ള ട്രാൻസ്ഫോമർ സ്ഥാപിച്ച് വൈദ്യുതിക്ഷാമം പരിഹരിക്കുക.
4. സ്ട്രീറ്റ് ലൈറ്റ് നിലവിലുള്ള റോഡുകളിൽ ബൾബുകൾ ഫ്യൂസായാൽ പഞ്ചായത്തിൽ നിന്നും ബൾബുകൾ വാങ്ങിക്കൊടുത്ത് വഴിവിളക്ക് മുടങ്ങാതെ പ്രകാശിപ്പിക്കുക.

### *താഴെപ്പറയുന്ന സ്ഥലങ്ങളിൽ രാത്രി മുഴുവൻ പ്രകാശം ലഭിക്കുന്നതിന് ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.*

1. കുന്നത്തറ കവല
2. ചിറപ്പുറത്തുപടി
3. ബ്രദറൺപള്ളിയുടെ കിഴക്കേ കവല
4. മട്ടയ്ക്കൽപടി
5. കാഞ്ഞിരത്താം മോടി ശ്മശാന ഭാഗത്തെ റോഡിൽ
6. കാഞ്ഞിരത്താം മോടി പഞ്ചായത്തു കിണറിനു ടുത്ത്.
7. കല്ലൂർകുളം കവല
8. കൂടത്തുംപാറകവല
9. തച്ചമല ജംഗ്ഷൻ (ആഞ്ഞിലിമൂട്ടിൽ പടി)
10. പുന്നവേലികൊടും വളവ്
11. തൈപറമ്പിൽ റ്റി. എം. തോമസിൻെറ വീടിൻേറ വടക്കേ കവല.
12. മുള്ളിപ്പാറ ഒന്നാം ലക്ഷം വീട് കോളനി കവല.
13. മുള്ളിപ്പാറ മലനട
14. എ. എം. എം. എച്ച്. എസിന് തൊട്ടു കിഴക്കുവശം.
15. ചൂരയ്ക്കൽ പടി

16. ശാരോൻ പള്ളിക്കവല
17. എസ്. എൻ. ഡി. പി. പടി വാഴയിൽ പടിക്കൽ കവല.

### റോഡിൽ നിലവിലു ള്ള പോസ്റ്റിൽ ലൈറ്റിടുക

1. കുന്നത്തറ-കല്ലൂർകുളം റോഡിൽ - 4
2. ചിറപ്പുറത്തുപടി- മട്ടയ്ക്കൽപടി റോഡിൽ - 7
3. ബ്രദറൺ പള്ളി-തോട്ടത്തിൽ വീട്ടിൽപടി റോഡ് - 5

### പോസ്റ്റ് ഇല്ലാത്ത ഭാഗത്ത് പോസ്റ്റ് ഇട്ട് ലൈൻ വലിക്കുക.

4. ആഞ്ഞിലിമൂട്ടിൽ പടി- ചെമ്പിൽ റോഡ് - 6
5. മലയിൽ പടി -മതിയൻചിറ-കുളങ്ങര നടപ്പാലം (പോസ്റ്റില്ലാത്ത ഭാഗത്ത് പോസ്റ്റിട്ടു ലൈൻ വലിക്കണം)
6. കൈച്ചിറ-മതിയഞ്ചിറ റോഡിൽ
7. എ. എം. എം. എച്ച്. എസ്. തച്ചമല റോഡ് - 4
8. എ. എം. എം. എച്ച്. എസ്. ചൂരയ്ക്കൽ റോഡ് - 5
9. തൈപ്പറമ്പിൽ പടി - മുള്ളിപ്പാറ കോളനി റോഡ് - 9 (കോളനിയിലെ നടപ്പാത ഉൾപ്പെടെ)
10. ചൂരയ്ക്കൽ കോളനി നടവഴിയിൽ പോസ്റ്റിട്ടു ലൈൻ വലിച്ചിട്ടുള്ളതിനെ തുടർന്ന് കോളനിയിലെ 8 (എട്ട്) വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കുക.
11. കല്ലൂർകുളം - കൈച്ചിറ റോഡിൽ - 6 (ലൈൻവലിച്ചത്.)

### പുതിയ ലൈൻ വലിച്ച് ലൈറ്റിടുക

1. ചെട്ടിപ്പാറ കുഞ്ഞുകുഞ്ഞിൻെറ പടിമുതൽ കിഴക്ക് തേവള്ളി ഭാഗം)
2. പാലത്തുംപാട്ട് പാപ്പച്ചൻെറ കിഴക്കുഭാഗത്ത് നടവഴി വടക്കും തെക്കും ഓരോ പോസ്റ്റും തെക്കേപോസ്റ്റിനും കിഴക്കും പടിഞ്ഞാറും ഓരോ പോസ്റ്റും ഉൾപ്പെടെ 4 പോസ്റ്റിട്ട് മൂന്നു ലൈറ്റിടുക.
3. കാഞ്ഞിരത്താം മോടി പട്ടികജാതികോളനിയിലെ അഞ്ചുവീടുകൾ വൈദ്യുതീകരിക്കുക.
4. 1-ാം വാർഡിലെ ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ വൈദ്യുതീകരിക്കുക.
5. കൂടത്തുംപാറ പാപ്പൻെറ ഭാഗവും കിഴക്ക് ദീനാമ്മ ടീച്ചറിൻെറ പടിവരെ പോസ്റ്റിട്ട് നിലവിലുള്ള ലൈൻ ബന്ധിപ്പിക്കുക.
6. മുള്ളിപ്പാറ ലക്ഷം വീട് കോളനിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് മുള്ളിപ്പാറമലനടയിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ് ഫോമറിൽ നിന്ന് വൈദ്യുതി ലഭ്യമാക്കുക.
7. പഞ്ചായത്ത് റോഡുകളിൽ, പഞ്ചായത്തിൻെറ ചിലവിൽ മീറ്റർ സ്ഥാപിക്കുന്നതിന്, മീറ്റർ റീഡിംഗ് അനുസരിച്ച് വൈദ്യുതി ചാർജ്ജ് പഞ്ചായത്തിൽ നിന്നും കൊടുക്കുന്നതിന് നടപടി സ്വീകരിക്കുക.
8. വൈദ്യുതികരിക്കാത്ത വീടുകളെ കൂട്ടമായി വൈദ്യുതീകരിക്കുന്നതിനും പഞ്ചായത്തിൻെറ ചുമതലയിൽ വൈദ്യുതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുക.

### പുതിയതായി ബൾബുകൾ സ്ഥാപിക്കേണ്ട ലൈനുകൾ

1. കുന്നത്തറ- കല്ലൂർക്കുളം റോഡ്.
2. ചിറപ്പുറത്തു മട്ടയ്ക്കൽപ്പടി റോഡ്.
3. ബ്രദറൻപള്ളി-തോട്ടത്തിൽപ്പടി.
4. ആഞ്ഞലിമൂട്ടിൽപ്പടി-ചെമ്പിൽ
5. മലയിൽപ്പടി-മതിയൻചിറ റോഡ്.
6. കൈച്ചിറ-മതിയൻചിറ റോഡ്.
7. A.M.M. ഹൈസ്കൂൾ - ചൂരയ്ക്കൽപടി റോഡ്
8. തൈപ്പറമ്പിൽ പടി- മുള്ളിപ്പാറ റോഡ്. .
9. ചൂരയ്ക്കൽ-കോളനി വരെയുള്ള വഴി.
10. കഴൂർക്കുളം-കൈച്ചിറ റോഡ്.

### പുതിയ ലൈൻ വലിച്ച് ബൾബുകൾ സ്ഥാപിക്കേണ്ടവ.

1. ചെട്ടിപ്പാറപ്പടി- മേവെള്ളിഭാഗം
2. പാലത്തും പാട്ടപടിയ്ക്കൽ തെക്കോട്ടും, വടക്കോട്ടും, കിഴക്കോട്ടും, പടിഞ്ഞാട്ടും.
3. കാഞ്ഞിരത്തും മോഡി-കോളനിഭാഗം
4. കൂടത്തുംപാറ നിന്നും കിഴക്കോട്ട്
5. മുള്ളിപ്പാറ കോളനിയിലേക്ക്.

## വാർഡ് -ii

വല്യകുന്നത്തുമോടി, കഴുപ്പുമണ്ണ്, കണിയാം പാറ എന്നീ പ്രദേശങ്ങളിൽ ഭാഗികമായിമാത്രമേ വൈദ്യുതി എത്തിയിട്ടുള്ളു. പോസ്റ്റുകൾ ഇട്ട് ലൈൻ വലിക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടുമൂലമാണ് ഇവിടെ വൈദ്യുതി എത്താത്തത്. വൈദ്യുതി വോൾട്ടേജ് തൃപ്തികരമായ അമ്പതോളം സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്. ഉള്ളവയെല്ലാം കത്തുന്നില്ല. എല്ലാപഞ്ചായത്തു റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ അനുവദിക്കണം.

പാചകത്തിന് കൂടുതലായി വിറകാണ് ഉപയോ ഗിക്കുന്നത്. മണ്ണെണ്ണയും ഗ്യാസും ഉപയോഗിക്കുന്നവർ വിരളമായുണ്ട്. പുകയില്ലാത്ത അടുപ്പുകൾ പ്രചാരത്തി ലില്ല. സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു സാമ്പത്തിക സഹായവും വേണ്ടത്ര ബോധവൽക്കരണവും ചെയ്താൽ കൂടുതൽ പ്രചരിപ്പിക്കുവാൻ കഴിയും.

### നിലവിലു ള്ള ലൈനുകൾ

1. വല്യകുന്നത്തുമോടി - കഴുപ്പുമണ്ണ് - കണിയാമ്പാറ.
2. കൊച്ചുപാലം-കല്ലേമണ്ണിൽ കടവ് ലൈൻ.
3. വെള്ളിയം വെള്ളിമോടി-ലൈൻ തിട്ടക

### പരിഹാര നിർദ്ദേശങ്ങൾ

4. വോൾട്ടേജ് കുറവ് പരിഹരിക്കാൻ പുതുതായി ഒരു ട്രാൻസ്ഫോമർ സ്ഥാപിക്കണം.
5. സ്ട്രീറ്റ് ലൈറ്റുകൾക്ക് പ്രത്യേക മീറ്റർ സംവിധാനം ഏർപ്പെടുത്തുക.
6. സ്ലാബ് സമ്പ്രദായം അവസാനിപ്പിച്ച് സ്പോട്ട് റീഡിംഗ് നടപ്പാക്കുക.
7. വല്യകുന്നത്തു മോടി-കഴുപ്പുമൺ ഭാഗം കണിയാമ്പാറക്കോളനി വെള്ളയമ്പള്ളി മോടി ഈ സ്ഥലങ്ങളിൽ ലൈൻ വലിച്ചു ലൈറ്റിടുക.

## വാർഡ് -iii

### പ്രശ്നങ്ങൾ

1. വാർഡിലെ വൈദ്യുതിവോൾട്ടേജ് തൃപ്തികര മാല്ല ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറ് മുൻഗണനപറഞ്ഞ് ഉണ്ടാകുന്നകാല താമസം കാരണം.
2. തൃക്കൈയ്യിൽ കടവ് മുതൽ കൈയ്യാലേത്ത് പടിവരെ ലൈറ്റുകൾ ആവശ്യമാണ്. ഇവിടുന്ന് കരിപള്ളം വരെ ഭാഗികമായിട്ടുണ്ട്.
3. മണ്ണാമല തുണ്ടിയിൽപടി റോഡിൽ പൂർണ്ണമായി ഇല്ല.
4. പ്രയാറ്റുകാവ് തയ്യിൽതോട് വരെയുള്ള റോഡിൽ പൂർണ്ണമായി സ്ട്രീറ്റ് ലൈറ്റില്ല.
5. തുണ്ടിയിൽപടി ചാക്കണ്ടത്തിൽ റോഡിൽ പൂർണ്ണമായി സ്ട്രീറ്റ് ലൈറ്റില്ല.
6. ഹോമിയോ ആശുപത്രി-മുണ്ടിയപ്പാട്ട് റോഡിൽ പൂർണ്ണമായി ലൈറ്റില്ല.
7. ഹോമിയോ ആശുപത്രി-മുണ്ടിയപ്പാട്ട് റോഡിൽ പൂർണ്ണമായി ലൈറ്റില്ല.
7. പ്ലാമ്മൂട്ടിൽ പടി-കൊച്ചിനാടത്തു റോഡിൽ പൂർണ്ണമായി ലൈറ്റില്ല.
8. പട്ടംതാണുപിള്ള സ്കൂൾ കല്ലൂർകുളം റോഡിൽ ലൈറ്റില്ല.

### പരിഹാര നിർദ്ദേശങ്ങൾ

1. തൃക്കയിൽ കടവുമുതൽ കയ്യാലേത്തുപടി റോഡിൽ പോസ്റ്റുകൾ ഇട്ട് കൂടുതൽ ലൈറ്റുകൾ സ്ഥാപിക്കുക.
2. തുണ്ടിയിൽപ്പടി - ചാക്കണ്ടത്തിൽപ്പടി റോഡിൽ തെരുവു വിളക്കുകൾ ആവശ്യമാണ്.
3. ഹോമിയോ ആശുപത്രിപ്പടി-മുണ്ടിയപ്പാട് റോഡിൽ വഴിവിളക്കുകൾ ആവശ്യമാണ്.
4. പ്ലാംമൂട്ടിൽപ്പടി- കൊച്ചനാടത്തുപടി റോഡിൽ ലൈറ്റുകൾ സ്ഥാപിക്കണം.
5. പി.റ്റി. എം. സ്കൂൾപടി- കല്ലൂർക്കുളം വരെ ലൈറ്റുകൾ സ്ഥാപിക്കുക.

## വാർഡ് -iv

1. എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കുക.
2. തോമ്പിത്തറ ഭാഗത്ത് സ്ട്രീറ്റ് ലൈറ്റ് ഇടുക. 15 വീടുകൾ ഉള്ളതിൽ ഒരു വീടിനുപോലും ലൈറ്റ് കണക്ഷൻ ഇതുവരെ കിട്ടിയിട്ടില്ല. ലൈറ്റ് കണ്ക്ഷൻ എടുക്കാൻ പോസ്റ്റ് മതി
3. പൂവത്തിൽ തറ-നെടുന്തറഭാഗത്ത് ലൈൻ വലിക്കുക; സ്ട്രീറ്റ് ലൈറ്റ് അനുവദിക്കുക, ഹൗസ് കണക്ഷൻ അനുവദിക്കുക.

3 കടവിൽപ്പടി പള്ളം മുതൽ പടിഞ്ഞാറ് റെയിൽവേ ലൈൻ വരെ സ്ട്രീറ്റ് ലൈറ്റ് അനുവദിക്കുക. ഇവിടെ 23 വീടുകൾ ഉണ്ട്, പോസ്റ്റ് വേണ്ട.

4 സ്ട്രീറ്റ് ലൈറ്റ് 4-ാം വാർഡ് മുഴുവൻ സ്ഥാപിക്കുക. പഴയത് കണക്ഷൻ മെയിൻറൻസ് ചെയ്തു കത്തിക്കുക.

5 ചിറ്റക്കാട്ട് സെറ്റിൽമെൻറ്കോളനി ഉൾപ്പടെ മറ്റ് പ്രധാനപ്പെട്ട മൂന്നുകോളനികൾകൂടി ഇലക്ട്രിക്ചെയ്യുക.

6 ചിറ്റക്കാട്ട് മുതൽ തടവഴത്തിപ്പടി, മാമ്മൂട്ടിപ്പടിവരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

7 $1^1/_2$ പോയിൻറ് പൂർത്തിയാക്കുക.

8 വൈദ്യുതി വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കുരിശിൻെറ അടുത്ത് ട്രാൻസ്ഫോമർ സ്ഥാപിക്കുക.

9 നാലാംവാർഡിൽ വൈദ്യുതി എത്താത്ത സ്ഥലത്ത് ഉടൻ വൈദ്യുതി എത്തിക്കുക.

10 പവർ കട്ട് അവസാനിപ്പിക്കുക.

11 പുകയില്ലാത്ത വിറകുലാഭിക്കുന്ന അടുപ്പുകൾ സൗജന്യമായി സാമ്പത്തികമായി പിന്നോക്കവസ്ഥയിൽ കഴിയുന്നവർക്കു നല്കുക.

12 പെട്രോളിയം ഗ്യാസ് ഉപയോഗിക്കുന്ന 10% വീടുകൾ മാത്രമേഉള്ളൂ.

13 ബയോഗ്യാസ് ഉപയോഗിക്കുന്ന വീടുകൾ വളരെ ചുരുക്കം

14 പ്രധാന ഇന്ധനം ഇപ്പോഴും വിറകാണ്.

15 മണ്ണെണ്ണ 7 ലിറ്റർ വീതം ഇലക്ട്രിക് കണക്ഷൻ ഇല്ലാത്തവർക്ക് അനുവദിക്കുക.

## വാർഡ് -V

1. ഞാടിയ്ക്കൽപ്പടി-മണലിൽപ്പടി റോഡിലെ ലൈനിൽ നിന്നും ചോഴിയംപാറ-കോളനിഭാഗത്തേക്കും-കൊച്ചുതോണ്ടരമല ഭാഗത്തേക്കും ലൈനുകൾ സ്ഥാപിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുക.
2. ചോഴിയം പാറയിൽ 9 വീടുകൾ വൈദ്യുതികരിച്ചിട്ടില്ല. അതിൻെറ 6 പോസ്റ്റുകളും ഇട്ട് ഉടൻ തന്നെ വൈദ്യുതി നൽകണം.
3. ട്യൂബ് ലൈറ്റുകളും മറ്റുംവിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക.
3. വഴിവിളക്കുകൾ കത്തുന്നില്ല. വേൾട്ടേജ് തീരെ ഇല്ല.
4. പുകയില്ലാത്ത അടുപ്പുകൾ, നാലോ അഞ്ചോവീടുകളിൽ മാത്രമുണ്ട്. മുഖ്യ ഇന്ധനം വിറക് തന്നെ.

## വാർഡ് -vi

# പരിഹാര നിർദ്ദേശം

1. തെങ്ങേലി, കുറ്റൂർ ട്രാൻസ് ഫോമറുകളിൽ നിന്നുമുള്ള ഇലക്ട്രിക് ലൈനുകൾ വന്നുചേരുന്ന ഭാഗമായ തെങ്ങേലി റോഡിൽ കുത്തപ്പളിൽ ഭാഗങ്ങളിൽ വോൾട്ടേജു വളരെ കുറവായതിനാൽ പുതുതായി 3 ഫെയിസ് ഡ്യൂപ്ലിക്കേറ്റു ഫീഡർ വച്ച് വോൾട്ടേജ് കമ്മി പരിഹരിക്കുക.
2. അതുപോലെ തന്നെ തെങ്ങേലി ലക്ഷം വീടു കോളനി ഭാഗത്തേയും വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുക.
3. കണ്ടത്തിൽപ്പടിമുക്കാഞ്ഞിരത്തു പടി റോഡിലും കരിങ്ങാടിപ്പടി പ്ലാമ്പറമ്പു റോഡിലും ഇല: ലൈൻ വലിച്ച് (150 മീറ്ററും 320 മീറ്റും വീതം) പത്തു വഴി വിളക്കുകളും ആറു വഴിവിളക്കുകളും വീതം സ്ഥാപിക്കുക.
4. വടക്കേതിൽപ്പടി മുതൽ വരിക്കോലിൽപ്പടി; കൊച്ചുപുരയ്ക്കൽ കടവുറോഡുകളിലും, കറത്താലിൽപ്പടി പുത്തുരേത്തു ക്ഷേത്രം റോഡിലും ഇടത്തപ്പെടി മങ്ങാട്ടുശ്ശേരി ഭാഗം റോഡിലും ആവശ്യത്തിനു വഴിവിളക്കുകൾ സ്ഥാപിക്കുക.
5. കുറ്റൂർ പ്രൈമറി ഹെൽത്ത് സെൻറർ, തോട്ടുങ്കൽപ്പടി, വള്ളവും കാലാപ്പടി എന്നിവിടങ്ങളിൽ ട്യൂബ് ലൈറ്റുകൾ ആക്കുക.
6. ഇലക്ട്രിസിറ്റി ബിൽ കളക്ഷൻ സെൻറർ കുറ്റൂർ പഞ്ചായത്താഫീസിൽ തുടങ്ങുന്നതിനു നടപടി സ്വീകരിക്കുക.
7. കരിങ്ങാട്ടിൽപടി, പ്ലാമ്പറമ്പുപടി റോഡിൽ പുരയിടങ്ങളിൽക്കിടക്കുന്ന പോസ്റ്റുകൾ റോഡിലേയ്ക്ക് മാറ്റിയിട്ട് ബാക്കിവേണ്ട പോസ്റ്റുകൾ കൂടി ഇട്ട് ലൈറ്റ് കത്തിക്കുക.
8. കളരിക്കണ്ടത്തിൽ പള്ളം (കളരിക്കണ്ടത്തിൽ വീടിനു) പടിഞ്ഞാറ് കനാലിനടുക്കലായി താമസിക്കുന്ന പട്ടികജാതിക്കാരായ 3 വീട്ടുകാർക്ക് കനാൽപുറമ്പോക്കിൽ കൂടി പുലിക്കുഴിഭാഗത്തുനിന്നും ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുക.

9. കളരിക്കണ്ടത്തിൽ വീടിന് എതിർവശത്ത് പി. ഡബ്ല്യു. ഡി. റോഡിനോട് ചേർന്നുള്ള തോട് റോഡിന്റെ സൈഡ് വീതികൂട്ടി (കൽക്കെട്ട് തോട്ടിലേയ്ക്കു ഇറക്കിക്കെട്ടി) അപകടംഒഴിവാക്കുക അവിടെ നിന്നും ആറ്റിലേയ്ക്കു പറുമ്പോക്കു ഭൂമിയിൽകൂടി ഒരു വഴിശരിയാക്കി ലൈറ്റിട്ട് ഒരു കുളിക്കടവ് കെട്ടുക. മണിമലയാറ്റിന്റെ തീരത്തു 6-ാം വാർഡിൽ സ്ത്രീകൾക്ക് സൗകര്യമായി കുളിക്കുവാൻ ഒരൊറ്റകടവു പോലുമില്ല.

10. കുറ്റൂർ പഞ്ചായത്ത് ജംഗ്ഷൻ, കുറ്റൂർ മാർക്കറ്റ്, കുറ്റൂർ ഹൈസ്കൂൾ ജംഗ്ഷൻ, മാമ്മൂട്ടിൽ പടി ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക. തോണ്ടറ പാലം മുതൽ, ആറാട്ടുകടവ് ജംഗ്ഷൻവരെയുള്ള എം. സി. റോഡിലെ എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലും ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

11. കുറ്റൂർ വള്ളംകുളം റോഡിൽ വാഴിയിൽ പടിയിൽ മണിമന്ദിരം ജംഗ്ഷൻ, അമ്മായിമുക്ക്, എന്നീ സ്ഥലങ്ങളിലും, കുറ്റൂർ തെങ്ങേലി റോഡിൽ ആദ്യത്തെ കലുങ്ക് (കമലാലയത്തിൽ പടി) നോട് ചേർന്ന പോസ്റ്റിലും, കരിങ്ങാട്ടിൽ പടി, മുക്കാഞ്ഞിരത്തു പടി, ഇടത്തറപടി, സഞ്ചായകടവ്, തെങ്ങേലി ജംഗ്ഷൻ, കോളനി പടി, കോളനിയ്ക്കകം എന്നീ സ്ഥലങ്ങളിലും, കുറ്റൂർ ഹൈസ്കൂൾ ജംഗ്ഷൻ, കുറ്റൂർ ക്ഷേത്രം റോഡിൽ ഹെൽത്ത് സെന്റർ ജംഗ്ഷനിലും ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

12. വിറകാണ്. മുഖ്യ ഇന്ധനം.

13. പുകയില്ലാത്തതും, വിറകുലാഭിക്കുന്നതുമായ അടുപ്പുകൾ വളരെ കുറച്ചേ ഉള്ളു. വ്യാപകമായി പ്രചരിപ്പിക്കാൻ ബോധവൽക്കരണം നടത്തണം.

14. സാമ്പത്തികമായിപിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായികണക്ഷൻ കൊടുക്കുവാൻ ശ്രമങ്ങളുണ്ടാവണം.

15. കുറ്റൂർ-തെങ്ങേലി റോഡിലെ വഴിവിളക്കുകൾ കൂത്തപ്പള്ളി ഭാഗത്ത് ഒരു ട്രാൻസ്ഫോമർ സ്ഥാപിക്കണം.

16. ലക്ഷം വീട് കോളനിയിൽ വേൾട്ടേജു കുറവിന് ആവശ്യമായ ട്രാൻസ്പോമർ സ്ഥാപിക്കുക.

17. കണ്ടത്തിൽപ്പടി-മുക്കാഞ്ഞിരത്തുകടവ്കരിങ്ങാട്ടിൽപ്പടി-പ്ലാമ്പറമ്പിൽപ്പടി-റോഡുകളിൽ പുതിയ ലൈനുകൾ ഇട്ട് തെരുവുവിളക്കുകൾ സ്ഥാപിക്കുക.

18. വടക്കേതിൽപ്പടി- വരിക്കേലിൽപ്പടി- വടക്കേതിൽപ്പടി- പടിഞ്ഞാറു മണിമലയാറുവരെ, കറത്താലിൻപ്പടി-മഞ്ഞാട്ടുശ്ശേരിപ്പടി ഭാഗങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.

19. കുറ്റൂർ പ്രൈമറി ഹെൽത്ത് സെന്റർ പടി, തോട്ടുങ്കൽപ്പടി- വള്ളോവൻ കാലാപ്പടി ഇവിടെങ്ങളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

## വാർഡ് -vii

## പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമം രൂക്ഷം
2. ആകെ 50 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്. ഒന്നും കത്തുന്നില്ല.
3. പനമൂട്ടിപടി മുതൽ പട്ടടപടിവരെയുള്ള പ്രദേശത്തും പഴൂർപടി നന്നാട്- പള്ളമല, കരുമണ്ടിപടിവരെയുള്ള പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.
4. തലയാർ ലക്ഷം വീട് കോളനി വൈദ്യുതീകരിക്കണം.
5. പുകയില്ലാത്ത അടുപ്പുകൾ പ്രചാരത്തിലില്ല. മിക്ക വീടുകളിലും വിറകാണ് മുഖ്യമായി ഉപയോഗിക്കുന്നത്. 150 വീടുകൾക്ക് സൗജന്യ നിരക്കിൽ പുകയില്ലാത്ത അടുപ്പുകൾ നല്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

## പരിഹാര നിർദ്ദേശങ്ങൾ

1. വേൾട്ടേജുക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ കേന്ദ്രങ്ങളിൽ ട്രാൻസഫോമർ സ്ഥാപിക്കുക.
2. എഴുകടവിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുക.

## വാർഡ് -Viii

## പ്രശ്നങ്ങൾ

1. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം മിക്കയിടങ്ങളിലുംവൈദ്യുതിഎത്തിയിട്ടില്ല.
2. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
3. ആകെ 50 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്. മിക്കതും കത്താറില്ല.
4. കുന്നാടിപടി, കോളഭാഗം പടി, തിരുവഞ്ചേരിൽ പടി, തെക്കേടത്ത് പടി, പനച്ചമൂട്ടിൽ കടവ്, കോങ്കര മാലി കോളനി, പനച്ചമൂട്ടിൽ കടവ്, ബാലവാടി റോഡ് എന്നിവിടങ്ങളിൽ ഉടൻ വൈദ്യുതി എത്തിക്കുക.

5. മിക്ക വീടുകളിലും വറിക് അടുപ്പാണ്. ബയോഗ്യാസ് ഉപയോഗിക്കുന്ന വീടുകൾ ഒന്നും തന്നെയില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1. തെങ്ങേലി-അച്ചൻകാളി ജംഗ്ഷൻ- പനച്ചിമൂട്ടിൽ കടവ് റോഡിൽ ലൈറ്റുകൾ സ്ഥാപിക്കുക.
2. പൂക്കോയിക്കൽ-പനച്ചിമൂട്ടിൽ കടവ് റോഡിൽ ആവശ്യമായ വഴിവിളക്കുകൾ സ്ഥാപിക്കുക.
3. തെങ്ങേലി മുണ്ടടിച്ചിറ റോഡിൽ കൂടുതൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
4. തെങ്ങേലി ഇരട്ടിച്ചിറ റോഡ്, പൂക്കോയിക്കൽപ്പടി-പനച്ചമൂട്ടിൽ കടവ്- പനച്ചമൂട്-പുതുവൽ റോഡ്, കുന്നാടിപ്പടി-കോളഭാഗം റോഡ്, തിരുവഞ്ചേരിപ്പടി-തെക്കേടത്തുപടി റോഡ്, ഏറ്റുകടവ്= കാടാംചിറ റോഡ്എന്നി റോഡുകളിൽ ആവശ്യമായ വഴിവിളക്കുകൾ സ്ഥാപിക്കണം.

### വാർഡ് -ix

## പരിഹാര നിർദ്ദേശങ്ങൾ

1. പള്ളിപ്പുറം പട്ടികജാതി കോളനി മുഴുവൻ വൈദ്യുതികരിക്കാൻ ആവശ്യമായ ലൈൻ നിർമ്മിക്കുക (ഉദ്ദേശം 3 പോസ്റ്റ്)
2. പാലത്തിട്ട ചാലു വേലിപ്പള്ളം വഴിയിൽ ഉദ്ദേശം രണ്ടു പോസ്റ്റുകൾ കൂടി സ്ഥാപിച്ച് ലൈൻ നീട്ടുക.
3. കരുവേലിപ്പടി കാക്കനാട്ടു തെക്കേതിൽ വരെയുള്ള വഴിയിൽ ഉദ്ദേശം 3 പോസ്റ്റുകൾ സ്ഥാപിച്ച് ലൈൻ നീട്ടുക.
4. തൃക്കയ്യിൽപടി-സെൻറമേരീസ് പള്ളി-വരിക്കോലിൽ പടി- നല്ലൂത്താനം-മൈലമൂട് വരെയുള്ള റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
5. അരപ്പറമ്പ്- മന്ത്രയിൽ പടി വരെയുള്ള വഴിയിൽ ഉദ്ദേശം നാലു പോസ്റ്റുകൾ സ്ഥാപിച്ച് ലൈൻ നീട്ടുക.
6. കോളഭാഗം ജംഗ്ഷൻ, തോട്ടുപുറത്തുക്കടവ്, തൃക്കയ്യിൽ ക്ഷേത്രം ജംഗ്ഷൻ സെൻറ് ജോർജ്ജ് പള്ളിപ്പടി കദളിമംഗലം ക്ഷേത്രപ്പടി സെൻറ് മേരീസ് പള്ളപ്പടി അമ്മന്തറപ്പടി, നല്ലൂത്താനത്ത് ക്ഷേത്രം ജംഗ്ഷൻ പനച്ചമൂട്ടിൽ കൂടവ്, മൈലമൂട് ജംഗ്ഷൻ എന്നിവിടങ്ങളിൽ ട്യൂബ് ലൈറ്റ് സ്ഥാപിച്ച് കിട്ടുന്നതിന് നടപടിസ്വീകരിക്കുക.
7. വടക്കേപ്പടി മുതൽ കാക്കനാട്പടി വരെ ലൈൻ വലിക്കുക.
8. കണിയാന്തറ പടിമുതൽ കണ്ടത്തിപ്പറമ്പ് ഭാഗത്തേക്ക് 4 പോസ്റ്റ് ഇടുക.
9. പേരങ്ങാട്ട് പടിമുതൽ തെക്കോട്ട് കിഴക്കേതിൽ പടിവരെ 8 ലൈറ്റ് സ്ഥാപിക്കുക.
10. കോളഭാഗം നല്ലൂത്താനം 8 ലൈറ്റ്
11. കോളഭാഗം കുഴിപ്പടിറോഡിൽ 8 ലൈറ്റ്.
12. വിറക്, മണ്ണെണ്ണ, ഗ്യാസ്എന്നിവ ഉപയോഗിക്കുന്നു.
13. പുകയില്ലാത്തതുവിറകുലാഭമുള്ളതുമായ അടുപ്പുകൾ പ്രചാരത്തിലുണ്ട് (25 വീടുകൾ ഉദ്ദേശം)
14. വ്യാപകമായി പ്രചരിപ്പിക്കുവാൻ ബോധവത്ക്കരണപരിപാടി ആവശ്യമാണ്.

# ബയോഗ്യാസ് പ്ലാൻറ്

ആവശ്യക്കാർക്ക് സൗജന്യനിരക്കിൽ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ചു കൊടുക്കുന്നതിന് നടപടിസ്വീകരിക്കുക. ഗ്രാമത്തിൽ ബയോഗ്യാസ് പ്ലാൻറിൻെറ ട്രെയിനിംഗ് രണ്ടുപേർക്ക് കൊടുക്കുക.

# മാർക്കറ്റ്

പഞ്ചായത്ത് അതിർത്തിയിൽ കുറ്റൂർ ചന്ത മാത്രമേയുള്ളൂ. തിരുവല്ല, ചെങ്ങന്നൂർ ചന്തകളെ അപേക്ഷിച്ച് ചെറിയ ചന്തയാണ്. ഇവിടെ പഞ്ചായത്തു ജംഗ്ഷനിൽ പ്രവർത്തിക്കുന്നത് കൂടുതലും കാർഷികോല്പന്നങ്ങൾ ആണ് വിറ്റഴിയുന്നത്. കാർഷിക മേഖലയായ ഈ പ്രദേശങ്ങളിൽ നിന്നും മരച്ചീനി, പച്ചക്കറികൾ, ഏത്തവാഴക്കുല മറ്റിനം വാഴക്കുലകൾ തുടങ്ങിയവയും വിപണന സൗകര്യമുണ്ട്. മാർക്കറ്റിലെ കരംപിരിക്കുന്ന അവകാശം എല്ലാവർഷവും ലേലം ചെയ്തു കൊടുക്കുന്നുണ്ട്. കഴിഞ്ഞവർഷം /- രൂപ ലേല ഇനത്തിൽ ലഭിച്ചിട്ടുണ്ട്. പ്രധാനമായി ആഴ്ചയിൽ ചൊവ്വാഴ്ച-വെള്ളിയാഴ്ച എന്നീ ദിവസങ്ങളിൽ ആണ് കൂടുതൽ വിപണനം നടക്കുന്നത്- ദിവസവും കച്ചവടം നടത്തുന്ന സ്റ്റാളുകളും ഇപ്പോൾ ഉണ്ട്. കുറ്റൂർ മാർക്കറ്റിൽ സ്ഥലസൗകര്യം ഒട്ടം തന്നെയില്ല. വളരെ കുറച്ചുസ്ഥലം മാത്രമെയുള്ളൂ. പഞ്ചായത്തിൽ നിന്നും കൂടുതൽ സ്റ്റാളുകൾ പണിഞ്ഞാൽ ലേലം ചെയ്തുകൊടുത്ത് വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

ഉപഭോക്താക്കൾക്കു എക്കാലത്തും ഉല്പനങ്ങൾ മിതമായി ലഭിക്കുന്നില്ല. ഇടനിലക്കാരായ കച്ചവടക്കാരാണ് അമിതലാഭം ഉണ്ടാക്കുന്നത്. കൃഷിക്കാരിൽ നിന്നും ഉല്പനങ്ങൾ ശേഖരിച്ചു അമിതലാഭം ഉണ്ടാക്കുന്ന കച്ചവടക്കാർ അധികമുണ്ട്. വിൽക്കാനുള്ള വസ്തുക്കളുടെ വില രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചാൽ നന്നായിരിക്കും.

പഞ്ചായത്തിലെ കിഴക്കൻ മേഖലയായ ഒന്ന്, രണ്ട് വാർഡുകളെ ഉദ്ദേശിച്ചു സൗകര്യപ്രദമായ സ്ഥലം കണ്ടുപിടിച്ച് ഒരു ചന്ത സ്ഥാപിക്കുന്നതിൽ ശ്രദ്ധിക്കണം എന്ന് ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ പഞ്ചായത്തിലെ കാർഷികോല്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

## വാർഡ് -ii

ഈ വാർഡിൽ പൊതുമാർക്കറ്റില്ല. ആഴ്ചച്ചന്തകളും ഇല്ല. ഒരു അന്തിച്ചന്തയെങ്കിലും ഉണ്ടാകേണ്ടതാവശ്യമാണ്.

## വാർഡ് -iii

***മാർക്കറ്റുകൾ ഇല്ല. മാർക്കറ്റ് ആവശ്യമാണ്.***

ആഴ്ച ചന്തയില്ല. കൈച്ചിറ ജംഗ്ഷനിൽ ആഴ്ചച്ചന്തയ്ക്കും, അന്തിച്ചന്തയ്ക്കും സാദ്ധ്യതയുണ്ട്. പാചകത്തിന് വിറക് കൂടുതലായി ഉപയോഗിക്കുന്നു. പുകയില്ലാത്ത അടുപ്പുകൾ സബ്സിഡി. നിരക്കിൽ കൊടുത്താൽ ആവശ്യക്കാർ ധാരാളമുണ്ട്.

## വാർഡ് -iv

കുറ്റൂർ സെൻറ് മേരീസ് പള്ളിക്കു സമീപം അന്തിച്ചന്തസ്ഥാപിക്കുക. 4-ാം വാർഡ് പ്രദേശത്ത്, പച്ചക്കറി മറ്റു സാദ്ധ്യതയുള്ള കാർഷികോൽപ്പ ന്നങ്ങൾ വിറ്റഴിക്കാൻ സൗകര്യം ഉണ്ടാക്കുക.

***1.12. മാർക്കറ്റുകളെ സംബന്ധിച്ച വിവരങ്ങൾ** Ref. AVII.*

| ചന്തകൾ (എണ്ണം) | | | വണ്ടിത്താവളങ്ങൾ | | അറവുശാലകൾ | |
|---|---|---|---|---|---|---|
| പഞ്ചായത്തുവക | സ്വകാര്യം | ആകെവരവ് | എണ്ണം | വരുമാനം | എണ്ണം | വരുമാനം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | - | 12,080 | - | - | - | - |

# സാമൂഹ്യക്ഷേമം
# പൊതുജനാരോഗ്യം, പാർപ്പിടം

## പൊതുജനാരോഗ്യം

ആരോഗ്യപരമായ രംഗത്ത് ഈ ഗ്രാമപഞ്ചായത്ത് വളരെ പിന്നിലാണ്. രോഗം വന്നാൽ ആറും ഏഴും കിലോമീറ്റർ സഞ്ചരിച്ച് ചെങ്ങന്നൂർ, തിരുവല്ല എന്നിവടങ്ങളിലുള്ള ആശുപത്രികളെ അഭയം പ്രാപിക്കേണ്ടിയിരിക്കുന്നു.

രോഗപ്രതിരോധ നടപടികൾ വളരെ വിരളമായിട്ടേ നടക്കാറുള്ളൂ. ജനങ്ങളിൽ ഭൂരിഭാഗവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാകയാൽ പഞ്ചായത്തിൽ ചികിത്സാ സൗകര്യം ലഭ്യമല്ലാത്തതിനാൽ അകാലചരമം വരെയുംപ്രാപിക്കാറുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറൽ പ്രദേശങ്ങളിൽ പ്രത്യേകിച്ചും 6-ാം വാർഡിലുള്ള ലക്ഷംവീടുകോളനി ഏഴാം വാർഡിലുള്ള ലക്ഷംവീടുകോളനി പഞ്ചായത്തിലെ ഏറ്റവും വലിയ കോളനിയായ കോങ്കരമാലി പട്ടികജാതി സങ്കേതം, ഒൻപതാം വാർഡിലെ പള്ളിപ്പുറം പട്ടികജാതിസങ്കേതം എന്നിവിടങ്ങളിൽ വെള്ളം കെട്ടക്കിടക്കുന്നതിനാൽ, മഞ്ഞപ്പിത്തം, വയറിളക്കം മുതലായ സാംക്രമിക രോഗങ്ങൾ ഉണ്ടാവുകയും മരണത്തിനിടയാകുകയും ചെയ്യുന്നുണ്ട്. ഈ പ്രദേശങ്ങളിലെ വെള്ളക്കെട്ടുകൾ നികത്തിയും മരുന്നതളിച്ചും, പ്രതിരോധ കുത്തിവെയ്പുകൾ നടത്തിയുംപരിഹാരം കാണേണ്ടതാണ്.

കുട്ടികൾക്കുമ, അമ്മമാർക്കും പോഷകാഹാരം നൽകിയും പ്രതിരോധ മരുന്നുകൾ കൊടുത്തും ആരോഗ്യപരിപാലനം നടത്തേണ്ടതാണ്. കൂടെക്കൂടെയുള്ള ബോധവൽക്കരണപരിപാടികൾ എല്ലാവാർഡുകളിലും സ്ഥിരമായി നടത്തേണ്ടതാണ്. വർഷത്തിൽ കുറഞ്ഞ പക്ഷം നാലു പ്രാവശ്യമെങ്കിലും സഞ്ചരിക്കുന്ന ആശുപത്രിയുടെ പ്രവർത്തനം നടത്തേണ്ടതാണ്.

ഈ പഞ്ചായത്തിൽ രോഗികളെ കിടത്തിചികിത്സിപ്പിക്കുവാൻ വേണ്ട ഹെൽത്ത് സെൻറർ സ്ഥാപിക്കണെ മെന്നുള്ള ഉദ്ദേശത്തോടുകൂടി, പ്രൊ. പി.ജെ. കുര്യൻ എം. പി. യുടെ ഫണ്ടിൽ നിന്നുംഅനുവദിച്ച രണ്ടേമുക്കാൽ ലക്ഷം രൂപാ വിചനിയോഗിച്ചു കുറ്റൂർ മാതൃശിശു കേന്ദ്ര ത്തോടനുബന്ധിച്ച് നിർമ്മാണം പൂർത്തിയായിക്കൊ ണ്ടിരിക്കുന്ന കെട്ടിടത്തിൽ നിലവിലുള്ള മാതൃശിശുസംരക്ഷണ കേന്ദ്രം ഹെൽത്ത്സെൻററായി ഉയർത്തുക.

**1.11** *ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ*
*(95-96) Ref. AVI, GF.)*

| ഏതു വിഭാഗം ചികിത്സാ സംവിധാനം | ആശുപത്രി | | ഡിസ്പൻസറി | | മാതൃശിശുസംരക്ഷണ കേന്ദ്രം | | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| ഹോമിയോ | | | 1 | 1 | | | 4 + 1 |
| ആയുർവ്വേദം | | | 1 | 2 | | | 4 + 2 |
| ഇംഗ്ലീഷ് | | | | 2 | 1 | | 7+ (2+2+1) |

ഒന്നും രണ്ടും, മൂന്നും വാർഡുകൾ കേന്ദ്രീകരിച്ച് ഒരു ഹെർത്ത് സെൻറർ തുടങ്ങുക. നിലവിലുള്ള മാതൃശിശു സംരക്ഷണ കേന്ദ്രം എട്ടാം വാർഡിലേക്കു മാറ്റുക. ഒൻപതാം വാർഡിൽ ഒരു ആയൂർവേദാശുപത്രി സ്ഥാപിക്കുക.

ഏഴാം വാർഡിൽ ശിശുവിഹാറിനോടനുബന്ധിച്ച് ഒരു മാതൃശിശുസംരക്ഷണ കേന്ദ്രം സ്ഥാപിക്കുക.

ഈ പഞ്ചായത്തിൽ ഹെൽത്ത് വിസിറ്റർ മാരുടെ സേവനം നാമമാത്രമായിട്ടേ നടക്കുന്നുള്ളു. കാര്യക്ഷമമായ പ്രവർത്തനം നടക്കേണ്ടതാണ്. പൊതുസ്ഥലങ്ങളിലുള്ള ശുചീകരണ പ്രവർത്തനം കാര്യക്ഷമമാകണം. മുഴുവൻ വീടുകളിലും കക്കൂസുകൾ നിർമ്മിക്കണം. പഞ്ചായത്തിൽ നിലവിലുള്ള ആയൂർ വേദ ഡിസ്പൻസറി 25 ബെഡോഡുകൂടിയ ആശുപത്രിയാക്കി ഉയർത്തണം.

പഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ.

1. ഗവർമെൻറുടമയിലുള്ളവ.
2. ആയൂർവേദാ ഡിസ്പൻസറി, കുറ്റൂർ
2. ഹോമിയോ ഡിസ്പെൻസറി, തൈമറവുങ്കര.
3. മാതൃശിശു സംരക്ഷണകേന്ദ്രം , വാർഡ് - 6

## സ്വകാര്യ സ്ഥാപനങ്ങൾ

1. ആയൂർവ്വേദ ക്ലിനിക്കുകൾ - 5
2. അലോപ്പതി - 5
3. ദന്താശുപത്രി - 1
4. ഹോമിയോ ക്ലിനിക്ക് - 4

മെഡിക്കൽ സ്റ്റോറുകൾ - 4

*11.4. DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം.*

| വാർഡ് | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| II | Metal Crusing Unit | 1994 | 9 | Marketing Problems |
| IV | Broiler Unit | 1994 | 10 | നല്ല രീതിയിൽ പ്രവർത്തിക്കുന്നു (വിപണന ബുദ്ധിമുട്ട് ഉണ്ട്) |

**പട്ടിക -2**

*1 മുതൽ 9 വരെ വാർഡുകളിലെ വിവിധ പെൻഷനുകൾ.*

| വാർദ്ധക്യ കാലാപെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | അവശ കലാകാര പെൻഷൻ | അവശ കായികതാരപെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ പെൻഷൻ | ക്ഷയരോഗ ധനസഹായം | ക്യാൻസർ ധനസഹായം | കുഷ്ഠരോഗ |
|---|---|---|---|---|---|---|---|---|---|
| 250 | 21 | 19 | 1 | --- | 150 | 150 | 8 | 8 | --- |

# സാമൂഹ്യക്ഷേമം

സാമൂഹ്യ സാമ്പത്തികരംഗത്ത് കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ നേരിട്ടും, ഗവൺമെൻറ് രൂപം കൊടുത്തിട്ടുള്ള കോർപ്പറേഷനുകൾ മുഖാന്തിരവും സന്നദ്ധസംഘടകളുടെ സഹായം വഴിയും സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങളുടേയും പിന്നോക്കം നിൽക്കുന്ന ആളുകളുടേയും ഉയർച്ചയ്ക്കായി ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

മുഖ്യമായുംഗ്രാമവികസന വകുപ്പ് ഈരംഗത്തുമാത്രം കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതായി കാണുവാൻ കഴിയുന്നു. ഗ്രാമ വികസന വകുപ്പ് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളുകളെ കണ്ടെത്തുന്നതിനുള്ള സർവ്വേറിപ്പോർട്ട് പട്ടി 1-ൽ കൊടുത്തിരിക്കുന്നു.

വർഷങ്ങളായി വിവിധതരത്തിലുള്ള ആനുകൂല്യങ്ങൾ എല്ലാതലങ്ങളിൽ നിന്നും നൽകിയിട്ടും ഭൂരിപക്ഷമാളുകളും ഇപ്പോഴും ദാരിദ്ര്യരേഖയ്ക്കു താഴെയാണന്നു കാണുവാൻ കഴിയുന്ന-പദ്ധതിപ്രവർത്തനങ്ങൾ വേണ്ടവണ്ണം രൂപം കൊടുക്കുന്നതിനോ പ്രാവർത്തികമാക്കുന്നതിനോ, കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് ഈ പോരായ്മയ്ക്ക് കാരണം. ഗുണഭോക്താക്കൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും ധനസഹായവും, തെരഞ്ഞെടുക്കപ്പെടുന്ന ആളുകളുടെ സാമ്പത്തികമായ വളർച്ചയ്ക്ക് വേണ്ടുന്ന തുക നൽകാതെ നാമമാത്രമായി നൽകുന്നതുകൊണ്ടാണ് ലക്ഷ്യത്തിൽ എത്താൻ കഴിയാതെവരുന്നുത്.

ധനകാര്യസ്ഥാപനങ്ങളുടെ നിയമങ്ങളിലുള്ള നൂലാമാല മാറ്റിയെങ്കിലെ നേട്ടം കൈവരിക്കുവാൻ കഴിയും. ബാങ്ക് മാനേജർ മാർക്ക് വേണമെങ്കിൽ അപേക്ഷനിരാകരിക്കുവാനുള്ള അധികാരം കൊടുത്തിരിക്കുന്നു. ഉപഭോക്താക്കൾക്ക് ധനസഹായം നൽകുവാൻ ഗ്രാമപഞ്ചായത്തിൻെറ ശുപാർശപ്രകാരം നൽകുവാൻ നടപടി ഉണ്ടാകേണ്ടതാണ്.നിരാലം ബരായിട്ടുള്ള ആളുകളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് പുതിയ മാനങ്ങൾ തേടേണ്ടതായിട്ടുണ്ട്. ഗ്രാമവികസന വകുപ്പി ൻേറയും റേഷൻ കടകളുടെയും, അംഗൻവാടികളുടേയും പ്രവർത്തനങ്ങളെ പറ്റിയുള്ള പട്ടികയും ചുവടെ ചേർത്തിട്ടുണ്ട്. പട്ടിക 1-ാം നമ്പർ ഗ്രാമവികസന വകുപ്പിൻേറയും പട്ടിക 2 വിവിധ പെൻഷനുകളുടേയും പട്ടിക -3 അംഗൻവാടികളുടെയും, പട്ടിക - 4 റേഷൻകടകളേയും ഗുണഭോക്താക്കളേയും സംബന്ധിച്ച വിവരങ്ങൾ.

***11.4. DWCR** പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം.*

| വാർഡ് | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| VI & VII | പശുവളർത്തൽ | 1996 - 97 | 7 | പ്രവർത്തനം ബാങ്ക് ലോൺ കിട്ടുന്ന മുറയ്ക്ക് ആരംഭിക്കും. |
| VIII | ഇറച്ചിക്കോഴി | 1996 - 97 | 7 | ബാങ്കിൻെറ നടപടി ക്രമങ്ങൾ നടന്നു വരുന്നതേയുള്ളു. |

# പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയ പെൻഷനുകൾ കുറഞ്ഞത് 200 രൂപായെങ്കിലും ആക്കിവർദ്ധിപ്പിക്കണം.
2. നിരാലംബരായ വൃദ്ധജനങ്ങളെ പാർപ്പിക്കുവാൻ ഒരു ആതുരാലയം ഉണ്ടാകണം.
3. വികാലാംഗകരുടെ സർട്ടിഫിക്കറ്റ് ചീഫ് മെഡിക്കൽ ആഫീസർ നൽകുവാനുള്ള ക്രമീകരണം ഉണ്ടാക ണം.
4. എല്ലാതലങ്ങളിലുമുള്ള പെൻഷൻകാരെ തെരഞ്ഞെടുക്കുന്നതിനുള്ള അധീകാരം ഗ്രാമപഞ്ചായത്തിന് നൽകണം.
5. തൊഴിൽ ഇല്ലായ്മ വേതനത്തിന് അർഹതയുള്ളവരെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായ ത്തിന് നൽകണം.
6. അംഗൻവാടികൾക്കും, ജനവിദ്യാകേന്ദ്രത്തിനും സ്വന്തമായി സ്ഥലവും കെട്ടിടവും നൽകണം.
7. അംഗൻവാടി ജീവനക്കാരുടെ വേതനം കാലോചിതമായി വർദ്ധിപ്പിക്കണം.
8. ജനവിദ്യാകേന്ദ്രം കൺവീനർക്ക് ശമ്പളവും, പ്രവർത്തകർക്ക് അലവൻസും നൽകണം.
9. ജനവിദ്യാകേന്ദ്രത്തിൻെറ പ്രവർത്തനം പഞ്ചായത്തിൻെറ 9 വാർഡുകളിലും വ്യാപിപ്പിക്കണം.
10. പഞ്ചായത്തിൽ രണ്ട് മാവേലിസ്റ്റോറുകൾ അനുവദിക്കണം.
11. റേഷൻ കട ഇല്ലാത്ത 4-ാം വാർഡിൽ ഒരു റേഷൻകട അനുവദിക്കണം.
12. പൊതുവായി രണ്ടു ശ്മശാനങ്ങൾ ഉണ്ടാക്കണം.
13. പൊതു നിർമ്മാർജ്ജന പ്രവർത്തനം കാര്യക്ഷമമാക്കണം.
14. പട്ടികജാതി സങ്കേതങ്ങളിലും മറ്റു ദുർബ്ബല ജനവിഭാഗൾ താമസിക്കുന്ന കേന്ദ്രങ്ങളിലും പോഷകാഹാര വിതരണ കേന്ദ്രങ്ങൾ ഉണ്ടാകണം. അതിൻെറ ചുമതല വാർഡുമെമ്പർമാർക്കു നൽകണം.

**പട്ടിക -4**

**1 മുതൽ 9 വരെ വാർഡുകളിലെ റേഷൻ കടകളുടെയും ഉപഭോക്താക്കളുടെയും വിവരം.**

| വാർഡ് നമ്പർ | റേഷൻ കട | | ഉപഭോക്താക്കൾ |
|---|---|---|---|
| 1 | റേഷൻ കട | 1 | 350 |
| 2 | റേഷൻ കട ARD -61 | 1 | |
| | " ARD -50 | 1 | 821 |
| 3 | റേഷൻ കട | 1 | 375 |
| 4 | റേഷൻ കട | --- | --- |
| 5 | റേഷൻ കട | 1 | 500 |
| 6 | റേഷൻ കട ARD - 59 | 1 | |
| | " ARD 53 | 1 | 745 |
| 7 | " " 58 | 1 | 365 |
| 8 | റേഷൻ കട | 1 | 355 |
| 9 | റേഷൻ കട ARD 55 | 1 | |
| | " " 57 | | 621 |
| | ആകെ | 11 | 4732 |

# പാർപ്പിടം

ഭാരതം ഒരു ജനാധിപത്യ ക്ഷേമ രാഷ്ട്രമാണ്. ജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പാർപ്പിടം. നമ്മുടെ പഞ്ചായത്തിൽ ബഹുദൂരിപക്ഷവും സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ജനങ്ങളായതുകൊണ്ട് പാർപ്പിട പ്രശ്നത്തിൽ വളരെയേറ മുൻപോട്ടുവരേണ്ടതായുണ്ട്. ഗവൺമെൻറിൻെറ ഏജൻസികൾ മുഖാന്തിരം കുറെ കാര്യങ്ങൾ ചെയ്തുതീർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അനുവദിച്ചിട്ടുള്ള ഫണ്ടിൻെറ അപര്യാപ്തതയും സാധനങ്ങളുടെ വർധിച്ച വിലയും കാരണം അനുവദിച്ചിട്ടുള്ള വീടുകൾ തന്നെ പണിതീരാതെയും തീർന്നവ ആവശ്യങ്ങൾക്ക് ഉതകത്തക്കതല്ലാതെയും അവശേഷിക്കുന്നു. വിദേശപണത്തിൻെറ വരവുകൊണ്ട് ഒരു വിഭാഗം ആളുകൾക്ക് നല്ല നിലവാരത്തിലുള്ള ഭവനങ്ങൾ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ലോക സനാഥ സംഘടനയായ വേൾഡ്മിഷൻെറ പ്രവർത്തനം മൂലം തെങ്ങേലി ലക്ഷം വീടുകോളനിയിൽ പാർപ്പിട സൗകര്യം ഒരു പരിധിവരെ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

## വീടുകളുടെ തരം തിരിവ് പട്ടിക വാർഡ് തലത്തിൽ

പട്ടിക No. 1

| വാർഡ് | ഓട് | ടെറസ് | ഓല | ടെറസ്/ഓട് | ഇരുനില | കുടിൽ | ആകെ |
|---|---|---|---|---|---|---|---|
| 1 | 274 | 161 | 192 | | 16 | | 643 |
| 2 | 325 | 208 | 148 | | 20 | | 701 |
| 3 | 336 | 165 | 121 | | 11 | | 633 |
| 4 | 287 | 105 | 106 | | 13 | | 511 |
| 5 | 278 | 92 | 120 | | 8 | | 498 |
| 6 | 258 | 159 | 84 | | 52 | | 553 |
| 7 | 251 | 152 | 94 | | 6 | | 503 |
| 8 | 253 | 122 | 98 | | 5 | | 478 |
| 9 | 252 | 106 | 90 | | 6 | | 454 |
| ആകെ | 2514 | 1270 | 1053 | | 137 | | 4974 |

1950 മുതൽ പഞ്ചായത്തിൻെറ ഒൻപത് വാർഡുകളിൽ വിവിധതരം വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ഇടത്തരം വരുമാനക്കാർക്കും പാവപ്പെട്ടവർക്കും ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന നിരവധി ഗവൺമെൻറ് സ്ഥാപനങ്ങൾ ഇന്ന് നിലവിലുണ്ട്. കൂടാതെ ഭവനനിർമ്മാണ സഹകരണ സംഘം വഴിയും ബോർഡുകൾ വഴിയും വായ്പകൾ ലഭിക്കുന്നുണ്ട്. അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും നിമിത്തം വായ്പ സാധാരണക്കാരന് ലഭിക്കുന്നതിൽ ബുദ്ധിമുട്ടുണ്ട്.

ഈ പഞ്ചായത്തിൽ മൊത്തം വീടുകൾ 4475. വീടില്ലാത്തവർ 715 ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ 1121 IRDP പ്രകാരം വീട് ആവശ്യമുള്ളവർ 488വിവിധ പരിപാടികളിൽ അനുവദിച്ചിട്ടുള്ളത് 229. ഈ സർവേ പ്രകാരം ഇനി 263 വീടുകൾകൂടി അനുവദിക്കണം.

1971-7 കാലത്താണ് പഞ്ചായത്തുകളിൽ ലക്ഷംവീട് പദ്ധതി നടപ്പിലാക്കിയത്. ഇതിൻെറ ഭാഗമായി ഈ പഞ്ചായത്തിൽ വിവിധ വാർഡുകളിലായി അഞ്ച് കോളനികൾ നിലവിലുണ്ട്. രണ്ടാം വാർഡിലെ കണിയാംപാറ, നാലാം വാർഡിലെ പുനത്തിലേത്ത്, അഞ്ചാം വാർഡിലെ കയ്യാല ക്കകത്ത്, ആറാം വാർഡിലെ വല്യാറ, ഏഴാം വാർഡിലെ തലയാർ കോളനി എന്നിവയാണ് അവ. കൂടാതെ പട്ടിക ജാതി കോളനികളിൽ RLEGP, NREP, IAY, MWS, JRY എന്നീ സ്കീമുകൾ അനുസരിച്ച് വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ഭൂമിയുടെ അമിതമായ വിലക്കയറ്റം, കൂലി നിരക്കിലെ വർധനവ്, ഭവനനിർമ്മാണ സാഗ്രികളുടെ വിലക്കയറ്റം തുടങ്ങി വിവിധ കാരണങ്ങൾ കൊണ്ട് സാധാരണക്കാരന് സ്വന്തമായി ഒരു വീട് എന്ന ആശയം ആഗ്രഹമായി ശേഷിക്കുന്നു.

റവന്യൂ വകുപ്പുവഴി, പ്രകൃതി ക്ഷോഭത്താൽ വീടു നഷ്ടപ്പെട്ടവർക്ക് പുനരധിവാസത്തിനുള്ള ആനുകൂല്യം

ലഭിക്കുന്നുണ്ട്. ലഭിക്കുന്ന തുക വീടുകൾ നിർമ്മിക്കുന്നതിനോ ശരിയാക്കുന്നതിനനോ പര്യാപ്തമല്ല.

കെട്ടിട നിർമ്മാണരംഗത്ത് വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യത പരിമിതമാണ്. ആയതിനാൽ ഉണ്ടായിട്ടുള്ള കൂലി വർധനവും ഒരു പ്രശ്നമാണ്. കൂടാതെ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവും കെട്ടിട നിർമ്മാണ രംഗത്തെ ഒരു പ്രശ്നമാണ്.

## പരിഹാര നിർദ്ദേശങ്ങൾ

1. ഭവന നിർമ്മാണത്തിനു സാങ്കേതിക പരിജ്ഞാനം നൽകുന്നതിന് പഞ്ചായത്ത് ലവലിൽ ഒരു സെൻറർ സ്ഥാപിക്കുക.
2. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ നിർമ്മിക്കുന്ന ഏജൻസികൾ കൂടുതലായി ഉണ്ടാക്കുകയും ഉള്ളവർക്ക് വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുക. (ഉദാ. സിമൻറ് കട്ട നിർമ്മാണം ഹോളോ ബ്രിക്സ് തുടങ്ങിയവ)
3. കെട്ടിട നിർമ്മാണത്തിനാവശ്യമായ സിമൻറ്, കമ്പി, മുതലായവ ന്യായമായ വിലക്കു കിട്ടുന്നതിനു സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പനശാല തുടങ്ങുക.
4. സർക്കാർ നൽകുന്ന വായ്പകൾക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.
5. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വിതരണം ചെയ്യുകയും എല്ലാ ഏജൻസികളും പദ്ധതികളുടെ റിപ്പോർട്ട് കാലേകൂട്ടി ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും ചെയ്യണം.
6. ചെലവുകുറഞ്ഞ വീടുകൾ വക്കുന്നതിന് പ്രചാരണം നൽകുകയും നിർമ്മിതി കേന്ദ്രം വഴി കെട്ടിടം പണി പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.
7. സർക്കാർ നൽകുന്ന വായ്പത്തുകൾക്ക് ഏകീകൃത സ്വഭാവമുണ്ടാക്കുക.
8. ഭവന നിർമ്മാണ ഗ്രാൻറുകൾ മുപ്പതിനായിരം രൂപയായി വർദ്ധിപ്പിക്കുക.
9. രാജീവ ദശലക്ഷം പാർപ്പിട പദ്ധതിപ്രകാരം വായ്പ അനുവദിക്കുന്ന തുക 25,000-ൽ നിന്നും 50,000 ആയി വർദ്ധിപ്പിക്കുക.
10. പട്ടികജാതി വിഭാഗങ്ങൾക്കുള്ള പുനരധിവാസപദ്ധതി അനുസരിച്ച് വീടും സ്ഥലവും വാങ്ങുന്നതിന് 25000 രൂപ എന്നുള്ളത് 50,000 രൂപയായി ഉയർത്തുക.
11. ഗ്രാമ പഞ്ചായത്ത് ഏരിയായിലുള്ള പുറമ്പോക്ക് ഭൂമികൾ അളന്നുതിരിച്ച് ഭൂരഹിതരായ കർഷകതൊഴിലാളികൾക്കും ദുർബല ജനവിഭാഗങ്ങൾക്കും നൽകുക.
12. പ്രകൃതിക്ഷോഭം മൂലം റവന്യൂ ഡിപ്പാർട്ടുമെൻറു വഴി കൊടുക്കുന്ന വീടുവയ്ക്കുന്നതിനുള്ള ധനസഹായം 15000-ൽ നിന്ന് 30,000 ആയി വർദ്ധിപ്പിക്കുക.
13. പട്ടികജാതി വിഭാഗങ്ങൾക്ക് RLEGP, NREP, IAY പദ്ധതികളിലൂടെ ഗ്രൂപ്പായി കോളനികളിൽ വീടുകൾക്ക് ധനസഹായം നൽകുന്നതിനുപകരം ഒറ്റപ്പെട്ട വീടുകൾക്ക് ധനസഹായം നൽകണം.
14. മുൻകാലങ്ങളിൽ മേൽപ്പറഞ്ഞ സ്കീം അനുസരിച്ച് കൊടുത്തിരുന്നതുക 6000 രരപ ആയിരുന്നതുകൊണ്ട് പൂർത്തിയക്കാൻ കഴിയാതിരുന്ന വീടുകൾക്ക്; അവ പൂർത്തിയാക്കുന്നതിനുള്ള ധനസഹായം നൽകണം.

ഗ്രാമത്തിൽ പുരോഗതിയിൽ മുഖ്യപങ്കുവഹിക്കുന്ന പാർപ്പിട നിർമ്മാണ രംഗത്ത് നാം കൂടുതലയായി ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ കൂട്ടായി താമസിക്കുന്നതുകാരണം സാമൂഹ്യ, സാമ്പത്തിക സാംസ്കാരിക മണ്ഡലങ്ങളിൽ ഇതര സമുദായങ്ങളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. ഇടകലർന്ന പാർപ്പിട സൗകര്യങ്ങൾ ഉണ്ടാക്കേണ്ടത് നാടിൻെറ വളർച്ചയുടെ ഒരു പ്രധാന ഭാഗമാണ്. അടുത്ത അഞ്ചു വർഷം കൊണ്ട് ഈ ഗ്രാമ പഞ്ചായത്തിലെ ഓല മേഞ്ഞ വീടുകൾ മുഴുവൻ മാറ്റി താമസയോഗ്യമായ ഭവനങ്ങൾ നിർമ്മിക്കുവാനും ഭൂരഹിതരായുള്ള ദുർബല ജനവിഭാഗങ്ങൾക്ക് മുഴുവൻ ഭൂമിയും വീടും നൽകുവാനും ഉള്ള ഗ്രാമപഞ്ചായത്തിൻെറ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തവും സഹകരണവും പ്രതീക്ഷിക്കുന്നു.

### *11.5. ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം.*

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേപ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I to IX | 488 | 229 | 225 | 4 | 263 |

### *1.14. കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ , Ref. E.*

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിങ്ങളുടെ എണ്ണം | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | മറ്റുള്ളവ | |
| | | | കോൺക്രീറ്റ് | ഓട് | ഓല | | |
| I | 643 | 16 | 161 | 274 | 192 | | |
| II | 701 | 20 | 208 | 395 | 148 | | |
| III | 633 | 11 | 165 | 336 | 121 | | |
| IV | 511 | 13 | 105 | 287 | 106 | | |
| V | 498 | 8 | 92 | 278 | 120 | | |
| VI | 553 | 52 | 159 | 258 | 84 | | |
| VII | 503 | 6 | 152 | 251 | 94 | | |
| VIII | 478 | 5 | 122 | 253 | 98 | | |
| IX | 454 | 6 | 106 | 252 | 90 | | |
| ആകെ | 4974 | 137 | 1270 | 2494 | 1053 | | |

| | 1991 - 92 | 1992 - 93 | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|---|---|
| (B) പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | | | | | |

### *11.6. കക്കൂസുകൾ സംബന്ധിക്കുന്ന വിവരം.*

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം ( 1992 നുശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I to IX | 417 | 47 | 47 | 370 |

### *1.16. ഗ്രാൻറ് വിവരങ്ങൾ Ref. ഗ്രാൻറ് രജിസ്റ്ററും, സ്പെഷ്യൽ ഗ്രാൻറ് രജിസ്റ്ററും.*

| VRM രൂ. | MI രൂ. | VTC രൂ. | അടിസ്ഥാന നികുതി | | SPI Cosond രൂ. | JRY രൂ. | അൺടൈഡ് ഫണ്ട് രൂ. | ആകെ |
|---|---|---|---|---|---|---|---|---|
| | | | 25% രൂ. | 75% രൂ. | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| തുക 31,443 | 12,000 | 2,64,991 | 11,163 | | | 2,96,754/- | 2,75,000 | 8,91,351 |

# വ്യവസായം

വ്യാവസായിക മേഖലയിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് കുറ്റൂർ. സ്വകാര്യമേഖ ലയിലെ രണ്ട് വ്യവസായ യൂണിറ്റുകൾ മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. നാലാം വാർഡിൽ സ്ഥിതിചെ യ്യുന്ന പോപ്സൺ ബാറ്ററി കമ്പനിയും, കുന്നുകണ്ടത്തിൽ ജോസ് കോയുടെ ഹെവി എഞ്ചിനീയറിംഗ് വർക്കു ഷോ പ്പുമാണുള്ളത്. കൂടാതെ ചെറുകിട വ്യവസായ യൂണിറ്റു കൾ മൂന്ന് തടിമില്ലുകളും, രണ്ട് മോട്ടോർ വർക്ക് ഷോപ്പുകളും, മൂന്ന് എഞ്ചിനീയറിംഗ് വർക്ക് ഷോപ്പുകളും, ഏഴ് ഇഷ്ടിക നിമ്മാർണ യൂണിറ്റുകൾ, രണ്ട് മാർബിൾ- മൊ സൈക് നിർമ്മാണ യൂണിറ്റുകളും , പടിഞ്ഞാറ്റോതറ മെ റ്റൽ ക്രഷിംഗ് യൂണിറ്റ്, നെസി പ്ലാസ്റ്റ്, കടവുംപാറ. ആറ് കരിമ്പ് ആട്ടുന്ന മില്ലുകളും, നാല് ധാന്യം പൊടിയ്ക്കുന്ന മില്ലുകളും, ഒരു കുമ്മായച്ചൂളയും നിലവിലുണ്ട്. കൂടാതെ ആറ്റുമണൽ വ്യവസായവും പഞ്ചായത്തിൽ നടന്നുവരുന്നു.

പരമ്പരാഗതമായി ഈറ, ചൂരൽ എന്നിവകൊണ്ടുള്ള ഗൃഹോപയോഗ സാധനങ്ങളുടെ നിർമ്മാണവും, പർപ്പട ക നിർമ്മാണവും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളി ൽ നടന്നുവരുന്നു.

വ്യവസായ മേഖലയിൽ സ്ത്രീപങ്കാളിത്തംവളരെ കുറവാണ് പുരുഷൻമാരുടെ ആധിപത്യമാണ് കൂ ടുതലാ യി നിലവിലുള്ളത്. സ്ത്രീ തൊഴിലാളികളുടെ പ ങ്കാളി ത്തം കാണുന്നത് പാറ പൊട്ടിച്ചു മെറ്റൽ ആക്കുന്നതിലും, പർപ്പടക നിർമ്മാണത്തിലും, ഈറ, ചൂരൽ എന്നിവകൊണ്ടുള്ള ഗൃഹോപയോഗ സാധനങ്ങളുടെ നിർമ്മാണ രംഗത്തുമാണ്.

പട്ടിക-1, പട്ടിക-2, പട്ടിക -3, പട്ടിക -4

***11. 9.*** *ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി* ***(R.A.P)***

| വാർഡ് നമ്പർ | IRDP സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ച വരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I to IX | 62 | ഇല്ല | 62 | പദ്ധതിയ്ക്ക ഫണ്ട് കിട്ടുന്നതനുസരിച്ച് സഹായം ലഭ്യമാക്കും. |

# പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

സാമൂഹ്യ സാംസ്കാരിക സാമ്പത്തിക മണ്ഡല ങ്ങളിൽ നൂറ്റാണ്ടുകൾ പിന്നിൽ നിന ഒരു ജനവിഭാഗമാ ണ് പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ. അടിച്ചമർ ത്തലിനും ചൂഷണത്തിനുംവിധേയരായി സമൂഹത്തി ൻെറ മുഖ്യധാരയിൽ നിന്നും അകറ്റിനിർത്തിയിരുന്നു. അയിത്തം, തീണ്ടൽ, തൊടീൽ എന്നിവ മൂലം അനുഭവി ച്ചദുരിതങ്ങൾ എണ്ണമറ്റവയാണ്. വിദ്യാഭ്യാസത്തിനും ഈശ്വരാരാധനക്കും അവസരംനിക്ഷേധിക്കപ്പെട്ടിരുന്ന അയ്യൻ കാളിയുടെയും, പൊയ്കയിൽ കുമാരഗുരുദേവ ൻെറയും, കണ്ടൻ കുമാരൻെറയും പ്രവർത്തനഫലമായി സാമൂഹ്യ ബോധം വളർത്തിയെടുക്കുവാനും സ്വാശ്രയ ബോധം വളർത്തിടയെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഈ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിന് ആദ്യം അവസര മുണ്ടായത് ബ്രിട്ടീഷ് നേതൃത്വത്തിലുണ്ടായിരുന്ന രക്ഷാ സൈന്യത്തിൻെറയും സാൽവേഷൻ ആർമിയുടെയും സി. എം. എസ്സിൻെറയും ശ്രമഫലമായാണ്. വെൺപാല രക്ഷാ സൈന്യ സ്കൂളും ഓതറ കൈച്ചിറയുള്ള സി. എം.എസ്. സ്കൂളും ഈ വിഭാഗത്തിന് നൽകിയ ശാശ്വ ത സ്മാരക ങ്ങളാണ്.

ഗവൺമെൻറ് ആവിഷ്കരിച്ച സാമ്പത്തികാനുകൂ ല്യങ്ങളും സംവരണ വ്യവസ്ഥകളും കൊണ്ട് കുറെയൊ ക്കെ മാറ്റങ്ങൾ വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഭൂരിഭാഗം ജനങ്ങളും ഇന്ന് എല്ലാ രംഗത്തും പിന്നിലാണ്. വിദ്യാ ഭ്യാസ രംഗത്ത് ധാരാളം ചെറുപ്പക്കാർ അഭ്യസ്തവിദ്യ രായി ഈ ഗ്രാമപഞ്ചായത്തിലുണ്ട്. ഇതിൽ ഭൂരിഭാഗ വും തൊഴിൽ രഹിതരായി ബുദ്ധിമുട്ടനുഭവിക്കുന്നു. അഭ്യസ്തവിദ്യരാ യ തൊഴിൽ രഹിതരുടെ പട്ടിക വാർ ഡു തിരിച്ച്, പട്ടിക ---- ൽ കൊടുത്തിരിക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ ------% പട്ടികജാതിക്കാരാണ്. പട്ടിക വർഗ്ഗക്കാർ വളരെ കുറവാണ്. ഇരുപത്തിനാല് അംഗീകൃത കോളനികളിലും മറ്റുഭാഗങ്ങളിലുമായി പട്ടികജാതിക്കാർ താമസിക്കുന്നു. അംഗികൃത കോളനികളുടെ ലിസ്റ്റ് പട്ടിക -----ൽ കൊ ടുത്തിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ അടി സ്ഥാന ആവശ്യങ്ങൾ പോലും പരിഹരിക്കുവാൻ ഇന്നും നമുക്ക് കഴിഞ്ഞിട്ടില്ല. വെള്ളവും വെളിച്ചവും എത്താത്ത പല പട്ടികജാതി കേന്ദ്രങ്ങളും നമ്മുടെ പഞ്ചായത്തിലു ണ്ട്. ഗതാഗതയോഗ്യമായ റോഡുകൾ കോളനി സങ്കേത ങ്ങളിൽ കുറവാണ്.

ഗവൺമെൻറിൽ നിന്നും വളരെയേറെ ആനുകൂല്യ ങ്ങൾ കൊടുത്തിട്ടുണ്ടെങ്കിലും അതുമൂലം കാര്യമായ പ രിവർത്തനം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ബോ ധവൽക്കരണക്കുറവും, ആനുകൂല്യങ്ങൾ നടപ്പിലാക്കിയ ഡിപ്പാർട്ടുമെൻറുകളുടെ അന്വേഷണക്കുറവും (Follow up dotion)

## i. വിദ്യാഭ്യാസരംഗം

സമൂലമായ പരിവർത്തിന് വിദ്യാഭ്യാസംഅടിസ്ഥാ നഘടകമാണ്. വിദ്യാഭ്യാസ മേഘലയിൽ ഈ പ ഞ്ചായ ത്തിൽ ധാരാളം ചെറുപ്പക്കാർ മുൻപിൽ എത്തിയിട്ടുണ്ട്. സർവ്വകലാശാലാ ബിരുദങ്ങളും സാങ്കേതിക വിദ്യ ക ളും (ITI, ITC) നേടി തൊഴിൽ രഹിതരായി നിൽക്കുന്നവർ ധാരാളമുണ്ട്. എസ്.എസ്.എൽ.സി. വരെ പഠിച്ച് തുടർ വിദ്യാഭ്യാസം ചെയ്യാത്ത ധാരാളം ആളുകളുണ്ട്. ഇതിനു കാരണം രക്ഷകർത്താക്കളുടെ ബോധവൽക്കരണക്കുറ വും സാമ്പത്തിക പിന്നോക്കാവസ്ഥയുമാണ്. ഇപ്പോൾ സ്കൂൾ തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള മാതൃസംഗമം ഒരു നല്ല കാൽവയ്പ്പാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട അമ്മമാർ സ്കൂളുകളിലെ മാതൃസംഗമങ്ങളിൽ വിരള മായേ പങ്കെടുക്കാറുള്ളു. സാങ്കേതിക വിദ്യകൾ അഭ്യസി ക്കുന്നതിനും തൊഴിൽ മേഖലകൾ ഉണ്ടാക്കിയെടുക്കു ന്നതിനും അടിയന്തരമായ ശ്രദ്ധപതിയേണ്ടതാണ്. ത്രി തല പഞ്ചായത്ത് സംവിധാനങ്ങളും ദേശസാൽകൃ ബാ ങ്കുകളും ഈ രംഗത്ത് കാര്യമായ ശ്രദ്ധ കേന്ദ്രീകരിച്ചു കാ ണുന്നില്ല. ഈ രീതിക്ക് മാറ്റം വരണം. ബാങ്കുകളുടെ വാ യ്പാ സംവിധാനത്തിലുള്ള നൂലാമാലകൾ മാറ്റിയെടു ക്കേ ണ്ടതാണ്. വിദ്യാഭ്യാസ രംഗത്തെ നവോദയാസ്കൂ ളുകൾ, തുടങ്ങി ഉന്നത നിലവാരത്തിലേക്കുയരാവുന്ന വിദ്യാഭ്യാസ മേഖലകളിലേക്ക് കുട്ടികളെ വിടുവാൻ ര ക്ഷ കർത്താക്കൾക്ക് ബോധവൽക്കരണം നടത്തണം.

സാക്ഷരതാ പ്രവർത്തനം ഈ പഞ്ചായത്തിൽ വള രെയേറെ മുൻപന്തിയിലാണ്. സ്വാശ്രയബോധമുണ്ടാകു ന്നതിനും അവകാശ ബോധമുണ്ടാകുന്നതിനും സാക്ഷര

# പട്ടികജാതി സങ്കേതങ്ങളുടെ പേരുകൾ

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 8 | കോങ്കരമാലി പുതുവൽ | 40 | 196 |
| 2 | 8 | നന്നാട്, പടിഞ്ഞാറ്റോതറ പി.ഒ. | 35 | 208 |
| 3 | 11 | വലിയകുന്നത്ത് | 20 | 97 |
| 4 | 3 | കണിയാമ്പാറ ലക്ഷം വീട് | 17 | 75 |
| 5 | 6 | ചൂഴിയമ്പാറ | 17 | 92 |
| 6 | 1 | പുന്നവേലി | 12 | 53 |
| 7 | 5 | പൊട്ടൻമല | 19 | 82 |
| 8 | 4 | ചിറ്റക്കാട്ട്, നിയർ റെയിൽവേ ക്രോസ്സ് | 15 | 77 |
| 9 | 4 | കടവുൻ പാറ | 18 | 86 |
| 10 | 4 | തോമ്പിത്തറ, നിയർ റെയിതൽവേ ക്രോസ്സ് | 15 | 15 |
| 11 | 1 | വെള്ളിയമ്പളി മോഡിയിൽ | 15 | 87 |
| 12 | 2 | പാറക്കലേത്ത് ആൻഡ് കല്ലുഴം, വെസ്റ്റ് ഓതറ | 17 | 91 |
| 13 | 1 | ചൂരക്കൽ, നിയർ A.M.M.H.S. | 15 | 70 |
| 14 | 6 | തെങ്ങേലി | 20 | 104 |
| 15 | 3 | തലയാർ | 14 | 70 |
| 16 | 3 | ചേലാ മോഡി | 20 | 57 |
| 17 | 1 | കാഞ്ഞിരത്തും മോഡി | 10 | 57 |
| 18 | 9 | എട്ടുപറശ്ശേരിൽ | 20 | 89 |
| 19 | 9 | പുനത്തിലേത്ത് | 16 | 91 |
| 20 | 1 | മൈല നിൽക്കുന്നതിൽ | 11 | 53 |
| 21 | 1 | മുള്ളിപ്പാറ | 15 | 70 |

ത ഒരു പ്രധാനഘടകമാണ്. ഇനിയും പലകോളനികളിലും അക്ഷരാഭ്യാസം ഇല്ലാത്തവർ ഉണ്ട്. ഈ പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള ജനവിദ്യാകേന്ദ്രം അതിനൊരു മുതൽക്കൂട്ടാണ്. കഴിഞ്ഞകാലങ്ങളിൽ ഇതിൻെറ പ്രവർത്തനം ഈ പഞ്ചായത്തിൻെറ ഒന്നും, രണ്ടും, മൂന്നും വാർഡുകളിൽ കേന്ദ്രീകരിച്ച് നടത്തിയിരുന്നു. ആ പോരായ്മ പരിഹരിച്ച് ഒൻപതുവാർഡുകളിലും വ്യാപിപ്പിക്കണം. വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുവാൻ ട്യൂഷൻ സെൻററുകൾ സ്ഥാപിക്കുവാനും രക്ഷകർത്താക്കൾക്ക് ബോധവൽക്കരണം നടത്തുന്നതിനും പഞ്ചായത്തു തലത്തിൽ ക്രമീകരണം നടത്തണം.

## ii. തൊഴിൽ മേഖല

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരിൽ ഭൂരിപക്ഷവും കർഷക തൊഴിലാളികളാണ്. വർഷത്തിൽ നൂറുദിവസത്തിൽ കൂടുതൽ കാർഷിക മേഖലയിൽ തൊഴിൽ ലഭി ക്കുകയില്ല. തൊഴിൽ രാഹിത്യം ഈ വിഭാഗത്തിൻെറഒരു പ്രധാന പ്രശ്നമാണ്. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നു. ഈ പഞ്ചായത്തിലെ കർഷക തൊഴിലാളികളുടെ പ്രധാനതൊഴിൽ മാർഗ്ഗം കരിമ്പ് കൃഷിയുമായി ബന്ധപ്പെട്ടതായിരുന്നു. വളഞ്ഞവട്ടത്തുള്ള പമ്പാ റിവർഷുഗർ ഫാക്ടറിയിൽ കരിമ്പാട്ടം നിലച്ചതോടു കൂടി കർഷകരുടെയും കർഷകതൊഴിലാ ളികളുടെയും ന ട്ടെല്ലൊടിഞ്ഞു. കർഷകതൊഴിലാളികൾ ഇതര തൊഴിൽ മേഖലകളിലേക്ക് മാറിക്കൊണ്ടിരി ക്കുന്നു. കാർഷിക മേഖലയിലെ കൂലിക്കറുവും മറ്റു മേഖലയിൽ പുരുഷതൊഴിലാളിക്ക് 80 രൂപയും, സ്ത്രീ തൊ ഴിലാളിക്ക് 45 രൂപയുമാണ് കൂലിനിരക്ക്. കെട്ടിടം പണിക്ക് മേസ്തിരക്ക് 150 രൂപയും, സ്ത്രീ തൊഴിലാളികൾക്ക് 100 രൂപയുമാണ് കൂലി. റോഡുപണിക്കും മെച്ചപ്പെട്ട കൂലിവ്യവസ്ഥയാണുള്ളത്. പഞ്ചായത്തിൻെറ കിഴക്കൻ ഭാഗത്ത് പാറപ്പണി ഒരു പ്രധാന തൊഴിലാണ്. തൊഴിൽ രഹിതരായുള്ള പരമ്പരാഗത കൈതൊഴിൽ ചെയ്യുന്ന ആളുകളുടെ സ്ഥിതിയും ദയനീയമാണ്. ആവശ്യത്തിന് ഈറൽ, ചൂരൽ തുടങ്ങിയവ ലഭിക്കുന്നില്ലന്നതു പ്രധാനകാരണമാണ്. കർഷികമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ നേടുന്നതിനുള്ള സാഹചര്യം ഉണ്ടാ ക്കിയെടുക്കണം.

## iii. പാർപ്പിട പ്രശ്നം

സ്വന്തമായി നീണ്ടുനിവർന്നുകിടക്കുവാൻ പാർപ്പിട സൗകര്യം ഇല്ലാതിരുന്ന ഈ വിഭാഗത്തിന് സർക്കാരിൻെറയും മറ്റ് ഏജൻസികൾ മുഖാന്തിരവും കുറെവീടുകൾ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൊടുത്തിട്ടുള്ള തുകയുടെ അപര്യാപ്തയും സാധനങ്ങളുടെ വില വർദ്ധനവും കാരണം. പല വീടുകളും പൂർത്തികരിക്കാതെയും അവശേഷിക്കുന്നു .

### *പരിഹാര നിർദ്ദേശങ്ങൾ*

1. തൊഴിൽ രഹിതരിൽ കൂടുതലും വനിതകളാണ്. ഈ വിഭാഗത്തിന് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുവാനുള്ള പ്രോജക്ടുകൾ ഉണ്ടാകണം.

2. തൊഴിൽ രഹിതരായിട്ടുള്ള യുവതിയുവാക്കൾക്ക് സാങ്കേതിക പരിജ്ഞാനം നൽകുവാൻ വർക്ക് ഷോപ്പുകളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും നിർമ്മിക്കണം.

3. കൃഷിഭൂമിവാങ്ങികൊടുക്കുന്ന പട്ടികജാതിവികസന കോർപ്പറേഷൻെറ ധനസഹായ വായ്പ തുക കാലോചിതമായി വർദ്ധിപ്പിക്കുകയുംകൂടുതൽ ആളുകൾക്ക് കൊടുക്കുവാനുള്ള ഫണ്ട് വർദ്ധിപ്പിക്കുകയും വേണം.

4. വനിതകൾക്കായി വനിതാ സ്വയം സഹായയൂണിറ്റുകൾഗ്രാമപഞ്ചായത്തിൻെറ നേതൃത്വത്തിൽ രൂപീകരിച്ച് ദേശസാൽകൃത ബാങ്കുകളുടെ സഹായത്തോടുകൂടി കൂടുതൽ തൊഴിൽ ദിനങ്ങൾ ഉണ്ടാക്കുകയും സാമ്പത്തിക ഭദ്രത കൈവരിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.

5. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരായ യുവതിയാക്കൾക്കുവേണ്ടി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

6. I. T.I., I.T.C തുടങ്ങിയ സാങ്കേതിക പരിശീലനം നേടിയ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്കുവേണ്ടി പഞ്ചായത്തിൻെറ പ്രധാന സ്ഥാനത്ത് വർക്ക് ഷോപ്പ് നിർമ്മിച്ച് തൊഴിൽ അവസരങ്ങൾ ഉണ്ടാക്കികൊടുക്കുക.

7. പഞ്ചായത്തിൽ ഉള്ള മുഴുവൻ പട്ടികജാതിക്കാർക്കും വീടും, കക്കൂസും നൽകുക.

8. ഭവനിർമ്മാണത്തിന് നൽകുന്ന ധനസഹായം 30,000 രൂപയായി വർദ്ധിപ്പിക്കുക. കക്കൂസുകൾക്ക് നൽകുന്ന ധനസഹായം 5000 രൂപയായി വർദ്ധിപ്പിക്കുക.

പട്ടിജാതിക്കാർ കോളനി കേന്ദ്രമാക്കിയുള്ള താമസരീതിമാറ്റി മറ്റുള്ളവരുമായി ഇടകലർന്നു താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

9. ബോധവൽക്കരണ ക്ലാസ്സുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നടത്തുക.

10. പട്ടികജാതി സഹകരണ സംഘങ്ങൾ ഒരെണ്ണമെ നിലവിൽ ഉള്ളൂ 8-0-9-0 വാർഡുകൾ കേന്ദ്രീകരിച്ച് ഒരെണ്ണവും 1-0-2-0-3-0 വാർഡുകൾ കേന്ദ്രീകരിച്ച് മറ്റൊരു

സൊസൈറ്റിയും രൂപീകരിക്കുക.

11. വിദേശത്തു ജോലികിട്ടിപോകുവാൻ പട്ടികജാതി വികസന കോർപ്പറേഷൻ വിസയുടെ അടിസ്ഥാനത്തിൽ നൽകുന്ന ധന സഹായത്തിന്റെ നിയമത്തിലുള്ള നൂലമാലകൾ ലഘുകരിച്ച് ഗ്രാമപഞ്ചായത്തുകൾ വഴി ധനസഹായം നൽകുക.

12. പട്ടിക ജാതിവിഭാഗങ്ങൾക്ക് റബർ കൃഷിചെയ്യുന്നതിന് $1^1/_2$ ഏക്കർ വനഭൂമിയും കൃഷിക്കുള്ള ധന സഹായവും ചെയ്യുക.

13. സങ്കര ഇനം പശുക്കളെയും, ആടുകളേയും ആവശ്യമുള്ള പട്ടികജാതികാർക്ക് മുഴുവൻ നൽകുക.

14. പട്ടികജാതി സങ്കേതങ്ങളിൽ മുഴുവൻ ശുദ്ധജലവും വൈദ്യുതിയും എത്തിക്കുക

15. പട്ടികജാതി സങ്കേതങ്ങളിലുള്ള റോഡുകൾ സഞ്ചാര യോഗ്യമാക്കുക.

16. പരമ്പരാഗത കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പട്ടിക ജാതികാർക്ക് അസംസ്കൃത സാധനങ്ങൾ സംഭരിക്കുവാനുള്ള ഒരു കേന്ദ്രം ഗ്രാമപഞ്ചായത്തിൽ ഉണ്ടാകണം.

17. മുൻകാലങ്ങളിൽ അനുവദിച്ചിട്ടുള്ള വീടുകൾ പൂർത്തികരിക്കുവാനുള്ള ധനസഹായം നൽകുക.

18. ലക്ഷംവീടു കോളനികളിലെ കൂട്ടായ് വീടുകൾ ഒറ്റവീടുകളാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുക.

19. 2-3-4-8-9 എന്നീ വാർഡുകളിൽ ശ്മശാനങ്ങൾ നിർമ്മിക്കുക.

20. പട്ടികജാതി കോളനികളിൽ വിദ്യാർത്ഥികൾക്കായി ട്യൂഷൻ സെൻററുകൾ സ്ഥാപിക്കുക.

21. പട്ടികജാതി സങ്കേതങ്ങളിൽ ഇൻഫർമേഷൻ സെൻററുകൾ സ്ഥാപിക്കുക.

22 പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം ഈ പഞ്ചായത്തിൽ ഒരു റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുക.

23. പച്ചക്കറികൃഷി ചെയ്യുന്നതിന് വേണ്ട സാമ്പത്തിക സഹായം നൽകുക.

**പട്ടിക -1**

**അനുബന്ധം -2**

# കുറ്റൂർ ഗ്രാമപഞ്ചായത്ത്

***11.1. I.R.D.P.** സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം.*

| വാർഡ് ന മ്പർ | സർവ്വേ കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ S.C./S.T. കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ S.C./S.T. | സഹായംലഭിച്ചതു വഴി ദാര്യദ്ര്യരേഖക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ(സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| Ito IX | 1236 | 198 | 446 | 154 | 115 | 1121 |

# വനിതകൾ

സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾ പുരുഷൻമാരെ അപേക്ഷിച്ച് വളരെ പിന്നിലാണ്. സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് വളരെ കുറച്ചു സ്ത്രീകൾ മാത്രമേ വിദ്യാഭ്യാസം ചെയ്തവരായുണ്ടായിരുന്നുള്ളു. സമൂഹത്തിൻെറ വളർച്ചക്ക് ഇത് ഒരു തീരാശാപമായിരുന്നു. നല്ല തലമുറയെ വാർത്തെടുക്കുന്നതിന് സ്ത്രീ വിദ്യാഭ്യാസം അനിവാര്യ ഘടകമാണ്. സാമ്പത്തിക സാംസ്കാരിക മണ്ഡലങ്ങളിൽ സ്ത്രീകളുടെ നേതൃത്വവും പങ്കാളിത്തവും തുലോം പരിമിതമാണ്. ആവശ്യമായ ബോധവൽക്കരണം നടത്തി എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ രൂപീകരിച്ചും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈ കാലയളവിൽ വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ വളരെ മുൻപന്തിയിൽ വന്നിട്ടുണ്ട്. തൊഴിൽ മേഖലകളിൽ, അദ്ധ്യാപനരംഗത്താണ് സ്ത്രീകൾ കൂടുതലായുള്ളത്. യുവാക്കളേക്കാൾ കൂടുതലാണ്. ഈ ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരിണി തെങ്ങേലി കൊച്ചുപുരക്കൽ ശ്രീമതി. അന്ന ചാണ്ടിയാണ്.

ഇന്ന് ബിരുദവും, ബിരുദാനന്തര ബിരുദവും, മറ്റുന്നത വിദ്യാഭ്യാസങ്ങളും നേടി യുവതികൾ ധാരാളമുണ്ട്. വിദേശങ്ങളിൽ പോയി ജോലിചെയ്യുന്ന സ്ത്രീകളും ധാരാളമുണ്ട്.

വനിതകൾക്ക് കൂടുതൽ നേതൃത്വമുള്ള തൊഴിൽ മേഖലകൾ ഈ പഞ്ചായത്തിൽ താഴെ പറയുന്നവയാണ്.

1. അംഗൻവാടികൾ (18 എണ്ണം)
2. ഡി.ഡബ്ല്യ. സി.ആർ.എ. യൂണിറ്റുകൾ ( 4 എണ്ണം)
3. ക്ഷീരോൽപ്പന്ന യൂണിറ്റുകൾ (2 എണ്ണം)
4. സുബല പദ്ധതി (2)
5. ജനവിദ്യാകേന്ദ്രം (1)

## പരിഹാര നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ രൂപീകരിക്കുക.

2. വനിതകൾക്ക് കലാകായിക രംഗങ്ങളിൽ പ്രോൽത്സാഹനം നൽകുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു പരിശീലന സെൻറർ സ്ഥാപിക്കുക.

3. തൊഴിൽ രഹിതരായ യുവതികൾക്ക് സാങ്കേതിക രംഗങ്ങളിൽ തൊഴിൽ ലഭിക്കുന്നതിന് സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

4. പിന്നോക്ക പ്രദേശങ്ങൾ ലക്ഷ്യമാക്കികൂടുതൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

5. സ്കൂൾതലത്തിലുള്ള മാതൃസംഗമങ്ങളിൽ സ്ത്രീകൾക്കു കൂടുതൽ പങ്കെടുക്കുന്നതിന് പ്രോൽസാഹനം നൽകുക.

6. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

7. വിധവാ പെൺഷൻ, വാർദ്ധക്യ കാലപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നിയകളുടെ തുക വർദ്ധിപ്പിക്കുക.

8. പാരമ്പര്യ കൈത്തൊഴിലിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിന് ഒരു വിപണന കേന്ദ്രം സ്ഥാപിക്കുക.

10. പട്ടികജാതി വനിതകൾക്കായി വനിതാ സ്വയം സഹായ യൂണിറ്റുകൾ പഞ്ചായത്തിൻെറ നേതൃത്വത്തിൽ രൂപീകരിച്ച് ദേശസാൽകൃത ബാങ്കുളുടെ സഹായത്തോടാകൂടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

11. പുഷ്പകൃഷിയിലും പുരയിടകൃഷിയിലും, പ

ച്ചക്കറി കൃഷിത്തോട്ടങ്ങളിലും വനിതാ പങ്കാളിത്തം കൂടുതൽ ഉണ്ടാകുന്നതിനുവേണ്ടി പദ്ധതികൾക്ക്രൂപം കൊടുക്കുക.

12. വികലാംഗരായുള്ള വനിതകൾക്ക് തൊഴിൽ മേഖലകൾ കണ്ടെത്തി കൊടുക്കുക.

13. സോപ്പു നിർമ്മാണം, റെഡിമെയ്ഡ് ഗാർമെൻസ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ വനിതകൾക്ക് പരിശീലനം കൊടുത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

14. പട്ടികജാതി വിഭാഗത്തിൽ പ്പെട്ട പെൺകുട്ടികൾക്കായി വനിതാ ഹോസ്റ്റൽ നിർമ്മിക്കുക.

വനിതകൾക്ക് രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ ഉള്ള പങ്കാളിത്തം നാടിൻെറ ശ്രേയസിൻെറ അഭിഭാജ്യഘടകമാണ്. പഞ്ചായത്തു രാജ് സംവിധാനത്തിൽ രൂപംകൊണ്ടിട്ടുള്ള ത്രിതല പഞ്ചായത്തുകളിൽ ജനസംഖ്യാ ശപതികമായ വനിതകൾക്കുള്ള അംഗത്വം വർദ്ധിപ്പിച്ചതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് അദ്ധ്യക്ഷസ്ഥാനം സംവരണം ചെയ്തിട്ടിള്ളതും അഭിനന്ദനാർഹമാണ്. ഇതിൻെറ ചുവടുപിടിച്ച് നിയമസഭകളിലും പാർലമെൻറിലും വനിതാ സംവരണം വരാൻ പോകുന്നതും സ്ത്രീകളെ ജനജീവിതത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് പര്യാപ്തമാകുമെന്ന് പ്രതീക്ഷിക്കാം.

ഈ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വനിതകളുടെയും ക്ഷേമം മുൻ നിർത്തി അടുത്ത അഞ്ചുവർഷക്കാലം പ്രവർത്തിക്കാനുള്ള ഗ്രാമപഞ്ചായത്തിൻെറ പ്രവർത്തനങ്ങൾക്ക് കക്ഷിചിന്തകൾക്ക് അതീത്മായ സഹകരണം പ്രതീക്ഷിക്കുന്നു.

## *നിലവിലുള്ള മഹിളാ സമാജങ്ങൾ*

| | | |
|---|---|---|
| 1. | *സൗഹൃദ മഹിളാ സമാജം,* | *ഓതറ 9)* |
| 2. | *ഐശ്വര്യ മഹിളാ സമാജം* | *"* |
| 3. | *ഗ്രാമസ്വരാജ് മഹിളാ സമാജം* | *"* |
| 4. | *ചൈതന്യ മഹിളാ സമാജം* | *"* |
| 5. | *പട്ടികജാതി മഹിളാ സമാജം* | *"* |
| 6. | *എസ്.എൻ.ഡി.പി. മഹിളാസമാജം* | *"* |
| 7. | *പൗർണ്ണമി മഹിളാസമാജം* | *"* |
| 8. | *പൗർണ്ണമി മഹിളാ സമാജം ,* | *കുറ്റൂർ.* |

❊ ❊ ❊ ❊

# കുടിവെള്ളം

കുറ്റൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പ്രശ്നം ഒന്നുമുതൽ 6 വരെയുള്ള വാർഡുകളിൽ അതിരൂക്ഷമായ ഒന്നാണ്. പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശങ്ങൾ വളരെ ഉയർന്ന മലമ്പ്രദേശങ്ങളാകുന്നു. ചേലാമോടി പൊട്ടൻ മല എന്നീ പ്രദേശങ്ങൾ വളരെ ഉയർന്ന പീഠഭൂമികളാണ്. എം.സി. റോഡിനു പടിഞ്ഞാറുഭാഗം സ്ഥിതി ചെയ്യുന്ന മൂന്നു വാർഡുകളിൽ കിണറുകൾ വറ്റി ജലക്ഷാംമം അനുഭവപ്പെടാറുണ്ട്. കിണറുകളേയും, ജലാശയങ്ങളേയും ആശ്രയിച്ചിരുന്ന ഈ പഞ്ചായത്തിൽ വാട്ടർ അതോറിറ്റി മുഖാന്തിരമുള്ള ജലവിതരണം തെല്ലൊരാശ്വാസം നൽകുന്നു. എന്നാൽ വാട്ടർ അതോറിറ്റി മുഖാന്തരമുള്ള ജല വിതരണം അപര്യാപ്തമാണ്.

ഉയർന്നപ്രദേശങ്ങളിൽ ഒട്ടും തന്നെ വെള്ളം ലഭിക്കുന്നില്ല. കാരണം സമതല പ്രദേശത്തുനിന്നു ഉയർന്ന പ്രദേശങ്ങളിലേക്ക് വെള്ളം കയറി ചെല്ലുവാനുള്ള സംവിധാനം നിലവിലില്ല. വേനൽക്കാലത്ത് സർക്കാർ ലോറികളിൽ വെള്ളം എത്തിച്ചാണ് കുടിവെള്ള പ്രശ്നംഒരുപരിധിവരെ പരിഹരിക്കുന്നത്. ചില കാലങ്ങളിൽ സർക്കാർ ഇതു ചെയ്യാറുമില്ല. ഈ സമയങ്ങളിൽ ഒരു കിലോമീറ്ററിൽ കൂടുതൽ ദൂരെയുള്ള സ്ഥലങ്ങളിൽ നിന്നും വെള്ളം കൊണ്ടുവന്നാണ് ഉപയോഗിക്കുന്നത്. ഒന്നും മൂന്നും വാർഡുകളിൽ കഞ്ഞിരത്താം മോഡിയിൽ നിന്നുള്ള ജലസംഭരണിയിൽ നിന്നുമാണ് വെള്ളം ലഭിക്കുന്നത്. വളരെ ചുരുങ്ങിയ സമയം മാത്രമേ കുറ്റൂർ ഗ്രാമപഞ്ചായത്തിൻെറ വാർഡുകളിൽ കാഞ്ഞിരത്താം മോഡിയിൽ നിന്നുള്ള ജലം ലഭിക്കാറുള്ളു. കാഞ്ഞിരത്താം മോഡി ജലസംഭരണി ഇരവിപേരൂർ പഞ്ചായത്തിൻെറ അധീനതയിലുള്ളതായതു കൊണ്ടാണ്. തിരുവല്ലാ വാട്ടർ അതോറിറ്റി മുഖാന്തരം പഞ്ചായത്തിലെ പലഭാഗങ്ങളിലും പൈപ്പ് ലൈനുകളും എത്തിക്കേണ്ടതായിട്ടുണ്ട്. പൊതുകിണറുകൾ പഞ്ചായത്തു വകയായും, ബ്ലോക്കുവകയായും, കൃഷിഡിപ്പാർട്ടുമെൻറു വകയായും നാമമാത്രമായി പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്നുണ്ട്.

## എണ്ണം ചുവടേ ചേർക്കുന്നു

1. ഗ്രാമപഞ്ചായത്തുവക.
2. ബ്ലോക്കുവക
3. കൃഷിഡിപ്പാർട്ടുമെൻറുവക

## പരിഹാര നിർദ്ദേശങ്ങൾ

മൂന്നാം വാർഡിൽ തൈത്തോടു ഭാഗത്ത് വലിയകുളം നിർമ്മിച്ചു ചേലാമോടിയിൽ ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ചാൽ ഒന്ന്, രണ്ട്, മൂന്ന് വാർഡുകളിലെ ജലദൗർലഭ്യം പരിഹരിക്കപ്പെടും.

പാണ്ടിശേരി ഭാഗത്ത് മണിമലയാറിനോടു ചേർന്ന് പമ്പു ഹൗസ് സ്ഥാപിച്ച് പൊട്ടൻമലയിൽ ജലസംഭരണി നിർമ്മിച്ച് 4-5-6 വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക.

എം.സി. റോഡിനു പടിഞ്ഞാറുഭാഗം സ്ഥിതിചെയ്യുന്ന 6,7,8,9 എന്നീ വാർഡുകളിൽ വാട്ടർ അതോററ്റി, സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനുകൾ കാര്യക്ഷമമാക്കുകയും, ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈനുകളും ടാപ്പുകളും, ആവശ്യാനുസരണം നിർമ്മിക്കുക.

കുഴൽ കിണറുകൾ ആവശ്യമുള്ള സ്ഥലങ്ങളായ കുറ്റൂർ പള്ളിമല, കുറ്റൂർ സെൻറ് മേരീസ് പള്ളിപ്പടി, രണ്ടാം വാർഡിൽ, വെള്ളിയം പള്ളി മോടി, കുന്നത്തുമണ്ണ്, മൂന്നാം വാർഡിൽ തന്നാട്ടുകോളനി ഒന്നാം വാർഡിൽ ചിറപ്പുറത്തു പടി എന്നിവിടങ്ങളിൽ സ്ഥാപിക്കുക.

പി. ഐ.പി. കനാലിലെ വെള്ളം വേനൽ കാലത്തു തുടർച്ചയായി ലഭിക്കുന്നതിനുള്ള ക്രമീകരണം ചെയ്യുക.

കേരളവാട്ടർ അതോററ്റി കല്ലിശ്ശേരിയിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസ് കമ്മീഷൻ ചെയ്യുമ്പോൾ സമീപ സ്ഥലമായ കുറ്റൂർ ഗ്രാമപഞ്ചായത്തിന് കല്ലിശ്ശേരിയിൽ നിന്നും വെള്ളം കിട്ടുവാനുള്ള നടപടി സ്വീകരിക്കുക.

# I
# സാംസ്ക്കാരികം

എന്തുകൊണ്ടും ഏതുകൊണ്ടും പുകൾപെറ്റതും അതി പ്രാചീന നഗരപ്രദേശവുമായ തിരുവല്ലാ പട്ടണത്തിൽ നിന്നും ഉദ്ദേശം 5 കി. മി. തെക്കോട്ടുമാറി തലസ്ഥാന നഗരിയായ തിരുവനന്തപുരത്തെ ബന്ധിപ്പിക്കുന്ന മെയിൻ സെൻട്രൽ റോഡിന് ഇരുവശവുമായി കിഴക്ക് ഉയർന്ന പ്രദേശങ്ങളാലും പടിഞ്ഞാറോട്ട് ഹരിതാ ഭതടവി നിവർന്നു കിടക്കുന്ന സമ തലത്തേയും, പുഴകളും തോടുകളും വയലുകളുമായി നീണ്ടു പോകുന്ന പാദ ഭൂമിയാണ് കുറ്റൂർ ഗ്രാമം.

പാപനാശിനിയായ കേരളത്തിന്റെ ഗംഗ എന്ന അറിയപ്പെടുന്ന പമ്പയും, ജലഗതാഗതത്തിനു പുകൾപെറ്റ മണിമലയാറിൻേറയും എക്കൽ തടം കൂടിയാണ് ഈ ഗ്രാമം.

ഇപ്പോൾ മതിൽഭാഗത്ത് വാണരുളുന്ന ശ്രീ വലഭൻ ഈ ഗ്രാമത്തിൽ വന്നു കുത്തി ഇരുന്നതുകൊണ്ടു പിൽകാലത്ത് കൂറ്റൂർ ആയി എന്നുമാണ് ഐതിഹ്യം.

മലയാള ഭാഷയുടെ തറവാടായ ഭാഷാപോഷിണിയുടേയും ഇൻഡ്യയിൽ ഇന്ന് മലയാള ദിനപ്പത്രങ്ങളിൽ ഏറ്റവും കൂടുതൽ പ്രചുരപ്രചാരമുള്ള ''മലയാള മനോരമ'' ദിനപത്രത്തിന്റെ സൃഷ്ടി കർത്താവും, സ്ഥാപകനും, ശ്രേഷ്ഠനമായ കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ ജന്മം കൊണ്ടും, കർമ്മം കൊണ്ടും ധധ്യമായ ഗ്രാമമാണ് കൂറ്റൂർ.

കുറ്റൂരിന്റെ മാത്രമല്ല കേരളത്തിന്റെ തന്നെ സാംസ്ക്കാരിക നായകനും, ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ പ്രമുഖനുമായിരുന്ന തലയാർ എ. എൻ. പി. പണിക്കർ, സാമൂഹ്യ തിന്മകൾക്ക് എതിരെ ഇന്നോളം പൊരുതുകയും, സ്വാതന്ത്ര്യ സമരസേനാനിയും പിൽക്കാലത്ത് സർവ്വോദയ പ്രവർത്തകനുമായി മാറിയ ശ്രീ കെ. ഇ. മാമ്മൻ എന്നിവർ ഈ ഗ്രാമത്തിന്റെ മുതൽക്കൂട്ടാണ്. വിശിഷ്യാ ഇവർ ഈ ഗ്രാമത്തിന്റെ ഗ്രാമ പിതാക്കളായും ഇരിന്നിട്ടുണ്ട്.

പ്രശസ്ത സംഗീത സംവിധായകനും, ഗായകനുമായ കുറ്റൂർ രാമകൃഷ്ണനും, ശാസ്ത്രീയ സംഗീതജ്ഞന്മാരായ ശ്രീ. രാജഗോപാൽ, രവീന്ദ്രൻ എന്നിവരും നൃത്തകലകളിൽ (കഥകളി, മോഹിനിയാട്ടം, കുച്ചിപുടി) എന്നീ ഇതര കലകളിൽ പ്രാവീണ്യമുള്ള ശ്രീ. അഭിജിത്ത് രാധാകൃഷ്ണൻ എന്ന യുവകലാകാരനും ഈ ഗ്രാമത്തിന്റെ അമൂല്യ സന്തതികളാണ്.

# II
# വായനശാലകൾ ലൈബ്രറികൾ

ഈ പഞ്ചായത്തിൽ വളരെ വർഷങ്ങൾക്ക് മുമ്പ് തലയാറ്റിൽ ''കണ്ടത്തിൽ വർഗീസ് മാപ്പിള മെമ്മോറിയൽ എന്ന പേരിൽ ഒരു ഗ്രാമീണ ലൈബ്രറി സ്ഥാപിച്ചിരുന്നു. അത് നാശോന്മുഖമായപ്പോൾ പഞ്ചായത്തിന് ലൈബ്രറി വിട്ടുകൊടുക്കുകയും പിന്നീട് അത് കുറ്റൂർ പഞ്ചായത്ത് സെൻട്രൻ ലൈബ്രറി ആയി മാറുകയും ചെയ്തു. അതാണ് ഇപ്പോഴത്തെ കുറ്റൂർ പഞ്ചായത്ത് സെൻട്രൻ ലൈബ്രറി. ഇത് 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു.

ഈ പഞ്ചായത്തിലെ 9 വാർഡുകളിലായി പഞ്ചായത്ത് സെൻട്രൽ ലൈബ്രറി ഉൾപ്പെടെ 4 ലൈബ്രറികൾ പ്രവർത്തിച്ചു വരുന്നതിൽ 1-ാം വാർഡിലെ ജനതാ ലൈബ്രറി ഇപ്പോഴും പ്രവർത്തിക്കുന്നു. 2-ാം വാർഡിലെ ലൈബ്രറി ഇപ്പോൾ പ്രവർത്തന രഹിതമാണ്. (സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്തതിനാൽ) 7-ാം വർഡിൽ ഗ്രാമ സേവിനി എന്ന പേരിൽ അറിയപ്പെടുന്ന ഒരു ലൈബ്രറി & റീഡ്ഡിം റൂം പ്രവർത്തിച്ചു വരുന്നു. 8-ാം വാർഡിൽ ഇപ്പോഴത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. റ്റി. സി. ഗോപാലൻ പ്രസിഡൻറായും പൂതിരികാട്ട് ശ്രീ. തമ്പാൻ സെക്രട്ടിയായും ദേശസേവിനി എന്ന പേരിൽ ഒരു ലൈബ്രറി പ്രവർത്തിച്ചിരുന്നു. എന്നാൽ ഇപ്പോൾ അത് നിലവിൽ ഇല്ല. കുറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 8-ാം വാർഡിൽ പഞ്ചായത്ത് നിർമ്മിച്ച ഒരു സാംസ്ക്കാരിക നിലയം പ്രവർത്തിച്ചു വരുന്നു. 9-ാം വാർഡിൽ ഒരു വായനശാല പ്രവർത്തിക്കുന്നുണ്ട്.

# III
# ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ

ഈ പഞ്ചായത്തിലെ 9 വാർഡുകളിലായി സംഗീതം, നാടകം, വിവിധതരത്തിലുള്ള കളികൾ, കായികവിനോദങ്ങൾ എന്നിവ നടത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി 12 ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. ഇവയിൽ 1-ാം വാർഡിൽ 6-ഉം 3-ാം വാർഡിൽ 2ഉം 6-ാം വാർഡിൽ 1 ഉം 7-ാം വാർഡിൽ 1 ഉം 8-ാം വാർഡിൽ 1 ഉം 9-ാം വാർഡിൽ 2 ഉം ഉണ്ട്.

# IV

# ആരാധനാലയങ്ങൾ - പള്ളി, ക്ഷേത്രം, മറ്റുള്ളവ

9 വാർഡുകളിലായി ക്രൈസ്തവരുടെ ആചാരാനുഷ്ഠാനങ്ങൾ നടത്തുന്നതിനായി 15 ക്രിസ്തീയ ദേവാലയങ്ങൾ സ്ഥിതി ചെയ്യുന്നു. ഇവയിൽ 1-ാം വാർഡിൽ 3ഉം 2-ാം വാർഡിൽ 2 ഉം 4-ാം വാർഡിൽ 1 ഉം 5-ാം വാർഡിൽ 1ഉം 6-ാം വാർഡിൽ 2 ഉം 7-ാം വാർഡിൽ 3 ഉം 8-ാം വാർഡിൽ 1ഉം 9-ാം വാർഡിൽ 3 ഉം വീതമാണുള്ളത്.

ഹിന്ദുക്കളുടെ ആചാരനുഷ്ഠാനങ്ങൾക്ക് 9 വാർഡിലും കൂടി 11 ക്ഷേത്രങ്ങൾ ഉണ്ട്.

ഇവ കൂടാതെ 9 വാർഡുകളിലായി വിവിധ മതസ്ഥരുടെ സാംസ്ക്കാരിക പൈതൃകത്വത്തിനും വളർച്ചയ്ക്കുമായി മറ്റനേകം സ്ഥാപനങ്ങൾ ഉണ്ട് അവയിൽ 1-ാം വർഡിലെ എസ്. എൻ. ഡി. പി. മന്ദിരം 2-ാം വാർഡിലെ പി. ആർ. ഡി. എസ് ഹാൾ, കെ. പി. എം. എസ് ശ്രീ കൃഷ്ണ വിലാസ മന്ദിരം, 3-ാം വാർഡിലെ എസ് എൻ. ഡി. പി. സൺഡേസ്ക്കൂൾ 4-ാം വാർഡിലെ പെരുപ്പേലികാവ് 6-ാം വാർഡിലെ എസ് എൻ. ഡി. പി. ഗുരുമന്ദിരം 7-ാം വാർഡിലെ എൻ. എസ് എസ്. കരയോഗ മന്ദിരം, 8-ാം വാർഡിലെ വീരശൈവ സമാജം വക ഹാൾ 9-ാം വാർഡിൽ വളരെ പുരാതനമായി ആരാധിച്ചു വരുന്ന പട്ടിക ജാതിക്കാരുടെ നല്ലുത്താനത്ത് കാവു ക്ഷേത്രവും തൈമറവും കരയിലെ കല്ലൂർക്കുളം മൂർത്തിക്കാവ് എന്നിവ സുപ്രധാനങ്ങളാണ്.

# V

# കലാകായിക രംഗങ്ങൾ

വെൺപാല ഗ്രാമക്കാരുടെ വകയായി ജലമേള നടത്തുന്നതിനു പുരാതനകാലത്ത് അവർ പണിത് ഉപയോഗിച്ചിരുന്ന ജല രാജാവാണ് ഇന്നത്തെ കാവാലം ചുണ്ടൻ. ഇൻഡ്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജിയുടെ പേരിൽ അറിയപ്പെടുന്ന നെഹ്റു ട്രോഫിയും മറ്റും നേടി പരിലസിക്കുന്ന ഈ രാജഹംസം നമ്മിൽ നിന്നും കൈവിട്ടുപോയതിൽ ദു:ഖിക്കേണ്ടിയിരിക്കുന്നു. തൈമറവുംകര ചുണ്ടൻ വള്ളം പേരും പെരുമയും ആർജിച്ച നിലകൊള്ളുന്നു. അപ്രകാരം നമ്മുടെ ഗ്രാമം വഞ്ചിപ്പാട്ടിനും ജലമേളകൾക്കും ഒട്ടും പിറകിൽ ആയിരുന്നില്ല എന്ന് തെളിയിക്കുന്നു.

നാടൻ പാട്ടുകൾ, കോലടി, കരകം, പരിചമുട്ടുകളി എന്നിവ 5-ാം ാർഡിലും, കോലം തുള്ളൽ, കരകം തിരുവാതിര, വേലകളി, കോൽകളി പടയണി എന്നിവ 6-ാംവാർഡിലും, ആൾപിണ്ടി, കോൽകളിൽ എന്നിവ 7-ാം വാർഡിൻേറയും സവിശേഷതകളാണ്. കൂടാതെ തുമ്പിയാട്ടം, മാർഗ്ഗം കളി എന്നിവയ്ക്കും പേരു കേട്ട ഗ്രാമമാണ് കുറ്റൂർ ഗ്രാമം. ഇൻഡ്യൻ ഗോളിയായി വളർന്ന കെ. റ്റി. ചാക്കോ, പടയണിക്ക് ദേശീയ അവാർഡു കിട്ടിയ കോവിലകത്ത് മാധവൻപിള്ള എന്നിവർ ഈ നാട്ടുകാരാണെന്നു ഇത് അഭിമാനത്തിനു വക നൽകുന്നു.

# VI

# ആരാധാനാലയാഘോഷങ്ങളും - ഉത്സവങ്ങളും

ഹൈന്ദവരുടെ ക്ഷേത്രങ്ങളോട് അനുബന്ധിച്ച് ക്ഷേത്രങ്ങളിൽ ആണ്ടുതോറും ഉത്സവങ്ങളും അതോടനുബന്ധിച്ച് പല ആഘോഷങ്ങളും, കലാപരിപാടികളും നടത്തിവരുന്നു. അവയിൽ പ്രധാനം ശ്രീ കൃഷ്ണ ജയന്തി, ശിവരാത്രി, പടയണി, സർപ്പം പാട്ട്, മീന ഭരണി, കാർത്തിക, ദീപാവലി എന്നീ മഹോത്സവങ്ങൾ

ക്രിസ്തീയ ദേവാലയങ്ങളിൽ ക്രിസ്തുമസ്സ്, ഈസ്റ്റർ പള്ളിപെരുനാൾ

ശ്രീനാരായണഗുര ജയന്തി, ചതയദിനം, മന്നം ജയന്തി, അയ്യൻ കാളി ജയന്തി എന്നീ ആഘോഷങ്ങളും മത സൗഹാർദ്ദതയോടുകൂടി ഒത്തൊരുമിച്ച് ആഘോഷിക്കുന്നു.

# VII

# ദേശീയ, പ്രാദേശീക, സാംസ്ക്കാരിക ആഘോഷങ്ങൾ

ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിൻെറ സ്മരണ നിലനിർത്തുവാൻ ആണ്ടുതോറും ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനമായും ജനവരി 26 റിപ്പബ്ലിക്ക് ഡേ ആയും ഭാരതത്തിൻെറ രാഷ്ട്രപിതാവായ മഹാത്മജിയുടെ ജന്മദിനമായ ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനമായും, ഇൻഡ്യയുടെ പ്രഥമ പ്രധാന മന്ത്രിയും പഞ്ചവത്സര പദ്ധതിയുടെ സൃഷ്ടികർത്താവുമായ പണ്ഡിറ്റ്ജിയുടെ ജന്മദിനമായ നവംബർ ശിശു ദിനമായും ഇൻഡ്യയുടെ രാഷ്ട്രപതിയായിരുന്ന ഡോ. രാധാകൃഷ്ണൻ ജന്മദിനമായ സെപ്റ്റംബർ 5 അദ്ധ്യപകദിനമായും നടത്തി വരുന്നു. കൂടാതെ യുവജനോത്സവം, സ്ക്കൂൾ വാർഷികം എന്നിവയും നടത്തുന്നു. കേരളത്തിൻെറ സുപ്രധാന ആഘോഷമായ ഓണം എല്ലാവരും ഒന്നുപോലെ ആഘോഷിക്കുന്നു. ജയന്തിയും ശ്രീ അയ്യങ്കാളി ജയന്തിയും ആഘോഷപൂർവ്വം നടത്തുന്നു. ക്രൈസ്തവർ ക്രിസ്തുമസും ഈസ്റ്ററും ആഘോഷിക്കുന്നു.

# പരിഹാരങ്ങളും നിർദ്ദേശങ്ങളും

## I.സാംസ്ക്കാരിക പൈതൃകരംഗം

കുറ്റൂർ ഗ്രാമത്തിൻെറ സാംസ്ക്കാരിക പൈതൃകം നില നിർത്തുവാനും, കൂടുതലായി ഊട്ടി ഉറപ്പിക്കുവാനുമായി പഴമക്കാരിൽ നിന്നും, എല്ലാവിധത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് അവ പൂർണ്ണ രൂപത്തിലുള്ള പുസ്തകമായി അച്ചടിച്ച് വയ്ക്കുക. ഇതു കൊണ്ടു മുൻ തലമുറക്കാരുടെ ജീവിതം കൊണ്ടും പ്രവൃത്തികൾ കൊണ്ടും നമ്മുടെ ഗ്രാമത്തിന് ഉണ്ടായിരുന്ന നേട്ടങ്ങൾ, കോട്ടങ്ങൾ എന്നിവ കണ്ടും കേട്ടും പഠിക്കുവാനും ഭാവി തലമുറയ്ക്ക് മാതൃകയാക്കി ജീവിക്കുവാനും സാധിക്കും.

ഇന്ത്യയുടെ മൊത്തത്തിലുള്ള സ്റ്റേറ്റുകൾ കണ്ടറിഞ്ഞ് പഠിക്കുവാനും, നമ്മുടെ രാഷ്ട്ര പിതാവ്, പ്രമുഖ ഭരണാധികാരികൾ എന്നിവരുടെ സ്മരണ നിലനിർത്തുവാനുമായി സ്ക്കൂൾ തലത്തിലും വിശിഷ്യാ ഗ്രാമ പഞ്ചായത്തിൻെറ ഭരണ സീരാ കേന്ദ്രമായ പഞ്ചായത്ത് ആഫീസിലും, ലൈബ്രറികളിലും ഛായ ചിത്രങ്ങളും മറ്റ് സംവിധാനങ്ങളും എർപ്പെടുത്തുക. പഞ്ചായത്തിലെ നാളിതുവരെയുള്ള ഗ്രാമ പിതാവ് (പ്രസിഡൻറന്മാരുടെ) ഛായാ ചിത്രം വയ്ക്കുക.

## II. ലൈബ്രറികൾ - സാംസ്ക്കാരിക നിലയങ്ങൾ

കുറ്റൂർ പഞ്ചായത്ത് സെൻട്രൽ ലൈബ്രറിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെങ്കിലും ലൈബ്രറിയുടെ വികസനം ഇപ്പോഴും വഴിമുട്ടി നിൽക്കുന്നു. ഇതിന് സുപ്രധാനങ്ങളായ പലകാരണങ്ങൾ ഉണ്ട്.

1) വിജ്ഞാന സമ്പാദനത്തിനു ആവശയമായ പുസ്തകങ്ങളുടെ അപര്യാപ്തത. 5000-ൽ ഏറെ പുസ്തകങ്ങൾ ഉണ്ടങ്കിലും ആയത് കാലപ്പഴക്കം കൊണ്ടു ജീർണ്ണിച്ച് ഉപയോഗശുന്യമാണ്. സ്ക്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് അവശ്യം ആവശ്യമായ പുസ്തകങ്ങൾ ഒന്നും തന്നെയില്ലന്ന് തീർത്തും പറയാം. സാധാരണകാർക്കു വായിക്കുവാനുള്ള മലയാളം നോവൽ, ചെറുകഥ, നാടകം, കവിതകൾ എന്നിങ്ങനെയുള്ള പുസ്തകങ്ങൾ മാത്രം. (അവ തന്നെ പഴക്കം ചെന്നതും ജീർണ്ണിച്ചതും)

ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ ഉള്ള പുസ്തകങ്ങൾ ഒന്നുതന്നെയില്ലാ. ബാല വിഭാഗത്തിനു ആവശ്യമായ പുസ്തകങ്ങളും ഒന്നുംതന്നെയില്ല.

2) ലൈബ്രറിയ്ക്ക് കെട്ടിടം ഉണ്ടെങ്കിലും ഇത് ലൈബ്രറിയാണോ മറ്റുവല്ല സ്ഥാപനവുമാണോ എന്നു തോന്നി പോകും. കാരണം ലൈബ്രറിയുടെ പേരും പോലും ഇല്ലാത്ത കെട്ടിടം. അത് പരിഹരിക്കുവാൻ അടിയന്തിരമായി ലൈബ്രറിയുടെ പേരും മറ്റും അടങ്ങുന്ന ബോർഡ് ഉടൻ സ്ഥാപിക്കണം.

3) ഇപ്പോഴുള്ള പുസ്തകങ്ങൾ സൂക്ഷിച്ചു വയ്ക്കുവാനുള്ള ഷെൽഫിൻെറ അപര്യാപ്തത വളരെയേറെ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് സൗകര്യ പ്രദമായി അടുക്കിവച്ച് അനായസേന എടുക്കുവാനും, വയ്ക്കുവാനും ആവശ്യമായ 2 സൈഡുള്ള ഷെൽഫുകൾ (4 അടി) ഉയരം $1^1/_2$ അടിയെങ്കിലും വീതിയുമുള്ള) വേണം.

4) പൊതു ജനങ്ങൾക്കോ വിദ്യാർത്ഥികൾക്കോ ലൈബ്രറിയിൽ വന്ന് പത്രപാരായണം നടത്തുവാനോ, ഗസറ്റ് മുതലയാവ റഫർ ചെയ്യുവാനോ ആവശ്യമായ ഉപകരണങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

5) ലൈബ്രറിയുടെ പുസ്തക സ്റ്റോർ റൂമും, റീഡിംഗ് റൂം തമ്മിൽ വേർതിരിക്കുന്ന ഭാഗത്ത് ബന്തവസ്സായ ഒരു വാതിൽ ഇല്ലാത്ത കാരണം ലൈബ്രറിയുടെ ഫയൽ, രസീതു ബുക്ക്, പുസ്തകങ്ങൾ എന്നിവ തന്നെ,

സുരക്ഷിതമായി വയ്ക്കുവാൻ പറ്റാത്ത സാഹചര്യമാണ് നിലവിൽ ഉള്ളത്. ഇതുമൂലം വിലപിടിപ്പുള്ള [illegible] മറ്റും നഷ്ടപ്പെടുന്നു. കൂടാതെ ലൈബ്രേറിയൻ ഇല്ലാത്ത അവസരത്തിൽ പൊതു ജനങ്ങൾക്ക് വായന യ്ക്കുള്ള അസൗകര്യങ്ങളും ഉണ്ടാകുന്നു. ഇത് പരിഹരിക്കുവാൻ സ്റ്റോർ റൂമിന് വാതിൽ വച്ച് ബന്തവസ്സ് ആക്കുകയും ചെയ്യുക.

ഇപ്പോഴത്തെ റീഡിംഗ് റൂമിനു പകരം ലൈബ്രറി കെട്ടിടത്തിൻെറ മുൻ വരാന്ത ഗ്രിൽവച്ച് റൂമാക്കിമാറ്റിയാൽ പൊതു ജനങ്ങൾക്ക് കൂടുതൽ സൗകര്യമായി ഉപയോഗിക്കാവുന്നതുമാണ്.

6) പഞ്ചായത്തിൻെറ അധീനതയിൽ ലൈബ്രറി ഉണ്ടാകുന്നതിനുമുമ്പു തന്നെ ഈ പഞ്ചായത്തിൽ മലയാള മനോരമ ദിനപത്രത്തിൻെറ സൃഷ്ടി കർത്താവും, കുറ്റൂരിൻെറ തന്നെ അഭിമാനഭാജനവുമായിരുന്ന കണ്ടത്തിൽ വർഗീസ് മാപ്പിള ഒരു ലൈബ്രറി സ്ഥാപിച്ചിരുന്നു. ആയത് അദ്ദേഹം പഞ്ചായത്തിനു വിട്ടു കൊടുക്കുകയും പിൽകാലത്ത് കുറ്റൂർ പഞ്ചായത്ത് സെൻട്രൽ ലൈബ്രറി ആയി മാറുകയും ചെയ്തു. എന്നാൽ ആ മഹാനുഭാവൻെറ ഓർമ്മ നിലനിർത്തുവാൻ ഈ ലൈബ്രറിയുടെ പേര് കണ്ടത്തിൽ വർഗീസ് മാപ്പിള മെമ്മോറിയൽ സെൻട്രൽ ലൈബ്രറി എന്ന പേരിലാക്കി പേര് പുനർനാമകരണം ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

7) കേരളാ സർക്കാരിൻെറ ഗസറ്റ് യഥാസമയം ലഭിക്കാത്തതുമൂലം തൊഴില രഹിതരായ യുവതി - യുവാക്കൾക്ക് യഥാസമയം ജോലിയ്ക്കുവേണ്ടിയുള്ള അപേക്ഷകൾ അയക്കുവാനും, കാര്യങ്ങൾ ഗ്രഹിക്കുവാനുമായി വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

ഇത് പരിഹരിക്കുവാൻ പി. എസ്. സി. ബുള്ളറ്റിൻ, എംപ്ലോയ്മെൻറ് ന്യൂസ് മുതലായവ വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

8) ലൈബ്രറിയ്ക്ക് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് റേഡിയോ, റ്റി. വി. അന്നന്ന് ഉണ്ടാകുന്ന സംഭവ വികാസങ്ങൾ, വിദ്യാഭ്യാസ പരിപാടി, പൊതുവിജ്ഞാനീയവിശേഷങ്ങൾ എന്നിവപെട്ടന്ന് അറിയുവാനും മനസ്സിലാക്കുവാനും വേണ്ടിയുള്ള ഈ സംവിധാനം ഇല്ലാത്തത് ഈ 20-ാം നൂറ്റാണ്ടിന് യോജിച്ചതല്ല.

9) നാശോൻമുഖമായികൊണ്ടിരിക്കുന്ന ദൃശ്യ - ശ്രവ്യ നാടൻ കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും, കൂടുതൽ പഠിക്കുന്നതിനുമായി ഈ സാംസ്ക്കാരിക കേന്ദ്രത്തോടനുബന്ധിച്ച് ഒരു സ്റ്റഡി സെൻറർ സ്ഥാപിക്കുക.

10) ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കുക.

## III. മറ്റുള്ള ലൈബ്രറികൾ- സാംസ്ക്കാരിക നിലയങ്ങൾ

1. ഈ പഞ്ചായത്തിൽ 9 വാർഡ് ഉണ്ടെങ്കിലും ഇപ്പോൾ 1-2-7- എന്നീ വാർഡുകളിൽ മാത്രമേ ലൈബ്രറിയോ സാംസ്ക്കാരിക നിലയമോ പ്രവർത്തിക്കുന്നുള്ളു. ബാക്കിയുള്ള 3-4-5-6- എന്നീ വാർഡുകളിൽ ഒറ്റ ലൈബ്രറിയോ സാംസ്ക്കാരിക നിലയമോ ഇല്ലന്നുള്ളത് അത്യന്തം ഖേദകരമാണ്. ആയതിനുവേണ്ടി ഈ വാർഡുകളിൽ സർക്കാർ വക പുറമ്പോക്ക് ഭൂമി ലഭ്യമാണ്. ആയത് ഏറ്റെടുത്ത് ലൈബ്രറികൾ സ്ഥാപിക്കുന്നതിനു ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ അൺ എക്ണോമിക്ക് ആയിട്ടുള്ള സർക്കാർ വക സ്ക്കൂളുകൾ ഈ ആവശ്യത്തിലേക്ക് ഉപയോഗപ്പെടുത്താമെന്ന് കരുതുന്നു. ഇത് വിട്ടുതരുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## IV. കലാ-കായിക വളർച്ചയ്ക്ക്

കലകളെ പ്രോത്സാഹിപ്പിക്കുവാൻ വാർഡ് തലത്തിലും, പഞ്ചായത്ത് തലത്തിലും കലാകായിക മത്സരങ്ങളും മേളകളും നടത്തുക. ഇവ നടത്തുന്നത് ഗ്രൂപ്പ് തിരിച്ച് വേണം. മുന്നു വിഭാഗമായി തിരിക്കാം

(1) ബാലസെറ്റ് (പുരുഷ വിഭാഗം, സ്ത്രീ വിഭാഗം) (2) യുവജനസെറ്റ് (സ്ത്രീ, പുരുഷ വിഭാഗം) വൃദ്ധ സെറ്റ് (പുരുഷ, സ്ത്രീ വിഭാഗം) ഇതിനായി വാർഡ് തലത്തിലും, പഞ്ചായത്ത് തലത്തിലും ജനകീയ കമ്മിറ്റി രൂപീകരിക്കണം.

(2) കലാകായിക മത്സരങ്ങൾ നടത്തുന്നതിനു ആവശ്യമായ സ്റ്റേഡിയം പഞ്ചായത്തിൽ ഇല്ലന്നു തന്നെ പറയാം. എന്നാൽ ഏക മിനി സ്റ്റേഡിയത്തിൻെറ പണി പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുക. കൂടാതെ 9 വാർഡുകളുടേയും മദ്ധ്യ ഭാഗത്തായി ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.

# ആർട്ടസ് & സ്പോർട്ട്സ് ക്ലബ്

1. ദൃശ്യ കുറ്റൂർ
2. ചൈതന്യ തലയാർ
3. സർഗ്ഗ, വെൺപാല
4. സൗഹൃദ, പടിഞ്ഞാറ്റോതറ
5. ഫ്രണ്ടസ്, പടഞ്ഞാറ്റോതറ
6. കെ. സി. സി., കുറ്റൂർ
7. സമഭാവന, വെൺപാല
8. സൗഹൃദ, വെൺപാല
9. ജനത, പടിഞ്ഞാറ്റോതറ
10. പ്രണവം, പടിഞ്ഞാറ്റോതറ
11. യംഗ് മെൻസ് ക്ലബ്, തൈമറവുംകര
12. യുവഭാരത്, തൈമറവുംകര

# കലാസമിതികൾ

1. ജനതാ ക്ലബ്, ഫ്രണ്ട്സ്, ഗാനം ഇലഞ്ഞിമോടി പ്രണവം കോതവിരുത്തി.
2. ശ്രീഭദ്രാപടയണി സംഘം
3. ദൃശ്യ ആർട്ടസ് & സ്പോർട്ടസ് ക്ലബ് (Reg. P 391/94)
   *നാടൻ പാട്ടുകൾ*
4. വഞ്ചിമൂട്ടിൽ ക്ഷേത്രം *ആൾപിണ്ടി*
5. സർഗ്ഗ പുതവൽ പാർത്ഥ സാരഥി പ്രാചീന കലാ കേന്ദ്രം
   *പടയണി, കാക്കാരിശി നാകടം, പുല നൃത്തം തപ്പുമേളം.*
7. സൗഹൃദാ ക്ലബ്ബ്, വെൺപാല

## *പ്രശ്നങ്ങൾ*

കളിസ്ഥലങ്ങളുടെ അപര്യപ്ത.

1,6 ഒഴികെ മറ്റ് വാർഡുകളിൽ കളിസ്ഥലങ്ങൾ ഉണ്ടാകണം.

കലാ, കായിക രംഗത്ത് സർക്കാർ ഏജൻസികൾ കൂടുതൽ പ്രോത്സാഹനം നൽകണം.

മൺ മറയുന്നു നാടൻ കലാരൂപങ്ങളായ പടയണി, ഞാറ്റുപാട്ട് തിരുവാതിര, കോൽകളി, മുടിയാട്ടണം തുടങ്ങിയവ പ്രോതസാഹിപ്പിക്കണം.

കുറ്റൂർ പഞ്ചായത്ത് ലൈബ്രറിയിൽ വേണ്ടത്ര ഷെൽഫുകൾ ഇല്ല. പുസ്തകങ്ങൾ ഇല്ല. പത്രങ്ങൾ കുറവാണ്. ലൈബ്രറിയുടെ മുൻഭാഗത്ത് ബോർഡ് ഇല്ല.

# ഗ്രാമസഭാ നിർദ്ദേശങ്ങൾ

## സംസ്ക്കാരം - വാർഡ് - 1

ഈ വാർഡിൽ നിലവിൽ ഒരു ഗ്രന്ഥശശലയും രണ്ട് വായനാശാലകളും ആറ് ക്ലബ്ബുകളും ഉണ്ട്. സാംസ്കാരിക പ്രസ്ഥാനങ്ങൾ വാർഡിന്റെ സാംസ്കാരികപരമായ ഉയർച്ചയ്ക്ക് ഒരു പരിധിവരെ സഹായിക്കുന്നു.

*ആവശ്യങ്ങൾ:-*

1. രജിസ്ട്രേർഡ് ക്ലബ്ബുകളിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക.
2. നിലവിലുള്ള ക്ലബ്ബുകൾ വായനാശാലയാക്കുന്നതിന്, വിജ്ഞാനപ്രദമായ പുസ്തകങ്ങൾ വാങ്ങുവാൻ ഗ്രാൻറ് അനുവദിക്കുക.
3. വായനശാലകൾക്ക് പഞ്ചായത്തിന്റെ ചിലവിൽ കേരളാ ഗസറ്റ് വരുത്തുക.
4. രജിസ്ട്രേർഡ് ക്ലബ്ബുകൾ മാസം തോറും ഗ്രാൻറ് അനുവദിക്കുക.
5. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ക്ലബ്ബുകൾക്കും വായനാശാലകൾക്കും സെമിനാറുകൾ, ബോധവത്കരണങ്ങൾ, ചർച്ചാ ക്ലാസ്സുകൾ എന്നിവ നടത്തുക. അതായത് പഞ്ചായത്ത്, ക്ലബ്ബിന്റെ സഹായത്തോടെ ഏറ്റവും കുറഞ്ഞത് വർഷത്തിൽ 12 പരിപാടികൾ ടാർജ്റ്റ് ഇടുക.
6. അഴിമതിയും മറ്റ് സാമൂഹ്യ തിന്മകൾ എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിന് വാർഡ് തലത്തിൽ ജനകീയ കമ്മറ്റി രൂപീകരിക്കുക.
7. അംഗനവാടികളിൽ ലൈബ്രറി ഏർപ്പെടുത്തുക.
8. സ്ത്രീകളെ സാംസ്കാരിക സംഘടനയുടെ പ്രവർത്തനങ്ങളെപ്പറ്റി ബോധവത്കരണം നടത്തുക.
9. മതിയൻചിറ മിനിസ്റ്റേഡിയത്തിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുക.
10. ഈ വാർഡിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.
11. ഒരു പഞ്ചായത്ത് ലൈബ്രറി വാർഡിൽ സ്ഥാപിക്കുക.
12. വാർഡുകളിൽ സാംസ്കാരിക സമ്മേളനങ്ങൾ സംഘടിപ്പിക്കുക.
13. നിലവിലുള്ള ക്ലബ്ബുകളെയും വായനാശാലകളെയും പ്രോത്സാഹിപ്പിക്കുകയും പുതിയതായി ക്ലബ്ബുകൾക്കും മറ്റും രജിസ്ട്രഷൻ നൽകാതിരിക്കുകയും ചെയ്യുക.
14. കായികപരമായും കലാപരവുമായ മേഖലകളിൽ കഴിവുള്ളവരെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുക.
15. സാംസ്ക്കാരിക രംഗങ്ങളിൽ കൂടുതൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ ഓരോ വർഷവും അവാർഡ് ഏർപ്പെടുത്തുക.
16. നാടൻകളികളെ പ്രോത്സാഹിപ്പിക്കുക. ഇവയുടെ മഹത്വങ്ങളെപ്പറ്റി ജനങ്ങളെ ബോധവത്കരിക്കുക.

## സംസ്ക്കാരം - വാർഡ് - 2

ഈ വാർഡിൽ സാംസ്ക്കാരിക സ്ഥാപനങ്ങളില്ല. രജിസ്റ്റർ ചെയ്യപ്പെട്ട ക്ലബ്ബുകൾ ഇല്ല. ഉണ്ടായിരുന്ന ഗ്രന്ഥശാല പ്രവർത്തന രഹിതമാണ്. സ്ഥിരമായി പ്രവർത്തിക്കുന്ന നാടക സംഘങ്ങളില്ല. പ്രത്യേക കലാ രൂപങ്ങളൊന്നും പ്രചാരത്തിലില്ല. ഒരു പൊതു ടെലിവിഷൻ സെറ്റുണ്ട്.

ഇവിടെ ഹിന്ദു-ക്രിസ്ത്യൻ ആരാധനാലയങ്ങളുണ്ട്. അവയുടെ ആഭിമുഖ്യത്തിൽ ഉത്സവങ്ങൾ നടത്തപ്പെടുന്നുണ്ട്. ഓണം, ക്രിസ്തുമസ്, ശ്രീകൃഷ്ണ ജയന്തി, ശ്രീനാരായണ ഗുരു ജയന്തി എന്നിവയെല്ലാം ആഘോഷിക്കപ്പെടുന്നു. സ്കൂളുകളിൽ വാർഷികാഘോഷങ്ങൾ പതിവായി നടത്തിവരുന്നു. പഞ്ചായത്തുതല കലാമത്സരങ്ങളിൽ ഈ വാർഡിലുള്ളവർ പങ്കെടുത്തു വരുന്നു. നവസാക്ഷരർക്കായി ജില്ലാതലത്തിൽ നടത്തിയ കലാമത്സരങ്ങളിൽ ഈ വാർഡിൽ പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രത്തിലെ നവസാക്ഷരർ സമ്മാനാർഹരായി. മികച്ച ജനവിദ്യാകേന്ദ്രത്തിനും കൺവീനർക്കുമുള്ള അവാർഡും ലഭിച്ചു.

സ്ത്രീകളിൽ വായനാശീലം കുറവാണ്. ടെലിവഷന്റെ അതിപ്രസരം കുട്ടികളുടെ പഠനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്.

*പരിഹാരനിർദ്ദേശങ്ങളും മുൻഗണനാക്രമവും*

1. പ്രവർത്തന രഹിതമായി കിടക്കുന്ന ഗ്രന്ഥശാല പുനരുദ്ധരിക്കണം.
2. കണിയാംപാറ ലക്ഷം വീടുകോളനി, പാറയ്ക്കലത്തു കോളനി, വെള്ളിയംപള്ളി മോടി എന്നിവിടങ്ങളിൽ പൊതു ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കണം.
3. പുതുതായി സ്പോർട്ട്സ് ക്ലബുകൾ രൂപീകരിക്കാൻ

പഞ്ചായത്ത് പ്രോത്സാഹനം നൽകണം. സ്പോർട്ടസ് ഉപകരണങ്ങശ സൗജന്യമായി നൽകണം.

4. ജനവിദ്യാ കേന്ദ്രത്തിനു സ്വന്തമായി കെട്ടിടവും ഫർണീച്ചറും ഉണ്ടാക്കണം.

5. ടെലിവിഷനിലെ സീരിയലുകളുടെ സമയം പുന:ക്രമീകരിക്കണം. വാർത്താപ്രക്ഷേപണം 7.30 ലേയ്ക്കു മാറ്റിക്കൊണ്ട് അതിനു മുമ്പായി സീരിയലുകൾ പ്രക്ഷേപണം ചെയ്യുന്നത് അഭീകാമ്യമാണ്.

## സംസ്ക്കാരം - വാർഡ് - 3

A 1. Young Mens Arts & Sport Club, കുന്നത്തുമണ്ണു യുവ ഭാരത് തൈമറവംകര എന്നിവ പ്രവർത്തിക്കുന്നു.

2 പടയണി കോലംതുള്ളൽ, കോലടി, ചെണ്ടമേളം തിരുവാതിര ഭജനസെറ്റ് തുടങ്ങിയവക്കു പ്രോത്സാഹനം നൽകുക.

3. വായനശാല ഇല്ല, ഗ്രന്ഥാലയം ഇല്ല. Arts and Sports Club ഒന്നും വീതം

4. സാംസ്കാരിക നിലയം ഇല്ല.

5. പൊതുവായ റേഡിയോ ടെലിവിഷൻ സെറ്റുകളില്ല.

6. ഇല്ല. (നാടക ട്രൂപ്പു)

B 1. Arts and Sports Club and യുവ ഭാരത് തൃപ്തികരമായി നടക്കുന്നു.

2. വാർഡിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക. ഇതിനേ സംബന്ധിച്ച ചർച്ചാ ക്ലാസുകൾ സെമിനാറുകൾ തുടങ്ങിയ ബോധവല്ക്കരണ പരിപാടികൾ നടത്തുക. ഒരു വായനശാലയും ഒരു ഗ്രന്ഥശാലയും സ്ഥാപിക്കുക. ഒരു മിനി സ്റ്റേഡിയം സ്ഥാപിക്കുക.

3. ഗ്രന്ഥാലയം സ്ഥാപിക്കുക.

4. സ്ത്രീകൾക്കു വായന ശീലമാക്കുന്നതിനും സാംസ്കാരിക ശീലം വർദ്ധിപ്പിക്കുന്നതിനും വനിതകൾക്കു ആർഹമായ പ്രാതിനിധ്യം കൊടുക്കയും മഹിളാ സമാജങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. നേതൃസ്ഥാനങ്ങൾ സ്ത്രീകൾക്കു കൊടുക്കുകയും ചെയ്യണം.

5. ടെലിവിഷന്റെ അതിപ്രസരണം കുട്ടികൾക്കു തയ്യാറാക്കുന്നതിനായി മാതാപിതാക്കളെയും കുട്ടികളെയും ബാധവല്ക്കരിക്കുക.

6. നാടൻപാട്ടുകൾ വഞ്ചിപ്പാട്ടുകൾ മുതലായ പഴമക്കാരിൽ നിന്നും ശേഖരിച്ചു പുസ്തക രൂപത്തിലാക്കുക. ദേവാലയങ്ങളുടെയും, കാവുകളുടെയും, പുരാണ ഐതീഹ്യങ്ങൾ പഴമക്കാരിൽ നിന്നും ശേഖരിച്ചു പുസ്തകമാക്കുക.

7. പഞ്ചായത്തു ബ്ലോക്കു ജില്ലാ തല കേരളോത്സവത്തിലും യുവജനോത്സവത്തിലും മറ്റുമുള്ള കലാമത്സരങ്ങളിൽ വാർഡിന്റെ പ്രാതിനിത്യം വേണ്ടവണ്ണം ഉണ്ടാകേണ്ടതാണ്.

## സംസ്ക്കാരം - വാർഡ് - 4

ഈ വാർഡിൽ യുവജനങ്ങളുടെ രജിസ്ട്രർ ചെയ്യാത്ത യുവജന സംഘടനകളും, പലപ്പോഴും തുടർന്നു നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത കലാ സംഘടനകളും നിലവിലുണ്ട്. അവയ്ക്കു വേണ്ട സഹായങ്ങൾ പഞ്ചായത്തു സത്വരമായി നടത്തേണ്ടതാണ്

സാമ്പത്തിക ബുദ്ധമുട്ടുകളും, സമതികൾ രൂപീകരിക്കാനുള്ള സ്ഥല സൗകര്യങ്ങളിൽ ഇല്ലാത്തതുമാണ് ഏറ്റവും വലിയ ഭീഷണി.

അതുകൊണ്ട് കാലാകാലങ്ങളിൽ ഒറ്റയ്ക്കും തെറ്റയ്ക്കും മുളച്ചു പൊങ്ങുന്ന ചെറിയ സമതികൾ ഒരു ചെറിയ കാലയളവിൽ കലയുടെ ഒരു ദീപ്തി അല്പമൊന്നു പ്രകാശിച്ചിട്ടു തനിയെ കെട്ടണയുന്നു. അതോടെ ഒരു നീണ്ട കാലയളവിലേക്കു കലാ പ്രവൃത്തനം മൃതമാകുന്നു''. അതു പരിഹരിക്കാനുള്ള നടപടി എടുക്കണം.

പിന്നെയും ഓടി അണയുന്ന ഓണത്തിന്റെയും ക്ഷേത്ര ഉത്സവങ്ങളുടെയും പശ്ചാത്തലത്തിൽ കലയേയും, നൃത്തത്തേയും, താളമേളങ്ങളേയും ജനം ഓർമ്മിക്കുകയായി. ഒരു ചെറിയ ഇടവേളയ്ക്കായി മാത്രം!! ഇതാണ് ഈ പ്രദേശത്തെ സാംസ്കാരിക പ്രവൃത്തനത്തിന്റെ പൊതുശൈലി.

### *സാംസ്കാരിക സ്ഥാപനം*

B. 1. സാംസ്കാരിക സ്ഥാപനങ്ങൾ ഒന്നുമില്ല. യുവാക്കളായ കലാകാരന്മാർ അവരുടെ തനതായ രീതിയിൽ കലാ പരിപാടികൾ ഓണത്തിനും, മറ്റു വിശേഷാൽ ദിവസങ്ങളിലും നടത്തുന്നുണ്ട്. അത്രമാത്രം.

2. പഞ്ചായത്തു കഴിവുള്ള കലാകാരന്മാരെ കണ്ടു പിടിച്ചു പ്രോത്സാഹനം കൊടുക്കുകയും, ഇടയ്ക്കിടെ കലാപരിപാടികൾ കമ്മ്യൂണിറ്റി ഹാളിലോ, മറ്റു സ്കൂൾ ഹാളുകളിലോ നടത്തി. കലാകാരന്മാർക്കു പ്രോത്സാഹനം നടത്തേണ്ടതാണ്.

3. കൂടുതൽ പുസ്തകങ്ങൾ വരുത്തി കൂടുതൽ കോപ്പികൾ വാങ്ങി കൂടുതൽ പേർക്കു പുസ്തകം വിതരണം ചെയ്യാൻ കഴിയണം.

4. പുസ്തകം വീടുകളിൽ എത്തിച്ചു കൊടുക്കാനുള്ള സംവിധാനം വായനക്കാരുടെ സഹായത്തോടെ നടപ്പിലാക്കാൻ ശ്രമിക്കണം.

5. നാടകം, സിനിമ, എന്നിദ്യാതി പരിപാടികൾ രാത്രി 12 മണി കഴിഞ്ഞിട്ടു മാത്രം ടെലിവിഷ്യനിൽ പ്രദർശിപ്പിച്ചാൽ മതി എന്നു നിർദ്ദേശിക്കണം.

6. അതിൽ താല്പര്യമുള്ള ആളുകളെ കണ്ടെത്തി, അവരുടെ

കൂട്ടായ ശ്രമത്തിൽ അവ collect ചെയ്യാവുന്നതാണ്.

7. പരിമിതമാണ്

*ഉത്സവങ്ങൾ*

9 (1) ഫെബ്രുവരി ഒന്നാം ആഴ്ച ക്നായ പള്ളി പെരുന്നാൾ
(2) കുറ്റൂർ മഹാദേവ ക്ഷേത്രം, ശിവരാത്രി
(3) പെരുപ്പേലികാവ്, കുറ്റൂർ തോമ്പിത്തറ ഭാഗം

## സംസ്ക്കാരം - വാർഡ് - 5

*ലൈബ്രറിയും റീഡിംഗ് റൂമും*

**സ്ഥിതി:** ഇപ്പോൾ ഈ വാർഡിൽ ഒരു വായനശാലയോ ഗ്രന്ഥശാലയോ ഇല്ല. പത്രമാസികകൾ പൊതുവായിരുന്ന് വായിക്കുവാനും ചർച്ച ചെയ്യാനും ഗ്രന്ഥവാതയനത്തിലൂടെ സാഹിത്യാഭിരുചി വളർത്താനുമുള്ള സാഹയങ്ങൾ കുറവ് എന്നർത്ഥം. ഓണാഘോഷവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ക്ലബ്ബുകൾ മാത്രമാണുള്ളത്. എന്നാൽ നാടൻ പാട്ടുകൾ, കോലടി, കരകം, പരിചമുട്ടികളി എന്നിവ അറിയുന്നവരും അഭ്യസിപ്പിക്കുന്ന കേന്ദ്രങ്ങളും ഉണ്ട്. പാണ്ടിശ്ശേരി സ്ക്കൂളിൻെറ ഗ്രൗണ്ടാണ് പൊതുവായുള്ള കളിക്കളം.

**നിർദ്ദേശം:** ഏറ്റവും അടിയന്തിരമായി 5-ാം വാർഡിൽ ഒരു വായനശാലയും ഗ്രന്ഥശാലയുമുണ്ടാകണം. അതിനായി സ്ഥലവും കെട്ടിടവും ഉണ്ടാകണം.

5-ാം വാർഡിലെ പുറമ്പോക്ക് തിട്ടപ്പെടുത്തി ഇതിന് വേണ്ടി സ്ഥലം കണ്ടെത്താൻ കഴിയും.

പാണ്ടിശ്ശേരി സ്ക്കൂളിൽ ഇപ്പോൾ ആവശ്യമില്ലാതിരിക്കുന്ന സ്കൂൾ കെട്ടിടം രൂപഭേദം വരുത്തി വേണമെങ്കിൽ ഇതിനായി ഉപയോഗിക്കാം.

ഒരു ചുമതലക്കാരനെ ഏർപ്പെടുത്തണം. ഉപകരണങ്ങൾ വാങ്ങണം. പുസ്തകങ്ങളും. വേണമെങ്കിൽ ഈ വിധ ഉത്തരവാദിത്തങ്ങൾ ക്ലബ്ബുകളെ ഏല്പിക്കാം.

***Estimate*:** സ്വകാര്യ വ്യക്തികളോട് സ്ഥലം വാങ്ങുകയാണെങ്കിൽ – 5 സെൻറിന് 50000

| | |
|---|---|
| സെൻറാന്നിന് | -1000 രൂപ വെച്ച് |
| കെട്ടിടം | – 1 ലക്ഷം |
| അലമാര, ബെഞ്ച്, ഡെസ്ക്, മേശ | |
| പുസ്തകങ്ങൾ | – 25000 |
| ആകെ | – 2 ലക്ഷം രൂപാ കണക്കാക്കുന്നു. |

## സംസ്ക്കാരം - വാർഡ് - 6

എ) യുവജന പങ്കാളിത്വത്തോടെകൂടി സാംസ്കാരിക സ്ഥാപനങ്ങൾ ഉണ്ടാക്കുവാൻ പഞ്ചായത്തു തലത്തിൽ വേണ്ട സഹായ സഹകരണങ്ങൾ ഉണ്ടാക്കി കൊടുക്കുക.

2. പ്രാചീന നാടൻ കലയായ കോലം തുള്ളൽ, കരകം, തിരുവാതിര, വേലകളി, കോൽകളി തുടങ്ങിയവയ്ക്ക് പ്രേത്സാഹനം നൽകണം.

3. വായനശാല -1, ഗ്രന്ഥാലയം - 1, ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് - 1

4. പഞ്ചായത്ത് കമ്മറ്റി ഹാൾ

5. 6-ാം വാർഡ് ലക്ഷം വീടുകോളനിയിൽ ഒരു റേഡിയോ, ടെലിവിഷൻ സെൻറർ സ്ഥാപിച്ചുകിട്ടേണ്ടതാണ്.

ബി) 1. വാർഡിൽ സാംസ്കാരിക സ്ഥാപനങ്ങൾ ഒന്നും ഇല്ലാത്തതിനാൽ അവ ഉണ്ടാക്കുന്നതിലേക്ക് ഗവൺമെൻറ് തലത്തിൽ എല്ലാവിധ സഹായവും ആവ ശ്യമാണ്.

2. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്ലബ്ബുകൾക്കും, മറ്റു സംഘടനകൾക്കും പഞ്ചായത്തു തലത്തിലും സർക്കാർ തലത്തിലും ചെയ്തുകൊടുക്കാൻ പറ്റുന്ന എല്ലാവിധ സഹായസഹകരണങ്ങളും നല്കുകയും പുതിയ സാംസ്കാരിക സംഘടനകൾ ഉണ്ടാകുന്നതിലേക്ക് ജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനോടൊപ്പം അതിനുവേണ്ട എല്ലാവിധ സഹായവും ചെയ്തു കൊടുക്കേണ്ടതുമാണ്.

3. നിലവിലുള്ള ഗ്രന്ഥാലയത്തിൻെറ അപര്യാപ്തതകൾ പരിഹരിച്ച് അത് നല്ല രീതിയിൽ നടത്തുകയും, പുതിയ പുതിയ ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളടെയും, Reference ഗ്രന്ഥങ്ങളുടെയും ലഭ്യത ഉണ്ടാക്കുക തുടങ്ങിയവ അത്യാവശ്യമായും ചെയ്യേണ്ടതാണ്. കൂടാതെ കൂടുതൽ അംഗങ്ങളെ ചേർത്ത ഗ്രന്ഥ ശാലയുടെ പ്രവർത്തന പരിധികൂട്ടുകയും ചെയ്യാവുന്നതാണ്.

4. ഗ്രന്ഥശാലയിലും, വായന ശാലയിലും കൂടുതൽ സ്ത്രീജനങ്ങളെ അംഗങ്ങളാക്കുകയും, വീട്ടമ്മമാരുടെ സമയക്കുറവ് കണക്കിലെടുത്ത് ഗ്രന്ഥങ്ങളും, പ്രസിദ്ധീകരണങ്ങളും വീടുകളിൽ എത്തിച്ചുകൊടുക്കുവാനും, അവ തിരികെ വാങ്ങുന്നതിനും ഒരു Door Delivery Stystem ഉണ്ടാക്കുകയും കൂടാതെ സ്ത്രീകൾക്ക് ഈ കാര്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുക.

5. രാത്രി 9 മണിക്കു മുൻപ് കുട്ടികൾക്ക് ജിഞ്ജാസ പകര

ത്തക്ക രീതിയിലുള്ള സീരിയലുകൾ, സിനിമാ തുടങ്ങിയ പരിപാടികൾ നിർത്തലാക്കുക. വിജ്ഞാന പ്രഭങ്ങളായ പരിപാടികൾ കൂടുതൽ ഉൾപ്പെടുത്തുക.

6. ഈ പ്രദേശത്തു മാത്രം പ്രചാരത്തിലുള്ള നാടൻ പാട്ടുകൾ, ഐതിഹ്യങ്ങൾ എന്നിവ അറിവുള്ള മുൻ തലമുറയിലുള്ള ആൾക്കാരെ കണ്ടെത്തി അവ പുസ്തക രൂപത്തിലോ, ചിത്രങ്ങളാക്കിയോ പഞ്ചായത്തുവക ലൈബ്രറിയിൽ സൂക്ഷിക്കുക.

7. ഈ വാർഡിൽ പ്രവർത്തിക്കുന്ന ദൃശ്യ ആർട്ട്സ് ആൻർ സ്പോർട്ടസ് ക്ലബ് അംഗങ്ങൾ കേരളോത്സവത്തിൽ എല്ലാ കൊല്ലവും പങ്കെടുത്ത് സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട്. നാടൻ പാട്ടുകളിൽ തുടർച്ചയായി സംസ്ഥാന തല ജേതാക്കളാണ്. കേരളാത്സവത്തിലും മറ്റും വാർഡിൻെറ പങ്കാളിത്തം വളരെയധികം ഉണ്ടാകാറുള്ളതാണ്.

8. ഭഗവതിക്ഷേത്രം – 1, ക്രൈസ്തവാലയം – 2,

9. ക്ഷേത്ര ഉത്സവങ്ങളിൽ പടയണി, സർപ്പം പാട്ട്, കരകം, തിരുവാതിര കാവടി കൂടാതെ മറ്റു കലാപരിപാടികളും ക്രിസ്തീയൻ ദേവാലയങ്ങളിൽ റാസ, മാർഗ്ഗം കളി തുടങ്ങിയവയും നടത്താറുണ്ട്.

12. മതപരവും, ജാതീയവുമായി വളരെ ഐക്യത്തോടു കൂടി കഴിയുന്നു.

## സംസ്ക്കാരം - വാർഡ് - 7

*കോ-ഓഡിനേററർ* – **ഹരികുമാർ,** കുറിച്ചിയിൽ, തലയാർ കുറ്റൂർ പി. ഒ., തിരുവല്ല.

B. 1. തലയാറ്റിൽ സാംസ്കാരിക പ്രവർത്തന കേന്ദ്രം ആരംഭിക്കുക. ചൈതന്യാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് രജിസ്റ്റർ ചെയ്യാൻ പഞ്ചായത്തിൻെറ സഹായം ചെയ്യണം.

2. ഗ്രന്ഥാലയത്തിന് തലയാറിൻെറ മദ്ധ്യഭാഗത്ത് ഒരു ആസ്ഥാനം ഉണ്ടാക്കുക. പുറമ്പോക്കിൽ കെട്ടിടവും സ്ഥലവും വേണം.

3. സ്ത്രീകളെ ഗ്രന്ഥശാലയിൽ അംഗങ്ങളാക്കുക അതാടൊപ്പം തന്നെ കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കുക സ്ത്രീകളിൽ ബോധവൽക്കരണം നടപ്പാക്കണം.

4. മാതാപിതാക്കൾ കുട്ടികളെ പാഠ്യരംഗത്തേക്ക് ശ്രദ്ധ തിരിച്ചു വിടുക.

5. കലാസമിതികൾ ഉടൻ തന്നെ രൂപികരണം. അതിനു വേണ്ടി പ്രത്യേകിച്ച് മഹിളാ സമാജങ്ങൾ രൂപികരിക്കേണ്ടതാണ്.

6. വിഷു മഹോൽസവം, പള്ളി പെരുന്നാൾ തുടങ്ങിയ ചടങ്ങുകൾ ഭക്തനിർഭരമായ ആഘോഷിക്കുന്നു.

7. ചൈതന്യാ ആർട്സ് &. സ്പോർട്സ് ക്ലബ്ബിൻെറ ആഭിമുഖ്യത്തിലുള്ള ഓണാഘോഷം, കേരളോൽസവം, ക്രിസ്തുമസ്സ്, വിഷു.

8. ഹിന്ദുക്കൾ കുടുതൽ ഉള്ള പ്രദേശമാണിത്. സൗഹാർദ പരം. ജാതിയിൽ നായർ സമുദായമാണ് മുൻപന്തിയിൽ എന്നിവ സമുചിതമായി ആഘോഷിക്കുന്നു..

9. കിളിത്തട്ട്, കബഡികളി, നാടൻ പന്തുകളി എന്നിവ പ്രചാരത്തിലുണ്ട്.

## സംസ്ക്കാരം - വാർഡ് - 8

1. ഒരു ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഉണ്ട്.

2. ഒരു റ്റി. വി. സെറ്റ് ഉണ്ട്.

B. 1. പഞ്ചായത്തു വക ഒരു സാംസ്കാരിക കേന്ദ്രം, വായന ശാല എന്നിവ ഉണ്ടാക്കേണ്ടതാണ്. ഒരു പൊതുകളി സ്ഥലം വായന ശാലയോട് അനുബന്ധിച്ച് ഉണ്ടാകേണ്ടതാണ്. തെങ്ങേലി എൽ. പി. സ്കൂളിനോടനുബന്ധിച്ചുള്ള കെട്ടിടത്തിൽ വായനശാല ഇടാവുന്നതാണ്.

2. ഗ്രന്ഥാലയത്തിൻെറ ഭരണസമിതിയിൽ സ്ത്രീകളെ ഉൾപ്പെടുത്തി സ്ത്രീ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കണം.

3. Television ൻെറ അതിപ്രസരം കുട്ടികളുടെ വിദ്യാഭ്യാസത്തെ ദോഷകരമായി ബാധിക്കാതിരിക്കാൻ രക്ഷാകർതൃ സംഘടന വഴി മാതാപിതാക്കളെ ബോധവൽക്കരിക്കേണ്ടതാണ്.

4. വള്ളിയിൽ ദേവീക്ഷേത്രം, വീരശൈവ മന്ദിരം, ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ്, സെൻെറ് ജോർജ് ഓർത്തഡോക്സ് ചർച്ച്, സാൽവേഷൻ ആർമി, മാർത്തോമ്മാ ചർച്ച് എന്നി ആരാധനാലയങ്ങളുണ്ട്.

5. അമ്പലത്തിലെ ഉത്സവങ്ങൾ പള്ളിയിലെ പെരുനാഴുകൾ മന്ദിരത്തിലെ ശിവരാത്രീ ഉത്സവം എന്നീവ ക്രമമായി നടക്കുന്നു.

6. ജനീക കമ്മറ്റി ഉത്സവങ്ങൾ നിയന്ത്രീക്കുന്നു

7. ചതയദിനാഘോഷം. അയ്യങ്കാളിയുടെ ജന്മദിനത്തോടനുബന്ധിച്ചു ഉള്ള ഘോഷയാത്ര എന്നിവ നടന്നു വരുന്നു.

8. ജനങ്ങൾ മതസൗഹാർദ്ദത്തിൽ കഴിയുന്നു.

9. തലപ്പന്ത്, കിളിത്തട്ട്, ഫുഡ്ബോൾ, കബഡി ഇവ നടത്തുന്നു.

10. പ്രത്യേകാചാരങ്ങളില്ല.

## സംസ്ക്കാരം - വാർഡ് - 9

A1. രണ്ടു ക്ലാബുകൾ ഉണ്ട്

a). സൗഹൃദ ആർട്ട്സ് & സ്പോർട്ട്സ്

b). സമഭാവന ആർട്ട്സ് & സ്പോർട്ട്സ്

2. പടയണി പൂർവ്വികമായി നടന്നു വരുന്ന (കദളി മംഗലം ക്ഷേത്രത്തിൽ)

3. വായനശാല ഇല്ല. ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് 2 എണ്ണം

4. പൊതു റേഡിയോ, ടെലിവിഷൻ സെറ്റുകൾ ഇല്ല. ഇവ പഞ്ചായത്തിൽ നിന്നും അനുവദിക്കണം.

5. അമേച്വർ നാടക സംഘങ്ങൾ ഉണ്ട്.

B. 1. ഇവിടെ പ്രവർത്തിക്കുന്ന ക്ലബുകൾക്ക് സ്വന്തമായി സ്ഥലം വാങ്ങാനും, കെട്ടിടം വയ്ക്കാനുമുള്ള ഫണ്ട് അനുവദിക്കണം. ഈ വാർഡിലെ കലാകാരന്മാരെ പരിശീലിപ്പിക്കുന്നതിനു ഒരു കലാ സാംസ്കാരിക കേന്ദ്രം തുറന്ന് പ്രവർത്തിക്കണം. കായിക വിനോദങ്ങൾക്കായി കളി സ്ഥലം അനുവദിക്കുക. പുറമ്പോക്ക് ഉണ്ട്.

2. പഞ്ചായത്തിൽ നിന്നും വായന ശാലയ്ക്കു പുസ്തകങ്ങൾ വാങ്ങി കൊടുക്കണം.

3. ബോധവൽക്കരണം നടത്തണം.

4. നിലവാരമുള്ള വിഷയങ്ങൾ സംപ്രേക്ഷണം ചെയ്യുവാനുള്ള സന്മസ്സ് ബന്ധപ്പെട്ടവർക്കുണ്ടാകണം.

5. കേരളോത്സവത്തിനു ഈ വാർഡിൽ നിന്നും അനവധി താരങ്ങളെ പങ്കെടുപ്പിക്കാറുണ്ട്.

6. മുന്നു പള്ളി, രണ്ട് ക്ഷേത്രം

7. പടയണി, തൈപ്പൂയം, നാല്പത്തൊന്ന് എന്നീ ക്ഷേത്രോത്സവങ്ങളും, ക്രിസ്തുമസ്, പെരുനാൾ എന്നീ ക്രൈസ്തവ ആഘോഷങ്ങളും നടത്താറുണ്ട്.

8. പൊതു ജന സഹകരണത്തോടെ ഉത്സവാദികൾ നടത്തുന്നു.

9. എല്ലാ മതസ്ഥരും സഹോദര്യത്തോടെ വർത്തിക്കുന്നു.

10. പന്തുകളി, കബഡി, തിരുവാതിര, തുമ്പിതുള്ളൽ എന്നിവക്കു കൂടുതൽ പ്രോത്സാഹനം നൽകണം.

## സംസ്കാരം

### *1. Library and Reading Room*

**സ്ഥിതി:** ഇപ്പോൾ ഈ വാർഡിൽ ഒരു വായന ശാലയോ ഗ്രന്ഥശാലയോ ഇല്ല.

ഒരു ലൈബ്രറി ആൻറ് റീഡിംഗ് റും സ്ഥിരമായി സ്ഥലമെടുത്ത് കെട്ടിടം വെച്ച് അതിനുള്ളിൽ ഉപകരണങ്ങൾ വാങ്ങി പത്രമാസികകളും ഗ്രന്ഥങ്ങളും തുടങ്ങിഒരു ചുമതലക്കാരനെ എല്പിച്ച്, ഒരു ലൈബ്രേറിയനെ നിർത്തി വളർത്തണമെന്ന് അഭിപ്രയാം.

ഇതുമായി സഹകരിക്കാൻ കഴിയുന്ന യുവജന ക്ലബ്ബുകളിവിടെയുണ്ട്. സ്ഥലം കണ്ടെത്തണം.

അല്ലെങ്കിൽ സ്ഥലം വാങ്ങി കെട്ടിടം വാങ്ങി കാര്യങ്ങൾ നടത്തണം

*Estimate*

സ്ഥലം : 5 സെൻറ് 25000/-

കെട്ടിടം 1 ലക്ഷം

ഉപകരണങ്ങൾ : അലമാര, ബെഞ്ച്, മേശ

തുക : 25000

പുസ്തകങ്ങൾ : 25000





# സഹകരണം

ഒരുവൻ എല്ലാവർക്കുവേണ്ടിയും എല്ലാവരും ഒരുവനവേണ്ടിയും യത്നിക്കുക എന്നതാണ് സഹകരണ പ്രസ്ഥാനത്തിൻെറ പരമ പ്രധാനമായ ലക്ഷ്യം, കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ചു കടത്തിൽ മരിച്ചു കൊണ്ടിരുന്ന സാധാരണ കാർഷകരെ സംബന്ധിച്ച് അവരെ രക്ഷിക്കുന്നതിനായി ഋണബാസ്ഥതയിൽ നിന്നും അവരെ കരകയറ്റുന്നതിനുമായി സൊസൈറ്റി 1904ൽ കോ ഒപ്പറേറ്റിവ് ആക്റ്റ രൂപീകൃതമായി. ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിൽ അടിസ്ഥാനമിട്ടു കഴിഞ്ഞു നമ്മൾ നമ്മുടെ സംസ്ഥാനത്തും സഹകരണ സംഘങ്ങൾ രൂപീകരിച്ചു.

കുറ്റൂർ ഗ്രാമ പഞ്ചായത്തു പ്രദേശത്തു ആദ്യമായി പ്രവർത്തനം ആരംഭിച്ചിരുന്ന കുറ്റൂർ സഹകരണ സൊസൈറ്റിയും, തലയാർ പരസഹായ സംഘവും പിന്നീട് രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടർന്നു വരുന്ന കുറ്റൂർ വില്ലേജ് സർവ്വീസ് സഹകരണ ബാങ്കിൽ ലയിച്ചു.

വിവിധ മേഖലകളിയായി സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. അവയിൽ 14 എണ്ണം പഞ്ചായത്തിൽ കേന്ദ്രീകരിച്ചു പ്രവർത്തിക്കുവയും 2 എണ്ണം മറ്റു പ്രദേശങ്ങളിൽ ഉള്ളവയാണ്. അതിൽ ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ബ്രാഞ്ച് കുറ്റൂരിൽ സ്ഥാപിച്ചിട്ടുണ്ട്.

# ഇന്നത്തെ നില

കാർഷിക മേഖലയിൽ കുറ്റൂറ വില്ലേജ് സർവ്വീസ് സഹകരണ ബാങ്കും Reg. No. (A. 708) അതിൻെറ ഓതറ ശാഖയും നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ആറായിരത്തി അഞ്ഞൂരിൽ പരം വ്യക്തികൾ അംഗങ്ങളായിട്ടുണ്ട്. തെക്കേലി കേന്ദ്രമായി രൂപികൃതമായിട്ടുള്ള ക്ഷിരോല്പാദന സഹകരണസംഘവും ഓതറ കേന്ദ്രമായിട്ടുള്ള ക്ഷിരോല്പാദന സഹകരണ സംഘവും തൃപ്തികരമായ രീതിയിൽത്തന്നെ പ്രവർത്തനം നടത്തുന്നുണ്ട്. P.T.64 -ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘത്തിൻെറ പ്രവർത്തനഃ ഒട്ടും തന്നെ തൃപ്തികരമല്ല. നേരത്തെ ഓതറയിൽ രൂപികരിക്കപ്പെട്ട ബോയിർ ചിക്സ് സൊസൈറ്റി ഇന്ന് ശരിയായി പ്രവർത്തിക്കുന്നില്ല. ഇവയെ കൂടാതെ സഹകരണാടിസ്ഥാനത്തിൽ രൂപികരിക്കപ്പെട്ടിട്ടുള്ള ഏഴ് നെല്ലുൽപാദക സമിതികൾ, കേരവികസന സമിതി എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. തിരുവല്ലാ ഈസ്റ്റ് കോ-ഓപ്പറേറ്റിവ് ബാങ്കിൽ ഷയാർ എടുത്ത വ്യക്തികൾ 4000 അധികം ഈ പഞ്ചായത്തിൽ ഉണ്ട്. ആ ബാങ്കിൻെറ സാമ്പത്തിക സഹായവും അനുഗ്രഹമാണ തിരുവല്ല കാർഷിക വികസന ബാങ്കിൻെറയും പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൻെറയും തിരുവല്ലാ ഹൌസിങ് സൌസൈറ്റിയുടെയും പ്രവർത്തന പരിധിയിൽ ഈ പ്രദേശവും ഉശക്കൊണ്ടിട്ടുണ്ട്. അതും ഇന്നാട്ടിലെ ജനങ്ങൾക്കു വളരെയധികം പ്രയോജനം ചെയ്യുന്നുണ്ട്.

കൂടുതൽ കുടുംബങ്ങളും കൃഷിയെ ആശ്രയിച്ചു കഴിയുന്നവരാണ് ഇവിടെയുള്ളത്. ഹൃസ്വകാല വായ്പ ലഭിക്കുന്നതിനുള്ള എല്ലാ സൌകര്യങ്ങളും ഇന്ന് ലഭ്യമാണ് - ഇൻഡ്യൻ ഓവർസീസ് ബാങ്കിൻെറ കുറ്റൂർ ശാഖയിൽ നിന്ന ഹൃസ്വകാല കാർഷിക വായ്പ ല്കുന്നതിനുള്ള അംവിധാനം ഉണ്ട്. ബാങ്കുകൾ ശരിയായ ജാമ്യത്തിൻെറ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുന്നു. എന്നാൽ കൃത്യസമയത്തു തന്നെ വായ്പ അടച്ചു തീർക്കുന്നതിൽ കൃഷിക്കാർ താല്പര്യം കാണിക്കുന്നില്ല. ഒരു വർഷം കാലാവധി അനുവദിക്കുന്ന വായ്പതുകകൾ ചിലപ്പോൾ രണ്ടു വർഷം വരെ തിരിച്ചടയ്ക്കാത്ത കർഷകർ ഉണ്ട്. കൃഷി നാശം തുടങ്ങിയ പലകാരണങ്ങൾ അതിനുണ്ട്. വളം വിതരണം കാർഷികകോല്പാദനങ്ങളുടെ വിപണനം, സംഭരണം എന്നിവ ക്രമമായി നടത്തുവാൻ ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. എന്നിരുന്നാലും വളംവിതരണത്തിലും കിടനാശിനികളുടെ വിതരണത്തിലും ബാങ്ക് മെച്ചപ്പെട്ട സേവനം അനുഷ്ഠിക്കുന്നു.

# ദീർഘകാല വായ്പകൾ

തിരുവല്ലാ കേന്ദ്രമായി പ്രവർത്തിക്കുന്ന കാർഷിക വികസന ബാങ്കിൽ അംഗത്വമുള്ളവർ വളരെമുണ്ട്. ഭൂമി സംരക്ഷണം തുടങ്ങി പല വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് കുറഞ്ഞ പലിശനിരക്കിൽ കൂടുതൽ കാലയളവിൽ (3വർഷം) വായ്പകൾ നല്കി വരുന്നു. വായ്പകൾ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം കൂടുതൽ കർഷകരും വായ്പ എടുക്കുന്നതിന് വിമുഖത കാണിക്കുന്നു. ഈ ഗ്രാമ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഗുരുതരമാണ്. തിരുവല്ല കേന്ദ്രമായി പ്രവർത്തിച്ചു വരുന്ന ഹൈൗസിൻ സൊസൈറ്റി ഇന്നാട്ടിലെ ജനങ്ങൾക്കു പ്രയോജനം ചെയ്യുന്നു.

## പട്ടിക 1

| നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനപരിധി | വ്യക്തി അംഗം | ഓഹരി മൂലധനം | നിക്ഷേപം | വായ്പ |
|---|---|---|---|---|---|---|
| 1 | കുറ്റൂർ വില്ലേജ് സർവ്വീസ് കോപ്പറേറ്റിവ് ബാങ്ക് A708 | കുറ്റൂർ പഞ്ചായത്ത് | 6700 | | | |
| 2 | ഓതറ ബ്രാഞ്ച് | കുറ്റൂർ പഞ്ചായത്ത് | | | | |
| 3 | ക്ഷിരോല്പാദക സഹകരണ സംഘം തെങ്ങലി Reg. No. | കുറ്റൂർ പഞ്ചായത്ത് 7 8 വാർഡുകൾ. | | | | |
| 4 | ക്ഷിരോല്പാദക സഹ. സംഘം പടി. ഓതറ Reg. No. | 1–2–3 വാർഡുകൾ | | | | |
| 5 | പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘം Reg. No. P.T. 84 | കുറ്റൂർ പഞ്ചായത്ത് | | | | |
| 6 | കേരവികസന സമിതി Reg. No. P | കുറ്റൂർ പഞ്ചായത്ത് | 1300 | | | |
| 7 | നെല്ലുൽപാദകസമിതിയിൽ (7 എണ്ണം) | കുറ്റൂർ പഞ്ചായത്ത് | | | | |
| 8 | ഓതറ ബ്രോയിലർ ചിക്സ് സഹകരണ സംഘം | - | | | | |
| 9 | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് | - | | | | |
| 10 | ബ്രാഞ്ച് - കുറ്റൂർ | - | | | | |
| 11 | കാർഷിക വികസന ബാങ്ക് തിരുവല്ല | | | | | |
| 12 | തിരുവല്ല ഈസ്റ്റ് കോപ്പെറേറ്റിവ് ബാങ്ക്, ഇരവിപേരൂർ | | | | | |
| 13 | തിരുവല്ല ഹൌസിങ്ങ് സൊസൈറ്റി ഇൻഡ്യൻ ഓവർസീസ് ബാങ്ക്, കുറ്റൂർ ബ്രാഞ്ച് | | | | | |
| 14 | ട്രാവൻകൂർ സ്റ്റേറ്റ് ബാങ്ക് ഓതറ ബ്രാഞ്ച | | | | | |
| 15 | സ്കൂൾ സഹകരണ സംഘങ്ങൾ | | | | | |

## നടപ്പിലാക്കേണ്ട വിവിധ പദ്ധതികൾ

1. സഹകരണ മേഖലയെക്കുറിച്ച് ജനങ്ങൾക്കു കൂടുതൽ ബോധവൽക്കരണത്തിന് സെമിനാറുകൾ നടത്തണം.
2. കാർഷിക വായ്പകളുടെ ലഭ്യതക്കു കൂടുതൽ സൗകര്യങ്ങൾ ഉണ്ടാകണം.
3. ബാങ്കുകളുടെ പ്രവർത്തനത്തിൽ വിശ്വാസ ഉണ്ടാകത്തക്ക രീതികളിൽ ജനങ്ങളെ കൂടുതൽ പങ്കാളികൾ ആക്കണം. ഉദാ നിക്ഷേപ സമാഹരണം.
4. വിവിധ തരത്തിലുള്ള മാർക്കറ്റിംഗ് സൊസൈറ്റികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ രരപീകരിക്കണം.
5. പൊതു വിതരണ സമ്പ്രദായങ്ങൾ സഹ. സംഘങ്ങളിൽക്കൂടി ആയിത്തീരണം.
6. കുറ്റൂർ വില്ലേജ് സർവീസ് ബാങ്കിൻെറ കൂടുതൽ ശാഖകൾ കൂടി സ്ഥാപിക്കണം.
7. തൊഴിലധിഷ്ടിതമായ സഹകരണസംഘങ്ങൾ രൂപികരിക്കണം. ഒരു പരിധിവരെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി ബുക്ക് ബൈൻഡിംഗ്, പട്ടുനൂൽപുഴു വളർത്തൽ, തേനീച്ച വളർത്തൽ പച്ചക്കറി സംഭരണ വിതരണം, തയ്യൽ, കറിപൌഡർ നിർമ്മാണ, പർപ്പടക നിർമ്മാണം, മെഴുകുതിരി നിർമ്മാണം ചന്ദനത്തിരി നിർമ്മാണം എന്നിവയ്ക്കുവേണ്ടി സഹ. സംഘങ്ങൾ ഉണ്ടാകണം.
8. നിലവിലുള്ള ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വ്യാപകമാക്കണം.
9. ഒരു ചെറുകിട ഇൻഡസ്ട്രീയൽ സഹകരണസംഘം രൂപീകരിക്കണം (ഗ്രീൽ, ഗേറ്റ് ഷട്ടർ തുടങ്ങിയവയുടെ നിർമ്മാണം)

10. ക്ഷിരോല്പാദക സഹകരണ സംഘങ്ങൾക്കക് പാൽ ശേഖരിച്ച്, സൂക്ഷിക്കുവാനം, ആവശ്യമെന്നുവന്നാൽ സംസ്കരിക്കാനമുള്ള സൌകര്യങ്ങൾ ഉണ്ടാകണം.

12. നെല്ലുൽപാദക സമിതികൾ കുട്ടായി ഗ്രൂപ്പ് ഫാമിങ് സഹകരണസംഘങ്ങൾ ഉണ്ടാക്കണം.

13. അർഹതപ്പെട്ട എല്ലാ വ്യക്തികൾക്കും സഹ. സംഘങ്ങളിൽ അംഗത്വം നൽകണം.

14. നിലവിലുള്ള പട്ടികജാതി സഹകരണസംഘത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുകയും കൂടാതെ 2 പട്ടിക ജാതി സഹകരണ സംഘം കൂടി രൂപീകരിച്ച് പ്രവർത്തനം നടത്തണം.

15. കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിൽ സഹ. സംഘങ്ങൾ രൂപീകരിക്കണം.

16. 3-ാം വാർഡും, 4-ാം വാർഡും കേന്ദ്രമാക്കി ഓരോ ക്ഷീരോൽപ്പാദക സംഘങ്ങൾ ഉണ്ടാകണം.

സഹകരണ രംഗത്തെ വിവിധ മേഖലകളിലെ വളർച്ചക്ക് ഈ ഗ്രാമ പഞ്ചായത്തിൽ മൊത്തം 500 ലക്ഷം രൂപയുടെ മുതൽ മുടക്കു പ്രതിക്ഷിക്കാം. പ്രത്യക്ഷമായും പരോക്ഷമായും ആയിരത്തിലധികം പേർക്ക് തൊഴിൽ സൌകര്യങ്ങൾ ഉണ്ടാകും. ഗ്രാമസ്വരാജ് എന്ന ലക്ഷ്യം സാക്ഷാൽകരിക്കുന്നതിന് ഒരു വലിയ പങ്ക് സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നതാണ്.

ജനകിയാസൂത്രണ പദ്ധതിയുടെ ഭാഗമായി ഈ പഞ്ചായത്തിലെ 9 ഗ്രാമസഭകളിലും ചർച്ച ചെയ്തു സമർപ്പിച്ച റിപ്പോർട്ട് ക്രോഡികരിച്ചു ത്യാറാക്കിയിട്ടുള്ളതാണ്. ഗ്രഗമങ്ങളുടെ സാമ്പത്തിക, സാമൂഹ്യ സാംസ്കാരിക വികസനത്തി് നിർണ്ണായകമായ പങ്ക് വഹിക്കുവാൻ സഹകരണ പ്രസ്ഥാനത്തിനു കഴിയും.

## അനുബന്ധം 13

## സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

| | | | | |
|---|---|---|---|---|
| I. | 1) | സ്ഥാപനത്തിൻെറ പേര് | - | കുറ്റൂർ വില്ലേജ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്. No. 708 കുറ്റൂർ പി. ഒ., തിരുവല്ല. |
| | 2) | പ്രവർത്തന പരിധി | | |
| | 3) | ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് | - | ക്രെഡിറ്റ് |
| | 4) | പ്രവർത്തനം ആരംഭിച്ച വർഷം | - | 02-04-109 (M.E) |
| | 5) | ആകെ അംഗങ്ങൾ | - | 5714 |
| | 6) | ഒരു ഓഹരിയുടെ വില | - | Rs. 10/- |
| | 7) | അംഗീകൃത ഓഹരി മൂലധനം | - | Rs. 10,00,000 |
| | 8) | പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | - | Rs. 7,16,360 |
| | 9) | സർക്കാർ ഓഹരിയുണ്ടോ | - | ഉണ്ട് |
| | 10) | ഉണ്ടെങ്കിൽ ലഭിച്ച തുക | - | Rs. 3,79,000/- |
| | 11) | പരമാവധി കടം എടുക്കാവുന്ന തുക | - | Rs. 2,50,72,600 |

*II. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ*

| | | | |
|---|---|---|---|
| a) | സ്ഥിരം | - | Rs. 60,50,000 |
| b) | ഹ്രസ്വകാലം | - | Rs. 20,20,000 |

*III. നൽകിയിട്ടുള്ള വായ്പകൾ*

| | | | |
|---|---|---|---|
| a) | കാർഷിക വായ്പകൾ | | |
| 1) | ഇനം | | തുക |
| 2) | ഹൃസ്വകാല വായ്പ | - | Rs. 1100500 |
| 3) | മദ്ധ്യകാല വായ്പ | - | Rs. 5,54,600 |
| 4) | ദീർഘകാല വായ്പ | - | Rs. 2,43,000 |
| b) | മറ്റ് വായ്പകൾ | | |
| 1) | ഇനം | | തുക |
| 2) | സ്വർണ്ണ പണയവായ്പ | - | Rs. 53,65,000 |
| c) | പ്രത്യക വായ്പകൾ | | |
| 1) | ഇനം | | തുക |

### IV *സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ*

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| 1. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് | പദ്ധതിവായ്പ | 3,48,600 |

### V. *നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ*

| വായ്പാസ്വഭാവം | തുക |
|---|---|
| ഹ്രസ്വകാല വായ്പ | 4,56,500 |
| ദീർഘകാല വായ്പ | 66,000 |
| മദ്ധ്യകാല വായ്പ | 2,66,000 |
| സ്വർണ്ണ പണയ വായ്പ | 1,75,400 |

### VI. *സ്ഥാപനത്തിൻെറ ചെലവുകൾ*

| | | |
|---|---|---|
| 1. | Establishment Chares | Rs. 2,15,000/- |
| 2. | Contingennies | Rs. 84,000/- |

### VII. *വായ്പാ സഹ:സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ*

1. കാർഷികവും കാർഷികേതരവുമായ വായ്പാ വിതരണം
2. വർദ്ധിച്ച പലിശനിരക്കിലുള്ള നിക്ഷേപ പദ്ധതികൾ
3. പ്രതിമാസ ലേല ചിട്ടികൾ
4. കെട്ടു തെങ്ങ് പദ്ധതി
5. കുറ്റൂരിലും പടിഞ്ഞാറ്റോതറയിലും ഓരോ വളം ഡിപ്പോകൾ നടത്തിവരുന്നു. സേഫ് ഡെപ്പോസിറ്റ് ലോക്കറുകൾ വടയക്ക് നല്കി വരുന്നു. കൂടാതെ ഗവണ്മെൻറിൻെറയും കൃഷി ഭവനകളുടെയും പദ്ധതികൾ നടത്തിവരുന്നു.

## കാർഷിക ബാങ്കുകൾ ഈ പഞ്ചായത്ത് പ്രദേശത്ത്

## ചെയ്ത വായ്പകളുടെ വിവരം

| എത്ര പേർക്ക് | ഏത് ഇനം വായ്പ | നൽകിയ തുക |
|---|---|---|
| 1 | 2 | 3 |
| 14 | RHS | 185000 |
| 20 | NF | 910000 |
| 22 | OL | 62000 |
| 12 | Schemes | 154000 |
| | Total | 1311000 |

# വിഭവ സമാഹരണം

ഒരു നാടിൻെറ സമഗ്രമായ വികസനത്തിന് വിഭവ സമാഹരണം ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. നാളിതുവരെ ഗ്രാമപഞ്ചായത്തിൻെറ വിഭവം കണ്ടെത്തിയിരുന്നത് പഞ്ചായത്തിൻെറ പല തനതായ വരുമാനവും ഗവൺമെൻറിൽ നിന്നും കിട്ടുന്ന ഗ്രാൻറുകളും മാത്രമായിരുന്നു. കഴിഞ്ഞ കാലപഞ്ചായത്തുകളുടെ പ്രവർത്തനം, റോഡു കൾ നിർമ്മിക്കുക, സ്ട്രീറ്റ് ലൈറ്റിടുക, കക്കൂസുകൾ നിർ മ്മിക്കുക തുടങ്ങിയ പരിമിതമായ മേഖലകളിൽ ഒതുങ്ങി നിന്നിരുന്നു. പഞ്ചായത്തു രാജ് നിയമപ്രകാരം നിലവിൽ വന്നിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ജന ജീവിതത്തിൻെറ എല്ലാ രംഗങ്ങളിലും ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട ബാദ്ധ്യത ഉള്ളതുകൊണ്ട് വിഭവസമാഹരണത്തിന് പുതിയ മാനങ്ങൾ തേടേണ്ടിയിരിക്കുന്നു.

കുറ്റൂർ കാർഷിക മേഖലയായ ഒരു ഗ്രാമപഞ്ചായത്തായതു കൊണ്ട് കാർഷിക മേഖല ഫലപ്രദമാക്കുവാൻ കൂടുതൽ ശ്രദ്ധപതിയേണ്ടിയിരിക്കുന്നു. കൂടാതെ വ്യാവസായിക രംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. തൊഴിൽ രഹിതരായ യുവതീയുവാക്കൾ ധാരളമുള്ളതുകൊണ്ട് തൊഴിൽ മേഖല പുഷ്ടിപ്പെടു ത്തേണ്ടതായിട്ടുണ്ട്. ഈ വക ആവശ്യങ്ങൾ ഒരു പരിധിവരെയെങ്കിലും പരിഹരിക്കുപ്പെടുവാൻ ജന ങ്ങളിത്വ ത്തോടുകൂടിയുള്ള വിഭവ സമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ സ്വീകരിച്ചേമതിയാവൂ.

## i. കെട്ടിടനികുതി

പഞ്ചായത്തിന് ലഭിക്കുന്ന ഏറ്റവും വലിയ വരുമാനം കെട്ടിട നികുതിയാണ്. കെട്ടിടനികുതി ചുമത്തുന്നത് അശാസ്ത്രീയമായ രീതിയിലാണ്. ലക്ഷങ്ങൾ മുടക്കി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് നികുതിചുമത്തുന്ന രീതി പരിഷ്ക്കരിക്കുവാൻ പുതിയ രീതി അവലംബിക്കേണ്ടതായിട്ടുണ്ട്. കെട്ടിടങ്ങളുടെ സുഖസൗകര്യങ്ങൾക്കും മറ്റും ചെലവഴിക്കുന്ന തുക കുറച്ചുകാണിച്ച് നികുതി കുറക്കുന്ന രീതി ഒഴിവാക്കുവാൻ പഞ്ചായത്തിന് കൂടുതൽ അധികാരം നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൻെറ മറ്റൊരു പ്രധാന വരുമാന മാർഗ്ഗം മണൽ ലേലമാണ്. പഞ്ചായത്തിന് ന്യായമായി കിട്ടേണ്ട വരുമാനനം ഇടനിലക്കാർ ചൂഷണം ചെയ്യുന്ന രീതി ഇല്ലാതാക്കിയേ മതിയാവൂ.

## ii. തൊഴിൽ നികുതി

തൊഴിൽ നികുതി പിരിക്കുന്ന രീതി തികച്ചും അശാസ്ത്രീയമാണ്. പല സ്ഥാപനങ്ങളിൽ ഉള്ള സ്റ്റാഫിൻെറ യഥാർത്ഥ വിവരം പഞ്ചായത്തിൽ കൊടുക്കാറില്ല. പുതിയതായി രൂപം കൊള്ളുന്ന തൊഴിൽ മേഖലകൾ പഞ്ചായത്തിൻെറ അനുമതി കൂടാതെ നടത്തുന്നതുകൊണ്ട് പഞ്ചായത്തിന് കാര്യമായ നഷ്ടം സംഭവിക്കാറുണ്ട്. ലൈസൻസ് എടുത്തതിന് ശേഷം അങ്ങനെയുള്ള സ്ഥാപനങ്ങൾ തുടങ്ങാനുള്ള അനുവാദം കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

## iii. വിനോദ നികുതി

ഈ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വിനോദ നികുതി ഒന്നും തന്നെകിട്ടുവാനുള്ള മാർഗ്ഗമില്ല. പുതിയതായി സിനിമാ തിയേറ്ററുകൾ ഉണ്ടാകുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്. മറ്റു വിനോദനികുതികൾ പിരിക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിയണം.

വിദേശത്ത് ജോലിചെയ്യുന്ന ആൾക്കാരെ കണ്ടെത്തി അവരിൽ നിന്നുള്ള വിഭവ സമാഹരണത്തിൽ കൂടി തൊഴിൽ മേഖല വർദ്ധിപ്പിച്ചെടുക്കുവാനുള്ള സാദ്ധ്യത ധാരാളമുണ്ട്. വിഭവ സമാഹരണത്തിൽ കൂടിയുണ്ടാകുന്ന നേട്ടം ദുർബല ജനവിഭാഗങ്ങൾക്ക് കൂടുതൽ നേട്ടമുണ്ടാകത്തക്ക വിധത്തിലും തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

### *പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും*

1. കെട്ടിട നികുതി ശാസ്ത്രീയമായ രീതിയിൽ ചുമത്തുക, കെട്ടിടങ്ങളോടനുബന്ധിച്ചുള്ള മതിലിൻെറയും സുഖഭോഗ വസ്തുക്കളുടേയും ഫീസ് ചുമത്തുക.

*1.23. വരവ് സംബന്ധിച്ച് വിവരങ്ങൾ* ***(1995-96)*** *Ref. C,B*

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 298997 | 298997 | - |
| ലൈബ്രറി | 16333.20 | 16333.20 | |
| തൊഴിൽ നികുതി | 90895 | 90896 | |
| വാഹന നികുതി | - | - | - |
| വിനോദ നികുതി | - | - | - |
| അഡീ. വിനോദനികുതി | - | - | - |
| പ്രദർശന നികുതി | - | - | - |
| പ്രദർശന നികുതി-യിൻമേലുള്ള സർ ചാർജ്ജ് | - | - | - |
| ചന്തവരവ് | 12080 | 12080 | |
| ലാൻറ് സെസ്സ് | - | - | - |
| ലൈഡൻസ് ഫീസ് | 6731 | 6731 | |
| കെട്ടിട നികുതി സർചാർജ് | - | - | - |
| വസ്തു കൈമാറ്റ നികുതി 75% | 177950 | 177950 | |
| വസ്തു കൈമാറ്റ നികുതി 25% | 100000 | 100000 | |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 839195.71 | 839195.71 | |
| സംഭാവന | 200 | 200 | |
| ഡെപ്പോസിറ്റ് | 46485 | 46485 | |
| മറ്റുള്ളവ | 372906 | 372906 | |
| ആകെ | 1961772.91 | 1961772.91 | |

***1. 27 JRY*** *പണി സംബന്ധിച്ച വിവരങ്ങൾ* ***Ref. JRY*** *ആക്ഷൻ പ്ലാൻ.*

| പണിയുടെ പേര് | ജനറൽ സെക്ടർ തുക. രൂ. | എസ്. / എസ്. ടി. വിഭാഗം തുക. രൂ. | ആകെ തുക. രൂ. |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. Mettalling & Tarring ചക്രക്ഷാളന - കദളിമംഗല റോ ഡ് | 1,33,781 | | 1,33,781 |
| 2. 6 houses | | 76,800 | 76,800 |
| 3 10 latrines | | 20,000 | 20,000 |
| 4 കിണർ 1 | | 12,000 | 12,000 |

2. തൊഴിൽ നികുതി പിരിക്കുവാൻ തൊഴിൽ ശാലകളിൽ തൊഴിലാളികളുടെ എണ്ണവും വേതനവും കൃത്യമായി പരിശോധിച്ച് നികുതി ചുമത്തണം.

3. മണൽവാരുന്നതിനുള്ള ലേലം ഒഴിവാക്കി പഞ്ചായത്ത് നേരിട്ട് പാസ്സു നൽകി കരം പിരിക്കേണ്ടതാണ്.

4. ഒരു ഹെക്ടറിൽ കൂടുതൽ കൃഷിയുള്ള കൃഷിക്കാരിൽ നിന്നും കാർഷികാദായ നികുതി പരിഷ്കരിച്ച് ഈടാക്കേണ്ടതാണ്.

5. പരസ്യങ്ങൾക്ക് നികുതി ചുമത്തേണ്ടതാണ്.

6. റബർ കൃഷി ചെയ്യുന്ന കർഷകരിൽ നിന്നും റബറിൻെറ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.

7. വാഹന നികുതി, പാർക്കിംഗ് ചാർജ്എന്നിവ പിരിക്കേണ്ടതാണ്.

8. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ നിന്നും കിട്ടുന്ന വസ്തുകൈമാറ്റ നികുതിയുടെ ശതമാനം വർദ്ധിപ്പിക്കേണ്ടതാണ്.

9. വി. റ്റി. സി. ഗ്രാൻറിൻെറ ശതമാനംവർദ്ധിപ്പിക്കേണ്ടതാണ്.

10. ഗവൺമെൻറ് നൽകിവരുന്ന വി.ആർ.എം. ഗ്രാൻറ്, എം.ഐ. ഗ്രാൻറ് എന്നിവ കാലോചിതമായി വർദ്ധിപ്പിക്കണം.

11. വിദേശത്തു ജോലി ചെയ്യുന്ന ആളുകളുടെ വരുമാനത്തിൻെറ ഒരു അംശം പഞ്ചായത്തിന് നൽകണം.

12. വളർത്തു മൃഗങ്ങൾക്ക് നിർബന്ധമായും ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്.

13. പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ നിന്ന് മണ്ണ്, കല്ല്, എന്നിവ ലോറിയിൽ കയറ്റി ദൂരെ സ്ഥലങ്ങളിൽ കൊണ്ടുപോകുന്നുണ്ട്. ആയതിന് നിർബന്ധമായും ഫീസ് ചുമത്തേണ്ടതാണ്.

14. ഇഷ്ടിക നിർമ്മാണത്തിന് ലൈസൻസ് ഏർപ്പെടുത്തണം.

15. സ്വകാര്യ ഫൈനാൻസിയേഴ്സിന് ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്.

16. നിലവിലുള്ള മാർക്കറ്റുകൂടാതെ ഒന്നും, രണ്ടും, മൂന്നും വാർഡുകൾ കേന്ദ്രമാക്കി ചന്തകൾ സ്ഥാപിക്കുക.

17. പഞ്ചായത്തിൻെറ നേതൃത്വത്തിൽ മത്സ്യകൃഷി നടത്തുക. (പാറമടകളിൽ ഉൾപ്പെടെ)

വിഭവ സമാഹരണത്തിൽ ജനങ്ങളുടെ അദ്ധ്വാനശേഷി വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താവുന്നതാണ്.

## പഞ്ചായത്തിൻെറ വരുമാനം

| നമ്പർ | ഇനവിവരം | തുക |
|---|---|---|
| 1 | കെട്ടിട നികുതി | 2,98,997 |
| 2 | ലൈബ്രറി സെസ്സ് | 16333.20 |
| 3 | തൊഴിൽ നികുതി | 90895 |
| 4 | വാഹന നികുതി | --- |
| 5 | വിനോദനികുതി | --- |
| 6 | അഡി. വിനോദ നികുതി | --- |
| 7 | പ്രദർശന നികുതി | ---- |
| 8 | പ്രദർശന നികുതിയിൻ മേലുള്ള സർചാർജ്ജ് | --- |
| 9 | ചന്തവരവ് | 12080 |
| 10 | ലാൻറ് സെസ്സ് | --- |
| 11 | ലൈസൻസ് ഫീസ് | 6731 |
| 12 | കെട്ടിട നികുതി സർചാർജ്ജ് | --- |
| 13 | വസ്തു കൈമാറ്റ നികുതി 75% | 177950 |
| 14 | വസ്തു കൈമാറ്റ നികുതി 25% | 100000 |
| 15 | സർക്കാർ ഗ്രാൻറുകളും ഒഴികെയുള്ള മറ്റു വരവുകൾ | 839195.71 |
| 16 | സംഭാവന | 200 |
| 17 | ഡിപ്പോസിറ്റ് | 46485 |
| 18 | മറ്റുള്ളവ | 372906 |
| | ആകെ | 1961772.91 |

## പഞ്ചായത്തിൻെറ ചെലവ്

| | | |
|---|---|---|
| 1 | ഭരണം | 504807 |
| 2 | പൊതുമരാമത്ത് | 70712 |
| 3 | വിദ്യാഭ്യാസം | 55435 |
| 4 | ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം | 4641 |
| 5 | തെരുവുവിളക്കു കത്തിക്കുന്നതിന് | 62736 |
| 6 | മറ്റുള്ളവ | 296299 |
| | ആകെ | 994630 |

*1.15 - ലേല വരുമാനം സംബന്ധിച്ച വിവരങ്ങൾ*

*Ref. ലേലരജിസ്റ്റർ.*

| ചന്ത | സ്റ്റാൾ | ചവറ് | പട്ടമരങ്ങൾ | ഫലവൃക്ഷങ്ങൾ | ഷോപ്പിംഗ് കോംപ്ലക്സ്/ കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 12,080/- | 28,080 | - | - | 975- | 3,720- | 68,991 | 1,13,846 |

***11.8. C.C.S for SF / MF** പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ*

*വിവരം.*

Ward - 1 to 9, Kuttoor panchayat.

| ക്രമ നമ്പർ | പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം | വാർഡ് ആസ്തികളുടെ എണ്ണം - അളവ് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | I | II | III | IV | V | VI | VII | VIII | IX | X | ആകെ. |
| 1. | കിണറുകൾ | | | | | | | | | | | |
| 2. | കുളങ്ങൾ | | | | | | | | | | | |
| 3. | വാട്ടർ ടാങ്കുകൾ | | | | | | | | | | | |
| 4. | പമ്പ് ഹൗസുകൾ | | | | | | | | | | | |
| 5. | പമ്പ് സെറ്റുകൾ | | | | | | | | | | | 1983-92) 34 |
| | ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ് | | | | | | | | | | | 50 ഏക്കർ |

### *1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ Ref. C, B (95-96)*

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 5,04,807 |
| പൊതുമരാമത്ത് | 70,712 |
| വിദ്യാഭ്യാസം | 55,435 |
| ജലവിതരണം, ഓടകൾ, | |
| പൊതു ജനാരോഗ്യം | 4,641 |
| തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് | 62,736 |
| മറ്റുള്ളവ | 2,96,299 |
| ആകെ | 9,94,630 |

### *1.25. പൊതു സാമ്പത്തിക നില Ref. B.*

| | പൊതുകണക്ക് | മൂലധന കണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 1961772.91 | | 46485 |
| ചെലവ് | 994630 | 97000 | |

### *1.22. ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ. Ref. R.*

| | സ്ഥാപനങ്ങളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|
| | വ്യവസായം വ്യാപാരം | ഹോട്ടൽ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
| 1 | 2 | 3 | 4 | 5 | 6 | 7 |
| | 11 | 3 | 195 | 36 | 245 | 6737 |

# ഉപസംഹാരം

*വികസനം എന്നാൽ റോഡുകളും പാലങ്ങളും നിർമ്മിക്കുക; കുടിവെള്ളവും, വൈദ്യുതിയും നൽകുക എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ വികസനമായി കാണപ്പെടുന്നത്. ഈ രീതിയിലുള്ള വികസന പ്രവർത്തനങ്ങൾക്ക് മുൻ തൂക്കം കൊടുത്തുകൊണ്ടുള്ള വികസന പ്രവർത്തനമായി ഏറിയപങ്കും നടന്നുവന്നത്. പഞ്ചായത്ത് രാജ് ആക്ടിൽ കൂടി നിലവിൽ വന്ന പഞ്ചായത്തുകളുടെ പ്രവർത്തന മേഘലകൾക്ക് അടിമുടി മാറ്റം വന്നിരിക്കുന്നു. ജനജീവിതത്തിന്റെ പുരോഗതിക്ക് ആവശ്യമായ ഏറയ പങ്കും ആവശ്യങ്ങളും ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം ഉള്ള സാധ്യത ഭരണഘടനാപരമായതന്നെ*

*വികസന പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥൻമാരുടെ മേൽ നോട്ടത്തിൽ ആണ് മുൻകാലങ്ങളിൽ നടന്നിട്ടുള്ളത്. അനുവദിക്കപ്പെടുന്ന ഫണ്ട് പൂർണ്ണമായി വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ കഴിയാതെ ദുർവ്യയം ചെയ്തതായി കാണാൻ കഴിയുന്നു. ജനപങ്കാളത്തത്തോടു കൂടി നടപ്പിലാക്കുന്ന വിസകന പ്രവർത്തനങ്ങളെ വിജയിക്കുകയുള്ളൂ. മുൻകാലങ്ങളിലും വിസനരംഗത്ത് നിർലോഭമായ സഹകരണം നാട്ടുകാർ നൽകിയിട്ടുണ്ട്. പഞ്ചായത്ത് രാജ് നിലവിൽ വന്നതോടുകൂടി തന്നെ പഞ്ചായത്തിന്റെ വികസനോന്മുഖ പ്രവർത്തനങ്ങളിൽ വമ്പിച്ച പ്രതീക്ഷയാണ് ഉള്ളത്.*

*ജനകീയാസൂത്രണം താഴെതട്ടിൽ നിന്നു തുടങ്ങുന്നതുകൊണ്ടും ഗ്രാമസഭകൾ അടിസ്ഥാന ഭരണച്ചുമതലയുള്ള ബോഡിയായി മാറിയതുകൊണ്ടും ജനങ്ങൾക്ക് ഉത്തരവാദിത്വ ബോധം കൂടുതലായി ഉണ്ടായിട്ടുണ്ട്. കോൺട്രാക്റ്റർമാരുടെ ചൂക്ഷണം ഒഴിവാക്കി അനുവദിക്കുന്ന മുഴുവൻ തുകയും പദ്ധതിക്ക് ആവശ്യമുള്ള ശേഷിക്കുന്ന തുക സംഭരിക്കുന്നതിനും ജനപങ്കാളിത്വത്തോടുകൂടി നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് കഴിയും. ആസൂത്രണ പ്രക്രിയ താഴെ തലത്തിൽ നിന്നു തുടങ്ങുന്നത് ഒരു പുതിയ സംഭമായതിനാൽ വളരെയധികം ബുദ്ധിമുട്ടുകൾ തരണം ചെയ്യേണ്ടതായിട്ടു വന്നിട്ടിണ്ടു. സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്ന കാര്യത്തിൽ എല്ലാ സർക്കാർ സ്ഥാപനങ്ങളും സ്കൂളുകളും ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. വികസന രേഖ തയ്യാറാക്കുന്നതിൽ ഗ്രാമസഭകളുടെ സഹകരണവും കർമ്മ സമിതി അംഗങ്ങളുടെയും വാർഡ് തല കൺവീനറുമാരുടെയും സാമൂഹ്യ രംഗത്ത് വൈദഗ്ദ്യം ഉള്ള വ്യക്തികളുടെയും സഹകരണം നിർലോഭംകിട്ടിയിട്ടുണ്ട്. ആയതിന് സഹകരിച്ച എല്ലാവർക്കും നന്ദിരേഖപ്പെടുത്തികൊള്ളുന്നു.*

*അടുത്ത അഞ്ചാവർഷക്കാലം ഈ ഗ്രാമപഞ്ചായത്തിലെ മുഴുവൻ പ്രശ്നങ്ങൾക്കും കാര്യമായ പുരോഗതി ഉണ്ടാകുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് ഒൻപതാം പദ്ധതിക്കുവേണ്ടിയുള്ള കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ വികസന രേഖ സമർപ്പിച്ചുകൊള്ളുന്നു.*

സ്നേഹപൂർവ്വം,

(ഒപ്പ്)

**റ്റി. സി. ഗോപാലൻ.**

# GEO FERTILISERS & CHEMICALS

(Dealers of MACHINERY & PUMPSETS)

Near Deepa Theatre, THIRUVALLA

Tel: 621364; Res: 630264, 626106

*Authorised Dealers of:-*

| | |
|---|---|
| **Crompton Greaves** | ◆ for Pumpsets, Electric Motors, Starters etc. |
| Greaves Ltd. | ◆ For Petrol / Kerosine and Diesel Engine Pumpsets |
| American Spring & Pressing Works Ltd. | ◆ For ASPEE - MARUT Plant protection Equipments |
| SINTEX INDUSTRIES Ltd. | ◆ For WATER STORAGE TANKS |
| ELGI Equipments Ltd. | ◆ For Air Compressor & Borewell Pumps |
| DUTRON Plastics Ltd. | ◆ For KANAFLEX HOSE PIPES. |
| EPC Irrigation Ltd. | ◆ For Drip & Sprinkler System. |

ഞങ്ങൾ വിതരണം ചെയ്യുന്ന പമ്പുസെറ്റുകൾക്ക്
കൃഷിഭവനുകളിൽ നിന്നും സബ്സിഡി ലഭ്യമാവുന്നു.

*Our Sister Concern:*

**ST. MARY'S DENTAL CLINIC, KUTTOOR.**

# Ayswarya Decor Industries (S.S.I)

**KUTTOR P.O THIRUVALLA - 6**

Phone : 622831

**Manufacturing and Servicing:-**

**Interial Decoration, Aluminium Fabrication, Modern Kitchen, Wooden & Steel Furniture, Bed Roomset, Curving Doors Ornamental gates & grills etc.**

കെട്ടിട നിർമ്മാണത്തിനാവശ്യമായ കതക്, ജനൽ, വാതിലുകൾ മുതലായവ ഓർഡർ അനുസരിച്ച് ചെയ്തുകൊടുക്കപ്പെടും. തടി ഉരുപ്പടികൾ കടഞ്ഞു കൊടുക്കപ്പെടും

# SASTHA ELECTRICALS

## KUTTOOR

**Electrical Dealers**

**Distributors**

**Contractors**

*Authorised Dealers of:* **BAJAJ ELECTRICALS LTD.**

# POORAM ENTERPRISES

**KUTTOOR P.O., THIRUVALLA**

Phone: Off : 620423, 621731
Res : 620904, 623755

- ❑ ചിട്ടി ഫണ്ട്
- ❑ അഡ്വർടൈസിംഗ് & സ്ക്രീൻപ്രിൻറിംഗ്
- ❑ റിയൽ എസ്റ്റേറ്റ്
- ❑ ഏജൻസീസ്

വീടും വസ്തുവും വാങ്ങുന്നതിനും വില്ക്കുന്നതിനും വീടുകൾ വാടകയ്ക്ക് എടുക്കുന്നതിനും കൊടുക്കുന്നതിനും ബന്ധപ്പെടുക.

1997 ജനുവരിയിൽ വിവിധ "സല"കളിലുള്ള പ്രതിമാസ ലേലച്ചിട്ടികൾ ആരംഭിക്കുന്നു. തലവര്യോലക്കും വിശദവിവരത്തിനും ഓഫീസുമായി ബന്ധപ്പെടുക.

NEZY PLAST

RIGID PVC PIPES

WEST OTHERA, THIRUVALLA, PHONE: 0473-626116

No. 1 - IN QUALITY, NOT IN PRICE

# WOOD HOUSE

## (A POABS GROUP CONCERN)

**For all types of wooden materials such as:**

- **Furniture**
- **Hard Board**
- **Plywood**
- **Panelling Materials etc.,**

***Manufactured by:***

**M/S. WESTERN INDIA PLYWOODS LTD., KANNUR**
**and Doors/Windows Frames and Shutters.**

*Contact:* **WOOD HOUSE**
**PERUMTHURUTHY**
**TIRUVALLA**
Phone: 630695, 630696, 622435


Printed at National Offset Press, Tiruvalla.